www.malankaralibrary.com

# ബൈബിൾ വ്യാഖ്യാനശാസ്ത്രം

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707
Web: www.alphathalassery.org, Email: alphits@gmail.com

www.malankaralibrary.com

# ബൈബിൾ വ്യാഖ്യാനശാസ്ത്രം

**Title:** Biblical Hermeneutics
**Published by:** The Director, Alpha Institute, Archdiocese of Tellicherry, Sandesa Bhavan, Tellicherry, 670 101, Kannur, Kerala
Ph: 0490 - 2344727, 2343707
**Published on:** 2015 July 28 (Feast of St. Alphonsa)

**Editorial Board:** Rev. Dr. Joseph Pamplany
Rev. Dr. Thomas Kochukarottu
Rev. Fr. Joseph Kakkaramattam

**Office Assistance:** Rev. Sr. Glorista SABS
Mrs. Maneesha Shinoj
Mrs. Anitha Vijayan
Mrs. Jeshitha Vijesh
Miss. Bhavya K
**Design & Layout:** Mr. Midhun Thomas
**Printing:** Vimala Offset Press, Thalassery
**Copy Right:** © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher

www.malankaralibrary.com

# ഉള്ളടക്കം

1. ബൈബിൾ വ്യാഖ്യാനം ..... 5
2. ബൈബിൾ: കാനോനിക ഗ്രന്ഥം ..... 16
3. ബൈബിൾ: ദൈവനിവേശിത ഗ്രന്ഥം ..... 29
4. ബൈബിൾ വ്യാഖ്യാന ചരിത്രം ..... 42
5. ബൈബിൾ വ്യാഖ്യാനം: കത്തോലിക്കാ വീക്ഷണത്തിൽ ..... 64
6. ബൈബിൾ വ്യാഖ്യാന രീതികൾ ..... 73
7. ബൈബിൾ വ്യാഖ്യാനത്തിന്റെ നൂതനാഭിമുഖ്യങ്ങൾ ..... 88
8. വ്യാഖ്യാനവും ചരിത്ര വിമർശനരീതിയും ..... 93
9. സാഹിത്യ വിശകലന രീതികൾ ..... 100
10. പാരമ്പര്യാധിഷ്ഠിത സമീപനങ്ങൾ ..... 109
11. മാനവശാസ്ത്ര സമീപനങ്ങൾ ..... 115
12. സന്ദർഭാധിഷ്ഠിത സമീപനങ്ങൾ ..... 121
13. തീവ്രവാദവ്യാഖ്യാനം ..... 127
14. ബൈബിൾ വ്യാഖ്യാനത്തിൽ തത്വചിന്തയുടെ സ്വാധീനം ..... 131
15. ദൈവനിവേശിത ഗ്രന്ഥത്തിന്റെ അർത്ഥതലങ്ങൾ ..... 135
16. കത്തോലിക്കാ വ്യാഖ്യാനവും പശ്ചാത്തല അറിവുകളും ..... 141
17. സഭാപാരമ്പര്യത്തിലെ വ്യാഖ്യാനം ..... 148

www.malankaralibrary.com

## ആധാര ഗ്രന്ഥങ്ങൾ


1. ഡോ. ജോസഫ് പാംപ്ലാനി, *വചനവും വ്യാഖ്യാനവും* (തലശ്ശേരി: ആൽഫാ ബുക്സ്, 2008).

6. ഡോ. ജോസ് വടക്കേടം, *ബൈബിൾ വ്യാഖ്യാനത്തിന് സഭയുടെ മാർഗ്ഗരേഖ* (കൊച്ചി: കാരുണികൻ ബുക്സ്, 2009).


*Published for the use of the students of Alpha Institute of Theology and Science*

www.malankaralibrary.com

# 01

## ബൈബിൾ വ്യാഖ്യാനം

ബൈബിൾ വ്യാഖ്യാനം ആവശ്യമുള്ള ഗ്രന്ഥമാണ്. കാരണം 2950 വർഷങ്ങൾ ദൈർഘ്യമുള്ള ഒരു ചരിത്രമാണ് ബൈബിൾ അനാവരണം ചെയ്യുന്നത്. ഇതിന്റെ രചന പൂർത്തിയാക്കാനാവട്ടെ 1100-ലേറെ വർഷങ്ങൾ വേണ്ടിവന്നു. ഇതിന്റെ രചയിതാക്കൾ വ്യത്യസ്ത ഭാഷ സംസാരിച്ചിരുന്നവരും ഭിന്നങ്ങളായ സാംസ്കാരിക പശ്ചാത്തലമുള്ളവരുമായിരുന്നു. മതാത്മക വിശ്വാസത്തിൽപോലും പഴയനിയമ പുതിയനിയമ ഗ്രന്ഥങ്ങൾ തമ്മിൽ വ്യത്യാസമുണ്ട്. വി. ഗ്രന്ഥശേഖരത്തിൽ ചരിത്ര രചനകൾ, ചരിത്രാഖ്യായികകൾ, കഥകൾ, നോവലുകൾ, കവിതകൾ, ആരാധനാ ഗീതങ്ങൾ, നിയമസംഹിതകൾ, വിജ്ഞാനസൂക്തങ്ങൾ, പ്രവചനങ്ങൾ, പ്രബോധനങ്ങൾ, ഉപമകൾ, ലേഖനങ്ങൾ, വ്യക്തിപരമായ എഴുത്തുകൾ, യാത്രാവിവരണങ്ങൾ, വെളിപാടു സാഹിത്യം, ജീവചരിത്രം, നാൾവഴികൾ, അതിസ്വാഭാവിക വിവരണങ്ങൾ മുതലായ അനേകം സാഹിത്യ രൂപങ്ങളുണ്ട്. ഒരു വചനഭാഗം

www.malankaralibrary.com



വ്യാഖ്യാനിക്കും മുമ്പ് അത് ഏതു സാഹിത്യരൂപത്തിൽ പെട്ടതാണ് എന്നു മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്.

ബൈബിൾവ്യാഖ്യാനത്തിന്റെ വിശദാംശങ്ങളിലേക്ക് കടക്കും മുമ്പ് ബൈബിളിന്റെ സ്വഭാവത്തെക്കുറിച്ചുള്ള ചില പ്രാരംഭചിന്തകൾ പങ്കുവയ്ക്കട്ടെ.

1. ബൈബിൾ ഒരു ചരിത്രഗ്രന്ഥമാണ്. ഈ പ്രസ്താവന രണ്ട് അർത്ഥത്തിൽ മനസ്സിലാക്കാം. ഒന്നാമതായി, ബൈബിളിന് ഒരു രൂപീകരണ ചരിത്രമുണ്ട്. ഉദാ: രചനാചരിത്രം, പാരമ്പര്യങ്ങൾ, അവ പരിരക്ഷിക്കപ്പെട്ട ചരിത്രം etc. രണ്ടാമതായി, ബൈബിൾ ചരിത്രസംഭവങ്ങളെ അനാവരണം ചെയ്യുകയും അപഗ്രഥിക്കുകയും ചെയ്യുന്നു. (ഉദാ: രാജവാഴ്ചയുടെ ചരിത്രം, പ്രവാസകാലം, പേർഷ്യൻ-റോമൻഭരണകാലങ്ങൾ etc.).

2. ഇപ്പോഴത്തെ വായനക്കാരന്റെ കൈവശം ഈ ഗ്രന്ഥമെത്തുന്നതിനു മുമ്പായി അനേകം പേർ ഈ പുസ്തകം വായിച്ചിട്ടുണ്ട്. നമ്മുടെ കൈവശമുള്ള പുസ്തകത്തിൽ ഇതിനു മുമ്പ് ചെറുതും വലുതുമായ ഭേദഗതികൾ വരുത്തിയിട്ടുണ്ടാകാം. ഉദാഹരണമായി, മർക്കോസിന്റെ സുവിശേഷം 16:9-20 ഭാഗം ഇതര സമാന്തര സുവിശേഷങ്ങളിലെ ഉത്ഥാന വിവരണങ്ങളുടെ സംഗ്രഹമായി പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടതാണ് എന്ന വസ്തുത പണ്ഡിതലോകം അംഗീകരിക്കുന്നു. മർക്കോ 16:8 ൽ സുവിശേഷം അവസാനിക്കുമ്പോൾ അനുഭവപ്പെടുന്ന അസന്ദിഗ്ദ്ധതയെ അതിജീവിക്കാനായി സുവിശേഷത്തിന്റെ വായനക്കാരിലാരെങ്കിലും ഈ ഭാഗം കൂട്ടിച്ചേർത്തതാകാം.

3. ബൈബിൾ ഒരു സമൂഹത്തിന്റെ വിശ്വാസപ്രഖ്യാപനത്തിന്റെ ലിഖിതാവിഷ്ക്കാരമാണ്. പ്രസ്തുത ഗ്രന്ഥം രൂപംകൊണ്ട സമൂഹത്തിന്റെ വിശ്വാസബോധ്യങ്ങൾ മനസ്സിലാക്കുക മാത്രമല്ല വ്യക്തിപരമായി അനുഭവിക്കുക കൂടി ചെയ്യുമ്പോൾ മാത്രമേ അവയുടെ ആഴമേറിയ അർത്ഥതലങ്ങൾ വായനക്കാരനു ബോധ്യമാകൂ.

4. വി. ഗ്രന്ഥം ഒരു പുരാതന കൃതിയാകയാൽ ഗ്രന്ഥകർത്താവിനെക്കുറിച്ചുള്ള നമ്മുടെ അറിവ് തുലോം പരിമിതമാണ്. ചില ഗ്രന്ഥകർത്താക്കളുടെ പേരുപോലും നമുക്കു നിശ്ചയമില്ല. തന്മൂലം ഗ്രന്ഥകർത്താവും വായനക്കാരനും തമ്മിലുള്ള സംവേദന സാധ്യത വി.ഗ്രന്ഥ വായനയിലും വ്യാഖ്യാനത്തിലും ഇല്ല എന്നു തന്നെ പറയാം. പകരം പുസ്തകവും

www.malankaralibrary.com



വായനക്കാരനും തമ്മിലുള്ള സംവേദനമാണ് നടക്കുന്നത്. മാനുഷിക ഗ്രന്ഥകർത്താവ് അപ്രസക്തമായിത്തീരുന്ന, "ഗ്രന്ഥ കർത്താവിന്റെ മരണം" (Death of the author) എന്ന യാഥാർത്ഥ്യത്തിലാണ് ഓരോ വായനയും പുനർവായനയും നടക്കുന്നത്. തന്മൂലം പുസ്തകം രൂപംകൊണ്ട സംസ്കാരം, വിശ്വാസബോധ്യങ്ങൾ, ആരാധനാ ശൈലികൾ തുടങ്ങിയവ എഴുത്തുകാരന്റെ വ്യക്തിപരമായ ദൈവശാസ്ത്ര വീക്ഷണ ത്തേക്കാളും താല്പര്യങ്ങളേക്കാളും പ്രസക്തമാണ്.

ബൈബിൾ വ്യാഖ്യാനിക്കപ്പെടേണ്ട ഗ്രന്ഥമാണ് എന്നുപറയാൻ വിവിധ കാരണങ്ങളുണ്ട്.

## 1. ഐതിഹ്യഭാഷാ സങ്കേതങ്ങൾ (Mythical approach)

ബൈബിളിന്റെ ഭാഷാ ശൈലിയിൽ അനേകം സാങ്കൽപ്പിക സങ്കേതങ്ങൾ (Mythical Language) ഉപയോഗിച്ചിട്ടുണ്ട്. ഇത്തരം സാങ്കൽപ്പിക സങ്കേതങ്ങളുടെ ഉപയോഗം പൗരാണിക കൃതിക ളിൽ സർവ്വസാധാരണമായിരുന്നു. തങ്ങൾ ഇടകലർന്നു ജീവിച്ച വ്യത്യസ്ത ജനസമൂഹങ്ങളുടെ ജീവിത ദർശനങ്ങളും സങ്കൽപ്പ ങ്ങളുമെല്ലാം ഇസ്രായേലിന്റെ ആരാധനക്രമത്തെയും ദൈവസ ങ്കൽപ്പത്തെയും സ്വാധീനിച്ചിട്ടുണ്ട്. ഇതരദേവന്മാരുടെയെല്ലാം അധി പനായി ദൈവം സ്വർഗ്ഗത്തിൽ വാഴുന്നു (സങ്കീ 82); സ്വർഗ്ഗീയ സൈന്യാധിപനായ ദൈവം ഭൂമിയിലെ തന്റെ മനുഷ്യർക്കുവേണ്ടി സ്വർഗ്ഗത്തിൽ യുദ്ധം ചെയ്യുന്നു (സങ്കീ 94); ദൈവം തന്റെ വിശുദ്ധ മലയായ സീയോനിൽ വസിക്കുന്നു (സങ്കീ 46;48); കടലിലെ ഭീക രജീവികളെ യുദ്ധത്തിൽ വധിക്കുന്ന ദൈവം (സങ്കീ 74; 89) തുട ങ്ങിയ ബൈബിൾ വിവരണങ്ങളെല്ലാം ഇതര മതങ്ങളുടെ ഐതി ഹ്യങ്ങളിൽനിന്നും സങ്കൽപ്പങ്ങളിൽനിന്നും കടമെടുത്തിട്ടുള്ളവയാ ണ്. ഇത്തരം ഐതിഹ്യങ്ങളെ വേർതിരിച്ചുമനസ്സിലാക്കണമെങ്കിൽ ബൈബിൾ ശാസ്ത്രീയമായി വ്യാഖ്യാനിക്കപ്പെടേണ്ടതുണ്ട്. സങ്കീർത്തകന്മാരും പ്രവാചകരുമെല്ലാം ഇത്തരം സാങ്കൽപ്പിക സങ്കേതങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ബൈബിളിൽ ചരിത്ര മേയില്ല കെട്ടുകഥകളേയുള്ളൂ എന്നുവാദിക്കുന്നത് ഭീമാബദ്ധമാണ്. ചരിത്രം അവതരിപ്പിക്കാനുപയോഗിക്കുന്ന മാധ്യമം പലപ്പോഴും ഐതിഹ്യഭാഷാസങ്കേതങ്ങളാണെന്നു പറയുന്നതാണ് സത്യം. എല്ലാം സാങ്കൽപ്പികമോ സർവ്വതും ചരിത്രമോ എന്നു പറയാനാ വാത്ത ബൈബിളിന്റെ ഭാഷാശൈലിതന്നെയാണ് ബൈബിളിന്റെ വ്യാഖ്യാനം അനിവാര്യമാക്കുന്നത്.

www.malankaralibrary.com



## 2. ആവർത്തനങ്ങളും വൈരുദ്ധ്യങ്ങളും

അനേകം ആവർത്തനങ്ങളും വൈരുദ്ധ്യങ്ങളും ബൈബിളിൽ ദർശിക്കാനാവും.

1) പുരോഹിത പാരമ്പര്യത്തിന്റെ (P) രചനയായ ഉൽപ 1:1-2:4a വരെയുള്ള സൃഷ്ടിവിവരണവും യാഹ്‌വിസ്റ്റ് (J) പാരമ്പര്യത്തിലുള്ള 2: 4b 25 വരെയുള്ള സൃഷ്ടിവിവരണവും ആവർത്തനമാണെന്ന് മാത്രമല്ല, അവയുടെ വിവരണങ്ങളിൽ വൈരുദ്ധ്യവുമുണ്ട്. ആദ്യവിവരണത്തിൽ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും പുരുഷനും സ്ത്രീയും സൃഷ്ടിക്കപ്പെട്ടതായി വിവരിക്കുമ്പോൾ രണ്ടാം വിവരണത്തിൽ പുരുഷൻ മണ്ണിൽനിന്നും സ്ത്രീ വാരിയെല്ലിൽനിന്നും സൃഷ്ടിക്കപ്പെട്ടതായി വിവരിക്കുന്നു. വ്യാഖ്യാനം കൂടാതെ ഈ വിവരണ വൈരുദ്ധ്യം ഗ്രഹിക്കുക ദുഷ്കരമാണ്.

2) ജലപ്രളയ കഥ വിവരിക്കുമ്പോൾ (ഉൽപ 7-9) ഒരേ സമയം രണ്ടുതരം നിർദ്ദേശങ്ങൾ നൽകപ്പെടുന്നതായി കാണാം. ശുദ്ധ മൃഗങ്ങളുടെ ഏഴുജോഡിയെയും അശുദ്ധമൃഗങ്ങളുടെ ഒരു ജോഡിയെയും പെട്ടകത്തിൽ കയറ്റാൻ ആവശ്യപ്പെടുന്ന (7:1-7) ദൈവം തന്നെ എല്ലാ മൃഗങ്ങളുടെയും ഓരോ ജോഡിയെ പെട്ടകത്തിനുള്ളിൽ കയറ്റാൻ പറയുന്നു ( 7:8-9, 15). ജലപ്രളയം നാൽപതുദിവസം നീണ്ടുനിന്നു (7:12;8:6) എന്നുപറയുന്ന അതേ വിവരണത്തിൽ തന്നെ ജലപ്രളയം 150 ദിവസം നീണ്ടുനിന്നതായും (8:3) രേഖപ്പെടുത്തുന്നു. ഒരേ വിവരണത്തിലെ ഈ വൈരുദ്ധ്യങ്ങൾ ഗ്രഹിക്കണമെങ്കിൽ അവ വ്യത്യസ്ത പാരമ്പര്യങ്ങളുടെ സംയോജനത്തിലൂടെ രൂപംകൊണ്ടതാണെന്ന സത്യം മനസ്സിലാക്കാതെ തരമില്ല.

3) ചില വിവരണങ്ങൾ നേരിയ വ്യത്യാസത്തോടെ ആവർത്തിക്കപ്പെടുന്നതായി കാണാം. ഉദാ: സുന്ദരിയായ തന്റെ ഭാര്യയെ സഹോദരിയായി പരിചയപ്പെടുത്തുന്ന സംഭവം അബ്രാഹത്തിന്റെ ജീവിതത്തിൽ രണ്ടുതവണയും (ഉൽപ 12:10-20 20:1-18) ഇസഹാക്കിന്റെ ജീവിതത്തിൽ ഒരു തവണയും (ഉൽപ 26: 1-12) സംഭവിച്ചതായി ഉൽപത്തി പുസ്തകം വിവരിക്കുന്നു. ഒരേ സംഭവത്തിന്റെ വിവിധപാരമ്പര്യങ്ങളിലെ ഭിന്നമായ ആഖ്യാനങ്ങളാണോ ഈ വിവരണങ്ങൾ എന്നറിയാൻ വ്യാഖ്യാനം കൂടാതെ സാധ്യമല്ല.

4) പൂർവ്വപിതാവായ യൗസേപ്പിനെ സഹോദരൻമാർ ഇസ്മായേല്യർക്കു വിറ്റതായി ഒരു വിവരണം സാക്ഷ്യപ്പെടുത്തുമ്പോൾ (ഉൽപ 37:28) തൊട്ടടുത്ത വാചകങ്ങളിൽ ജോസഫിനെ വിറ്റത് മിദിയാൻകാർക്കാണെന്ന് കണ്ടെത്താനാവും (ഉൽപ 37:36).

www.malankaralibrary.com



5) പഞ്ചഗ്രന്ഥിയിൽതന്നെ പത്തുപ്രമാണങ്ങളുടെ രണ്ടു വ്യത്യസ്ത വിവരണങ്ങളുണ്ട് (പുറ 20: 1-17; നിയ 5:1-22). പുറപ്പാടു സംഭവത്തിലെ വിവരണങ്ങൾ സങ്കീർത്തകൻ പുന:രാഖ്യാനം ചെയ്യുമ്പോൾ അനേകം വ്യത്യാസങ്ങൾ വരുത്തിയിരിക്കുന്നതായി കാണാം (ഉദാ: പുറ 14-15; സങ്കീ 78;105 എന്നിവയും താരതമ്യം ചെയ്യുക).

6) കാനാൻദേശം ഇസ്രായേൽ ജനം വളരെപ്പെട്ടെന്ന് കീഴടക്കി കൈവശമാക്കിയതായി ജോഷ്വായുടെ പുസ്തകം സാക്ഷ്യപ്പെടുത്തുമ്പോൾ (1-12) കാനാൻ സ്വന്തമാക്കാനായി ഇസ്രായേൽക്കാർ ദീർഘകാലം കഠിനാധ്വാനം ചെയ്തു കാത്തിരുന്നതായി ന്യായാധിപന്മാരുടെ പുസ്തകം സാക്ഷ്യപ്പെടുത്തുന്നു (1:1-25).

7) യൂദാരാജാക്കന്മാരായ ഹെസെക്കിയാ, മനാസ്സെ, ജോസിയ എന്നിവരെക്കുറിച്ച് 2 രാജാ 18-23ലും 2 ദിന 29-35ലുമുള്ള വിവരണങ്ങളിൽ പ്രകടമായ വ്യത്യാസം കണ്ടെത്താനാവും.

ദൈവനിവേശിതമായി എഴുതപ്പെട്ട വിശുദ്ധ ഗ്രന്ഥത്തിലെ ഇത്തരം ആഖ്യാനവൈരുദ്ധ്യങ്ങൾ ശരിയാംവിധം വിശദീകരിക്കുന്നില്ലെങ്കിൽ വി. ഗ്രന്ഥത്തിന്റെ വിശ്വാസ്യതതന്നെ ചോദ്യം ചെയ്യപ്പെടാനിടയുണ്ട്. അതിനാൽ ബൈബിൾ വ്യാഖ്യാനം വിശ്വാസത്തിന്റെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. പഴയനിയമത്തിൽ മാത്രമല്ല പുതിയനിയമത്തിലും ഇത്തരം വ്യത്യാസങ്ങൾ കാണാം. യേശു പറഞ്ഞ വചനങ്ങൾ, ഉപമകൾ, തുടങ്ങിയവ വ്യത്യസ്ത സുവിശേഷകന്മാർ ഭിന്ന സാഹചര്യങ്ങളിലും രീതിയിലും അവതരിപ്പിക്കുന്നുണ്ട്. യേശുവിന്റെ പരസ്യജീവിതത്തിന്റെ കാലഗണനയിൽ (Chronology) പോലും സുവിശേഷകന്മാർ തമ്മിൽ വ്യത്യസ്തത പുലർത്തുന്നുണ്ട്. (ഉദാ: ദേവാലയശുദ്ധീകരണം പരസ്യജീവിതത്തിന്റെ ആരംഭത്തിലാണെന്ന് യോഹ 2: 13-22 ൽ സാക്ഷ്യപ്പെടുത്തുമ്പോൾ സമാന്തരസുവിശേഷങ്ങളിൽ ദേവാലയശുദ്ധീകരണം പരസ്യജീവിതത്തിനു സമാപനം കുറിക്കുന്ന സംഭവമാണ്). വ്യാഖ്യാനത്തിലൂടെയല്ലാതെ ഇത്തരം വൈരുദ്ധ്യങ്ങളുടെ ശരിയായ അർത്ഥം ഗ്രഹിക്കാനാവില്ല.

### 3. മതാത്മക ഭാഷ

ബൈബിളിൽ ഉപയോഗിക്കുന്നത് മതാത്മകഭാഷ (Religious Language) യാണ്. ഒരു ചരിത്രഗ്രന്ഥമായോ സാഹിത്യഗ്രന്ഥമായോ മാത്രം ബൈബിളിനെ സമീപിക്കുന്നവർക്ക് ബൈബിളിലെ പലഭാഗങ്ങളും അഗ്രാഹ്യങ്ങളായി നിലകൊള്ളും. ചരി

www.malankaralibrary.com



ത്രത്തോടൊപ്പം ചരിത്രാതീത സത്യങ്ങളും ഭൗതികതയോടൊപ്പം അതിഭൗതികമായവയും ബൈബിൾ അനാവരണം ചെയ്യുന്നു. ചരിത്രാതീതവും അതിഭൗതികവുമായവയെ മതാത്മകഭാഷയിലൂടെ മാത്രമേ അവതരിപ്പിക്കാനാവൂ. ഉദാഹരണമായി, മത്താ 24: 29–31ൽ വിവരിക്കുന്ന യുഗാന്ത്യത്തിലെ ഭീകരദുരിതങ്ങൾ (സൂര്യൻ ഇരുണ്ടുപോകും, ചന്ദ്രൻ അന്ധകാരമാകും, നക്ഷത്രങ്ങൾ ഭൂമിയിലേക്കു പതിക്കും) മതാത്മകഭാഷയിലാണ്. ഇവയുടെ ചരിത്രപരതയേക്കാൾ ഇവ പ്രതിനിധാനം ചെയ്യുന്ന മതാത്മക സത്യത്തിനാണ് (യുഗാന്ത്യത്തിനായി ഒരുക്കമുള്ളവരാക്കുക) പ്രാധാന്യം നൽകേണ്ടത്. ശരിയായ വ്യാഖ്യാനത്തിലൂടെയല്ലാതെ ബൈബിളിന്റെ മതാത്മക ഭാഷ ഗ്രഹിക്കുക ദുഷ്കരമാണ്.

ഭാഷ സ്വഭാവേന ഭൗതികതയെ പ്രതിനിധാനം ചെയ്യുന്നതാണ്. സാഹിത്യേതരവും അതിഭൗതികവുമായ യാഥാർത്ഥ്യങ്ങളെ അവതരിപ്പിക്കാൻ ഭാഷയ്ക്കു കഴിവില്ലാത്തതിനാൽ ഇത്തരം സാഹചര്യങ്ങളെ ദ്യോതിപ്പിക്കാൻ അതിഭൗതികാർത്ഥം ഉൾക്കൊള്ളുന്ന പ്രതീകങ്ങളെ ഭാഷ ഉപയോഗപ്പെടുത്തുന്നു. ഉദാ: ദൈവത്തിന്റെ കുഞ്ഞാട്, സമാധാനത്തിന്റെ രാജാവ്, ജീവജലം, സ്വർഗ്ഗീയമന്ന, ആദിയും അന്ത്യവും തുടങ്ങിയ സംജ്ഞകളിലൂടെ ക്രിസ്തുവിനെ അവതരിപ്പിക്കുമ്പോൾ പുതിയനിയമം മതാത്മക ഭാഷയാണ് പ്രയോജനപ്പെടുത്തുന്നത്. ഇത്തരം മതാത്മകഭാഷാശൈലിയിൽ വാക്കുകളുടെ വാച്യാർത്ഥത്തിനുപരിയായി ദൈവികമായ അതീന്ദ്രിയ സത്യങ്ങളാണ് പ്രകാശനം ചെയ്യപ്പെടുന്നത്. ഇവ വ്യാഖ്യാനത്തിലൂടെ മാത്രമേ മനസ്സിലാകൂ.

## 4. ബൈബിളിലെ ദുർഗ്രഹ വചനങ്ങൾ

ചില വചനഭാഗങ്ങൾ ദുർഗ്രഹമാണെന്നും വ്യാഖ്യാനം കൂടാതെ മനസ്സിലാക്കാനാവില്ലെന്നും ബൈബിൾതന്നെ സാക്ഷ്യപ്പെടുത്തുന്നു. ജറെമിയായുടെ പ്രവചനങ്ങളുടെ അർത്ഥം ഗ്രഹിക്കാൻ ദീർഘനാൾ ദാനിയേൽ ധ്യാനിച്ചതായി വി. ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു (ദാനി 4:2). ഏശ 53:7–8 വായിച്ചശേഷം വ്യാഖ്യാനിക്കാൻ ആരുമില്ലാത്തതിനാൽ അർത്ഥമറിയാതെ ഉഴറുന്ന എത്യോപ്യക്കാരൻ ഷണ്ഡന്റെ കഥ നടപടിഗ്രന്ഥം വിവരിക്കുന്നുണ്ട് (അപ്പ 8: 26–35). വിശുദ്ധ ഗ്രന്ഥത്തിലെ പ്രവചനങ്ങൾ ആരും തന്നിഷ്ടം പോലെ വ്യാഖ്യാനിക്കരുതെന്ന് സാക്ഷ്യപ്പെടുത്തുമ്പോഴും (2 പത്രോ 1: 20–21) പൗലോസിന്റെ ലേഖനങ്ങളിലെ ദുർഗ്രഹമായവയെ ചിലർ തന്നിഷ്ടംപോലെ വ്യാഖ്യാനിക്കുന്നതിനെ വിമർശിക്കുമ്പോഴും (2 പത്രോ 3:16) ലേഖന കർത്താവ് വചനവ്യാഖ്യാനത്തിന്റെ ആവശ്യ

www.malankaralibrary.com



കതമാത്രമല്ല വ്യാഖ്യാനത്തിൽ അവശ്യം വേണ്ട ആധികാരികത യെക്കുറിച്ചുകൂടിയാണ് സാക്ഷ്യം നൽകുന്നത്.

## 5. വചനവ്യാഖ്യാനത്തിലെ ആഭിമുഖ്യങ്ങൾ

തന്നെ മനസ്സിലാക്കാനുള്ള മനുഷ്യബുദ്ധിയുടെ പരിമിതി മന സ്സിലാക്കിയ ദൈവംതന്നെ മനുഷ്യമക്കൾക്കു വെളിപ്പെടുത്തിയ തിന്റെ ലിഖിതരൂപമാണ് ബൈബിൾ. ഒരു സഹസ്രാബ്ദത്തിലേറെ കാലഘട്ടംകൊണ്ട് രൂപംകൊണ്ടതാകയാൽ ചരിത്രവും സംസ്കാ രവും ഈ ദൈവാവിഷ്കരണത്തിൽ സങ്കീർണ്ണമായി ഇഴ ചേർന്നിട്ടുണ്ട്. ഈ സങ്കീർണ്ണതകളെ സമഗ്രമായി മനസ്സിലാക്കുന്ന തിലൂടെമാത്രമേ വി. ഗ്രന്ഥത്തെ യഥോചിതം വ്യാഖ്യാനിക്കാനാ വൂ. വി.ഗ്രന്ഥ വ്യാഖ്യാനത്തിലുള്ള വ്യത്യാസം ക്രൈസ്തവ സഭക ളിൽ വിഭാഗീയതയ്ക്ക് കാരണമായിട്ടുണ്ട്. കത്തോലിക്കാ വിശ്വാ സികളുടെയിടയിൽ സ്വാധീനം ചെലുത്താൻ ശ്രമിക്കുന്ന പല വിഭാ ഗീയ ചിന്താഗതിക്കാരും (sects) വി. ഗ്രന്ഥത്തിന്റെ സ്വയംകൃത വ്യാഖ്യാനശൈലിയിലൂടെയാണ് ഞങ്ങളുടെ വാദഗതികൾക്കും ആചാരരീതികൾക്കും അടിത്തറ കണ്ടെത്താൻ ശ്രമിക്കുന്നത്. വി. ഗ്രന്ഥത്തോട് വിശ്വാസികളുടെ ഇടയിൽ അനുദിനം വർദ്ധിച്ചുവ രുന്ന താല്പര്യത്തെ പരമാവധി ചൂഷണം ചെയ്തുകൊണ്ടാണ് ഇത്തരം വിഭാഗങ്ങൾ വേരുറപ്പിക്കുന്നത്.

നവോത്ഥാന കാലഘട്ടം (Enlightment) വരെ വി. ഗ്രന്ഥവ്യാ ഖ്യാനം പൂർണ്ണമായും വിശ്വാസത്തിന്റെ വെളിച്ചത്തിലായിരുന്നു. മനുഷ്യബുദ്ധികൊണ്ടു തെളിയിക്കാൻ (Rationalism)കഴിയാത്ത വയും മാനുഷിക ഇന്ദ്രിയങ്ങൾക്ക് (Empiricicm) വിഷയീഭവിക്കാ ത്തവയും സങ്കല്പങ്ങളെന്ന വാദഗതി ശക്തിപ്പെട്ടപ്പോൾ വി. ഗ്രന്ഥ ത്തിന്റെ അപ്രമാദിത്വസ്വഭാവം ചോദ്യം ചെയ്യപ്പെട്ടുതുടങ്ങി. മറ്റേ തൊരു ഗ്രന്ഥത്തെയുംപോലെ വി. ഗ്രന്ഥത്തെയും വിശകലനവി ധേയമാക്കേണ്ടതുണ്ട് എന്ന ചിന്തയുടെ ഫലമായി, സ്വതന്ത്ര പ്രൊട്ടസ്റ്റന്റു വിഭാഗങ്ങളുടെ ഇടയിൽ രൂപം കൊണ്ട ബൈബിൾ വ്യാഖ്യാനരീതിയാണ് ചരിത്രവിശകലന രീതി (Historical Critical Method). വി. ഗ്രന്ഥത്തിന്റെ ഉത്ഭവത്തെയും വി. ഗ്രന്ഥത്തിലെ സാംസ്കാരിക സ്വാധീനങ്ങളെയും വസ്തുതാപരമായി അപഗ്രഥി ക്കാൻ കഴിവുള്ള ശൈലി എന്ന നിലയിൽ ഈ രീതി കാലാന്തര ത്തിൽ സാർവ്വത്രിക അംഗീകാരം നേടി. പന്ത്രണ്ടാം പീയൂസ് പാപ്പാ യുടെ Divino Afflante Spiritu എന്ന തിരുവെഴുത്തിലൂടെ കത്തോ ലിക്കാ സഭയും വി.ഗ്രന്ഥവ്യാഖ്യാനത്തിന് ആധുനിക മാർഗ്ഗങ്ങൾ ഉപയോഗിച്ചു തുടങ്ങി. വി.ഗ്രന്ഥപഠനത്തിന് ശാസ്ത്രീയവും ബൗദ്ധി

www.malankaralibrary.com



കവുമായ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിലൂടെ ദൈവനിവേശിതമായ വി. ഗ്രന്ഥത്തെ വിശ്വാസത്തിന്റെ തലത്തിൽനിന്ന് വേർപ്പെടുത്തുകയാണ് ചെയ്യുന്നത് എന്ന ചിന്താഗതി ദീർഘകാലമായി പല വിഭാഗങ്ങളിലും ശക്തമാണ്. വി. ഗ്രന്ഥം ദൈവാവിഷ്കരണമാകയാൽ അക്ഷരം പ്രതി അംഗീകരിക്കേണ്ടതുമാണ് എന്നതാണ് ഇക്കൂട്ടരുടെ വാദം. പക്ഷേ അപ്രമാദമായ ദൈവാവിഷ്കരണത്തെ പരിമിതമായ മനുഷ്യഭാഷയിലും സംസ്കാരത്തിലും രേഖപ്പെടുത്തിയിരിക്കുന്നതാണ് ബൈബിൾ എന്ന സത്യം ഇവർ വിസ്മരിക്കുന്നു.

പത്രോസിനോട് കടലിനുമീതെ നടന്നുവരാൻ ആവശ്യപ്പെട്ടത് ഈശോതന്നെയാണ് എന്നത് വി. ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്ന സത്യമാണ്. കർത്താവിൽ വിശ്വസിക്കുകയും പത്രോസിന്റെ ശ്ലൈഹിക പിന്തുടർച്ചയിൽ ഉറച്ചുനിൽക്കുകയും ചെയ്യുന്ന കത്തോലിക്കർക്ക് എന്തുകൊണ്ട് വെള്ളത്തിനു മീതെ നടക്കാൻ കഴിയുന്നില്ല എന്ന് ചോദിക്കുന്നവരുമുണ്ട്. വെള്ളത്തിനുമീതെ നടക്കാൻ പത്രോസിന് നൽകപ്പെട്ട അധികാരത്തിൽ പങ്കുചേരാൻ കഴിയാത്ത കത്തോലിക്കർക്ക് പത്രോസിന് നൽകിയ പാപമോചനാധികാരത്തിൽ പങ്കുചേരാൻ എങ്ങനെ കഴിയുന്നു എന്ന് ഇക്കൂട്ടർ അധിക്ഷേപിക്കുന്നു. പ്രത്യക്ഷത്തിൽ യുക്തിസഹം എന്നു തോന്നുന്ന ഇത്തരം വാദഗതികളിൽ ആകൃഷ്ടരായി സത്യവിശ്വാസം ഉപേക്ഷിക്കാൻ പ്രേരിതരാവുന്ന കത്തോലിക്കരുണ്ട്. വി. ഗ്രന്ഥത്തിന്റെ അക്ഷരാർത്ഥത്തിലുള്ള വ്യാഖ്യാനം വിശ്വാസജീവിതത്തിലുയർത്താനിടയുള്ള വെല്ലുവിളികളെക്കുറിച്ച് വിശ്വാസികൾക്ക് അവബോധമുണ്ടാവേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

ദൈവവചനത്തെ സൂചിപ്പിക്കാൻ പുതിയനിയമഭാഷയായ ഗ്രീക്കിൽ രണ്ടു പദങ്ങൾ ഉപയോഗിക്കാറുണ്ട്. ലോഗോസ്, റേമ എന്നിവയാണവ. ദൈവവചനത്തിന്റെ സമഗ്രതയെ സൂചിപ്പിക്കുന്നതാണ് ലോഗോസ് എന്ന പദം. “വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു” എന്ന് വി.യോഹന്നാൻ (1:14) പറയുമ്പോൾ ഉപയോഗിക്കുന്നത് ലോഗോസ് എന്ന ഗ്രീക്കുപദമാണ്. പ്രത്യേക സാഹചര്യത്തിനും സന്ദർഭത്തിനുമായി നൽപ്പെടുന്ന ദൈവവചനമാണ് റേമാ. “മനുഷ്യൻ ജീവിക്കേണ്ടത് അപ്പം കൊണ്ടുമാത്രമല്ല ദൈവത്തിന്റെ വചനം കൊണ്ടുകൂടിയാണ്” (മത്താ 4:4) എന്നു പറയുമ്പോൾ വി.മത്തായി ഉപയോഗിക്കുന്നത് റേമ എന്നാണ്. ബൈബി

www.malankaralibrary.com



ളിലെ എല്ലാ ലിഖിത വചനങ്ങളും അവയുടെ അക്ഷരാർത്ഥത്തിൽ എല്ലാ മനുഷ്യർക്കുമായി നൽകപ്പെട്ടതല്ല എന്നത് വ്യക്തമാണ്. അല്ലായിരുന്നെങ്കിൽ "കിടക്കയുമെടുത്തു നടക്കുക", "നീ സീലോഹായിൽ കുളത്തിൽ പോയി കഴുകുക" തുടങ്ങിയ കല്പനകൾ നാമും അനുസരിക്കേണ്ടതായി വരുമായിരുന്നു. എന്നാൽ അവ നിശ്ചയവ്യക്തികൾക്ക് നിശ്ചിത സാഹചര്യത്തിൽ നല്കപ്പെട്ട ദൈവവചന (റേമാ) മാണ്. അവയെ സാർവ്വത്രികവല്ക്കരിക്കുമ്പോൾ നാം അബദ്ധങ്ങളിൽ ചെന്നുചേരാൻ സാധ്യതയുണ്ട്. പത്രോസിനോട് വെള്ളത്തിന് മീതെ നടക്കാൻ പറഞ്ഞത് പത്രോസിനായി മാത്രം നൽകപ്പെട്ട ദൈവവചന (റേമാ) മാണ്. എന്നാൽ പത്രോസിനും തുടർന്ന് അപ്പസ്തോലഗണത്തിനു മുഴുവനായി നൽകപ്പെടുന്ന പാപമോചനാധികാരത്തെ സംബന്ധിക്കുന്ന വചനം ലോഗോസ് ആണ്. വചന വിവരണത്തിന്റെ സന്ദർഭവും നൽകപ്പെടുന്ന വചനത്തന്റെ ഉള്ളടക്കവും (content) ആധാരമാക്കിയാണ് ഈ വ്യത്യാസം ഗ്രഹിക്കാൻ കഴിയുന്നത്. വചനവ്യാഖ്യാനങ്ങൾ ശ്രദ്ധാപൂർവ്വം മനസ്സിലാക്കേണ്ടതിനാണ് ഈ വേർതിരിവ്. ദൈവവചന വ്യാഖ്യാനത്തിലെ അടിസ്ഥാനപരമായ മറ്റൊരു പ്രത്യേകത അതിന്റെ സഭാത്മകമായ പാരമ്പര്യസ്വഭാവമാണ്. വി. ഗ്രന്ഥത്തിലെ ലിഖിത വചനങ്ങളുടെ വ്യാഖ്യാനത്തിന് ഒരു പാരമ്പര്യമുണ്ട്. ദൈവം നേരിട്ട് ബൈബിൾ രചിച്ച് മനുഷ്യന് നൽകിയതല്ല. ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയത് സമൂഹ (ecclesia) ത്തിനാണ്. ബൈബിളല്ല മറിച്ച് ദൈവിക വെളിപാട് അനുസരിച്ച് രൂപീകരിക്കപ്പെട്ട സഭയാണ് ആദ്യമുണ്ടായത്. തങ്ങൾക്ക് ലഭിച്ച ദൈവിക വെളിപാടുകളെ വിശ്വാസികളുടെ സമൂഹങ്ങൾ മനസ്സിലാക്കിയതിന്റെ ദൈവനിവേശിതമായ ലിഖിതാവിഷ്കാരമാണ് വി. ഗ്രന്ഥം. ലിഖിതമായ ദൈവവചനങ്ങളുടെ യഥാർത്ഥ അർത്ഥം ഗ്രഹിക്കാനായി അവ എഴുതപ്പെട്ടപ്പോൾ പ്രാഥമികമായി ലക്ഷ്യമാക്കിയിരുന്ന ആദിമവിശ്വാസിസമൂഹം അവയെ എപ്രകാരം മനസ്സിലാക്കി എന്നു ഗ്രഹിക്കാൻ ശ്രമിക്കണം. ഉദാഹരണമായി, ഈശോ ശിഷ്യന്മാർക്ക് പാപം മോചിക്കാൻ അധികാരം നൽകുന്ന വചനഭാഗത്തിന്റെ അർത്ഥത്തെക്കുറിച്ച് കത്തോലിക്കരും ചില അകത്തോലിക്കാ വിഭാഗങ്ങളും തമ്മിൽ അഭിപ്രായാന്തരമുണ്ട്. കത്തോലിക്കാ സഭ പ്രസ്തുത വചനഭാഗത്തെ കുമ്പസാരമെന്ന കൂദാശയുടെ അടിസ്ഥാനവചനമായാണ് സ്വീകരിക്കുന്നത്. മറ്റു ചില വിഭാഗങ്ങളാകട്ടെ കുമ്പസാരവും പ്രസ്തുത വചനവും തമ്മിലുള്ള ബന്ധത്തെ പാടേ നിഷേധിക്കുകയും ചെയ്യുന്നു. ഇത്തരം പ്രതിസന്ധികളിൽ മാർഗ്ഗനിർദ്ദേ

www.malankaralibrary.com



ശമാവേണ്ടത് പ്രസ്തുത വചനത്തെ ആദിമ ക്രൈസ്തവ സമൂഹം എപ്രകാരം മനസ്സിലാക്കി എന്നതാണ്. ഇതിനായി ബൈബിളിന് പുറത്തേക്കും നമ്മുടെ അന്വേഷണം വ്യാപിപ്പിക്കേണ്ടിവരും. ആദിമസഭയിലെ Didascalia Apostolorum എന്ന പുസ്തകത്തിൽ ഈ വചനഭാഗത്തെ ആദിമ സഭ എപ്രകാരം മനസ്സിലാക്കി എന്നതിന് വ്യക്തമായ തെളിവുണ്ട്: "അല്ലയോ മെത്രാൻമാരേ... പാപമായവയെ ആധികാരികമായി വിധിക്കണം. കാരണം സുവിശേഷം അസന്ദിഗ്ദ്ധമായി പറയുന്ന പാപം മോചിക്കാനുള്ള അധികാരം നിങ്ങൾക്കാണ് നൽകപ്പെട്ടിരിക്കുന്നത്. നിങ്ങൾ ഭൂമിയിൽ ബന്ധിക്കുന്നത് സ്വർഗ്ഗത്തിലും ബന്ധിക്കപ്പെട്ടിരിക്കും എന്ന വാഗ്ദാനം നിങ്ങൾക്ക് ലഭിച്ചിരിക്കുന്നതിനാൽ മെത്രാൻമാരായ നിങ്ങൾ പാപങ്ങൾ മോചിപ്പിക്കണം" (cfr. DA 40, 55, 96). ശ്ലൈഹികാധികാരത്തിലൂടെ പാപമോചനം നൽകുന്ന പതിവ് ആദിമസഭയിലുണ്ടായിരുന്നു എന്നും, പ്രസ്തുത പതിവിന് ആധാരമായി നിലകൊള്ളുന്നത് സുവിശേഷദത്തമായ 'കെട്ടാനും അഴിക്കാനുമുള്ള' അധികാരമാണെന്നും ഇതിൽനിന്നു വ്യക്തമാണല്ലോ. വചനവ്യാഖ്യാനത്തിനായി ബൈബിളിനു പുറത്തേക്കും അന്വേഷണം വ്യാപിപ്പിക്കേണ്ടതുണ്ട് എന്നത് ഈ ഉദാഹരണത്തിൽനിന്ന് വ്യക്തമാണല്ലോ. ഒരു വചനഭാഗം രൂപംകൊണ്ട സമൂഹത്തിന്റെ ചരിത്രവും സംസ്കാരവും ആരാധനാക്രമരീതികളും വിശ്വാസസംഹിതികളും പ്രസ്തുത സമൂഹം അഭിമുഖീകരിച്ചിരുന്ന പ്രതിസന്ധികളുമെല്ലാം സമഗ്രതയിൽ ഗ്രഹിക്കുമ്പോൾ മാത്രമേ വചനവ്യാഖ്യാനം പൂർണ്ണമാവുകയുള്ളൂ.

ഒരു പദത്തിന് ഒന്നിലേറെ അർത്ഥങ്ങളുണ്ട് എന്നത് സുവിദിതമാണല്ലോ. ഇത്തരം നാനാർത്ഥങ്ങൾക്കുപരിയായി ഒരു ഗ്രന്ഥം രചിക്കപ്പെടുന്ന സാമൂഹികചുറ്റുപാടുകളിൽനിന്ന് തികച്ചും നൂതനമായ ഒരു അർത്ഥം ചില പദങ്ങൾ ആർജ്ജിക്കാറുണ്ട്. ഉദാഹരണമായി 'നായ' എന്ന പദത്തിന് ഒരു മൃഗം എന്ന സാമാന്യാർത്ഥത്തിനു പുറമേ, തിന്മ പ്രവർത്തിക്കുന്നവൻ(ൾ) വിശിഷ്യാ, സ്വവർഗ്ഗഭോഗി എന്ന ആർജ്ജിതാർത്ഥം കൂടി ചില വചനഭാഗങ്ങളിൽ കാണാം (ഫിലി 3:2; വെളി 22:15). ഇത്തരം ആർജ്ജിതാർത്ഥങ്ങൾ സംസ്കാരവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. ഇതു മനസ്സിലാക്കാത്തവർ "നായ്ക്കൾ സ്വർഗ്ഗീയ ജറുസലേമിൽ പ്രവേശിക്കില്ല" (വെളി 22:15) എന്ന വചനഭാഗത്തെ അടിസ്ഥാനമാക്കി, വി. ഗ്രന്ഥത്തിൽ 'ജന്തുവിരോധം' ഉണ്ടെന്നും ബൈബിൾ പരിസ്ഥിതിവാദത്തിനു ഭീഷണിയാണെന്നും സമർത്ഥിക്കും.

www.malankaralibrary.com



ദൈവവചനത്തിലുപയോഗിക്കുന്ന പദങ്ങളുടെ വാച്യാർത്ഥവും വ്യംഗ്യാർത്ഥവും (ദൈവശാസ്ത്രപരമായ അർത്ഥം) പരസ്പരാശ്രിതവും പരസ്പരബന്ധിതവുമാണ്. പ്രത്യക്ഷത്തിൽ വാച്യാർത്ഥമാണു വിവക്ഷിക്കുന്നതെന്നു തോന്നാമെങ്കിലും അന്തിമ വിശകലനത്തിൽ ദൈവശാസ്ത്രപരമായ അർത്ഥത്തിനാണ് പ്രാമാണ്യം കൈവരുന്നത്. "നിങ്ങൾ ഈ ദൈവാലയം തകർക്കുക; മൂന്നു ദിവസംകൊണ്ട് ഞാനിത് പണിതുയർത്തും" (യോഹ 2:19) എന്ന ഈശോയുടെ വെല്ലുവിളി ദൈവാലയനാശം എന്ന ചരിത്രസംഭവത്തിലേക്ക് വിരൽചൂണ്ടുന്നതോടൊപ്പം, തന്റെ ശരീരമാണ് (അഥവാ താൻ തന്നെയാണ്) ഇനിമേൽ യഥാർത്ഥ ദൈവാലയം എന്ന സത്യത്തെ അസന്ദിഗ്ദമായി പ്രഘോഷിക്കുന്നു. ജറുസലേമിന്റെ നാശം എന്ന ചരിത്രസംഭവത്തെക്കുറിച്ച് അറിവുള്ളവനു മാത്രമേ, ദൈവശാസ്ത്രപരമായ അർത്ഥത്തെ വ്യവച്ഛേദിക്കാനാവൂ. അതുകൊണ്ടുതന്നെ വചനവ്യാഖ്യാനം നൽകാൻ കടപ്പെട്ടിരിക്കുന്നവർ, വിശേഷിച്ചും വചനപ്രഘോഷകർ അതിനായി ശരിയായ ഗൃഹപാഠം ചെയ്യാത്തതിന്റെ കുറവാണ് പലപ്പോഴും വചനപ്രഘോഷങ്ങളെ അബദ്ധപ്രബോധനങ്ങളാക്കി തരംതാഴ്ത്തുന്നത്.

**ഡോ. ജോസഫ് പാംപ്ലാനി**

www.malankaralibrary.com

# 02

## ബൈബിൾ: കാനോനിക ഗ്രന്ഥം

"കാനോൻ" എന്ന ഗ്രീക്കു പദം ആശാരിമാർ ഉപയോഗിക്കുന്ന അളവുകോലിനെ (മുഴക്കോൽ) യാണ് സൂചിപ്പിക്കുന്നത്. AD 367-ൽ അലക്സാണ്ട്രി യയിലെ ബിഷപ്പായിരുന്ന താസിയൂസ് (AD 293 - 373) വി. ഗ്രന്ഥത്തിലെ ദൈവനിവേശിത ഗ്രന്ഥങ്ങളെ വിശേഷിപ്പിക്കാനായി ഈ പദം ആദ്യമായി ഉപയോ ഗിച്ചു. ദൈവവചനം ക്രിസ്തീയ ജീവിതത്തിന്റെ മാന ദണ്ഡമാണ് (ഗലാ 6: 16; ഫിലി 3: 16) എന്ന ചിന്താഗ തിയും ഈ പദപ്രയോഗത്തിന് പ്രേരകമായിട്ടുണ്ട്.

### പഴയനിയമപുസ്തകങ്ങളുടെ കാനൻ

പല നൂറ്റാണ്ടുകളിലൂടെ സാവകാശവും ക്രമാനുഗ തവുമായാണ് പഴയനിയമ കാനൻ രൂപം കൊണ്ടിട്ടു ള്ളത്. പഴയനിയമ കാനനുകളുടെ രൂപീകരണത്തെക്കു റിച്ചുള്ള സൂചനകൾ പഴയനിയമത്തിൽതന്നെ നമുക്ക് കണ്ടെത്താനാവും. മരുഭൂമിയാത്രയ്ക്കിടയിൽ നിയമ ഗ്രന്ഥങ്ങൾ (തോറ) വാഗ്ദാനപേടകത്തിൽ സൂക്ഷി ക്കാൻ മോശ ആവശ്യപ്പെടുന്നുണ്ട്. നിയമഗ്രന്ഥങ്ങളും

www.malankaralibrary.com



ജോഷ്വായുടെ പുസ്തകവും വാഗ്ദാനപേടകത്തിൽ സൂക്ഷിച്ചിരുന്നതായും ജറുസലേം ദേവാലയത്തിൽ നിത്യമായി പ്രതിഷ്ഠിക്കപ്പെട്ടശേഷവും വാഗ്ദാനപേടകത്തിൽ ഈ പുസ്തകങ്ങൾ സൂക്ഷിച്ചിരുന്നതായും ബൈബിൾ സാക്ഷ്യപ്പെടുത്തുന്നുണ്ട് (നിയ 31:9-26; 2 രാജാ 22:8; ജോഷ്വ 24:26; 1 സാമു. 10:25). ജോഷ്വായുടെ കാലം മുതൽ ദാവീദിന്റെ കാലംവരെയുള്ള ചരിത്രഗ്രന്ഥങ്ങളും ദേവാലയത്തിൽ സൂക്ഷിച്ചിരുന്നു. ദേവാലയം നിർമ്മിച്ചശേഷം വിശുദ്ധ ഗ്രന്ഥങ്ങളും സോളമൻ ദേവാലയത്തിൽ പ്രതിഷ്ഠിച്ചു (രാജ 22:8; ഏശ 34: 16). കൂടാതെ താൻതന്നെ രചിച്ച വിജ്ഞാന ഗ്രന്ഥങ്ങളെയും സോളമൻ വിശുദ്ധഗ്രന്ഥങ്ങളായി ദേവാലയത്തിൽ സൂക്ഷിച്ചു.

ഏശയ്യായുടെ പുസ്തകത്തെക്കുറിച്ച് - "കർത്താവിന്റെ പുസ്തകം" എന്നാണ് ദാനിയേൽ സാക്ഷ്യപ്പെടുത്തുന്നത് (ദാനി 9:2). രാജ്യം വിഭജിക്കപ്പെട്ട BC 930നും ദേവാലയം നശിപ്പിക്കപ്പെട്ട BC 589നും ഇടയിൽ പ്രവചനം നടത്തിയ പ്രവാചകന്മാരായിരുന്നു യോനാ, ആമോസ്, ഏശയ്യാ, ഹോസിയ, ജോയേൽ, മിക്കാ, സെഫാനിയാ, ജറെമിയാ, ഒബാദിയാ, ഹബക്കുക്ക്. ദേവാലയത്തിൽ സൂക്ഷിച്ചിരുന്ന വിശുദ്ധ ഗ്രന്ഥങ്ങളോട് പ്രവചനഗ്രന്ഥങ്ങളും കൂട്ടിച്ചേർക്കപ്പെട്ടു. ബാബിലോൺ പ്രവാസശേഷം ദേവാലയം പുനരുദ്ധരിക്കപ്പെട്ട BC 520 നോടടുത്ത കാലത്താണ് ഹഗ്ഗായി, സഖറിയാ എന്നിവരുടെ പുസ്തകങ്ങൾ രചിക്കപ്പെട്ടത്. ദേവാലയം പുനരുദ്ധരിക്കപ്പെട്ട് ഏകദേശം അമ്പതു വർഷങ്ങൾ കഴിഞ്ഞപ്പോൾ വി. പുസ്തകങ്ങളുടെ ഒരു ശേഖരം എസ്രാ പുതിയ ദേവാലയത്തിൽ പ്രതിഷ്ഠിച്ചു (നെഹെ 8: 2,3,14). സോളമന്റെ ദേവാലയത്തിൽ സൂക്ഷിച്ചിരുന്ന വി. ഗ്രന്ഥങ്ങൾ ബാബിലോൺ രാജാവായിരുന്ന നെബുക്കദ്നാസ്സറുടെ പടയോട്ടകാലത്ത് നശിപ്പിക്കപ്പെട്ടിരുന്നു. അവയ്ക്കു പകരമായാണ് എസ്രാ ഇപ്രകാരം ഒരു പുസ്തകശേഖരം തയ്യാറാക്കിയത് എന്ന് അനുമാനിക്കാം. നെഹെമിയായുടെ കാലത്തും ദാവീദിന്റെയും രാജാക്കന്മാരുടെയും പ്രവാചകന്മാരുടെയും നടപടിക്രമങ്ങൾ രേഖപ്പെടുത്തിയ ഗ്രന്ഥങ്ങളുടെ ശേഖരം ദേവാലയത്തിൽ പ്രതിഷ്ഠിച്ചിരുന്നതായി ബൈബിൾ സാക്ഷ്യപ്പെടുത്തുന്നുണ്ട് (2 മക്ക 2:13). ചുരുക്കത്തിൽ പഴയനിയമ കാനന്റെ രൂപീകരണത്തിൽ നിർണ്ണായകമായ പങ്കുവഹിച്ചത് എസ്രായുടെ നേതൃത്വത്തിലുള്ള ഒരു പ്രവാചകസംഘമാണ്. ഈ പ്രവാചകസംഘത്തെ വലിയ സിനഗോഗ് (The great Synagogue) എന്നാണ് വിശേഷിപ്പിക്കുന്നത്. എസ്രാ, നെഹെമിയാ, ഹഗ്ഗായി, സഖറിയാ, മലാക്കി എന്നീ പ്രവാചകന്മാരാണ് ഈ സംഘത്തിലുണ്ടായിരുന്നത്.

www.malankaralibrary.com



പഴയനിയമ കാനനെക്കുറിച്ചുള്ള അന്വേഷണം പഴയനിയമത്തിനുവെളിയിലേക്കും വ്യാപിക്കേണ്ടതുണ്ട്. എ.ഡി. 70 നോടടുത്ത് യഹൂദ ചരിത്രം രചിച്ച ഫ്ളാവിയൂസ് ജോസേഫൂസ് എന്ന ഗ്രന്ഥകാരൻ ഇപ്രകാരം എഴുതുന്നു. "അർത്താർക്കസിന്റെ (സൈറസ് രണ്ടാമൻ) കാലംവരെയുള്ള യഹൂദചരിത്രം ആധികാരികമായി എഴുതപ്പെട്ടിട്ടുണ്ട്. എന്നാൽ അതിനുശേഷം എഴുതപ്പെട്ടവ ആധികാരികമായിരുന്നില്ല. കാരണം, പ്രവാചകരുടെ കാലം അവസാനിച്ചിരുന്നു". എസ്രായുടെ കാലംവരെയുള്ള യഹൂദചരിത്രം നിയതമായ കാനന്റെ ഭാഗമായി ആധികാരികമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നാണ് ജോസേഫൂസ് സാക്ഷ്യപ്പെടുത്തുന്നത്. തുടർന്നുള്ള യഹൂദചരിത്രം രേഖപ്പെടുത്തിയിട്ടുണ്ടെന്നും എന്നാൽ അവയുടെ ആധികാരികത സാക്ഷ്യപ്പെടുത്താൻ കഴിവുള്ള പ്രവാചകന്മാർ ഇല്ലാതെ പോയി എന്നുമാണ് ജോസേഫൂസിന്റെ സാക്ഷ്യം.

## ജാംനിയാ സൂനഹദോസ്

എ.ഡി. 90-ൽ ചേർന്ന ജാംനിയൻ സൂനഹദോസ് പഴയനിയമ കാനന്റെ പട്ടിക തയ്യാറാക്കി. 39 പുസ്തകങ്ങൾ ഉൾകൊള്ളുന്ന ഈ പട്ടികയെയാണ് പാലസ്തീനിയൻ കാനൻ എന്നുവിളിക്കുന്നത്. ഉത്തരകാനോനിക ഗ്രന്ഥങ്ങൾ എന്നപേരിൽ പിൽകാലത്ത് അറിയപ്പെട്ട ജ്ഞാനം, പ്രഭാഷകൻ, 1,2, മക്കബായർ, യൂദിത്ത്, എസ്തേർ, തോബിത്ത് എന്നീ പുസ്തകങ്ങൾ ഒഴികെയുള്ള പുസ്തകങ്ങളാണ് പാലസ്തീനിയൻ കാനോനയിൽ ഇടം കണ്ടെത്തിയത്. പക്ഷേ ലോകമാസകലമുള്ള യഹൂദർ ജാംനിയാ കൗൺസിൽ അംഗീകരിച്ച കാനോന അംഗീകരിച്ചിരുന്നില്ല. പാലസ്തീനായിലെ യഹൂദർ മാത്രമാണ് 39 പുസ്തകങ്ങളുള്ള ഈ കാനൻ അംഗീകരിച്ചിരുന്നത്.

## അലക്സാണ്ട്രിയൻ കാനൻ

പാലസ്തീനായ്ക്കുവെളിയിലുള്ള യഹൂദർ ഉപയോഗിച്ചിരുന്നത് പഴയനിയമത്തിന്റെ ഗ്രീക്ക് വിവർത്തനമാണ്. ഇത് ബി.സി. 180 നോടടുത്ത് പൂർത്തിയായ "സപ്തതി" (LXX) വിവർത്തനമാണ്. ഗ്രീക്കുഭാഷയിലെ ആദ്യവിവർത്തനമാണിത്. സപ്തതി ബൈബിളിൽ 46 പുസ്തകങ്ങൾ ഉൾച്ചേർത്തിട്ടുണ്ട്. ഇത് ഒരു വിവർത്തനമാകയാൽ ഗ്രീക്കുഭാഷയിൽ മൂലഗ്രന്ഥം രചിക്കപ്പെട്ട ജ്ഞാനം, മക്കബായരുടെ രണ്ടാം പുസ്തകം എന്നിവയൊഴികെയുള്ള 44 ഗ്രന്ഥങ്ങളും വിവർത്തനത്തിനുപയോഗിച്ച ഹീബ്രു മൂലകൃതിയിൽ ഉണ്ടായിരുന്നു എന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല. ജാംനിയായിലെ കൗൺസിൽ പഴയനിയമപുസ്തകങ്ങളുടെ എണ്ണം 39 ആയി നിജപ്പെടുത്തിയെ

www.malankaralibrary.com



ങ്കിലും BC180നോടടുത്ത് ഹീബ്രുബൈബിളിൽ 44 പുസ്തകങ്ങൾ ഉണ്ടായിരുന്നു എന്ന് ഇതിൽനിന്നും വ്യക്തമാണ്.

പുതിയനിയമം ഗ്രീക്കുഭാഷയിൽ എഴുതപ്പെട്ടിരുന്നതിനാലും പുതിയനിയമകാലത്ത് യഹൂദർ ഗ്രീക്കുഭാഷ പ്രധാനമായും ഉപയോഗിച്ചിരുന്നതിനാലും പുതിയനിയമ ഗ്രന്ഥകർത്താക്കളും ആദിമ ക്രൈസ്തവരും സപ്തതി ബൈബിളിനെയാണ് തങ്ങളുടെ പഴയ നിയമമായി കരുതിയിരുന്നത്. പാലസ്തീനിലെ യഹൂദരുടെ ഇടയിൽ ആദ്യകാലത്ത് നിലനിന്നിരുന്ന ക്രൈസ്തവ വിദ്വേഷത്തിന്റെ ഭാഗമായാണ് ക്രൈസ്തവർ ഉപയോഗിച്ചിരുന്ന സപ്തതി ബൈബിളിന്റെ ആധികാരികത ജാംനിയൻ കൗൺസിൽ നിരോധിച്ചത്. യേശുവിന്റെ നാമം ഉച്ചരിക്കുന്നവരെ സിനഗോഗിൽനിന്നു ബഹിഷ്ക്കരിക്കണമെന്ന് കൽപന പുറപ്പെടുവിച്ചതും ജാംനിയൻ കൗൺസിലാണ്. "ക്രിസ്ത്യൻ പഴയനിയമം" എന്ന് അറിയപ്പെട്ടുതുടങ്ങിയ സപ്തതി ബൈബിളിനോട് പാലസ്തീനായിലെ റബ്ബിമാർക്ക് താൽപ്പര്യക്കുറവ് തോന്നുക സ്വാഭാവികമാണല്ലോ.

ഈ വസ്തുതകളെല്ലാം ചേർത്തുവായിക്കുമ്പോൾ വ്യക്തമാകുന്ന അനുമാനങ്ങൾ മൂന്നാണ്.

1 യഹൂദബൈബിളിൽ (പഴയനിയമത്തിൽ) ബി.സി. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ 46 പുസ്തകങ്ങളുണ്ടായിരുന്നു.

2 ജാംനിയ കൗൺസിൽ സപ്തതി ബൈബിളിന്റെ ആധികാരികതയെ ചോദ്യം ചെയ്തത് ക്രൈസ്തവ വിദ്വേഷത്തിന്റെ ഭാഗമായിട്ടായിരിക്കാം.

3 പാലസ്തീനായ്ക്കു വെളിയിലുള്ള യഹൂദർ സപ്തതി ബൈബിളിലെ 46 പുസ്തകങ്ങളെയും വിശുദ്ധ ഗ്രന്ഥങ്ങളായി കരുതുന്നു.

## വി. ജറോം

ബൈബിൾ വിജ്ഞാനീയത്തിന്റെ പിതാവായി അറിയപ്പെടുന്ന വി. ജറോം ആണ് ലത്തീൻ ഭാഷയിലേക്ക് സമ്പൂർണ്ണബൈബിൾ വിവർത്തനം ചെയ്തത്. വുൾഗാത്ത എന്ന പേരിലാണ് ജറോമിന്റെ വിവർത്തനം അറിയപ്പെടുന്നത്. പഴയനിയമഗ്രന്ഥങ്ങൾ 46 എണ്ണമുണ്ടെന്ന് ജറോം അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു. എന്നാൽ പാലസ്തീനായിലെ കാനനിൽ ഇല്ലാത്ത ഏഴുപുസ്തകങ്ങളെക്കുറിച്ച് വ്യത്യസ്ത പരാമർശങ്ങൾ ജറോം നടത്തിയിട്ടുണ്ട്. ആരാധനാക്രമത്തിൽ വായിക്കാമെങ്കിലും വിശ്വാസസത്യങ്ങളുടെ വിശദീകരണ

www.malankaralibrary.com



ത്തിന് അവ ഉപയുക്തമല്ല എന്ന അഭിപ്രായം ജറോം പ്രകടിപ്പിച്ചിട്ടുണ്ട്. (cfr.Against Rufinus) എന്നാൽ, മറ്റുസന്ദർഭത്തിൽ യൂദിത്തിന്റെ ഗ്രന്ഥത്തെ വിശുദ്ധ ലക്കം എന്നും ജ്ഞാന ഗ്രന്ഥത്തെ തിരുലിഖിതം എന്നും പ്രഭാഷക ഗ്രന്ഥത്തെ വിശുദ്ധ വചനമെന്നും ജറോം വിശേഷിപ്പിക്കുന്നുണ്ട് (cfr. Cambridge history of the Bible, II. 93). വി. ജറോം 46 പുസ്തകങ്ങളെ പഴയനിയമവിശുദ്ധ ഗ്രന്ഥമായി വിവർത്തനം ചെയ്തു എന്നതുതന്നെയാണ് അദ്ദേഹം അവയുടെ ആധികാരികതയെ അംഗീകരിച്ചിരുന്നു എന്നതിന്റെ ഏറ്റവും വലിയ തെളിവ്.

**ഒരിജൻ**

സഭാപിതാക്കന്മാരുടെയിടയിലെ വിശുദ്ധഗ്രന്ഥ വിശാരദന്മാരിൽ അഗ്രഗണ്യനാണ് ഒരിജൻ. മൂലഭാഷകളായ ഹീബ്രുവിലും ഗ്രീക്കിലും ഒരിജന് അസാധാരണ പാടവമുണ്ടായിരുന്നു. യഹൂദർ ഉപയോഗിക്കുന്ന ഹീബ്രുബൈബിളും ക്രൈസ്തവർ ഉപയോഗിക്കുന്ന ഗ്രീക്കുപഴയനിയമവും തമ്മിൽ പല ഭാഗങ്ങളിലും വ്യത്യാസമുണ്ട് എന്ന് ഒരിജൻ കണ്ടെത്തി. ഹീബ്രുബൈബിളിലില്ലാത്ത കാര്യങ്ങൾ ഗ്രീക്കു ബൈബിളിൽ ഉണ്ടായത് ദൈവിക പദ്ധതിയുടെ ഭാഗമാണെന്ന് ഒരിജൻ വാദിച്ചു. വി. ഗ്രന്ഥമൊന്നാകെ ക്രിസ്തുവിനെ ലക്ഷ്യം വയ്ക്കുന്നതിനാൽ ക്രിസ്തുസ്ഥാപിച്ചതും ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടതുമായ സഭ ഉപയോഗിക്കുന്ന ബൈബിളാണ് യഥാർത്ഥ ബൈബിൾ എന്ന് ഒരിജൻ സമർത്ഥിച്ചു (cfr. A letter from Orgin to Africanus, Early Church Fathers, Vol. IV). തോബിത്തിന്റെയും യൂദിത്തിന്റെയും പുസ്തകങ്ങൾ പലസ്തീനായിലെ യഹൂദർ ഉപയോഗിക്കുന്നില്ലെങ്കിലും ക്രിസ്തീയ സഭകൾ അവയെ വിശുദ്ധ ഗ്രന്ഥമായി ഉപയോഗിക്കുന്നതിനാൽ അവ "ദൈവനിവേശിത" മാണെന്ന് ഒരിജൻ അഭിപ്രായപ്പെട്ടു. ബൈബിൾ കാനോനയുടെ അടിസ്ഥാന മാനദണ്ഡം ക്രിസ്തുസ്ഥാപിച്ച സഭയുടെ അംഗീകാരമാണ് എന്ന സത്യം അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ച ആദ്യത്തെ സഭാ പിതാവ് ഒരിജനാണ്. വി. ഗ്രന്ഥത്തിന്റെ കാനോനയെ സംബന്ധിച്ച് ഒരിജന്റെ നിലപാടുകൾ കാലാന്തരത്തിൽ സഭയിൽ സാർവ്വത്രിക അംഗീകാരം നേടി.

"ദൈവനഗരം" (City of God) എന്ന തന്റെ വിഖ്യാത ഗ്രന്ഥത്തിൽ വി. ഗ്രന്ഥപുസ്തകങ്ങളുടെ പട്ടിക നൽകുമ്പോൾ വി. അഗസ്തീനോസ് അലക്സാണ്ട്രിയൻ കാനനിലെ 46 പുസ്തകങ്ങളും ഉൾപ്പെടുത്തി. സപ്തതി ബൈബിളിന്റെ രചനയ്ക്കു പിന്നിലെ ദൈവിക പദ്ധതിയെക്കുറിച്ചും ആഗസ്തീനോസ് വിശദീകരിക്കുന്നു.

www.malankaralibrary.com



തോബിത്തിന്റെ പുസ്തകത്തെ ദൈവനിവേശിത ഗ്രന്ഥമെന്ന നിലയിൽ വി. സിപ്രിയാനും (Testmonies, 2,5) മക്കബായരുടെ പുസ്തകങ്ങളെ വി. ഹിപ്പോളിറ്റസും തങ്ങളുടെ രചനകളിൽ ഉദ്ധരിക്കുന്നുണ്ട്. A.D. 382 ലെ റോമൻ പ്രാദേശിക സൂനഹദോസും A.D. 393ലെ ഹിപ്പോ സൂനഹദോസും A.D. 397ലും 419ലും നടന്ന കാർത്തേജു സൂനഹദോസും പഴയനിയമത്തിലെ 46 പുസ്തകങ്ങളെയും കാനോനിക ഗ്രന്ഥങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. A.D. 797 ൽ നിഖ്യായിൽ രണ്ടാമതുചേർന്ന സാർവ്വത്രിക സൂനഹദോസും ഈ പുസ്തകങ്ങളെ കാനോനിക ഗ്രന്ഥങ്ങളായി പ്രഖ്യാപിച്ചിരുന്നു. പ്രൊട്ടസ്റ്റന്റു വിപ്ലവകാലത്ത് "ഉത്തര കാനോനിക ഗ്രന്ഥങ്ങൾ" എന്ന പേരു നൽകി ഏഴുപുസ്തകങ്ങളെ ബൈബിളിന്റെ ഭാഗമല്ലാതാക്കി മാർട്ടിൻ ലൂഥർ പ്രഖ്യാപനം നടത്തി. എന്നാൽ ലൂഥറുടെ പ്രഖ്യാപനത്തെ സഭയുടെ അതുവരെയുള്ള പാരമ്പര്യങ്ങളൊന്നും ന്യായീകരിക്കുന്നില്ല എന്ന് മുകളിൽ ചേർത്ത ചരിത്രവിവരണത്തിൽ നിന്നും വ്യക്തമാണല്ലോ. പാലസ്തീനായിലെ യഹൂദർ ഉപയോഗിച്ചിരുന്ന ഗ്രന്ഥങ്ങൾ മാത്രമേ വി. ഗ്രന്ഥമാവുകയുള്ളൂ എന്ന വാദം ചരിത്രത്തോടു നീതി പുലർത്തുന്നതല്ല.

"ഉത്തരകാനോനിക ഗ്രന്ഥങ്ങൾ" എന്ന പദപ്രയോഗം തന്നെ കത്തോലിക്കാ വിശ്വാസത്തിന് നിരക്കുന്നതല്ല. പലപ്പോഴും കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥങ്ങളിൽപോലും "ഉത്തരകാനോനിക ഗ്രന്ഥങ്ങൾ" ഏവ? എന്തുകൊണ്ട് അവയെ അപ്രകാരം വിളിക്കുന്നു? തുടങ്ങിയ ചോദ്യങ്ങളെക്കുറിച്ചുള്ള ചർച്ചകളും വിചിന്തനകളും കാണാം. "ഉത്തരകാനോനിക ഗ്രന്ഥങ്ങൾ" എന്ന പദത്തെ രണ്ടുതരത്തിൽ വിഗ്രഹിക്കാം.

1. കാനനുശേഷമുണ്ടായ ഗ്രന്ഥങ്ങൾ
2. രണ്ടാം (തരം) കാനോനിക ഗ്രന്ഥങ്ങൾ

ഈ രണ്ട് അർത്ഥങ്ങളും കത്തോലിക്കാ വിശ്വാസത്തിനു നിരക്കാത്തതാണ്. പഴയനിയമത്തിലെ 46 ഗ്രന്ഥങ്ങളും ഒരുപോലെ ദൈവനിവേശിതമാണെന്ന് കത്തോലിക്കാ സഭ വിശ്വസിക്കുന്നതിനാൽ ഉത്തരകാനോനിക ഗ്രന്ഥങ്ങൾ എന്ന പദപ്രയോഗം കത്തോലിക്കാ വിശ്വാസത്തിനു വിരുദ്ധവും ഒഴിവാക്കപ്പെടേണ്ടതുമാണ്.

അലക്സാണ്ട്രിയൻ കാനനിൽ അധികമായി ചേർത്തിരിക്കുന്ന 7 പുസ്തകങ്ങളെ പുതിയനിയമരചയിതാക്കൾ വി. ഗ്രന്ഥത്തിന്റെ ഭാഗമായാണ് കാണുന്നത്. പുതിയനിയമത്തിലുടനീളം ഈ ഗ്രന്ഥങ്ങളിൽനിന്നുള്ള ഉദ്ധരണികൾ കണ്ടെത്താനാവും.

www.malankaralibrary.com



മാർട്ടിൻലൂഥർ 7 പുസ്തകങ്ങളെ ഒഴിവാക്കിക്കൊണ്ട് തന്റെ ബൈബിൾ പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് ലത്തീൻഭാഷയിൽ സമ്പൂർണ്ണ ബൈബിളിന്റെ 104 പതിപ്പുകളുണ്ടായിരുന്നു. ഇറ്റാലിയൻ ഭാഷയിൽ 40 പതിപ്പുകളും ഫ്രഞ്ചുഭാഷയിൽ 18 പതിപ്പുകളുമുണ്ടായിരുന്നു. 1547-ൽ ലൂഥറിന്റെ ബൈബിൾ പുറത്തിറങ്ങുന്നതിനുമുമ്പ് വിവിധ ഭാഷകളിലായി ബൈബിളിന്റെ 626 പതിപ്പുകൾ പുറത്തിറങ്ങിയിരുന്നു. ഇവയിലെല്ലാം പഴയനിയമത്തിലെ 46 ഗ്രന്ഥങ്ങളും പുതിയ നിയമത്തിലെ 27 ഗ്രന്ഥങ്ങളും ഉണ്ടായിരുന്നു. കത്തോലിക്കാ സഭ ബൈബിളിൽ ഏഴു പുസ്തകങ്ങൾ കൂട്ടിച്ചേർത്തു എന്ന് പ്രൊട്ടസ്റ്റന്റു സഭകളുടെ വാദത്തിൽ കഴമ്പില്ല എന്നു കാണിക്കാനാണ് ഈ കണക്കുകൾ ഉദ്ധരിച്ചത് (cfr. Where We get the Bible, Tan Publishers, P. 161).

**"ഉത്തരകാനോനികം" എന്ന പേരിൽ അറിയപ്പെടുന്ന കാനോകിക ഗ്രന്ഥങ്ങൾ പുതിയനിയമത്തിൽ :**

| | |
|---|---|
| **വി. മത്തായി**<br>6:14 = പ്രഭാഷകൻ 28:2, 3 & 5<br>7:12 = തോബിത് 4:16<br>18:15 = പ്രഭാഷകൻ 19:13<br>25:36 = പ്രഭാഷകൻ 7:39<br>27:39-42 = ജ്ഞാനം 2:18 | **വി. ലൂക്കാ**<br>6:24 = പ്രഭാഷകൻ 31:8<br>12:16 = പ്രഭാഷകൻ 11:19<br>14:12 = തോബിത് 4:7<br>17:3 = പ്രഭാഷകൻ 19:13<br>18:1 = പ്രഭാഷകൻ 18:22 |
| **വി. യോഹന്നാൻ**<br>6:36 = പ്രഭാഷകൻ 24:29<br>10:22 = 1 മക്ക 4:56 & 59<br>**അപ്പസ്തോലൻമാരുടെ പ്രവർത്തനങ്ങൾ:**<br>10:34 = പ്രഭാഷകൻ 35:15 | **റോമാക്കാർക്കുള്ള ലേഖനം**<br>1:20-32 = ജ്ഞാനം 13 - 14<br>2:4 = ജ്ഞാനം 9:24<br>2:11 = ജ്ഞാനം 6:8; പ്രഭാഷകൻ 35:15<br>9:21 = ജ്ഞാനം 15:7<br>11:34 = ജ്ഞാനം 9:13<br>12:19 = പ്രഭാഷകൻ 28:1;2:3<br>13:1 = ജ്ഞാനം 6:4 |
| **1 കോറിന്തോസ്**<br>2:16 = ജ്ഞാനം 9:13 (& ഏശ 40:13)<br>10:26 = പ്രഭാഷകൻ 17:31 (& സങ്കീ 23)<br>15:32 = ജ്ഞാനം 2:6 (& ഏശ 22:13)<br>**എഫേസോസ്:**<br>6:13-17 = ജ്ഞാനം 5:8-20 | **ഹെബ്രായർ**<br>1:3 = ജ്ഞാനം 7:26<br>11:35 = 2 മക്ക 6:18, 7:42<br>**യാക്കോബ്:**<br>1:19 = പ്രഭാഷകൻ 5:13 |

www.malankaralibrary.com



## പുതിയനിയമ കാനൻ

യേശു എന്തെങ്കിലും എഴുതിസൂക്ഷിച്ചിരുന്നതായി ബൈബിളിലോ പാരമ്പര്യത്തിലോ പറയുന്നില്ല. യോഹ 8:1-11 ൽ അവിടുന്നു വിരൽകൊണ്ട് നിലത്തെഴുതിയിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിന്റെ ഉള്ളടക്കമെന്തെന്നുപോലും വ്യക്തമാക്കിയിട്ടില്ല. തന്റെ പഠനങ്ങളെ ശാശ്വതീകരിക്കാൻ ക്രിസ്തു അവയെ എഴുതി സൂക്ഷിച്ചില്ല. പകരം തന്റെ സുവിശേഷം ലോകത്തിന്റെ അതിരുകൾവരെയും അവസാനംവരെയും പ്രഘോഷിക്കാൻ അവിടുന്ന് 12 അപ്പസ്തോലന്മാരെ തിരഞ്ഞെടുത്തു (മത്താ10; മർക്കോ 3: 13-19; ലൂക്കാ 6:12-16). തന്റെ മരണശേഷം അവിടുന്ന് അപ്പസ്തോലന്മാർക്ക് സഹായകനായ പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്തു. ക്രിസ്തുവിന്റെ പഠനങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ടും അവയിലെ സത്യങ്ങളുടെ പൂർണ്ണത വെളിപ്പെടുത്തിക്കൊണ്ടും പരിശുദ്ധാത്മാവ് ശിഷ്യരെ നയിക്കും (യോഹ 14:26) എന്ന് യേശു വാഗ്ദാനം ചെയ്തു. യേശുവിന്റെ പഠനങ്ങളെ ഓർമ്മിക്കാനും അവയിലെ സത്യത്തിന്റെ പൂർണ്ണതയെ ലിഖിതരൂപത്തിലാക്കാനും അപ്പസ്തോലന്മാരെ പ്രബോധിപ്പിച്ചത് പരിശുദ്ധാത്മാവാണ്. തങ്ങൾ സംസാരിക്കുന്നത് പരിശുദ്ധാത്മാവിന്റെ ശക്തിയാലാണ് എന്ന് അപ്പസ്തോലന്മാർക്ക് ഉറപ്പുണ്ടായിരുന്നു. "നിങ്ങൾ ഞങ്ങളിൽ നിന്നു കേട്ട വചനങ്ങൾ മനുഷ്യവചനങ്ങളല്ല, ദൈവത്തിന്റെ സത്യവചനമാണ്" (1 തെസ്സ 2:13); "മാനുഷിക ജ്ഞാനത്താലല്ല പരിശുദ്ധാത്മാവിലാണ് ഞങ്ങൾ നിങ്ങളെ ഉദ്ബോധിപ്പിക്കുന്നത്" (1 കോറി 2:12-13) എന്നീ വചനങ്ങളിലൂടെ ഈ സത്യമാണ് പൗലോസ് അർത്ഥമാക്കുന്നത്. താൻ ലേഖനത്തിലെഴുതുന്നവയെ "കർത്താവിന്റെ കല്പനകളായാണ്"പൗലോസ് അവതരിപ്പിക്കുന്നത് (1 കോറി 14: 37). ലേഖനങ്ങളിലെ പ്രബോധനങ്ങൾ നിരസിക്കുന്നവൻ ക്രിസ്തുവിനെ നിരസിക്കുന്നതിനാൽ അവനെ കൂട്ടായ്മയിൽനിന്ന് ബഹിഷ്ക്കരിക്കണമെന്നും പൗലോസ് ആവശ്യപ്പെടുന്നുണ്ട് (2 തെസ്സ 3: 14). തങ്ങൾ പഠിപ്പിക്കുന്നവ ക്രിസ്തുവിന്റെ വാക്കുകൾ തന്നെയാണെന്ന് ഉറച്ചബോധ്യം അപ്പസ്തോലന്മാർക്കുണ്ടായിരുന്നു (ഹെബ്രാ 2: 3-4; നട 9:3-2; എഫേ 3:5; വെളി 1: 1-2; 2:1; 14:13; 19:9; 21:5).

അപ്പസ്തോലന്മാരുടെ പ്രബോധനങ്ങളിൽ പൗലോസിന്റേതൊഴികെയുള്ളവ പ്രധാനമായും വാമൊഴിയായാണ് ആദ്യകാലത്ത് പ്രചരിച്ചിരുന്നത്. ഇപ്രകാരം പ്രചരിച്ചിരുന്നവയെ സുവിശേഷകന്മാർ തങ്ങളുടെ രചനയ്ക്ക് അടിസ്ഥാനമാക്കി (ലൂക്കാ 1: 1-4). വാമൊഴി

www.malankaralibrary.com

**"ഉത്തരകാനോനികം എന്ന പേരിൽ അറിയപ്പെടുന്ന കാനോനിക ഗ്രന്ഥങ്ങൾ സഭാപിതാക്കന്മാരുടെ രചനകളിൽ**

| | തോബിത് | യൂദിത് | ബാറൂക്ക് | ജ്ഞാനം | പ്രഭാഷകൻ | 1 മക്കബായർ | 2 മക്കബായർ | എസ്തേർ | ദാനിയേൽ |
|---|---|---|---|---|---|---|---|---|---|
| ഡിഡാക്കേ | | | | ✶ | | | | | |
| റോമിലെ വി. ക്ലെമെന്റ് | | ✶ | | ✶ | | | | ✶ | |
| വി. പോളികാർപ്പ് | ✶ | | | | | | | | |
| വി. ഇറനേവൂസ് | | | ✶ | ✶ | | | | | |
| അലക്സാണ്ട്രിയായിലെ വി. ക്ലമെന്റ് | ✶ | ✶ | ✶ | ✶ | ✶ | ✶ | ✶ | | ✶ |
| വി. ഹിപ്പോളിറ്റസ് | ✶ | | ✶ | ✶ | ✶ | ✶ | ✶ | | ✶ |
| തെർത്തുല്യൻ | | ✶ | ✶ | ✶ | ✶ | ✶ | ✶ | | ✶ |
| ഒരിജൻ | ✶ | ✶ | ✶ | ✶ | ✶ | ✶ | ✶ | ✶ | ✶ |
| വി. സിപ്രിയാൻ | ✶ | | ✶ | ✶ | ✶ | ✶ | ✶ | | ✶ |

www.malankaralibrary.com



യായും ലിഖിതരൂപത്തിലും ലഭിക്കുന്ന പാരമ്പര്യങ്ങളെ മുറുകെപ്പിടിച്ചുമുന്നേറാൻ വി. പൗലോസ് ഉപദേശിക്കുന്നുണ്ട് (2 തെസ 2:15). വാമൊഴിയായി പ്രചരിച്ചിരുന്ന പാരമ്പര്യങ്ങൾ ലിഖിതരൂപത്തിലായതിനുപിന്നിൽ നാലു കാരണങ്ങളുണ്ട്. ഒന്നാമതായി, അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ വിദൂരങ്ങളിലേക്ക് വ്യാപിച്ചതിനാൽ തങ്ങൾ സ്ഥാപിച്ച സഭാസമൂഹങ്ങളുമായി ബന്ധം പുലർത്താൻ ലിഖിതരൂപം ആവശ്യമായിരുന്നു. വി. പൗലോസിന്റെ ലേഖനങ്ങൾ ഇതിനുദാഹരണങ്ങളാണ്. രണ്ടാമതായി, അപ്പസ്തോലന്മാർ ഒന്നൊന്നായി വധിക്കപ്പെട്ടുതുടങ്ങിയപ്പോൾ അവരുടെ പ്രബോധനങ്ങൾ എഴുതി സൂക്ഷിക്കേണ്ടത് ആവശ്യമായി വന്നു. കാതോലിക ലേഖനങ്ങളിൽ പലതിന്റെയും ഉത്ഭവത്തിനുകാരണമിതാണ്. മൂന്നാമതായി, വാമൊഴിയേക്കാളും ആധികാരികമായവ വരമൊഴിയാണെന്ന് സാർവ്വത്രികമായി അംഗീകരിക്കപ്പെട്ടിരുന്നു. പുതിയനിയമത്തിലെ ആദ്യലിഖിതഗ്രന്ഥങ്ങളായ പൗലോസിന്റെ ലേഖനങ്ങളെ "തിരുലിഖിതമായി" വി. പത്രോസ് ചൂണ്ടിക്കാണിക്കുന്നത് ശ്രദ്ധേയമാണ് (2 പത്രോ 3: 15). വെളിപാടുഗ്രന്ഥത്തിന്റെ ലിഖിതരൂപത്തെ വി. ഗ്രന്ഥമായി കരുതി വായിക്കാൻ ഗ്രന്ഥകാരൻ ആവശ്യപ്പെടുന്നുണ്ട് (വെളി 1:3).

നാലാമതായി, വാമൊഴി വരമൊഴിയായി രൂപാന്തരം പ്രാപിക്കാനുള്ള ഏറ്റവും പ്രധാനകാരണം യഹൂദരും ക്രൈസ്തവരും തമ്മിൽ ആദിമസഭയിൽ ഉണ്ടായ ഭിന്നതയാണ്. A.D90-നോടടുത്ത് ക്രൈസ്തവരെ സിനഗോഗുകളിൽനിന്നു ബഹിഷ്കരിച്ചുകൊണ്ട് യഹൂദർ കല്പന പുറപ്പെടുവിച്ചു. ബിർകാത് ഹമാനിം (Birrkat Hamanim) എന്ന പേരിൽ അറിയപ്പെടുന്ന ഈ കൽപ്പനയിലൂടെ സിനഗോഗുകളിലെ വചനശുശ്രൂഷകളിൽ പങ്കെടുക്കാനുള്ള അവസരം ക്രൈസ്തവർക്ക് നിഷേധിക്കപ്പെട്ടു. സിനഗോഗിലെ വചനശുശ്രൂഷയ്ക്കു പകരമായി വായിക്കാൻ ക്രിസ്തുവിന്റെ ജീവിതത്തെ ആധാരമാക്കിയുള്ള രചനകൾ ക്രൈസ്തവർക്ക് ആവശ്യമായിവന്നു. ആരാധനാവശ്യങ്ങൾക്കായി, വിശേഷിച്ചും അപ്പം മുറിക്കൽ ശുശ്രൂഷയോടനുബന്ധിച്ച് വായിക്കുന്നതിനുവേണ്ടിയാണ് പുതിയ ഗ്രന്ഥങ്ങളിൽ പലതും രചിക്കപ്പെട്ടത്. പുതിയ നിയമഗ്രന്ഥങ്ങളുടെ രൂപീകരണത്തിനു പ്രേരകമായി വർത്തിച്ച ഏറ്റവും ശക്തമായ പശ്ചാത്തലം ആരാധനാക്രമമാണ്.

അപ്പസ്തോലന്മാർ രചിച്ചവയെല്ലാം ആധികാരിക - കാനോനിക- ഗ്രന്ഥങ്ങളായി അംഗീകരിക്കപ്പെട്ടിരുന്നു. പ്രസ്തുത ഗ്രന്ഥങ്ങളുടെ അപ്പസ്തോലിക കർതൃത്വം തന്നെയായിരുന്നു അവയുടെ

www.malankaralibrary.com



ആധികാരികതയുടെ അടിസ്ഥാനം. എന്നാൽ, കാലാന്തരത്തിൽ അപ്പസ്തോലന്മാർ രചിച്ചവയെന്ന വ്യാജേന അവരുടെ സന്ദേശങ്ങൾക്കു വിരുദ്ധമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന അനേകം രചനകൾ സഭയിൽ പ്രചരിച്ചുതുടങ്ങി. ഇത്തരം ഗ്രന്ഥങ്ങളിൽനിന്ന് ദൈവനിവേശിതമായ കാനോനിക ഗ്രന്ഥങ്ങളെ വേർതിരിക്കേണ്ടത് ആവശ്യകമായിവന്നു.

## ഒരിജനും യൗസേബിയൂസും

പുതിയ നിയമകാനനെക്കുറിച്ചുള്ള വിചിന്തനങ്ങളിൽ ശ്രദ്ധാർഹമായ സംഭാവനകൾ നൽകിയിട്ടുള്ള രണ്ടുസഭാപിതാക്കന്മാരാണ് ആഫ്രിക്കയിലെ കാർത്തേജിൽനിന്നുള്ള ഒരിജനും സഭാചരിത്രത്തിന്റെ പിതാവായ യൗസേബിയൂസും. ഒരിജൻ തിരുലിഖിതങ്ങളെ മൂന്നായി തരം തിരിച്ചു.

(1) സാർവ്വത്രിക അംഗീകാരമുള്ള ഗ്രന്ഥങ്ങൾ (Homolegumena): 4 സുവിശേഷങ്ങൾ പൗലോസിന്റെ 13 ലേഖനങ്ങൾ, വെളിപാടുഗ്രന്ഥം, 1 യോഹന്നാൻ, 1 പത്രോസ് എന്നീ ഗ്രന്ഥങ്ങളെ ഒരിജൻ ഈ വിഭാഗത്തിൽപ്പെടുത്തി.

(2) അപ്പസ്തോലിക ഗ്രന്ഥകർതൃത്വം ചോദ്യം ചെയ്യപ്പെടുന്നവ (Anti legumena): ഹെബ്രായർ, II പത്രോസ്, II, III യോഹന്നാൻ, യാക്കോബ്, യൂദാ, എന്നീ ലേഖനങ്ങളെ ഒരിജൻ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തി. ഇതോടൊപ്പം, സഭാപിതാവായ ഷെപ്പേർഡ് ഓഫ് ഹെർമസ്, ബാർണബാസ് എന്നിവരുടെ ലേഖനങ്ങളെയും ഡിഡാക്കെ എന്ന പ്രബോധനഗ്രന്ഥത്തെയും ഒരിജൻ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരുന്നതായി കരുതപ്പെടുന്നു. ഇവയെ ഈ വിഭാഗത്തിലെ (Antileuomena) രണ്ടാംതരം പുസ്തകങ്ങളായാണ് ഒരിജൻ പരിഗണിച്ചത്.

(3) അപ്രമാണിക ഗ്രന്ഥങ്ങൾ: മുകളിൽ പേര് പരാമർശിക്കപ്പെടാത്ത വിശുദ്ധഗ്രന്ഥങ്ങളെയെല്ലാം അപ്രമാണികഗ്രന്ഥങ്ങളായാണ് ഒരിജൻ മനസ്സിലാക്കിയിരുന്നത്.

ഒരിജന്റെ ഈ വിഭജനംതന്നെയാണ് അദ്ദേഹത്തിന്റെ ശിഷ്യനായ യൗസേബിയൂസ്സും അടിസ്ഥാനപരമായി സ്വീകരിച്ചത്. എന്നാൽ വെളിപാടുഗ്രന്ഥത്തെ യൗസേബിയൂസ് പുതിയനിയമകാനനിൽ ഉൾപ്പെടുത്തിയിരുന്നില്ല. അന്ത്യോക്യൻ സ്കൂളിന്റെ സ്ഥാപക പിതാക്കളിലൊരാളായ സമസോത്തായിലെ ലൂസിയാന്റെ സ്വാധീനം മൂലമാണ് വെളിപാടുഗ്രന്ഥത്തെ യൗസേബിയൂസ് തള്ളി

www.malankaralibrary.com



ക്കളഞ്ഞത് എന്നു കരുതപ്പെടുന്നു. എദേസ്സായിലെ ദൈവശാസ്ത്ര ശാലയിൽ വി. ഗ്രന്ഥം പഠിപ്പിച്ച ലൂസിയാൻ, 22 പുസ്തകങ്ങൾ മാത്രമടങ്ങിയ പുതിയനിയമത്തിന്റെ ഹ്രസ്വരൂപം പ്രസിദ്ധീകരിച്ചിരുന്നു. വിശുദ്ധജോൺ ക്രിസോസ്തോം ഹ്രസ്വരൂപത്തിലുള്ള പുതിയ നിയമത്തിന്റെ പ്രചാരകനായിരുന്നു. വെളിപാടുഗ്രന്ഥവും, II, III യോഹന്നാൻ, II പത്രോസ്, യൂദാ എന്നീ കാതോലിക ലേഖനങ്ങളുമാണ് ഹ്രസ്വരൂപത്തിലുള്ള പുതിയനിയമത്തിൽനിന്നും ഒഴിവാക്കപ്പെട്ടത്. പൗരസ്ത്യ സിറിയൻ സഭകൾ ദീർഘകാലം 22 പുസ്തകങ്ങൾ അടങ്ങിയ പുതിയനിയമമാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ അഞ്ചു പുസ്തകങ്ങൾ ഒഴിവാക്കപ്പെടാനുള്ള കാരണം അവയുടെ കാനോനികതയിലുള്ള സംശയമായിരുന്നില്ല, മറിച്ച് മൊണ്ടാനിസം, ചെറിന്തൂസ്, തുടങ്ങിയ പാഷണ്ഡ വിഭാഗങ്ങൾ ഈ പുസ്തകങ്ങളെ ദുർവ്യാഖ്യാനം ചെയ്തിരുന്നതിനാൽ അവയെ ആരാധനാക്രമത്തിലെ ഉപയോഗത്തിൽനിന്ന് ഒഴിവാക്കുകയായിരുന്നു എന്ന് അഭിപ്രായപ്പെടുന്ന പണ്ഡിതന്മാരുണ്ട്.

## കാനൻ നിയതരൂപം പ്രാപിക്കുന്നു

പുതിയനിയമകാനൻ നിയതരൂപത്തിൽ പ്രത്യക്ഷമാകുന്ന ആദ്യ പട്ടിക പ്രസിദ്ധീകരിച്ചത് അലക്സാണ്ട്രിയായിലെ മെത്രാനായിരുന്ന അത്തനാസിയൂസ് ആണ്. A.D. 367-ൽ അദ്ദേഹം രചിച്ച Epistola Festalis എന്ന ഗ്രന്ഥത്തിൽ ഒരിജന്റെ കാനൻ പട്ടികയിൽ സംശയാസ്പദഗ്രന്ഥങ്ങളായിപ്പെടുത്തിയിരുന്ന ഗ്രന്ഥങ്ങളെ (II പത്രോസ്, II, III യോഹന്നാൻ. യൂദാ, വെളിപാട്) ഔദ്യോഗിക കാനന്റെ ഭാഗമായി അസന്ദിഗ്ധമായി പ്രഖ്യാപിച്ചു. എന്നാൽ സംശയാസ്പദഗ്രന്ഥങ്ങളുടെ പട്ടികയിൽ ഒരിജനും യൗസേബിയൂസും ഉൾപ്പെടുത്തിയിരുന്ന ഗ്രന്ഥങ്ങളെ അത്തനാസിയൂസ് തള്ളിക്കളഞ്ഞു.

A.D. 382 ൽ ഡമാസൂസ് പാപ്പ റോമിൽ വിളിച്ചുചേർത്ത സിനഡിൽ ബൈബിളിലെ കാനോനിക ഗ്രന്ഥങ്ങളുടെ പൂർണ്ണ പട്ടിക പ്രസിദ്ധീകരിച്ചു (Deretum Gleasi de recipiendus et non recipiends Libris).

ആഫ്രിക്കൻ സഭയിൽ, വി. ആഗസ്തീനോസ് ഹെബ്രായർക്കുള്ള ലേഖനത്തിന്റെ ആധികാരികതയെ തള്ളിപ്പറഞ്ഞിരുന്നു. എന്നാൽ AD. 393-ൽ Hippoയിൽ ചേർന്ന സിനഡ് ഡമാസൂസ് പാപ്പായുടെ കാനൻ അംഗീകരിച്ചു. അഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ 27 പുസ്തകങ്ങളടങ്ങിയ പുതിയനിയമ കാനന് സാർവ്വത്രിക അംഗീ

www.malankaralibrary.com



കാരം ലഭിച്ചു. പ്രൊട്ടസ്റ്റന്റു വിപ്ലവകാലംവരെ ഈ കാനൻ അനിഷേധ്യമായി നിലകൊണ്ടു. മാർട്ടിൻ ലൂഥർ 4 പുതിയനിയമ ഗ്രന്ഥങ്ങളും (ഹെബ്രായർ, യാക്കോബ്, യൂദാ, വെളിപാട്) ഏഴു പഴയനിയമഗ്രന്ഥങ്ങളും (ഉത്തരകാനോനിക ഗ്രന്ഥങ്ങൾ) അകാനോനികമായി പ്രഖ്യാപിച്ചു. ഫലത്തിൽ ലൂഥർ 62 പുസ്തകങ്ങളെ മാത്രമേ കാനോനിക ഗ്രന്ഥങ്ങളായി കരുതിയിട്ടുള്ളൂ. എരാസ്മൂസ്, കജെത്താൻ, തുടങ്ങിയ കത്തോലിക്കാ ബൈബിൾ പണ്ഡിതരും ലൂഥറിന്റ നയത്തെ ഭാഗികമായി അംഗീകരിച്ചിരുന്നു. കൂടാതെ, മർക്കോ 16: 9–20; യോഹ 8:1–12 എന്നീ ഭാഗങ്ങളും കാനോനികമല്ലെന്ന് ഇവർ വാദിച്ചു. ഈ പശ്ചാത്തലത്തിലാണ് 1546–ൽ ത്രെന്തോസ് സൂനഹദോസ് ചേരുന്നത്. ബൈബിളിൽ ഇന്നു നാം കാണുന്ന എല്ലാ ഗ്രന്ഥങ്ങളുടെയും ആധികാരികതയെ സൂനഹദോസ് അസന്ദിഗ്ധമായി പ്രഖ്യാപിക്കുകയും അവയുടെ ആധികാരികതയെ നിഷേധിക്കുന്നത് മഹറോൻ ശിക്ഷയ്ക്കു കീഴിൽ വിലക്കുകയും ചെയ്തു. 1546–ഏപ്രിൽ 8 ന് പുറത്തിറക്കിയ (സാക്രാ കാനോനിസിസ്) Sacra Canonicis എന്ന തിരുവെഴുത്തിലൂടെയാണ് ത്രെന്തോസ് സൂനഹദോസ് കാനൻ ഗ്രന്ഥങ്ങളെക്കുറിച്ചു നടത്തിയ പഠനം വെളിച്ചം കണ്ടത്.

**ഡോ. ജോസഫ് പാംപ്ലാനി**

www.malankaralibrary.com

# 03

## ബൈബിൾ: ദൈവനിവേശിത ഗ്രന്ഥം

വി. ഗ്രന്ഥത്തിന്റെ ദൈവനിവേശിത സ്വഭാവത്തെക്കുറിച്ചാണ് ഈ അധ്യായത്തിൽ നാം ചർച്ച ചെയ്യുന്നത്. ഗ്രീക്കുഭാഷയിൽ എപ്പിപ്നോയിയ (epipnoia) എന്നും ലത്തീൻ ഭാഷയിൽ ഇൻസ്പിരാസിയോ (inspiratio) എന്നും (Eng-Inspiration) വിശേഷിപ്പിക്കുന്ന പദമാണ് "ദൈവനിവേശനം" എന്ന് മലയാളത്തിൽ അറിയപ്പെടുന്നത്. മൂലഭാഷാപദവുമായി താരതമ്യം ചെയ്യുമ്പോൾ "ദൈവനിശ്വസനം" എന്ന പദവും ഈ ആശയത്തെ സൂചിപ്പിക്കാൻ മലയാളത്തിൽ ഉപയോഗിക്കാറുണ്ട്. പരമ്പരാഗതമായി ഉപയോഗിച്ചുപോരുന്ന പദമെന്ന നിലയിൽ "ദൈവനിവേശനം" എന്ന പദംതന്നെയാണ് ഈ പുസ്തകത്തിൽ ഉപയോഗിക്കുന്നത്. "ദൈവനിശ്വസനം" എന്ന പദം ഗ്രീക്കുഭാഷയിലെ എൻഫുസാവോ (enphusao) എന്ന ക്രിയയുടെ നാമരൂപമാണ്. ആദിമനുഷ്യനായ ആദത്തിനു ജീവൻ നൽകാനായി ദൈവം അവന്റെ നാസാരന്ധ്രങ്ങളിൽ ഊതുന്നതിനെ വിശേഷിപ്പിക്കാനാണ്

www.malankaralibrary.com



ഈ ക്രിയാരൂപം പഴയനിയമത്തിൽ ഉപയോഗിക്കുന്നത് (ഉൽപ 2:7). പുതിയനിയമത്തിൽ പൗരോഹിത്യ സ്ഥാപനത്തെ സൂചിപ്പിക്കുന്ന യോഹ 20:22 ലും ഇതേ ക്രിയ തന്നെ ഉപയോഗിക്കുന്നുണ്ട്. ദൈവ നിശ്വസനം എന്ന പദം മനുഷ്യസൃഷ്ടിയും പൗരോഹിത്യവുമായി ബന്ധപ്പെട്ടതാകയാലും വിശുദ്ധഗ്രന്ഥത്തിന്റെ ദൈവനിവേശിത സ്വഭാവം ഇവയിൽനിന്ന് ആശയപരമായി വ്യത്യസ്തമാകയാലും ദൈവനിവേശനം എന്ന പദംതന്നെ ഈ പുസ്തകത്തിൽ നില നിർത്തുന്നു.

യഹൂദചരിത്രകാരനായ ഫ്ളാവിയൂസ് ജോസേഫൂസിന്റെ (AD 3795) രചനയിലാണ് ദൈവനിവേശനം എന്നർത്ഥമുള്ള എപിപ്നോ യിയ (epipnoia) എന്ന പദം ആദ്യമായി നാം കാണുന്നത് (Contra Apion, I.8). യഹൂദ ബൈബിളിലെ 22 പുസ്തകങ്ങൾ രചിക്കപ്പെട്ട രീതിയെ വിശദീകരിക്കുമ്പോഴാണ് ജോസേഫൂസ് ഈ പദം ഉപ യോഗിക്കുന്നത്. വി. ഗ്രന്ഥമെല്ലാം ദൈവനിവേശിതമാണ് (theopneustos) എന്ന യഹൂദവിശ്വാസം (2 തിമോ 2:16) പുതിയ നിയമവും അനുസ്മരിക്കുന്നു (പത്രോ 1:20, 21).

വി. ഗ്രന്ഥമെല്ലാം ദൈവനിവേശിതമാണ് എന്നത് സഭയുടെ വിശ്വാസസത്യമാണ് (Denzinger, Enchiridion, n.1787, 1809).

വി. ഗ്രന്ഥരചയിതാക്കളെ തങ്ങളുടെ രചനയിൽ ദൈവം സഹാ യിച്ച രീതിയെയാണ് ദൈവനിവേശനം (Divine Inspiration) എന്നു വിളിക്കുന്നത്. കത്തോലിക്കാ കാഴ്ചപ്പാടിൽ ദൈവനിവേ ശനം എന്ന ആശയത്തിൽ നാലു വസ്തുതകൾ അടങ്ങിയിരി ക്കുന്നു.

i. വി. ഗ്രന്ഥപുസ്തകങ്ങളുടെ രചനയിൽ പരിശുദ്ധാത്മാവിന്റെ വ്യക്തമായ പ്രചോദനം രചയിതാക്കൾക്ക് ലഭിച്ചിട്ടുണ്ട്.

ii ദൈവാത്മാവിന്റെ പ്രചോദനത്താൽ എഴുതപ്പെട്ടതിനാൽ ദൈവം ആഗ്രഹിച്ചവ മാത്രമേ വി. ഗ്രന്ഥത്തിലുള്ളൂ.

iii. ദൈവികമായ വിഷയങ്ങളിലെ പ്രബോധനങ്ങളിൽ വി. ഗ്രന്ഥ ത്തിനു തെറ്റുപറ്റുകയില്ല.

iv. വി. ഗ്രന്ഥരചയിതാക്കളുടെ തനതു ഭാഷാശൈലിയും ദൈവ ശാസ്ത്രവിചിന്തനങ്ങളും അവരുടെ രചനകളിൽ പ്രതിഫ ലിച്ചിട്ടുണ്ട്.

മേൽ പ്രസ്താവിച്ച വസ്തുതകളുടെ വെളിച്ചത്തിൽ, മാനുഷിക മായ രീതിയിലും വാക്കുകളിലും, ദൈവാത്മാവിന്റെ പ്രചോദന

www.malankaralibrary.com



ത്താൽ എഴുതപ്പെടുകയും അപ്രകാരം എഴുതപ്പെട്ട തിരുലിഖിതങ്ങളെ ദൈവികവെളിപാടുകളുടെയെല്ലാം മാനദണ്ഡമാക്കി മാറ്റുകയും ചെയ്ത ദൈവിക പ്രവൃത്തിയാണ് ദൈവനിവേശനം. ഗ്രന്ഥകാരൻ എഴുതിയ മൂലകൃതിക്കാണ് ദൈവനിവേശനസ്വഭാവമുള്ളത്. പകർത്തിയെഴുതിയവയോ വിവർത്തനം ചെയ്യപ്പെട്ടവയോ ദൈവനിവേശിതമല്ല. അവയുടെ ആധികാരികതയ്ക്കുള്ള ഏക മാനദണ്ഡം മൂലകൃതിയോടുള്ള വിശ്വസ്തതയാണ്. മൂലകൃതിയോടു വിശ്വസ്തത പാലിച്ചിട്ടുള്ളതിനാൽ ഒരു വിവർത്തനം ആധികാരികമാണ് എന്ന സഭയുടെ അംഗീകാരം (Imprimatur) ലഭിച്ചിട്ടുള്ള വിവർത്തനങ്ങൾ മാത്രമേ ഔദ്യോഗിക വിവർത്തനങ്ങളായി പരിഗണിക്കാവൂ. തന്മൂലമാണ് സഭ അംഗീകരിച്ച വിവർത്തനങ്ങൾ മാത്രമേ വിശ്വാസികൾ ഉപയോഗിക്കാൻ പാടുള്ളൂ എന്നു പറയുന്നത്.

തിരുലിഖിതങ്ങളുടെ ദൈവനിവേശനം എന്ന കാഴ്ചപ്പാടിനു പിന്നിലെ യുക്തിയെ ഇപ്രകാരം വിശദീകരിക്കാം. ദൈവം സത്യവാനാണ് (ജറെ 10:10; യോഹ 1:14; 14:6; 17:3). അതിനാൽ അവിടുന്ന് സത്യമേ പറയൂ, വ്യാജം പറയില്ല (സംഖ്യ 23:19; 1 സാമു 15:29; തീത്തോ 1:2; റോമ 3:3-4). അതിനാൽ ദൈവനിവേശിതമായ വചനങ്ങളെല്ലാം സത്യമാണ് (യോഹ 17:14, 17; സങ്കീ 119:142, 151, 160; വെളി 21:5; 22:6).

## ദൈവനിവേശനത്തെക്കുറിച്ച് ബൈബിൾ

2 പത്രോ 1:21 ൽ ഇപ്രകാരം വായിക്കുന്നു: "പ്രവചനങ്ങൾ ഒരിക്കലും മാനുഷികചോദനയിൽ രൂപം കൊണ്ടതല്ല; പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി ദൈവത്തിന്റെ മനുഷ്യർ സംസാരിച്ചവയാണ്." "പ്രചോദിതരായി" എന്ന അർത്ഥത്തിൽ പി.ഒ.സി. ബൈബിൾ വിവർത്തനം ചെയ്തിരിക്കുന്നത് ഫറോ (Phero) എന്ന ക്രിയയാണ്. ഇതേ ക്രിയ അപ്പ 27:15-17 ൽ ഉപയോഗിച്ചിട്ടുണ്ട്. കൊടുങ്കാറ്റിൽ പെട്ടുപോയ തങ്ങളുടെ കപ്പലിന്റെ യാത്രയെക്കുറിച്ച് പൗലോസ് പറയുന്നു: "കാറ്റിനെ എതിർക്കാൻ ഞങ്ങൾക്കു കഴിഞ്ഞില്ല; ഞങ്ങൾ കാറ്റിനു വഴങ്ങി; അതിന്റെ ഗതിക്കു തന്നെ പോയി." കാറ്റിന്റെ ശക്തിക്കു കീഴ്വഴങ്ങി കാറ്റിന്റെ ഗതിയേ പോകുന്ന പ്രക്രിയ തന്നെയാണ് ദൈവനിവേശനത്തിലും സംഭവിക്കുന്നത്. കപ്പലിന്റെ അമരത്തിരിക്കുന്നത് നാവികരാണെങ്കിലും കപ്പലിന്റെ യഥാർത്ഥ നിയന്ത്രണം നിർവ്വഹിച്ചത് കൊടുങ്കാറ്റായിരുന്നതുപോലെ മാനുഷികമായ എഴുത്തുകാരെ ദൈവം പ്രചോദിപ്പിച്ച് തന്റെ ഹിതാനുസൃതം എഴുതിക്കുന്നു എന്നാണ് ലേഖനകർത്താവ് വിവക്ഷിക്കുന്നത്.

www.malankaralibrary.com



ദൈവനിവേശന സ്വഭാവത്തെക്കുറിച്ച്, പഴയനിയമത്തിൽ നിന്നുള്ള ഏതാനും സൂചനകൾ ചുവടെ ചേർക്കുന്നു:

തന്നിലൂടെ സംസാരിച്ചത് പരിശുദ്ധാത്മാവാണ് എന്ന് സങ്കീർത്ത കനായ ദാവീദ് ഏറ്റുപറയുന്നുണ്ട് (2 സാമു 23:2-3). പഴയനിയമവ ചനങ്ങളെ പരിശുദ്ധാത്മാവിന്റെ വചനങ്ങളായി പുതിയനിയമം പല വുരു അവതരിപ്പിക്കുന്നുണ്ട്:

* സങ്കീർത്തകൻ പറഞ്ഞ വചനത്തെ (95:7) പരിശുദ്ധാത്മാവു പറഞ്ഞ വചനമായി ഹെബ്രായലേഖനകർത്താവ് ചൂണ്ടിക്കാട്ടുന്നു (ഹെബ്രാ 3:7).
* സങ്കീ 45:6 നെ ഹെബ്രാ 1:8 ലും സങ്കീ 102:25, 27 നെ ഹെബ്രാ 1:10-12 ലും പരിശുദ്ധാത്മാവിന്റെ വചനമായി അവതരിപ്പിക്കുന്നുണ്ട്.
* ഏശയ്യായുടെ പ്രവചനത്തെ (7:14) പ്രവാചകനിലൂടെയുള്ള ദൈവത്തിന്റെ അരുളപ്പാടായാണ് വി. മത്തായി അവതരിപ്പിക്കുന്നത് (മത്താ 1:22-23). ഹോസി 11:1 നെ തന്റെ സുവിശേഷത്തിൽ കർത്താവിന്റെ വചനമായാണ് സുവിശേഷകൻ അവതരിപ്പിക്കുന്നത് (മത്താ 2:1).
* ജോബ് 5:13 ലെ എലിഫാസിന്റെ വചനത്തെയും ദൈവവചനമായിട്ടാണ് പൗലോസ് അവതരിപ്പിക്കുന്നത് (1 കോറി 3:19).
* യേശുവിനെ ഒറ്റിക്കൊടുത്ത യൂദാസിനെക്കുറിച്ചുള്ള പഴയനിയമ സൂചന (സങ്കീ 41:9) പരിശുദ്ധാത്മാവിന്റെ പ്രചോദനത്താലുള്ള പ്രവചനമായിട്ടാണ് പുതിയനിയമം വ്യാഖ്യാനിക്കുന്നത് (അപ്പ 1:16).

തിമോത്തി 3:16: ദൈവനിവേശനത്തെക്കുറിച്ചുള്ള ഏറ്റവും ആധികാരികപരാമർശമായി പരിഗണിക്കപ്പെടുന്ന വചനമാണിത്.

“വിശുദ്ധലിഖിതമെല്ലാം ദൈവനിവേശിതമാണ്. അവ പ്രബോധനത്തിനും ശാസനത്തിനും തെറ്റുതിരുത്തലിനും നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു” (3:16). വിശുദ്ധ ഗ്രന്ഥമെല്ലാം എന്നതിലൂടെ പഴയനിയമഗ്രന്ഥങ്ങളെ മാത്രമാണ് വി.പൗലോസ് ദൈവനിവേശിത ഗ്രന്ഥങ്ങളായി കരുതുന്നത് എന്നു വാദിക്കുന്നവരുണ്ട്. എന്നാൽ പുതിയനിയമഗ്രന്ഥങ്ങളെയും പൗലോസ് ഇവിടെ വിവക്ഷിക്കുന്നുണ്ടെന്നതിന് രണ്ടു തെളിവുകളെങ്കിലും നമുക്കു ചൂണ്ടിക്കാണിക്കാനാവും - ഒന്നാമതായി, വി. ലൂക്കായുടെ സുവിശേഷത്തിന്റെ പിന്നിലുള്ള ഒരു വാക്യം ഉദ്ധരിക്കുമ്പോൾ (ലൂക്കാ

www.malankaralibrary.com



10:7) അതിനെ വി. ലിഖിതമായാണ് പൗലോസ് വ്യാഖ്യാനിക്കുന്നത് (2 തിമോ 5:18). രണ്ടാമതായി, 2 പത്രോ 3:16 ൽ പൗലോസിന്റെ ലേഖനങ്ങളെ വി. ലിഖിതങ്ങളായി വ്യാഖ്യാനിക്കുന്നുണ്ട്. തന്മൂലം വി. ലിഖിതങ്ങൾ എന്ന് വി. പൗലോസ് പറയുമ്പോൾ പഴയനിയമഗ്രന്ഥങ്ങളോടൊപ്പം അതുവരെ എഴുതപ്പെട്ടിട്ടുള്ള പുതിയനിയമഗ്രന്ഥങ്ങളും ഉൾക്കൊള്ളുന്നതായി അനുമാനിക്കാം. പുതിയനിയമഗ്രന്ഥങ്ങൾ എഴുതപ്പെട്ട് ഏറെകഴിയും മുമ്പേ അവ തിരുലിഖിതങ്ങളായി വ്യാഖ്യാനിക്കപ്പെട്ടു എന്നു വ്യക്തം.

തന്റെ പ്രബോധനങ്ങൾ ദൈവാത്മാവിനാൽ പ്രചോദിതമായി നൽകപ്പെടുന്നതാണെന്ന് വി. പൗലോസ് ആവർത്തിച്ച് പ്രസ്താവിക്കുന്നുണ്ട്.

1 കോറി 2:13 – മാനുഷികജ്ഞാനത്താലല്ല പരിശുദ്ധാത്മാവിന്റെ പ്രബോധനത്താൽ....

1 കോറി 14:37 – പ്രവാചകനാണെന്ന് ആരെങ്കിലും കരുതുന്നെങ്കിൽ അവൻ കർത്താവിന്റെ കൽപന അനുസരിച്ച് പ്രബോധിപ്പിക്കട്ടെ.

1 തെസ്സ 2:13 – ഞങ്ങൾ പറഞ്ഞ വചനങ്ങളെ ദൈവത്തിന്റെ സത്യവചനമായാണ് നിങ്ങൾ സ്വീകരിച്ചത്.

ഗലാ 1:8, 9 – ഞാൻ പറഞ്ഞതിനു വിരുദ്ധമായ സുവിശേഷം പറയുന്നവൻ ശപിക്കപ്പെട്ടവനാണ്.

2 കോറി 13:3 – ഞാനല്ല ക്രിസ്തുവാണ് സംസാരിക്കുന്നത്.

ഗലാ 1:12 – മനുഷ്യരിൽ നിന്നല്ല; ദൈവിക വെളിപാടിനാലാണ് ഞാൻ വചനം സ്വീകരിച്ചത്.

വി. ഗ്രന്ഥകാരന്മാർക്ക് തങ്ങൾ പറയുന്നവയും എഴുതുന്നവയും ദൈവത്തിന്റെ വചനമായിരുന്നു എന്ന ബോധ്യമുണ്ടായിരുന്നു എന്നു വ്യക്തമാക്കാനാണ് മേൽസൂചിപ്പിച്ച വചനങ്ങൾ ഉദാഹരിച്ചത്.

## ദൈവനിവേശനത്തെ സംബന്ധിച്ച വ്യത്യസ്ത വീക്ഷണങ്ങൾ

സഭയുടെ ഇതപര്യന്തമുള്ള ചരിത്രത്തിൽ ദൈവനിവേശനത്തെ മനസ്സിലാക്കാൻ വ്യത്യസ്ത സിദ്ധാന്തങ്ങൾ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. പ്രസക്തമായ ഏതാനും സിദ്ധാന്തങ്ങൾ മാത്രം ചുവടെ ചേർക്കുന്നു:

www.malankaralibrary.com



**1. ദൈവാവേശന സിദ്ധാന്തം (Possession Theory)**

അലക്സാണ്ട്രിയായിലെ ഫിലോ (BC 20 - AD 40) ആണ് ഈ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായി അറിയപ്പെടുന്നത് (cf. Oxford Companion to the Bible, p.31). മനുഷ്യവ്യക്തിയിൽ ദൈവം ആവേശിക്കുന്നതിന്റെ ഫലമായി വ്യക്തിയുടെ നൈസർഗ്ഗികമായ ചിന്തകളും ഭാവനകളും രചനാരീതികളും നഷ്ടമാവുകയും പകരം ദൈവികമായ ചിന്തകളും ഭാവനകളും പരിശുദ്ധാത്മ രചനാവൈഭവവും ലഭിക്കുകയും ചെയ്യുന്നു. വി. ലിഖിതങ്ങളുടെ രചനയിൽ മാനുഷികമായവയ്ക്കൊന്നും സ്ഥാനമില്ലെന്നും അക്ഷരശ്ശഃ അവ ദൈവത്തിന്റെ രചനയാണെന്നും ഈ സിദ്ധാന്തം സമർത്ഥിക്കുന്നു. (De vita moysi 3.23) ഏറെക്കാലം സഭയിൽ പ്രചാരത്തിലിരുന്നെങ്കിലും ഈ സിദ്ധാന്തം കാലാന്തരത്തിൽ പിന്തള്ളപ്പെട്ടു.

**2. കേട്ടെഴുത്ത് സിദ്ധാന്തം (Dictation Theory)**

തിരുലിഖിതത്തിൽ രേഖപ്പെടുത്തേണ്ടവയെക്കുറിച്ച് എല്ലാം പരിശുദ്ധാത്മാവ് മുൻകൂട്ടി നിശ്ചയിച്ചിരുന്നു എന്നും സമയത്തിന്റെ പൂർണ്ണതയിൽ ദൈവാത്മാവ് മാനുഷികരചയിതാക്കൾക്ക് അവ പറഞ്ഞുകൊടുത്ത് എഴുതിക്കുകയായിരുന്നു എന്നും ഈ സിദ്ധാന്തം അനുമാനിക്കുന്നു. മേലുദ്യോഗസ്ഥൻ ഓഫീസ് സെക്രട്ടറിമാരെ തന്റെ എഴുത്തുകാരായി പ്രയോജനപ്പെടുത്തുന്നതുപോലെ പരിശുദ്ധാത്മാവ് മാനുഷികരചയിതാക്കളെ തിരുലിഖിതരചനയ്ക്ക് ഉപയോഗപ്പെടുത്തി എന്നതാണ് ഈ സിദ്ധാന്തം. വി. ഗ്രന്ഥത്തിലെ വള്ളിയും പുള്ളിയും കുത്തും കോമായും പോലും പരിശുദ്ധാത്മാവിന്റെ മുൻ നിശ്ചയപ്രകാരമാണെന്നും മാനുഷികതയുടെ അംശം അവയിലില്ലെന്നും അനുമാനിക്കുന്ന ഈ സിദ്ധാന്തം ഒന്നാം വത്തിക്കാൻ കൗൺസിലിന്റെ (1868–1870) നിഗമനങ്ങളിൽ പ്രതിഫലിക്കുന്നുണ്ട് (cfr. J. Ramsey, The Scripture Contains, Tx, P.121).

ഈ വാദഗതിയും കാലാന്തരത്തിൽ കാലഹരണപ്പെടുകയാണുണ്ടായത്. ഭാഷാശൈലിയിലും ദൈവശാസ്ത്രവിചിന്തനത്തിലും വ്യത്യസ്ത പുസ്തകങ്ങളിൽ വൈവിധ്യമുള്ളതു തന്നെ ഈ സിദ്ധാന്തത്തിന്റെ ആധികാരികതയെ ചോദ്യം ചെയ്യുന്നു. ഉദാഹരണമായി, മൂലഭാഷയായ ഗ്രീക്കിൽ വായിക്കുമ്പോൾ പൗലോസിന്റെ രചനകൾ ശക്തവും സാഹിത്യഭംഗിയുമുള്ളതുമായ ക്ലാസ്സിക്കൽ ഗ്രീക്കു ശൈലിയിലുള്ളതാണെങ്കിൽ മർക്കോസിന്റെ രചനയാകട്ടെ ഹ്രസ്വമായ വാക്യങ്ങൾ ചേർത്തുവച്ച സാധാരണശൈലിയിലാണ്. രചയിതാക്കളുടെ വ്യക്തിപരമായ സാഹിത്യഗുണനിലവാരം അവരുടെ

www.malankaralibrary.com



രചനകളിൽ പ്രതിഫലിക്കുന്നുണ്ടെന്ന് ഇതിൽനിന്നും വ്യക്തമാണല്ലോ.

### 3. തെറ്റാവര സിദ്ധാന്തം (Negative Assistance Theory)

ഷാക് ബോനേഫർ (1573-1642) ആവിഷ്കരിച്ച ഈ സിദ്ധാന്തം ആദ്യരണ്ടു സിദ്ധാന്തങ്ങൾക്കും വിരുദ്ധമാണ്. ആദ്യ രണ്ടു സിദ്ധാന്തങ്ങളും രചനയുടെ ദൈവികമാനത്തിന് അമിത പ്രാധാന്യം നൽകുമ്പോൾ ഈ സിദ്ധാന്തം മാനുഷിക രചയിതാക്കളുടെ ക്രിയാത്മകമായ പങ്കാളിത്തത്തിന് ഊന്നൽ നൽകുന്നു. ഈ സിദ്ധാന്തമനുസരിച്ച് വിശുദ്ധഗ്രന്ഥത്തിലുള്ളവയെല്ലാം മാനുഷികരചയിതാക്കളുടെ ചിന്തകളും ശൈലികളും വാക്കുകളുമാണ്. അവരുടെ ചിന്തകളും ആഖ്യാനങ്ങളും തെറ്റിപ്പോകാതിരിക്കാൻ പരിശുദ്ധാത്മാവ് അവരെ നിരന്തരം സഹായിച്ചിരുന്നു. ഈ സിദ്ധാന്തപ്രകാരം ദൈവനിവേശനം എന്നത് തെറ്റ് ഒഴിവാക്കുക എന്ന ഋണാത്മക (negative) അർത്ഥത്തിൽ മാത്രമേയുള്ളു. നവീന യാഥാസ്ഥിതിക ദൈവനിവേശന സിദ്ധാന്തം (Neo-Orthodox theory of Inspiration) എന്ന പേരിൽ ആധുനിക കാലഘട്ടത്തിലും ഈ സിദ്ധാന്തത്തിനു പ്രണേതാക്കളുണ്ട്.

### 4. കത്തോലിക്കാസിദ്ധാന്തം

കത്തോലിക്കാസഭ ദൈവനിവേശന സ്വഭാവത്തെക്കുറിച്ച് കാലാകാലങ്ങളിൽ പ്രബോധനങ്ങൾ നൽകിയിട്ടുണ്ട്. പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ ദൈവികവെളിപാട് തെറ്റില്ലാതെ രേഖപ്പെടുത്തി എന്ന വിശ്വാസമാണ് ദൈവനിവേശനം എന്ന് സഭ പഠിപ്പിക്കുന്നു (I Vatican, Session III, De fide, cap II, Denz. n. 1787). സർവ്വപരിപാലകനായ ദൈവം (Providentissimus Deus) എന്ന ചാക്രികലേഖനത്തിൽ ലെയോ XIII-ാം മാർപാപ്പ ദൈവനിവേശനത്തെ നിർവ്വചിക്കുന്നത് ഇപ്രകാരമാണ്.

“പരിശുദ്ധാത്മാവ് തന്റെ അതിസ്വാഭാവിക ശക്തിയാൽ വി. ഗ്രന്ഥരചയിതാക്കളെ പ്രചോദിപ്പിക്കുകയും പരിവർത്തനപ്പെടുത്തുകയും ദൈവാത്മാവിന്റെ നിയോഗങ്ങളെ കലർപ്പില്ലാതെയും കുറവുകൂടാതെയും മനസ്സിലാക്കാനും രേഖപ്പെടുത്താനും സഹായിക്കുകയും ചെയ്തു. ഈ രേഖപ്പെടുത്തലാകട്ടെ ദൈവം ആഗ്രഹിച്ച വാക്കുകളിലും ശൈലിയിലുമായിരുന്നു. തന്മൂലം നിത്യസത്യങ്ങളടങ്ങിയ വി. ഗ്രന്ഥത്തിന്റെ രചയിതാവ് ദൈവമാണെന്ന് വ്യക്തമായും പറയനാകും.”

www.malankaralibrary.com



പരി. ത്രിത്വത്തിലെ പരിശുദ്ധാത്മാവായ ദൈവമാണ് ദൈവനിവേശനപ്രക്രിയയിലെ നിയതമായ കർത്താവ്. ദൈവനിവേശനത്തെക്കുറിച്ചുള്ള കത്തോലിക്കാകാഴ്ചപ്പാടിന്റെ പ്രത്യേകതകൾ ചുരുക്കി വിവരിക്കാം.

1. വി. ഗ്രന്ഥരചയിതാവായി പരി. ആത്മാവ് തിരഞ്ഞെടുക്കുന്ന വ്യക്തികളെ ആത്മാവ് സ്വാധീനിക്കുന്നു. തൽഫലമായി വ്യക്തിയുടെ ചിന്താശക്തി ആത്മാവിന്റെ പ്രചോദനങ്ങൾക്ക് അനുരൂപമാകുന്നു. തന്മൂലം അവരുടെ ചിന്താശക്തിയുടെ ആത്യന്തിക ഉറവിടം തങ്ങളല്ല ദൈവാത്മാവാണ് എന്ന ഉൾക്കാഴ്ച അവർക്കു ലഭിക്കുന്നു. (St. Augustine, De Gen. ad litt. II-xvii-37; St.Thomas, ST.II-II Q.Clxxi, a.5; Q.cxxiii, a-4). എന്നാൽ, ദൈവനിവേശനം എന്നത് അതീന്ദ്രിയ അനുഭവമോ (ecstacy) ദൈവാവേശനമോ (possession) അല്ല. അലക്സാണ്ട്രിയായിലെ ഫിലോയും സഭാപിതാക്കന്മാരായ അത്തനാഗോറസ്, അന്ത്യോക്യായിലെ തെയോഫിലോസ്, വി. ജസ്റ്റിൻ തുടങ്ങിയവർ ദൈവനിവേശനത്തെ ദൈവം ആവേശിച്ച (possession) അനുഭവമായാണ് വിശദീകരിച്ചത്. മൊണ്ടാനിസ്റ്റ് പാഷണ്ഡത ഈ ആശയത്തെ കൂട്ടുപിടിച്ച് വി. ഗ്രന്ഥരചയിതാക്കൾക്ക് വി. ഗ്രന്ഥരചനയിൽ ക്രിയാത്മകമായ യാതൊരു പങ്കാളിത്തവുമില്ലായിരുന്നു എന്നു വാദിച്ചു. ഈ വാദഗതിയെ കത്തോലിക്കാസഭ തള്ളിക്കളഞ്ഞു. പരിശുദ്ധാത്മപ്രചോദനം ലഭിക്കുന്ന അവസരത്തിലും പ്രസ്തുത രചയിതാക്കളുടെ ബുദ്ധിയും മറ്റു നൈസർഗ്ഗിക കഴിവുകളും മാറ്റമില്ലാതെ തുടർന്നു എന്നും തങ്ങൾ എഴുതുന്നവയെക്കുറിച്ച് അവർക്ക് പൂർണ്ണബോധ്യമുണ്ടായിരുന്നു എന്നും സഭ പഠിപ്പിക്കുന്നു.

2. വി. ഗ്രന്ഥത്തിന്റെ മുഖ്യരചയിതാവ് (principal cause) ദൈവമാണ്. എന്നാൽ ദൈവനിവേശനം ലഭിച്ച മാനുഷികരചയിതാവിന് തന്റെ വ്യക്തിപരമായ ഗവേഷണവും വിചിന്തനവും ക്രമീകരണവും നടത്താനുള്ള അവകാശം ദൈവം അനുവദിച്ചിട്ടുണ്ട്. ലൂക്കാ 1:3–4 ൽ പറയുന്നതനുസരിച്ച്, "എല്ലാ കാര്യങ്ങളും പ്രാരംഭം മുതൽക്കേ സൂക്ഷ്മമായി പരിശോധിച്ച ശേഷം എല്ലാം ക്രമമായി നിനക്കെഴുതുന്നത് ഉചിതമാണെന്ന് എനിക്കും തോന്നി.'' ദൈവനിവേശനം ലഭിച്ച വ്യക്തി കേവലം ദൈവകരങ്ങളിലെ പാവയോ പേനയോ മാത്രമല്ല എന്ന് ഇതിൽനിന്നും വ്യക്തമാണല്ലോ. തന്മൂലം രചനയിലെ പരാധീനതകൾ മാനുഷികരചയിതാവിന്റെ പരാധീനതകൾ

www.malankaralibrary.com



തന്നെയായി അവശേഷിക്കുന്നു. ദൈവനിവേശനത്തിലൂടെ രചയിതാവിന് ദൈവിക ചിന്തയുടെ ദിശാബോധം ലഭിക്കുകയാണു ചെയ്യുന്നത്. ദൈവനിവേശനത്തെ "ബൗദ്ധികചലനത്തിനായുള്ള ദൈവികപ്രകാശനം" എന്ന് വി. അക്വിനാസ് വിശേഷിപ്പിക്കുന്നത് ഈ അർത്ഥത്തിലാണ് (ST II-II Q.clxxi, a.2). ബൗദ്ധികതലത്തിൽ ദൈവപ്രചോദനം ലഭിച്ച വ്യക്തി ദൈവികവെളിപാടിന്റെ വിവിധതലങ്ങളെയും ഉറവിടങ്ങളെയും പാരമ്പര്യങ്ങളെയും വിലയിരുത്തി ദൈവാവിഷ്കാരത്തിന് ലിഖിത രൂപം നൽകുന്ന പ്രക്രിയയാണ് ദൈവനിവേശനം.

3. ദൈവനിവേശിതമായി എഴുതപ്പെട്ട ഗ്രന്ഥത്തിന് സാർവ്വത്രിക സഭയുടെ അംഗീകാരം ലഭിക്കുമ്പോഴാണ് ദൈവനിവേശനം പൂർണ്ണമാകുന്നത്. വി. ഗ്രന്ഥ രചനയ്ക്കായി വ്യക്തിയെ പ്രചോദിപ്പിച്ച ദൈവാത്മാവുതന്നെ പ്രസ്തുത രചനയിലെ ദൈവനിവേശിത സ്വഭാവത്തെ കണ്ടെത്താൻ പ്രസ്തുത ഗ്രന്ഥം വായിക്കുന്ന വിശ്വാസികളുടെ സമൂഹത്തെ (സഭയെ) പ്രചോദിപ്പിക്കുന്നു. ദൈവനിവേശനത്തിന്റെ ഈ സഭാത്മകമാനം ഇല്ലെങ്കിൽ ദൈവനിവേശിതഗ്രന്ഥങ്ങൾ കേവലം വ്യക്തിപരമായ വെളിപാടുകൾ മാത്രമായി നിലകൊള്ളുന്നു. ദൈവികപ്രചോദനമനുസരിച്ച് എഴുതപ്പെട്ടവയെന്ന് അവകാശപ്പെടുന്നവയും കരുതപ്പെടാവുന്നവയുമായ പല ഗ്രന്ഥങ്ങളും കാനോനികഗ്രന്ഥങ്ങളാകാത്തതിന്റെ കാരണം ദൈവനിവേശനത്തിന്റെ സഭാത്മകമാനത്തിന്റെ അഭാവമാണ്. സകലവിശ്വാസികൾക്കും പ്രയോജനകരമെന്ന് ദൈവാത്മാവ് സഭയെ പ്രചോദിപ്പിക്കുമ്പോഴാണ് ദൈവനിവേശനം പൂർണ്ണവും കാനോനികവും സഭാത്മകവുമാകുന്നത്.

4. ദൈവനിവേശനം വിശ്വാസം, സന്മാർഗ്ഗം എന്നീ വിഷയങ്ങളിൽ മാത്രമേ ഉള്ളൂ എന്നും ചരിത്രം, ശാസ്ത്രം എന്നീ വിഷയങ്ങളിൽ വി. ഗ്രന്ഥകാരനു ദൈവനിവേശനമില്ലെന്നും വാദിക്കുന്ന അനേകം ദൈവശാസ്ത്രജ്ഞന്മാരുണ്ട് (ഹോൾഡൻ, റോളിംഗ്, ലെനോർമ, ദെ ബാർത്തോ). പാരീസിലെ കത്തോലിക്കാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ റെക്ടറായിരുന്ന മോൺ. ദെ ഹുൾസ്റ്റ് 1893 ജനുവരി 25 ലെ Le Correspondant എന്ന പ്രസിദ്ധീകരണത്തിൽ ഈ ആശയം പ്രസിദ്ധം ചെയ്തു. ഇതിനു മറുപടിയായി, അതേവർഷം പുറത്തിറങ്ങിയ ചാക്രികലേഖനത്തിൽ (Providentissimus Deus) വി. ഗ്രന്ഥത്തിന്റെ ദൈവനിവേശനസ്വഭാവം സമഗ്രമാണെന്ന് സഭ പഠിപ്പിച്ചു:

www.malankaralibrary.com



"വി. ഗ്രന്ഥത്തിന്റെ നിയതമായ ചിലഭാഗങ്ങൾക്കുമാത്രമേ ദൈവനിവേശന സ്വഭാവമുള്ളൂ എന്ന വാദം അബദ്ധമാണ്. വിശ്വാസം, സദാചാരം എന്നീ വിഷയങ്ങളിൽ മാത്രമേ ദൈവനിവേശനമുള്ളൂ എന്നു പറയുന്നത് തെറ്റാണ്. കൂടാതെ ദൈവം പറഞ്ഞ വചനത്തിലല്ല പ്രസ്തുത വചനം പറയാൻ പ്രേരകമായ പ്രചോദനത്തിനാണ് ദൈവനിവേശനമുള്ളത് എന്നു പറയുന്നതും തെറ്റായ പ്രബോധനമാണ്" (Denz. 1950). വി. ലിഖിതങ്ങൾ ഒരേസമയം പൂർണ്ണമായും മനുഷ്യരചനയും പൂർണ്ണമായും ദൈവികരചനയുമാണ് എന്നുപറയുന്നതാണ് കൂടുതൽ അഭികാമ്യം. പൂർണ്ണദൈവമായ ക്രിസ്തു പൂർണ്ണമനുഷ്യനായിരിക്കുന്ന ദൈവികരഹസ്യത്തിനു (Hypostatic union) സമാനമായ ഒരു രഹസ്യമാണിത്. മാനുഷിക രചയിതാവ് ദൈവികരചയിതാവിന്റെ ക്രിയാത്മകമായ ഉപകരണമാണ്.

**ദൈവനിവേശനം: പ്രൊട്ടസ്റ്റന്റു വീക്ഷണത്തിൽ**

വിശ്വാസത്തിന്റെ ഏക മാനദണ്ഡം ബൈബിൾ മാത്രമാണെന്ന ചിന്ത (Sola Scriptura) പ്രൊട്ടസ്റ്റന്റു സഭകളുടെ മുഖമുദ്രയാണ്. ബൈബിളിനോടുള്ള ആദരവ് ഒരു തരം വി. ഗ്രന്ഥാരാധനയായി (Bibliolatory) പല സഭകളിലും രൂപമാറ്റം നേടി. കത്തോലിക്കാ സഭ പാരമ്പര്യത്തിനു നൽകുന്ന പ്രാധാന്യത്തെ തമസ്കരിക്കാനായി ബൈബിൾ മനുഷ്യകുലത്തോടുള്ള ദൈവത്തിന്റെ നേരിട്ടുള്ള സംഭാഷണമാണെന്നും ബൈബിളിൽ ഇല്ലാത്തവയെല്ലാം വിശ്വാസവിരുദ്ധമാണെന്നും ലൂഥർ വാദിച്ചു.

**ബൈബിളിനു പുറമേനിന്നുള്ള തെളിവുകൾ**

ദൈവനിവേശനം സത്യമാണ് എന്നതിന് ബൈബിളിനു വെളിയിൽനിന്നുള്ള തെളിവുകൾ ചൂണ്ടിക്കാണിക്കാനാവും. ബൈബിളിൽ എഴുതപ്പെട്ടവ ചരിത്രപരമായി സത്യമാണ് എന്നു സ്ഥാപിക്കുന്നതിലൂടെ ദൈവനിവേശനത്തിലൂടെ ബൈബിളിനുള്ള ആധികാരികത അടിസ്ഥാനമുള്ളതാണ് എന്നു സ്ഥാപിക്കുകയാണ് നാം ലക്ഷ്യമാക്കുന്നത്.

1. താലോസ് എന്ന ചരിത്രകാരൻ AD 55 നോടടുത്ത് റോമൻ ചരിത്രം മൂന്നു വാല്യങ്ങളായി പ്രസിദ്ധീകരിച്ചിരുന്നു. സെക്സ്റ്റസ് ജൂലിയസിന്റെ (Sextus Julius Africanus 160-240) കൃതികളിലും (History of the world - 200 AD) ബൈസന്റയിൻ ചരിത്രകാര

www.malankaralibrary.com



നായ ജോർജ്ജിയൂസ് സിൻസെല്ലൂസിന്റെ കൃതിയിലും (Chronicle) താലോസിന്റെ രചനകൾ ഉദ്ധരിക്കുന്നുണ്ട്. ക്രിസ്തുമതവിരോധിയായിരുന്ന താലസ് യേശുവിന്റെ മരണസമയത്തുണ്ടായ അന്ധകാരം സൂര്യഗ്രഹണം മൂലമുണ്ടായതാണെന്ന് സ്ഥാപിക്കാനായി തന്റെ ചരിത്രഗ്രന്ഥത്തിന്റെ മൂന്നാംവാല്യത്തിൽ ദീർഘഭാഗം ചില വഴിച്ചിട്ടുണ്ട്. യേശുവിന്റെ മരണസമയത്തെ സംബന്ധിച്ച സുവിശേഷ വിവരണങ്ങൾ ചരിത്രപരമായി സത്യമായിരുന്നു എന്നതിലേക്കാണ് ഈ വിവരണം വിരൽചൂണ്ടുന്നത്. യേശുവിന്റെ മരണസമയത്ത് അന്ധകാരമുണ്ടായി എന്ന സുവിശേഷവിവരണം താലോസിന്റെ രചനയുടെ വെളിച്ചത്തിൽ സത്യമാണെന്ന് വ്യക്തമാകുന്നു. അതിന്റെ കാരണം വിശദീകരിക്കുന്നതിൽ താലോസിന്റെ നിലപാട് വ്യത്യസ്തമാണെന്നു മാത്രം.

2. റോമൻ സെനറ്ററായിരുന്ന പ്ലീനി (AD 61-113) യുടെ രചനയിലും (Letters of Pliny, the Younger-X volumes) ക്രിസ്ത്യാനികളെക്കുറിച്ചുള്ള പരാമർശമുണ്ട് (Letter, XCVI). താൻ ഗവർണ്ണറായി ഭരണം നടത്തിയിരുന്ന ബിത്തീനിയായിൽ അനേകം ക്രിസ്ത്യാനികളുണ്ടായിരുന്നെന്നും അവർ ജറുസലേമിൽ കുരിശിൽ മരിച്ച യേശുവിനെ ദൈവമായി ആരാധിക്കാനായി എല്ലാ പ്രഭാതത്തിലും ഒരുമിച്ചുകൂടിയിരുന്നു (Carmenque christo quasideo dicere secum invicem) എന്നും പ്ലീനി സാക്ഷ്യപ്പെടുത്തുന്നു. ക്രിസ്ത്യാനികളുടെ ധാർമ്മികനിലവാരം ഉന്നതമായിരുന്നു എന്ന് പ്ലീനി അഭിപ്രായപ്പെടുന്നുണ്ടെങ്കിലും മനുഷ്യനായ ക്രിസ്തുവിനെ ദൈവമായി ആരാധിക്കുന്ന കുറ്റത്തിന് ക്രിസ്ത്യാനികൾക്ക് താൻ മരണശിക്ഷ വിധിച്ചിരുന്നതായി പ്ലീനി സാക്ഷ്യപ്പെടുത്തുന്നു.

3. റോമൻ പണ്ഡിതനായ ഗായിയൂസ് സുവെത്തോണിയൂസ് (AD 70-140)സീസർമാരുടെ ചരിത്രമെഴുതിയപ്പോൾ (De vita Caesarum) ക്ലാവുദിയൂസ് സീസറിന്റെ കാലത്ത് ക്രിസ്ത്യാനികളെ റോമിൽനിന്നു പുറത്താക്കിയതായി സാക്ഷ്യപ്പെടുത്തുന്നു. AD 49 നും 50 നും ഇടയിൽ നടന്ന ഈ പുറത്താക്കൽ നടപടിപുസ്തകത്തിൽ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

4. റോമൻ ചരിത്രകാരനായ കൊർണേലിയൂസ് റ്റാസിറ്റസിന്റെ (AD 56-120) ചരിത്രഗ്രന്ഥത്തിൽ (Annals), തിബേരിയൂസ് സീസറിന്റെ ഭരണകാലത്ത് യൂദാ ഗവർണറായിരുന്ന പന്തിയൂസ് പീലാ

www.malankaralibrary.com



ത്തോസ് ക്രിസ്തുമതസ്ഥാപകനായ ക്രിസ്തുവിനെ കുരിശിൽ തറച്ചുകൊന്നെങ്കിലും ക്രിസ്തുവിന്റെ അനുയായികൾ വർദ്ധിച്ചു വന്നതായി സാക്ഷ്യപ്പെടുത്തുന്നു. AD 64 ൽ റോമിലുണ്ടായ അഗ്നിബാധയുടെ ഉത്തരവാദിത്വം ആരോപിച്ച് നീറോ ചക്രവർത്തി ക്രിസ്ത്യാനികളെ കൊന്നൊടുക്കിയതായും റ്റാസിറ്റസ് രേഖപ്പെടുത്തിയിട്ടുണ്ട് (Annals, XIII-CVI).

5. സെമിററിക്ക് വശംജനും ഗ്രീക്കുസാഹിത്യകാരനുമായ സമസോതായിലെ ലൂസിയാൻ (A.D. 115-200) രചിച്ച പെരെഗ്രീനൂസിന്റെ മരണം (The Death of Peregrinus, A.D. 165) എന്ന കൃതിയിൽ ക്രിസതുവിന്റെ കുരിശുമരണത്തെക്കുറിച്ചും ക്രിസ്ത്യാനികളുടെ വിശ്വാസത്തെക്കുറിച്ചും ആക്ഷേപകരമായി പരാമർശിക്കുന്നുണ്ട് (Lician, Vol. 5LCl, cambridge, 1936).

6. ചെൽസൂസ് (A.D. 130-205) എന്ന യഹൂദതത്വചിന്തകൻ ക്രിസ്തുമതത്തിന്റെ താത്വിക പാപ്പരത്തം അനാവരണം ചെയ്യാനായി എഴുതിയ കൃതിയിൽ (True doctrine A.D. 175) യേശുവിന്റെ ജീവചരിത്രം പൂർണ്ണമായിത്തന്നെ വിവരിക്കുന്നുണ്ട്. ചെൽസൂസിന്റെ ആക്ഷേപങ്ങൾക്ക് ഒറിജൻ തന്റെ ഗ്രന്ഥത്തിലൂടെ മറുപടിനൽകുന്നുണ്ട് (Contra Celsum). ജാരസന്തതിയായി ജനിച്ച് ആശാരിപ്പണിക്കായി ഈജിപ്തിൽപോയ കാലത്ത് പഠിച്ച മാജിക് വിദ്യകൾകൊണ്ട് ആളുകളെ കബളിപ്പിച്ചാണ് ക്രിസ്തു അത്ഭുതം ചെയ്തതെന്നും ചെൽസൂസ് വാദിച്ചു (Contra celsum, celsm, 127.28). ക്രിസ്തുവിനെ ആക്ഷേപിച്ചെഴുതിയ ഈ കൃതിപോലും സുവിശേഷങ്ങളിൽ വിവരിക്കുന്ന ക്രിസ്തു ചരിത്രത്തിന്റെ ആധികാരികതയെയാണ് വ്യക്തമാക്കുന്നത്.

7. യഹൂദചരിത്രകാരനായ ജോസേഫൂസിന്റെ ചരിത്രഗ്രന്ഥത്തിൽ (Jewish Antiquties) സുവിശേഷ വിവരണങ്ങൾക്കുള്ള മൂന്നു വ്യക്തമായ സാക്ഷ്യങ്ങളുണ്ട്.

സ്നാപക യോഹന്നാനെക്കുറിച്ചുള്ള സുവിശേഷ വിവരണത്തിനു സമാനമായ വിവരണം ജോസേഫൂസും നൽകുന്നു (Anti. 18,116-119). യേശു എന്നു വിളിക്കപ്പെടുന്ന ക്രിസ്തു (Isue tou legoumenou christou) വിന്റെ സഹോദരനായ യാക്കോബിന്റെ രക്തസാക്ഷിത്വത്തെക്കുറിച്ച് ജോസേഫൂസ് പ്രതിപാദിക്കുന്നുണ്ട് (Anti 20.9.1). യേശുവിനെക്കുറിച്ച് വളരെ സ്പഷ്ടമായ വിവരണ

www.malankaralibrary.com



ങ്ങൾ ജോസഫൂസ് നൽകുന്നുണ്ട്: "യേശു എന്ന ജ്ഞാനിയായ മനുഷ്യൻ തന്റെ പ്രബോധനത്താൽ അനേകരെ ആകർഷിച്ചു. യഹൂദ പുരോഹിതരുടെ നിർബന്ധത്തിന് വഴങ്ങി പീലാത്തോസ് യേശുവിനെ വധിച്ചു. മൂന്നാം നാൾ അവൻ ഉയർത്തെഴുന്നേറ്റ് ശിഷ്യന്മാർക്കു പ്രത്യക്ഷനായി" (Ant 18.3.3 63.64).

അക്രൈസ്തവരും ക്രിസ്തുമത വിരോധികളുമായ ഈ ചരിത്രകാരന്മാരുടെ വിവരണങ്ങളിൽ ക്രിസ്തുവിനെക്കുറിച്ച് നൽകുന്ന വിവരങ്ങൾ ക്രിസ്തുസംഭവത്തിന്റെ ആധികാരികതയിലേക്ക് വിരൽ ചൂണ്ടുന്നു. ഈ ചരിത്രകാരന്മാരിൽ പലരും ക്രിസ്തുവിൽ വിശ്വസിക്കുകയോ ക്രിസ്തുവിന്റെ പ്രബോധനങ്ങൾ അംഗീകരിക്കുകയോ ചെയ്യുന്നില്ല. എങ്കിലും അവരുടെ വിവരണങ്ങൾ ക്രിസ്തു എന്ന ചരിത്രപുരുഷനെക്കുറിച്ചുള്ള വൈരുദ്ധ്യാത്മക സാക്ഷ്യമായി കരുതാം. അവയിലൂടെ വി. ഗ്രന്ഥ വിവരണത്തിന്റെ ദൈവനിവേശിതമായ ആധികാരികതകൂടി സാക്ഷ്യപ്പെടുന്നു.

**ഡോ. ജോസഫ് പാംപ്ലാനി**

www.malankaralibrary.com

# 04

## ബൈബിൾ വ്യാഖ്യാന ചരിത്രം

ബൈബിൾ വ്യാഖ്യാനം ആരംഭിക്കുന്നത് ബൈബിളിൽതന്നെയാണ്. ചില വചനഭാഗങ്ങൾക്ക് ബൈബിളിൽതന്നെ വ്യാഖ്യാനം കണ്ടെത്താനാകും. ഇതിന് ഏറ്റവും സ്പഷ്ടമായ ഉദാഹരണം നിയമാവർത്തന പുസ്തകത്തിലെ 12 മുതൽ 26 വരെ അധ്യായങ്ങളാണ്. പുറപ്പാടു പുസ്തകത്തിലെ വിശുദ്ധ നിയമസംഹിതയുടെ (പുറ 20:22-23:3) വ്യാഖ്യാനമാണ് നിയമാവർത്തന ഗ്രന്ഥകാരൻ നൽകുന്നത്. മരുഭൂമി യാത്രയുടെ പശ്ചാത്തലത്തിൽ നൽകപ്പെട്ട പുറപ്പാടു പുസ്തകത്തിലെ നിയമസംഹിതയെ നിയമാവർത്തന ദൈവശാസ്ത്രത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കുകയാണിവിടെ.

പ്രഭാഷകൻ 3-ാം അധ്യായം നാലാം പ്രമാണത്തിന്റെ വ്യാഖ്യാനവും 15-ാം അധ്യായം ഉൽപത്തി 3-ാം അധ്യായത്തിന്റെ വ്യാഖ്യാനവുമാണ്. ഉൽപത്തി 1-ാം അധ്യായത്തിലെ സൃഷ്ടിവിവരണത്തിന്റെ

www.malankaralibrary.com



വ്യാഖ്യാനമാണ് പ്രഭാ 17:1-12 ൽ കാണുന്നത്. പുറപ്പാടു സംഭവത്തിന്റെ വ്യാഖ്യാനം ഏശയ്യ 40:1-20 ലും 78, 105 സങ്കീർത്തനങ്ങളിലും കണ്ടെത്താനാവും. ബൈബിളിൽ തന്നെയുള്ള ഈ ബൈബിൾ വ്യാഖ്യാനങ്ങളിൽ യഥാർത്ഥ ബൈബിൾ ഭാഗത്തിന്റെ അർത്ഥവ്യാഖ്യാനത്തോടൊപ്പം പ്രസ്തുത ആഖ്യാനത്തിന്റെ കാലിക പ്രസക്തികൂടി എടുത്തു പറയുന്നുണ്ട്. പിൽക്കാല ബൈബിൾ വ്യാഖ്യാനങ്ങൾക്കെല്ലാം മാനദണ്ഡമായ രണ്ടു വസ്തുതകളാണ് ഇവിടെ സ്പഷ്ടമാക്കുന്നത്. ഒന്നാമതായി, വ്യാഖ്യാനവിധേയമാകുന്ന ഭാഗം രചിക്കുമ്പോൾ വി.ഗ്രന്ഥകർത്താവ് ലക്ഷ്യമാക്കിയ അർത്ഥമെന്ത്? രണ്ടാമതായി, പുരാതനമായ ഒരു ആഖ്യാനത്തിലൂടെ കാലാതിവർത്തിയായി കൈമാറ്റം ചെയ്യപ്പെടുന്ന സന്ദേശമെന്ത്?

## റബ്ബിമാരുടെ ബൈബിൾ വ്യാഖ്യാനം

പഴയനിയമത്തിന്റെ ഔദ്യോഗിക വ്യാഖ്യാതാക്കളായ വി.ഗ്രന്ഥപണ്ഡിതരെയാണ് റബ്ബി എന്ന സംജ്ഞയിലൂടെ വിശേഷിപ്പിക്കുന്നത്. വി.ഗ്രന്ഥഭാഗങ്ങളെ കാലോചിതമായും ജീവിതഗന്ധിയായും അവതരിപ്പിക്കുന്ന റബ്ബിമാരുടെ ആഖ്യാന ശൈലി ഹീബ്രുവിൽ "ദാറാഷ്" എന്നാണ് അറിയപ്പെട്ടിരുന്നത്. വി.ഗ്രന്ഥഭാഗങ്ങൾ, വിശിഷ്യാ, നിയമഗ്രന്ഥങ്ങൾ കാലോചിതമായി വ്യാഖ്യാനിക്കാൻ അധികാരമുള്ള പണ്ഡിതരെ "സൊഫേറിം" (soferim) എന്നാണ് വിശേഷിപ്പിച്ചിരുന്നത്. നിയമജ്ഞർ (scribes) എന്ന അർത്ഥത്തിലാണ് ഈ പദം പി.ഒ.സി. ബൈബിൾ വിവർത്തനം ചെയ്തിരിക്കുന്നത് (മത്താ 23;13:52) മൂന്നുതരം വ്യാഖ്യാനശൈലികൾ റബ്ബിമാരുടേതായി അറിയപ്പെട്ടിരുന്നു.

### 1. താർഗും

ഹീബ്രു ബൈബിളിന്റെ അരമായ ഭാഷയിലേക്കുള്ള വിവർത്തനമാണ് താർഗും എന്ന പേരിൽ അറിയപ്പെടുന്നത്. ഇവ കേവലം വിവർത്തനം മാത്രമായിരുന്നില്ല. വിവർത്തനത്തോടൊപ്പം വ്യാഖ്യാനം കൂടി താർഗുമിൽ ഉൾപ്പെടുത്തിയിരുന്നു. ദാനിയേൽ, എസ്രാ, നെഹെമിയ എന്നീ പുസ്തകങ്ങൾ ഒഴികെ മറ്റെല്ലാ കാനോനിക ഗ്രന്ഥങ്ങൾക്കും താർഗുമുകൾ വിരചിതമായിട്ടുണ്ട്. പല പുസ്തകങ്ങൾക്കും ഒന്നിലേറെ താർഗുമുകൾ ഉണ്ട്. ഭാഷാശൈലിയുടെ പ്രത്യേകതയനുസരിച്ച് മൂന്നുതരം താർഗുമുകളുണ്ട്.

1. ഓങ്കലോസിന്റെ താർഗും-പഞ്ചഗ്രന്ഥിയുടെ വ്യാഖ്യാനപരമായ വിവർത്തനമാണ് ഓങ്കലോസ് എന്ന പേരിൽ അറിയ

www.malankaralibrary.com



പ്പെടുന്നത്. ഗമാലിയേൽ റബ്ബിയുടെ സമകാലികനായിരുന്നു ഓങ്കലോസ്.

2. ജോനാഥന്റെ താർഗും - ബൈബിളിലെ പ്രവചനഗ്രന്ഥങ്ങളുടെ താർഗുമാണ് ജോനാഥൻബെൻ ഉസിയേൽ രചിച്ചത്. പ്രമുഖനായ റബ്ബി ഹില്ലേലിന്റെ ശിഷ്യനായിരുന്നു ജോനാഥൻ. താർഗും ഓങ്കലോസും താർഗും ജോനാഥനും ബാബിലോണിയൻ താൽമൂദിന്റെ ഭാഗമാണ്. ഇവ രണ്ടും പൗരസ്ത്യ അരമായ ഭാഷയിലാണ് രചിക്കപ്പെട്ടത്.
3. വിജ്ഞാനഗ്രന്ഥങ്ങളെക്കുറിച്ചുള്ള താർഗും - ഇവ പാശ്ചാത്യ അരമായ (പലസ്തീനിയൻ) ഭാഷയിൽ രചിക്കപ്പെട്ടതാണ്.
4. താർഗും യറുസലാമി, താർഗും നെയോഫിതി എന്നിവയും നിയമഗ്രന്ഥത്തെക്കുറിച്ചുള്ള വ്യാഖ്യാനമാണ്. എന്നാൽ ഇവ പാശ്ചാത്യ അരമായ ഭാഷയിലാണ് എഴുതപ്പെട്ടിരിക്കുന്നത്.

താർഗുമിലെ ബൈബിൾ വിവർത്തനം ബൈബിൾ വാക്യങ്ങളുടെ പദാനുപദ തർജ്ജമയല്ലെന്ന് ഇതിനോടകം നാം കണ്ടു കഴിഞ്ഞു. താഴെ കൊടുത്തിരിക്കുന്ന ഉദാഹരണത്തിൽ നിന്നും ഇതു വ്യക്തമാണ്.

### ഉൽപ 1:1-2 (പി.ഒ.സി. ബൈബിൾ)

"ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി രൂപരഹിതവും ശൂന്യവുമായിരുന്നു. ആഴങ്ങൾക്കു മീതേ അന്ധകാരം വ്യാപിച്ചിരുന്നു. ദൈവത്തിന്റെ ചൈതന്യം വെള്ളത്തിനു മീതേ ചലിച്ചു കൊണ്ടിരുന്നു".

### ഉൽപ 1:1-2 (താർഗും ഓങ്കലോസ്)

"ആദിയിൽ കർത്താവു തന്റെ വചനത്തിന്റെ ശക്തിയാൽ ആകാശവും ഭൂമിയും സൃഷ്ടിച്ച് അവയെ പൂർത്തിയാക്കി. ഭൂമി രൂപരഹിതവും ശൂന്യവുമായിരുന്നു. ഭൂമിയിൽ മനുഷ്യരോ മൃഗങ്ങളോ പക്ഷികളോ ചെടികളോ വൃക്ഷങ്ങളോ ഉണ്ടായിരുന്നില്ല. ആഴങ്ങൾക്കു മീതെ അന്ധകാരം നിറഞ്ഞിരുന്നു. ദൈവതിരുമുമ്പിലെ കരുണയുടെ ആത്മാവ് ആഴങ്ങൾക്കു മീതേ ചലിച്ചുകൊണ്ടിരുന്നു".

**2. മിദ്രാഷ്**

പ്രധാനമായും പ്രസംഗരൂപത്തിലുള്ള ബൈബിൾ വ്യാഖ്യാനമാണ് മിദ്രാഷ് എന്ന പേരിൽ അറിയപ്പെടുന്നത്. "അന്വേഷിക്കുക" എന്നർത്ഥമുള്ള "ദാറാഷ്" (darash) എന്ന പദത്തിൽ നിന്നാണ്

www.malankaralibrary.com



മിദ്രാഷ് എന്ന പദം രൂപംകൊണ്ടത്. ദൈവവചനത്തിന്റെ ആഴങ്ങളിലേക്കുള്ള അന്വേഷണമാണ് മിദ്രാഷിലൂടെ ലക്ഷ്യമാക്കുന്നത് എന്നു സാരം. മിദ്രാഷ് എന്ന പദം നാല് അർത്ഥത്തിൽ യഹൂദർ ഉപയോഗിച്ചിരുന്നു.

1. ബൈബിളിലെ ഒരു പുസ്തകത്തെ പൂർണ്ണമായോ ഭാഗികമായോ സ്വതന്ത്രമായി വ്യാഖ്യാനിക്കുന്ന സാഹിത്യരൂപം (ഉദാ:പുറപ്പാടു പുസ്തകത്തെക്കുറിച്ചുള്ള മിദ്രാഷ്).
2. ബൈബിളിലെ സുപ്രധാന കഥാപാത്രങ്ങളുടെ ജീവിതത്തെ ആധാരമാക്കി രചിക്കുന്ന വ്യാഖ്യാനരൂപങ്ങൾ (ഉദാ:തോബിത്ത്, യൂദിത്ത്, എസ്തേർ, ജോബ് എന്നിവരെക്കുറിച്ചുള്ള മിദ്രാഷുകൾ).
3. ബൈബിളിലെ വിവിധ പുസ്തകങ്ങളെക്കുറിച്ചുള്ള വിശദീകരണക്കുറിപ്പുകൾ, പ്രബോധനക്കുറിപ്പുകൾ എന്നിവയെ പൊതുവായി മിദ്രാഷ് എന്നു പറയാറുണ്ട്.
4. യഹൂദരുടെ ബൈബിൾ വ്യാഖ്യാന രീതി (Jewish Exegesis) തന്നെ മിദ്രാഷ് എന്ന പേരിലാണ് അറിയപ്പെടുന്നത്.

ചുരുക്കത്തിൽ യഹൂദ ബൈബിൾ വ്യാഖ്യാനങ്ങളെയും വ്യാഖ്യാനതത്വങ്ങളെയും വ്യാഖ്യാനരീതികളെയും പൊതുവായി മിദ്രാഷ് എന്ന പേരിലാണ് യഹൂദർ വിളിച്ചിരുന്നത്.

മിദ്രാഷിനെ പൊതുവായി രണ്ടു വിഭാഗങ്ങളായി തിരിക്കാറുണ്ട്. നിയമവ്യാഖ്യാനം (ഹാലാക്കാഹ്), ധാർമ്മിക വ്യാഖ്യാനം (ഹഗ്ഗാദാഹ്). നിയമഗ്രന്ഥങ്ങളെ ആധാരമാക്കിയുള്ള പെരുമാറ്റച്ചട്ടങ്ങളും ആരാധനാ നിയമങ്ങളും, ശുദ്ധി-അശുദ്ധിയെ സംബന്ധിക്കുന്ന നിയമങ്ങൾ എന്നിവയുടെ സമഗ്രമായ വ്യാഖ്യാനത്തെയാണ് "ഹാലാക്കാഹ്" എന്നു വിളിക്കുന്നത്. "ഹാലാക്" എന്ന ഹീബ്രു പദത്തിന് "നടക്കുക" എന്ന അർത്ഥമാണുള്ളത്. ദൈവഹിതത്തിനനുസരിച്ചു നടക്കാനുള്ള, ജീവിക്കാനുള്ള നിയമങ്ങളാണ് ഹാലാക്കായിൽ ആഖ്യാനം ചെയ്യുന്നത്.

ഹഗ്ഗാദാ എന്ന പദം "നഗദ്" എന്ന ഹീബ്രുപദത്തിൽനിന്നാണ് ഉൽഭവിച്ചത് (പ്രഘോഷിക്കുക, പറയുക, സാക്ഷ്യപ്പെടുത്തുക, അറിയിക്കുക എന്നൊക്കെയാണ് നഗദ് എന്ന പദത്തിന്റെ അർത്ഥം). പഴയനിയമത്തിലെ തോറാ ഒഴിച്ചുള്ള പ്രവാചകഗ്രന്ഥങ്ങളും വിജ്ഞാനഗ്രന്ഥങ്ങളുമാണ് ഹഗ്ഗാദായിൽ ആഖ്യാനം ചെയ്യുന്നത്.

www.malankaralibrary.com



ഈ ആഖ്യാനത്തിന്റെ ആത്യന്തിക ലക്ഷ്യമാകട്ടെ ധാർമ്മികതയെ ക്കുറിച്ചുള്ള ശരിയായ ദിശാബോധം നൽകുക എന്നതാണ്.

പുതിയനിയമത്തിലും മിദ്രാഷ് ശൈലിയിലുള്ള വ്യാഖ്യാനങ്ങൾ കണ്ടെത്താനാവും. ഹെബ്രായർക്കുള്ള ലേഖനം മിദ്രാഷ് ശൈലി യിലുള്ള വ്യാഖ്യാനമാണ്. യേശു മോശയേക്കാൾ വലിയവനാ ണെന്നും (ഹെബ്രാ 4), യേശു ശ്രേഷ്ഠനായ മഹാപുരോഹിതനാ ണെന്നും (ഹെബ്രാ 4-8), സ്വർഗ്ഗീയവും ഭൗമീകവുമായ ബലികളു ണ്ടെന്നും (ഹെബ്രാ 9), യഹൂദനിയമം കേവലം പ്രതീകാത്മകം മാത്രമാണെന്നും (ഹെബ്രാ 10:1) വ്യാഖ്യാനിക്കുന്ന ലേഖനകർത്താ വിന്റെ ആഖ്യാനശൈലി മിദ്രാഷ് ആഖ്യാനശൈലിക്ക് ഉത്തമ ഉദാഹ രണമാണ്.

### 3. പെഷാറിം (Pesharim വ്യാഖ്യാനങ്ങൾ)

ഖുംറാൻ സമൂഹത്തിൽ നിലവിലിരുന്ന ബൈബിൾ വ്യാഖ്യാന രീതിയാണിത്. വി. ഗ്രന്ഥപുസ്തകങ്ങളുടെ പദാനുപദ വ്യാഖ്യാന മാണ് ഈ വ്യാഖ്യാന ശൈലിയുടെ സവിശേഷത. വ്യാഖ്യാനങ്ങൾ പലപ്പോഴും പ്രതീകാത്മകമാണ്. "പെഷാറിം" എന്ന ഹീബ്രു വാക്കിന് വ്യാഖ്യാനങ്ങൾ, വിശദീകരണങ്ങൾ എന്നൊക്കെയാണ് അർത്ഥം. ബൈബിളിൽ ഒരു തവണ മാത്രമേ ഈ പദം ഉപയോഗി ച്ചിട്ടുള്ളൂ (പ്രഭാ 8:1). ഖുംറാൻ ചുരുളുകൾ കണ്ടെത്തുന്നതുവരെ (1947) ഈ യഹൂദ വ്യാഖ്യാന ശൈലിയെക്കുറിച്ച് നമുക്ക് അറിവു ണ്ടായിരുന്നില്ല. വി. ഗ്രന്ഥത്തിലെ വിവരണങ്ങളുടെ ആനുകാലിക പ്രസക്തിയും അവയുടെ പൂർത്തീകരണവുമാണ് ഈ വ്യാഖ്യാന ശൈലിയുടെ ഇതിവൃത്തം.

പെഷാർ (പെഷാറീം എന്നത് ബഹുവചനരൂപമാണ്) എന്ന പദം നാല് അർത്ഥത്തിൽ ഉപയോഗിക്കാറുണ്ട്.

1. ഖുംറാൻ സമൂഹത്തിന്റെ ബൈബിൾ വ്യാഖ്യാനശൈലി.
2. ഖുംറാൻ സമൂഹം രചിച്ചിട്ടുള്ള ബൈബിൾ വ്യാഖ്യാന ഗ്രന്ഥ ങ്ങൾ (ഉദാ: ഏശയ്യായുടെ പുസ്തകത്തിന്റെ പെഷേർ).
3. പദാനുപദം വ്യാഖ്യാനിക്കുന്ന ബൈബിൾ വിശദീകരണ ശൈലി എന്ന പൊതു അർത്ഥത്തിൽ ഖുംറാൻ സമൂഹവു മായി ബന്ധപ്പെടുത്താതെയും ഈ പദം ഉപയോഗിക്കാറുണ്ട്.
4. പദാനുപദം വി.ഗ്രന്ഥത്തെ പ്രതീകാത്മകമായി വ്യാഖ്യാനി ക്കുന്ന സാഹിത്യ രീതിയും (literary genere) ഇതേ പേരിൽ തന്നെയാണ് അറിയപ്പെടുന്നത്.

www.malankaralibrary.com



## പുതിയനിയമവും പഴയനിയമവ്യാഖ്യാനവും

ക്രിസ്തീയ വീക്ഷണത്തിൽ ചിന്തിക്കുമ്പോൾ പഴയനിയമത്തിന്റെ യഥാർത്ഥവും പൂർണ്ണവുമായ വ്യാഖ്യാനം പുതിയനിയമമാണ്. പഴയനിയമത്തിലെ വിവരണങ്ങളുടെ യഥാർത്ഥ അർത്ഥം പുതിയനിയമത്തിലെ യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിലേ മനസ്സിലാക്കാനാവൂ. ദൈവത്തെ ആരും കണ്ടിട്ടില്ലാത്തതിനാൽ (യോഹ 1:18) ദൈവത്തെ കണ്ടവനും ദൈവവുമായി സത്തയിൽ ഏകനുമായ യേശുവാണ് ദൈവിക രഹസ്യങ്ങളുടെ ഏറ്റവും ആധികാരികമായ വ്യാഖ്യാതാവ്. "മോശ മുതൽ സകല പ്രവാചകന്മാരും തന്നെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ" യേശു എമ്മാവൂസ് യാത്രയിൽ ശിഷ്യന്മാർക്കു വ്യാഖ്യാനിച്ചു കൊടുത്തതായി സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നുണ്ട് (ലൂക്കാ 24:27). യേശു പഴയനിയമ വചനത്തിന്റെ കേവലം വ്യാഖ്യാതാവു മാത്രമല്ല; കാരണം, പഴയനിയമം തന്നെക്കുറിച്ചാണു പറയുന്നത് എന്നതിനാൽ പഴയനിയമവചനങ്ങളുടെ ആഴമേറിയ അർത്ഥതലങ്ങൾ വെളിപ്പെടുത്താൻ അവിടുത്തേക്ക് കഴിഞ്ഞു (യോഹ 5:39,46). പഴയനിയമത്തിന്റെ പൂർത്തീകരണമാണ് ക്രിസ്തു (യോഹ 19:28-30). യേശുവിന്റെ പ്രബോധനങ്ങളുടെ ആധികാരികതയ്ക്കും (മർക്കോ 1:22) നവീനതയ്ക്കും (മർക്കോ 1:27) കാരണം അവിടുന്ന് പഴയനിയമത്തിന്റെ പൂർത്തീകരണമാണ് എന്ന സത്യമാണ്.

സമകാലീന യഹൂദസമൂഹത്തിന്റെ വ്യാഖ്യാനശൈലികളാണ് യേശുവും ഉപയോഗിച്ചിരുന്നത്. വിവാഹമോചനത്തെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ ഉൽപ 2:24 ന്റെ ഹാലാക്കാഹ് വ്യാഖ്യാനശൈലിയാണ് യേശു അവലംബിക്കുന്നത് (മത്താ 19:6). പുനരുത്ഥാനത്തെക്കുറിച്ചുള്ള തർക്കത്തിനു പരിഹാരം നിർദ്ദേശിക്കുമ്പോൾ പുറ 3:6 ന്റെ ഹഗ്ഗാദാ ആഖ്യാനമാണ് അവലംബമാക്കുന്നത്. റബ്ബിമാർ ഉപയോഗിക്കുന്ന വാദപ്രതിവാദശൈലിയും യേശു വചനവ്യാഖ്യാനത്തിന് ഉപയോഗിച്ചിരുന്നു (ഉദാ: യോഹ 10:34-36).

### ആദിമസഭയുടെ വ്യാഖ്യാനരീതികൾ

പഴയനിയമത്തിന്റെ പൂർത്തീകരണം ക്രിസ്തു ആയതിനാൽ പുതിയനിയമം പഴയനിയമത്തിന്റെ തുടർച്ചയാണെന്ന് ആദിമസഭ കരുതി. യഹൂദമതവും ക്രിസ്തുമതവും തമ്മിലുള്ള ഭിന്നത രൂക്ഷമായപ്പോഴും യഹൂദരുടെ സിനഗോഗുകളിൽനിന്ന് ക്രൈസ്തവർ പുറത്താക്കപ്പെട്ടശേഷവും യഹൂദരുടെ മതഗ്രന്ഥങ്ങളായ പഴയനിയമം ക്രൈസ്തവരുടെ വിശുദ്ധഗ്രന്ഥമായി തുടരാൻ കാരണമിതാണ്.

www.malankaralibrary.com



ആദിമസഭയുടെ വ്യാഖ്യാനശൈലി മാനുഷികതയുടെ ത്രിവിധ മാനങ്ങളെയും ഉൾക്കൊള്ളുന്നതായിരുന്നു. വചനത്തിന്റെ പ്രത്യ ക്ഷവും വാച്യവുമായ അർത്ഥം കണ്ടെത്തുക എന്നതായിരുന്നു ആദ്യപടി (literal sense). കാണുക, കേൾക്കുക തുടങ്ങിയ പഞ്ചേ ന്ദ്രിയ മാധ്യമങ്ങളിലൂടെയാണ് വാച്യാർത്ഥം ഗ്രഹിക്കുന്നത്. കേട്ട വയെ യുക്തിവിചാരത്തിനു വിധേയമാക്കി അവയുടെ പ്രായോ ഗിക അർത്ഥം ഗ്രഹിക്കുന്ന ധാർമ്മികതലമാണ് (Moral Sense) രണ്ടാമത്തേത്. ഈ തലത്തിൽ ബൗദ്ധിക വിചിന്തനമാണ് വ്യാഖ്യാ നത്തിന്റെ മുഖ്യപ്രേരകം. മൂന്നാമത്തെ തലം ആത്മീയതലമാണ് (spiritual sense). കേട്ടതും ചിന്തിച്ചതുമായ വചനങ്ങളിലെ ആധ്യാ ത്മിക-അർത്ഥതലങ്ങൾ ഗ്രഹിക്കുക എന്നതാണ് ഈ തലത്തിന്റെ ലക്ഷ്യം. ഇത് പൂർണ്ണമായും മാനുഷികമായ പ്രവൃത്തിയല്ല. വചന ത്തിന്റെ ആധ്യാത്മിക തലം പൂർണ്ണമായി ഗ്രഹിക്കാൻ ദൈവാത്മാ വിന്റെ പ്രചോദനം ആവശ്യമാണ്. വചനവ്യാഖ്യാനം അതിന്റെ പൂർണ്ണാർത്ഥത്തിൽ ദൈവനിവേശിതമാണെന്നു വ്യക്തം. വചന ഗ്രന്ഥങ്ങളുടെ രൂപീകരണത്തിൽ നിർണ്ണായകമായി ഇടപെട്ട പരി ശുദ്ധാത്മാവ് തന്നെയാണ് തിരുവചനങ്ങളുടെ യഥാർത്ഥ അർത്ഥ വ്യാഖ്യാനം നൽകുന്നത് എന്ന് ആദിമ സഭ കരുതിയിരുന്നു.

വചനവ്യാഖ്യാനത്തിന്റെ മേൽപറഞ്ഞ മൂന്നുതലങ്ങളെ ജറു സലേം ദേവാലയത്തിന്റെ മൂന്നു ഭാഗങ്ങളോട് താരതമ്യം ചെയ്യാം. ദേവാലയത്തിന്റെ പുറംമോടിയും ഗാംഭീര്യവും വ്യക്തമാക്കുന്ന പൂമുഖം പഞ്ചേന്ദ്രിയങ്ങളുടെ തലമാണ്. പ്രത്യക്ഷത്തിൽ കാണു കയും കേൾക്കുകയും ചെയ്യുന്നവയാണ് ഇവിടെ അർത്ഥ വ്യാഖ്യാനം നൽകുന്നത്. ദേവാലയത്തിനുള്ളിൽ പ്രവേശിക്കു മ്പോൾ പ്രശാന്തതയും വിചിന്തനാഭിമുഖ്യവും ജനിക്കുന്നു. ജീവി തത്തെ വചനത്തിന്റെ വെളിച്ചത്തിൽ വിചിന്തന വിധേയമാക്കുകയും തിരുത്തേണ്ടവ തിരുത്തുകയും ചെയ്യുന്ന തലമാണിത്. വചനാധി ഷ്ഠിത യുക്തിവിചിന്തനം ധാർമ്മികതയിലേക്ക് വഴി നടത്താൻ സഹായകമാണ്. ദേവാലയത്തിന്റെ മൂന്നാം ഭാഗം വിശുദ്ധിയുടെ അതിവിശുദ്ധ സ്ഥലമാണ് (Holy of Holies). ദൈവിക സത്യങ്ങൾ നിഗൂഢമായിരിക്കുന്ന ഈ തലം തികച്ചും ആത്മീയമാണ്. ഇത് എപ്പോഴും തുറക്കാറില്ല, എല്ലാവർക്കും സംപ്രാപ്യവുമല്ല. ഇവിടെ പ്രവേശിക്കാൻ വേണ്ടത്ര ഒരുക്കവും വിശുദ്ധീകരണവും ആവശ്യ മാണ്. ദൈവവചനത്തിന്റെ അർത്ഥ തലങ്ങളും ഇതുപോലെയാ ണ്. വാച്യാർത്ഥം ഗ്രഹിക്കുന്ന പൂമുഖം സകലർക്കും പ്രവേശന മുള്ള തലമാണ്. വിശ്വാസിക്കും അവിശ്വാസിക്കും ഇവിടെ പ്രവേ ശിക്കാം. മാനസിക മനനത്തിന്റെ തലമായ ദേവാലയത്തിനുൾവശം

www.malankaralibrary.com



കുറേക്കൂടി ദൈവാഭിമുഖ്യമുള്ളവർക്കും ശാന്തതയെ സ്നേഹിക്കുന്നവർക്കുമുള്ളതാണ്. വചനം ബൗദ്ധിക മനനത്തിലൂടെ ഗ്രഹിക്കുന്ന തലമാണിത്. വിശുദ്ധിയുടെ അതിവിശുദ്ധതലം പോലെയാണ് വചനവ്യാഖ്യാനത്തിന്റെ മൂന്നാംതലം. അഗാധമായ വിശ്വാസത്തോടും വിനയത്തോടും വിശുദ്ധിയോടുംകൂടെ നാം വ്യാപരിക്കുമ്പോൾ ദൈവം അനാവരണം ചെയ്തു തരുന്ന ആത്മീയതയുടെ തലമാണിത്. ദൈവാനുഭവത്തിന്റെ മൂന്നു തലങ്ങളായി വി.അമ്മത്രേസ്യ പരിചയപ്പെടുത്തുന്ന ശ്രവണതലം (informative), മനനതലം (meditative level), പ്രകാശതലം (illuminative level) എന്നിവയെ ഇതോടു ചേർത്തുവച്ച് ഗ്രഹിക്കേണ്ടതാണ്.

ആദിമസഭയിലെ വ്യത്യസ്തങ്ങളായ വിശുദ്ധഗ്രന്ഥ വ്യാഖ്യാനശൈലികൾ ചുരുക്കത്തിൽ ചുവടെ ചേർക്കുന്നു.

**1. പ്രതിരൂപാത്മക വ്യാഖ്യാനം (Typological interpretation):** പഴയനിയമത്തിലെ വ്യക്തികളെയും സംഭവങ്ങളെയും പുതിയനിയമവ്യക്തികളുടെയും യാഥാർത്ഥ്യങ്ങളുടെയും പ്രതിരൂപങ്ങളായി അവതരിപ്പിക്കുന്ന വ്യാഖ്യാനശൈലി. ഉദാഹരണമായി മോശയെ ക്രിസ്തുവിന്റെ പ്രതിരൂപമായും നോഹയുടെ പെട്ടകത്തെ സഭയുടെ പ്രതിരൂപമായും അവതരിപ്പിക്കുന്ന രീതി പുതിയനിയമത്തിൽ തന്നെയുണ്ട് (റോമ 5:14; 1 കോറി 10:6;1പത്രോ 3:22).

**2. രൂപകാത്മക വ്യാഖ്യാനം (Allegorical interpretation):** പ്രത്യക്ഷവായനയിൽ ലഭിക്കുന്നതിൽനിന്നും ഉപരിയായ അർത്ഥത്തിനു വേണ്ടിയുള്ള അന്വേഷണമാണ് ഈ വ്യാഖ്യാനത്തിന്റെ കാതൽ. സഭാപിതാവായ ഒരിജനാണ് (AD 185-254) ഈ വ്യാഖ്യാന ശൈലിയുടെ ഉപജ്ഞാതാവായി കരുതപ്പെടുന്നത്. പിന്നീട് വി. ആഗസ്തീനോസും (AD 354-430) ഈ വ്യാഖ്യാന ശൈലി പിന്തുടർന്നു. നല്ല സമരിയാക്കാരന്റെ ഉപമയുടെ രൂപകാത്മക വ്യാഖ്യാനം ശ്രദ്ധിക്കുക.

1. ഒരു മനുഷ്യൻ = മനുഷ്യൻ (Hebrew-Adam) ആദ്യ മനുഷ്യനായ ആദത്തെ സൂചിപ്പിക്കുന്നു.
2. ജറുസലേമിൽനിന്ന് ജറീക്കോയിലേക്ക് പോയി = പറുദീസായിൽനിന്ന് നാശത്തിലേക്കു പോയി.
3. അയാൾ കള്ളന്മാരുടെ കയ്യിലകപ്പെട്ടു = ആദം പിശാചുക്കളുടെ കെണിയിൽപെട്ടു.
4. വസ്ത്രം ഉരിഞ്ഞെടുത്തു = ആദത്തിന്റെ വസ്ത്രം അവന്റെ പുണ്യമായിരുന്നു. പാപത്തിലൂടെ അതു നഷ്ടമായി.

www.malankaralibrary.com



5. മുറിവേൽപ്പിച്ചു = എല്ലാ പാപവും പ്രസാദവരം നിഷേധിക്കുന്നു.
6. അർദ്ധപ്രാണനാക്കി = പാപംമൂലം ആദം പൂർണ്ണമായി മരിച്ചില്ല എന്നാൽ ദൈവിക ജീവൻ നഷ്ടമായി.
7. അതുവഴി വന്ന പുരോഹിതൻ = അഹറോന്റെ പൗരോഹിത്യത്തിന്റെ പ്രതീകം
8. അതുവഴി വന്ന ലേവായൻ = പഴയനിയമത്തിലെ പ്രയോജനരഹിതമായ നിയമ സംഹിതകൾ.
9. നല്ല സമരിയാക്കാരൻ = യേശു
10. വീഞ്ഞ് = വി. കുർബ്ബാന
11. തൈലം = പരിശുദ്ധാത്മാവ്
12. കഴുത = മാലാഖാമാർ
13. രണ്ടു ദനാറ = പഴയനിയമവും പുതിയനിയമവും
14. സത്രം സൂക്ഷിപ്പുകാരന് കൊടുത്തു = വചനം ഭരമേൽപ്പിച്ചത് സഭയെയാണ്.
15. അവന്റെ കാര്യം നോക്കുക = സഭയ്ക്കുള്ള മിശിഹായുടെ ദൗത്യകല്പന
16. വീണ്ടും വരുമ്പോൾ............ = യേശുവിന്റെ രണ്ടാമത്ത ആഗമനം. പദാനുപദം ആത്മീയാർത്ഥം തേടുന്ന ഇത്തരം വ്യാഖ്യാനങ്ങൾ ഗ്രന്ഥകർത്താവ് ലക്ഷ്യമാക്കിയ അർത്ഥത്തിന് പലപ്പോഴും പ്രാധാന്യം നൽകുന്നില്ല.

**3. ബോധനാത്മകവ്യാഖ്യാനം (Pedagogical interpretation)** വിശ്വാസ സത്യങ്ങളെക്കുറിച്ചുള്ള ബോധനം നൽകുന്ന വ്യാഖ്യാനമാണിത്. ആദിമസഭയിൽ അനുവർത്തിച്ചിരുന്ന അപ്പം മുറിക്കൽ ശുശ്രൂഷയുടെയും അവിടെ മുറിക്കപ്പെട്ട അപ്പം പ്രതിനിധാനം ചെയ്യുന്ന ദൈവിക സത്യത്തേയുംകുറിച്ചുള്ള ബോധനാത്മക വ്യാഖ്യാനമാണ് യോഹ 6:31-65 ൽ കാണുന്നത്. വി.കുർബ്ബാനയുടെ ആധികാരിക വ്യാഖ്യാനമായി മാറിയതും ഈ വചനഭാഗമാണ്.

**4. പൂർത്തീകരണ വ്യാഖ്യാനം (fulfilment interpretation)** പഴയനിയമത്തിലെ സംഭവങ്ങളുടെയും പ്രവചനങ്ങളുടെയും പൂർത്തീകരണമായി പുതിയനിയമസംഭവങ്ങളെ വ്യാഖ്യാനിക്കുന്ന ശൈലിയാണിത് (ഉദാ: യോഹ 19:35-37).

**5. രക്ഷാകരചരിത്ര വ്യാഖ്യാനം (Historical salvific interpretation)** രക്ഷയോടനുബന്ധിച്ചു സംഭവിക്കുന്നവയെ എല്ലാം ദൈവത്തിന്റെ അനാദിയിലേയുള്ള പദ്ധതിയുടെ ഭാഗമായി മനസ്സിലാക്കുകയും വിശദീകരിക്കുകയും ചെയ്യുന്ന ആഖ്യാന ശൈലിയാ

www.malankaralibrary.com



ണിത്. റോമ 9 മുതൽ 11 വരെ അധ്യായങ്ങളിൽ വിജാതീയരുടെ രക്ഷ ദൈവത്തിന്റെ അനാദിമുതലേയുള്ള രക്ഷാകര പദ്ധതിയുടെ ഭാഗമാണെന്ന് വി. പൗലോസ് സ്ഥാപിക്കുന്നത് ഇതിനുദാഹരണ മാണ്.

**6. വെളിപാട് വ്യാഖ്യാനം (Apocalyptic interprefation)** പഴയനിയമത്തിൽ പ്രചാരത്തിലുണ്ടായിരുന്ന യുഗാന്ത്യവിവരണത്തിനായുള്ള വെളിപാടു ശൈലി (ദാനിയേൽ) ഉപയോഗിച്ചുകൊണ്ട് ഉത്ഥിതനായ ക്രിസ്തുവിനെ കേന്ദ്രീകരിച്ച് യുഗാന്ത്യദർശനം അവതരിപ്പിക്കുന്ന ആഖ്യാനശൈലിയാണിത് (ഉദാ: വെളിപാടു ഗ്രന്ഥം).

**7. വിശ്വാസസംരക്ഷണ വ്യാഖ്യാനം (Apologitic interpretation)** സത്യവിശ്വാസത്തിനു വിരുദ്ധമായി രംഗപ്രവേശം ചെയ്ത പാഷണ്ഡതകളെ തിരുത്തുകയും അവയുടെ ആശയങ്ങളിലെ പൊള്ളത്തരങ്ങൾ വിശ്വാസികളെ ബോധ്യപ്പെടുത്തുകയുമാണ് ഈ വ്യാഖ്യാനശൈലിയുടെ ലക്ഷ്യം.

## വചനവ്യാഖ്യാന കേന്ദ്രങ്ങൾ

വിശുദ്ധ ഗ്രന്ഥവ്യാഖ്യാനത്തിൽ നിയതമായ സംഭാവനകൾ നൽകിയ രണ്ടു ദൈവശാസ്ത്ര കേന്ദ്രങ്ങൾ അലക്സാണ്ട്രിയായിലെയും അന്ത്യോക്യായിലെയും പഠനകേന്ദ്രങ്ങളാണ്.

അലക്സാണ്ട്രിയൻ പഠനകേന്ദ്രത്തിന്റെ പിതാവായി കരുതപ്പെടുന്നത് യഹൂദതത്വചിന്തകനും പഴയനിയമത്തെ തത്വചിന്താപരമായി വ്യാഖ്യാനിക്കുന്നതിൽ അഗ്രഗണ്യനുമായിരുന്ന ഫിലോ ആണ്. അദ്ദേഹത്തിന്റെ കാലശേഷം ഈ പഠനകേന്ദ്രം ക്രൈസ്തവ ദൈവശാസ്ത്രത്തിന്റെ പരിശീലനക്കളരിയായി മാറി. ഈ സംരംഭത്തിൽ നെടുനായകത്വം വഹിച്ചത് സഭാപിതാവായ ഒരിജനാണ്. വി. ഗ്രന്ഥ വിവരണങ്ങൾക്ക് മൂന്നുതലത്തിലുള്ള അർത്ഥമാണ് അലക്സാണ്ട്രിയൻ പഠന കേന്ദ്രം കണ്ടെത്തിയത്.

1. ശാരീരിക/ വാചികതലം (somatikos)-പ്രത്യക്ഷവായനയിൽ മനസ്സിലുദിക്കുന്ന അർത്ഥം. ഈ വ്യാഖ്യാനതലം തികച്ചും ഭൗതികമാണെന്ന് കരുതപ്പെടുന്നു.
2. മാനസിക/ധാർമ്മിക തലം (Psychikos)-ശാരീരികതലത്തിൽ നിന്നും ഉയർന്ന് ദൈവവചനത്തെ ജീവിതഗന്ധിയായി മനസ്സിലാക്കുന്ന തലമാണിത്.
3. ആത്മീയതലം (Neumatikos)-ഒരു വ്യക്തി ആത്മീയവളർച്ചയിൽ പൂർണ്ണത പ്രാപിക്കുമ്പോഴാണ് ഈ അർത്ഥതലം

www.malankaralibrary.com



> സംജാതമാകുന്നത്. പഴയനിയമത്തിലെ സമസ്ത വിവരണങ്ങളേയും ക്രിസ്തു കേന്ദ്രീകൃതമായി വ്യാഖ്യാനിക്കുക എന്നത് ആത്മീയതലത്തിലെ ആഖ്യാനത്തിന്റെ സവിശേഷതയാണ്. പഴയനിയമത്തിലെ ചരിത്രവിവരണങ്ങളെല്ലാം രൂപകാത്മ (allegorical) വിശദീകരണങ്ങളാണെന്ന് ഒരിജൻ സമർത്ഥിക്കുന്നു. ഉദാഹരണമായി, സംഖ്യയുടെ പുസ്തകം 33-ാം അധ്യായത്തിൽ വിവരിക്കുന്ന ഇസ്രായേൽ ജനത്തിന്റെ മരുഭൂമിയാത്രയിലെ 30 താവളങ്ങൾ മാമ്മോദീസാ സ്വീകരിച്ച ക്രൈസ്തവന്റെ ആത്മീയ വളർച്ചയുടെ 30 തലങ്ങളാണെന്ന് ഒരിജൻ സമർത്ഥിക്കുന്നു.

രൂപകാത്മക വ്യാഖ്യാനശൈലിയിലൂടെ പഴയനിയമവും പുതിയനിയമവും തമ്മിലുള്ള അഭേദ്യബന്ധം വെളിച്ചത്തുകൊണ്ടുവരുവാൻ അലക്സാണ്ട്രിയൻ പഠനകേന്ദ്രത്തിനു കഴിഞ്ഞു. കൂടാതെ, പഴയനിയമം മുഴുവൻ ക്രിസ്തു കേന്ദ്രീകൃതമാകയാൽ പഴയനിയമഭാഗങ്ങൾ ക്രൈസ്തവരുടെ സവിശേഷമായ ആദരവിന് അർഹമാണെന്നും സ്ഥാപിക്കപ്പെട്ടു. മധ്യകാല ബൈബിൾ വ്യാഖ്യാനത്തിൽ നിർണ്ണായകസ്വാധീനം ചെലുത്തിയ നാല് അർത്ഥതലങ്ങളുടെ (four senses-വാച്യാർത്ഥം, രൂപകാർത്ഥം, പ്രതിരൂപകാർത്ഥം, യുഗാന്ത്യോന്മുഖ അർത്ഥം) പിന്നിലെ ചിന്താധാരയുടെ മുഖ്യപ്രചോദനം അലക്സാണ്ട്രിയൻ പഠന കേന്ദ്രമായിരുന്നു.

AD 394 ൽ മരണമടഞ്ഞ താർസൂസിലെ ദയദോറാണ് അന്ത്യോക്യൻ പഠനകേന്ദ്രത്തിലെ ഏറ്റവും ശ്രദ്ധേയനായ പണ്ഡിതൻ. ജോൺ ക്രിസോസ്തോം (AD 344 - 407), മൊപ്സുവെസ്തിയായിലെ തിയഡോർ (350-428) തുടങ്ങിയ സഭാപിതാക്കന്മാരും ഈ പഠന കേന്ദ്രത്തിന്റെ വക്താക്കളാണ്. അലക്സാണ്ട്രിയൻ ചിന്താരീതിയിൽ നിന്നും വ്യത്യസ്തമായി ബൈബിൾ വ്യാഖ്യാനത്തിന്റെ പ്രഥമവും പ്രധാനവുമായ തലം വാച്യാർത്ഥ (literal sense) മാണെന്ന് അന്ത്യോക്യൻ പഠനകേന്ദ്രം വാദിച്ചു. വാച്യാർത്ഥം കൂടുതൽ സ്പഷ്ടമായി ഗ്രഹിക്കുമ്പോഴാണ് വചനത്തിന്റെ ആഴമേറിയ അർത്ഥതലങ്ങൾ സ്പഷ്ടമാകുന്നത് എന്നതാണ് അലക്സാണ്ട്രിയൻ ചിന്താരീതിയുടെ മർമ്മം. വാച്യാർത്ഥ ഗ്രഹണത്തിന് സഹായകമായ ചരിത്രപരവും വ്യാകരണപരവുമായ അർത്ഥതലങ്ങൾക്കും അന്ത്യോക്യൻ ചിന്താരീതിയിൽ പ്രാധാന്യമുണ്ട്. വി. ഗ്രന്ഥത്തിന്റെ വാച്യാർത്ഥം കേവലം ഭൗതികവും ഇന്ദ്രിയപരവുമാണെന്ന ചിന്താഗതി തിരുത്തിക്കൊണ്ട് വാച്യാർത്ഥമാണ് പ്രഥമഗണനീയമായ അർത്ഥമെന്ന അന്ത്യോക്യൻ ചിന്താഗതി പിൽക്കാല

www.malankaralibrary.com



വിശുദ്ധ ഗ്രന്ഥ വ്യാഖ്യാനരീതികളെ നിർണ്ണായകമായി സ്വാധീനിച്ചിട്ടുണ്ട്. വിശുദ്ധ ഗ്രന്ഥത്തിന്റെ യഥാർത്ഥ അർത്ഥം കണ്ടെത്തേണ്ടത് വായിച്ച വാക്കുകളിലും വരികളിലും തന്നെയായിരിക്കണമെന്നും അതിനുശേഷം മാത്രമേ ധാർമ്മികവും ആത്മീയവുമായ അർത്ഥതലങ്ങൾ തേടേണ്ടതുള്ളൂ എന്നും അന്ത്യോക്യൻ ചിന്താരീതി ഊന്നിപ്പറയുന്നു. വി.ഗ്രന്ഥ വ്യാഖ്യാനത്തിന് ചരിത്രത്തിലും ഭാഷാശാസ്ത്രത്തിലും അധിഷ്ഠിതമായ ശാസ്ത്രീയമായ അടിത്തറ പാകിയത് അന്ത്യോക്യൻ പഠനകേന്ദ്രമായിരുന്നു.

## ബൈബിൾ വ്യാഖ്യാനം - മധ്യശതകത്തിൽ

1282-ൽ മരണമടഞ്ഞ ദാസിയായിലെ വി.അഗസ്റ്റിൻ സഭാപിതാക്കന്മാരുടെ പഠനങ്ങളെ ആധാരമാക്കി ബൈബിൾ വ്യാഖ്യാനത്തിന്റെ നാല് അർത്ഥതലങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് എഴുതിയ ശ്ലോകം വിഖ്യാതമാണ്.

litera gesta docet
quid credas allegoria
moralis quid agas
quo tendas (quid speras) anagogia

(വാച്യാർത്ഥം യാഥാർത്ഥ്യം വെളിവാക്കുന്നു. രൂപകാർത്ഥം വിശ്വസിക്കേണ്ടതെന്തെന്നും ധാർമ്മികാർത്ഥം എന്തു ചെയ്യണമെന്നും എന്തിനുവേണ്ടി ശ്രമിക്കണമെന്നും യുഗാന്ത്യോന്മുഖ അർത്ഥം അന്തിമ ലക്ഷ്യമെന്തെന്നും വ്യക്തമാക്കുന്നു.

നാല് അർത്ഥതലങ്ങൾ വിശദീകരിക്കാൻ ജറുസലേം എന്ന ബൈബിൾ സംജ്ഞയെ ഉദാഹരണമായെടുക്കാം.

**വാച്യാർത്ഥം (Storia)** - ദാവീദു രാജാവ് പണികഴിപ്പിച്ചതും ഇസ്രായേലിന്റെയും പിന്നീട് യൂദയായുടെയും തലസ്ഥാനമായിരുന്ന ചരിത്രനഗരം.

**രൂപകാത്മക അർത്ഥം (allegoria)** ജറുസലേം നഗരം സഭയുടെ പ്രതീകമാണ്. ജറുസലേം ദൈവത്തിന്റെ വാസസ്ഥലമായ പട്ടണമായിരുന്നതുപോലെ പുതിയ ജറുസലേമായ സഭയിലാണ് ദൈവം വസിക്കുന്നത്.

**ധാർമ്മിക അർത്ഥം (topologia)** ജറുസലേം എന്നത് മനുഷ്യാത്മാവിന്റെ പ്രതീകമാണ്. തിന്മകളാൽ അശുദ്ധമാക്കപ്പെട്ട നഗരം അഗ്നിക്കും പ്രവാസത്തിനും ഇരയായതുപോലെ പാപത്തിൽ നിവസിക്കുന്ന ആത്മാക്കളും നാശത്തിന് ഇരയായിത്തീരും.

www.malankaralibrary.com



**യുഗാന്ത്യോന്മുഖ അർത്ഥം (anagogia)** - ജറുസലേം സ്വർഗ്ഗത്തിന്റെ പ്രതീകമാണ്. സ്വർഗ്ഗീയ ജറുസലേമിനെ ലക്ഷ്യമാക്കിയാണ് വിശ്വാസി ജീവിതം നയിക്കേണ്ടത്.

## വ്യാച്യാർത്ഥം പ്രധാന അർത്ഥം:

മേൽപറഞ്ഞ നാല് അർത്ഥതലങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതും അടിസ്ഥാനപരമായതും വാച്യാർത്ഥമാണെന്ന് വി. തോമസ് അക്വീനാസ് വാദിച്ചു. മറ്റെല്ലാ അർത്ഥതലങ്ങളും വാച്യാർത്ഥത്തിൽനിന്ന് ഉത്ഭവിക്കുന്നവയാണെന്നും അവയെ അവഗണിക്കാവുന്നതാണെന്നും അക്വീനാസ് സമർത്ഥിച്ചു. വാച്യാർത്ഥം എന്നതിലൂടെ ഗ്രന്ഥകർത്താവിന്റെ വാക്കുകൾ (literale verba) പകരുന്ന അർത്ഥം എന്നാണ് വിവക്ഷിക്കുന്നത്. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ, ഗ്രന്ഥകർത്താവ് കൈമാറാനാഗ്രഹിച്ച അർത്ഥമെന്തോ അതിനെയാണ് വാച്യാർത്ഥം എന്നതിലൂടെ അർത്ഥമാക്കുന്നത്. എന്നാൽ ചില ഗ്രന്ഥങ്ങളുടെ രചനയിൽ അനേകം രചയിതാക്കളോ, സംശോധകരോ ഇടപെട്ടിട്ടുണ്ട്. ഉദാഹരണമായി, ഏശയ്യാ എന്ന പേരിലുള്ള കാനോനിക ഗ്രന്ഥത്തിന്റെ രചനയ്ക്കു പിന്നിൽ അനേകരുടെ കരങ്ങളും ഇരുനൂറിലേറെ വർഷങ്ങളുമുണ്ടായിരുന്നു എന്ന് വ്യക്തമാണ്. ഇത്തരം സന്ദർഭങ്ങളിൽ ഓരോ രചയിതാവും സംശോധകനും ഉദ്ദേശിച്ച അർത്ഥങ്ങൾ വ്യതിരിക്തമായി തന്നെ ഗ്രഹിക്കുമ്പോഴേ പ്രസ്തുത രചനകളുടെ വാച്യാർത്ഥം പൂർണ്ണമാവുകയുള്ളൂ.

"ഗ്രന്ഥകർത്താവ്" എന്ന പദവും വിശദീകരണം അർഹിക്കുന്നുണ്ട്. പല കാനോനികഗ്രന്ഥങ്ങളുടെയും രചയിതാക്കൾ അജ്ഞാതരാണ്. പേരുവച്ച് എഴുതിയിട്ടുള്ളവയുടെ ഗ്രന്ഥകർത്താക്കളെക്കുറിച്ചും നമുക്ക് കാര്യമായി അറിവൊന്നുമില്ല. തന്നെയുമല്ല, പല കൃതികളും അനേകം തലമുറകളിലൂടെ കൈമാറിയും കൂട്ടിച്ചേർക്കപ്പെട്ടും നിയതരൂപം പ്രാപിച്ചവയാണ്. വാച്യാർത്ഥം എന്നതിലൂടെ, ഓരോ എഴുത്തുകാരനും ഒരു വചനഭാഗം ഏതൊരു സമൂഹത്തെ മനസ്സിൽ കണ്ടുകൊണ്ട് എഴുതിയോ പ്രസ്തുത സമൂഹം ആ വചനഭാഗം എപ്രകാരം ഗ്രഹിക്കണമെന്ന് കരുതി എന്നതാണ് വാച്യാർത്ഥത്തിന്റെ അന്തഃസ്സത്ത. ഉദാഹരണമായി, യേശു പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്ന ഒരു സുവിശേഷവചനത്തിന്റെ വാച്യാർത്ഥം എന്നത് യേശു ഏത് അർത്ഥത്തിൽ പ്രസ്തുത വചനം പറഞ്ഞു എന്ന് അത് രേഖപ്പെടുത്തിയ സുവിശേഷകൻ മനസ്സിൽ കരുതുന്നുവോ അതാണ്.

www.malankaralibrary.com



ഉദാഹരണമായി, "ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്ര ഹിക്കുന്നുവെങ്കിൽ അവൻ സ്വന്തം കുരിശുമെടുത്ത് എന്നെ അനു ഗമിക്കട്ടെ" എന്ന ക്രിസ്തുവചനം ക്രിസ്തു അരുളിചെയ്തത് ഒരു പക്ഷേ, സകല ക്രൈസ്തവരും അനുഭവിക്കാനിടയുള്ള ശിഷ്യത്വ ത്തിന്റെ ജീവിത ക്ലേശങ്ങളെക്കുറിച്ചാകാം. എന്നാൽ, വി. മർക്കോസ് ഈ വചനം രേഖപ്പെടുത്തുന്നത് നീറോയുടെ മതമർദ്ദനകാലത്ത് സ്വന്തം കഴുമരമായി കുരിശും ചുമന്നു പോകുന്ന മർദ്ദിത ക്രിസ്ത്യാ നികളെ മുന്നിൽ കണ്ടുകൊണ്ടാണ്. മർക്കോസിന്റെ സുവിശേഷ ത്തിലെ പ്രസ്തുത വചനത്തിന്റെ വാച്യാർത്ഥം ഗ്രഹിക്കണമെങ്കിൽ സുവിശേഷകന്റെ മതമർദ്ദന പശ്ചാത്തലംകൂടി പരിഗണിക്കണ മെന്നു സാരം. അതായത് വാച്യാർത്ഥം എന്നത് കേവലം നിഘണ്ടു ഉപയോഗിച്ചുകൊണ്ടുള്ള അർത്ഥവ്യാഖ്യാനമല്ല എന്നു മനസ്സിലാ ക്കണം. ഗ്രന്ഥകർത്താവിന്റെയും ഗ്രന്ഥത്തിന്റെ പ്രഥമ വായനക്കാ രുടെയും ചരിത്രപരവും മതപരവും സാംസ്കാരികവുമായ സമസ്ത പശ്ചാത്തലങ്ങളും പരിഗണിച്ചുകൊണ്ടു മാത്രമേ വാച്യാർത്ഥം ഗ്രഹി ക്കാനാവൂകയുള്ളൂ.

വാച്യാർത്ഥം എന്നതിലൂടെ കേവലം ഒരേ ഒരു അർത്ഥം മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ എന്നു ശഠിക്കേണ്ടതില്ല. താൻ എഴുതുന്ന വാക്യങ്ങളുടെ പ്രത്യക്ഷവും പരോക്ഷവുമായ അർത്ഥങ്ങൾ ഗ്രന്ഥ കർത്താവ് ലക്ഷ്യമാക്കിയിട്ടുണ്ടാകാം. ഇത്തരം സാഹചര്യങ്ങളിൽ ഈ രണ്ട് അർത്ഥങ്ങളും വാച്യാർത്ഥങ്ങളായി പരിഗണിക്കപ്പെട ണം. ഉദാഹരണമായി, "എനിക്കു ദാഹിക്കുന്നു" (യോഹ 19:28) എന്ന വചനത്തിൽ ശാരീരികവും ആത്മീയവുമായ ദാഹത്തെക്കു റിച്ചുള്ള വിവക്ഷ ഗ്രന്ഥകാരൻ ഉദ്ദേശിക്കുന്നുണ്ടാവാം. "അവൻ ആത്മാവിനെ നൽകി" (യോഹ 19:30) എന്ന വചനം പ്രത്യക്ഷ ത്തിൽ യേശുവിന്റെ മരണത്തെ സൂചിപ്പിക്കുന്നു. എന്നാൽ, പരോ ക്ഷമായി തന്റെ മരണത്തിലൂടെ അവിടുന്ന് സഭയ്ക്ക് (കുരിശിൻ ചുവട്ടിലെ മറിയവും യോഹന്നാനും) പരിശുദ്ധാത്മാവിനെ നൽകി എന്ന അർത്ഥത്തിലും ഈ വചനത്തെ വ്യാഖ്യാനിക്കാം. വാച്യാർത്ഥവും വ്യംഗ്യാർത്ഥവും (രൂപകാത്മകം, പ്രതിരൂപാത്മകം etc.) ഒന്നായിത്തീരുന്ന സന്ദർഭങ്ങളാണിവ.

മാനുഷികമായ വചനങ്ങൾക്ക് അതു പറയുന്ന വ്യക്തി ഉദ്ദേശി ക്കുന്നതിനുപരിയായ അർത്ഥം ദൈവനിവേശനത്തിലൂടെ കൈവ രിക്കാനും ഇടയുണ്ട്. ഉദാഹരണമായി "എല്ലാവരും നശിക്കാതിരി ക്കാൻ ഒരുവൻ നശിക്കുന്നത് നല്ലതാണ്" (യോഹ 11:50) എന്ന കയ്യാഫാസിന്റെ പ്രഖ്യാപനത്തിന്റെ അന്തസ്സത്ത റോമൻ ആക്രമണം

www.malankaralibrary.com



ഒഴിവാക്കാൻ യേശു മരിക്കണം എന്ന രാഷ്ട്രീയ കാരണമാണ്. എന്നാൽ സുവിശേഷകൻ ലോകരക്ഷയ്ക്കായുള്ള യേശുവിന്റെ മരണത്തിന്റെ ദൈവികമായ കാരണമാണ് ഈ വരികളിൽ വായിക്കുന്നത് (11:51-52). ഇത്തരം സാഹചര്യങ്ങളിൽ രണ്ട് അർത്ഥതലങ്ങളും വാച്യാർത്ഥത്തിന്റെ ഭാഗമാണ്. ഇതിനു സമാനമായി പഴയനിയമത്തിലെ "രാജകീയ സങ്കീർത്തങ്ങൾ" പഴയനിയമ രാജാവിനെക്കുറിച്ചാണെന്ന വിശ്വാസവും പ്രസ്തുത സങ്കീർത്തനങ്ങൾ രാജഭരണത്തെക്കുറിച്ചുള്ള ദൈവത്തിന്റെ സ്വപ്നങ്ങളാണെന്ന വ്യാഖ്യാനവും ഒരുപോലെ വാച്യാർത്ഥത്തിന്റെ ഭാഗമാണ്. തന്മൂലം പ്രസ്തുത സങ്കീർത്തനങ്ങൾ ഒരേസമയം പഴയനിയമ രാജാവിനെയും ക്രിസ്തുവിനെയും പ്രതിനിധാനം ചെയ്യുന്നു (സങ്കീ 110:1=മർക്കോ 12:35-37).

### വാച്യാർത്ഥം ഗ്രഹിക്കാനുള്ള വഴികൾ

ബൈബിൾ വ്യാഖ്യാനത്തിൽ പരമപ്രധാനമായത് വാച്യാർത്ഥമാണ് എന്ന് നാം മനസ്സിലാക്കി. എന്നാൽ, വാച്യാർത്ഥം മനസ്സിലാക്കുന്നതിന് ചില അടിസ്ഥാന വസ്തുതകളെക്കുറിച്ചുള്ള അറിവ് അനിവാര്യമാണ്.

ഒന്നാമതായി, ബൈബിൾ രൂപംകൊണ്ട കാലഘട്ടത്തെക്കുറിച്ചും ദേശത്തെക്കുറിച്ചുമുള്ള സമഗ്രമായ അറിവ് വ്യാഖ്യാതാവിന് ഉണ്ടായിരിക്കണം. രക്ഷാകര ചരിത്രം (Salvation History) എന്നത് ലോകചരിത്രവുമായി (world history) അഭേദ്യം ബന്ധപ്പെട്ടാണിരിക്കുന്നത്. ദൈവം പ്രവർത്തിക്കുന്നത് നിയതമായ സമയത്തും സാഹചര്യത്തിലും (ചരിത്രത്തിൽ) ആണ്. ദൈവം ഇടപെട്ട ചരിത്രത്തെ മനസ്സിലാക്കണമെങ്കിൽ പ്രസ്തുത ചരിത്രത്തിന്റെ ഗതിയെ നിർണ്ണയിച്ച സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ വസ്തുതകൾ ഗ്രഹിക്കണം.

രണ്ടാമതായി, വി. ഗ്രന്ഥം എഴുതപ്പെട്ട മൂലഭാഷകളിലുള്ള അവഗാഹം വ്യാഖ്യാതാവിന് അനിവാര്യമാണ്. മലയാളത്തിലെ ഒരു വിവർത്തന ഭാഗം എടുത്തുകൊണ്ട് തങ്ങളുടെ അവകാശവാദം സ്ഥാപിക്കാൻ ശ്രമിക്കുന്നവർ ഓർമ്മിക്കേണ്ട സത്യമുണ്ട്. ബൈബിൾ എഴുതപ്പെട്ടത് മലയാളത്തിലല്ല എന്ന്. ഉദാഹരണമായി, "അവൻ ഉന്നതങ്ങളിലേക്ക് ആരോഹണം ചെയ്തപ്പോൾ അനേകം തടവുകാരെ കൂടെ കൊണ്ടുപോയി" (എഫേ 4:8) എന്ന വാക്യത്തിന്റെ വിവർത്തനത്തിൽ വന്ന പിഴവിനെ ആധാരമാക്കി സ്പിരിറ്റ് ഇൻ ജീസസ് എന്ന വിഘടിത പ്രസ്ഥാനം അനേകം അബ

www.malankaralibrary.com



ദ്ധങ്ങൾ പ്രചരിപ്പിക്കുകയുണ്ടായി. ക്രിസ്തു നരകത്തിലിറങ്ങി നരകവാസികളെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോയി എന്ന അർത്ഥത്തിലാണ് ഈ വിഭാഗക്കാർ എഫേ 4:8 നെ വ്യാഖ്യാനിച്ചത്. എന്നാൽ, ഗ്രീക്കു മൂലകൃതിയിലെ അർത്ഥം ഇതിൽ നിന്നും വ്യത്യസ്തമാണ്.

യേശുവിന്റെ മഹത്വത്തിലേക്കുള്ള പ്രവേശനത്തെയാണ് അപ്പസ്തോലൻ ഇവിടെ വിവക്ഷിക്കുന്നത്. ഒരു പഴയനിയമ ഭാഗം ഉദ്ധരിച്ചുകൊണ്ട് അതിന് ആനുകാലിക വ്യാഖ്യാനം നൽകുന്ന "പെഷേർ" ശൈലിയാണ് ഇവിടെ അപ്പസ്തോലൻ ഉപയോഗിക്കുന്നത്. "ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു" എന്ന വാ. 8 ലെ പരാമർശം തുടർന്നുവരുന്ന ഭാഗം പഴയനിയമ ഉദ്ധരണിയാണെന്ന് വ്യക്തമാക്കുന്നു. സങ്കീ 68:18 ഉദ്ധരിച്ചുകൊണ്ട് (വാ.8) പൗലോസ് തുടർന്നുള്ള വാചകത്തിൽ അതിന്റെ അർത്ഥം വ്യാഖ്യാനിക്കുന്നുണ്ട്. "അവൻ ആരോഹണം ചെയ്തു എന്നതിന്റെ അർത്ഥം എന്താണ്?" എന്ന ചോദ്യം സങ്കീർത്തനഭാഗത്തിന്റെ ക്രിസ്തു സംഭവുമായി ബന്ധപ്പെട്ട അർത്ഥമാണ് തുടർന്നുപറയുന്നത് എന്ന് വ്യക്തമാക്കുന്നു. സങ്കീ 68:18 ദൈവത്തിന്റെ വിജയഘോഷയാത്രയെയാണ് വിവരിക്കുന്നത്. രാജാക്കന്മാർ വിജയഘോഷയാത്ര നടത്തുമ്പോൾ തങ്ങളുടെ മഹത്വം വെളിപ്പെടുത്താൻ തങ്ങൾ പരാജയപ്പെടുത്തിയ രാജ്യത്തിലെ പ്രജകളെ തടവുകാരായി കൂടെക്കൊണ്ടുപോകുന്ന പതിവുണ്ട്. ഈ രാഷ്ട്രീയഘോഷയാത്രാസങ്കൽപമാണ് ഇവിടുത്തെ പരാമർശത്തിനാധാരം. എന്നാൽ ക്രിസ്തു തന്റെ മഹത്വം വെളിപ്പെടുത്തിന്നതിന് തടവുകാരെയല്ല കൂടെ കൊണ്ടുപോയത്; മറിച്ച്, അവിടുന്ന് തടവറയെ തന്നെയാണ് ബന്ധിതമാക്കിയത്. "ഏക്മലോ തെവുസൻ ഐക് മലോസിയാൻ" എന്ന 8-ാം വാക്യത്തെ തടവുകാരെ കൂടെ കൊണ്ടുപോയി എന്ന അർത്ഥത്തിലുള്ള പി.ഒ.സി. വിവർത്തനം ശരിയല്ല. ചില ഇംഗ്ലീഷ് വിവർത്തനങ്ങളെ അനുകരിക്കാൻ ശ്രമിച്ചതുകൊണ്ടാവാം പി.ഒ.സി. വിവർത്തനത്തിൽ ഇപ്രകാരം ഒരു അബദ്ധം കടന്നുകൂടിയത്. NRSV ബൈബിൾ കൃത്യമായ അർത്ഥത്തിൽ ഈ വാക്യം വിവർത്തനം ചെയ്തിട്ടുണ്ട്. "He made Captivity itself a captive". അവൻ ബന്ധനാവസ്ഥയെത്തന്നെ ബന്ധനസ്ഥമാക്കി എന്നാണ് 4:8നെ വിവർത്തനം ചെയ്യേണ്ടത്. തിന്മയുടെ മൂലശക്തിയെത്തന്നെ ബന്ധിച്ചുകൊണ്ട് ക്രിസ്തു മനുഷ്യർക്ക് ദാനങ്ങൾ നൽകി. എന്നാണ് അപ്പസ്തോലൻ അർത്ഥമാക്കുന്നത്. ക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ ആരോഹണത്തിലൂടെ തിന്മയുടെ (അടിമത്തത്തിന്റെ) ശക്തികൾ തോൽപ്പിക്കപ്പെട്ടു. ക്രിസ്തുവിന്റെ സ്വർഗ്ഗപ്രവേശനത്തെക്കുറിച്ചുള്ള ഇതര വചനഭാഗങ്ങളുമായി (യോഹ.3:13;

www.malankaralibrary.com



നട 2:32-35; cf.സങ്കീ110:1) ചേർന്നുപോകുന്നതാണ് മേൽപ്പറഞ്ഞ വ്യാഖ്യാനം. തടവുകാരെ കൂടെക്കൊണ്ടുപോയി എന്ന വിവർത്തനം തെറ്റാകയാൽ അതിനെ ആധാരമാക്കി സ്പിരിറ്റ് ഇൻ ജീസസ്സ് പടുത്തുയർത്തിയിട്ടുള്ള എല്ലാ അവകാശ വാദങ്ങളും അടിസ്ഥാനമില്ലാത്തതായിത്തീരുന്നു.

വ്യാഖ്യാതാക്കൾ വ്യാഖ്യാനിക്കേണ്ടത് ദൈവനിവേശിതമായി വിരചിതമായ മൂലകൃതിയെയാണ്. അല്ലാതെ വിവർത്തനങ്ങളെയല്ല എന്നു സ്പഷ്ടം. മൂല ഭാഷകളിൽ ഗ്രാഹ്യമില്ലാതെ വിവർത്തനങ്ങളെ മാത്രം ആശ്രയിച്ചു വ്യാഖ്യാനിക്കുന്ന സ്പിരിറ്റ് ഇൻ ജീസസും ഇതര പ്രസ്ഥാനങ്ങളും മൂല ഭാഷകളെ ആധാരമാക്കി വ്യാഖ്യാനം നടത്തുന്നവരെ അപഹാസ്യരാക്കുന്ന ജല്പനങ്ങൾ പുറപ്പെടുവിക്കുന്നതാണ് വചനവ്യാഖ്യാനരംഗത്തെ ദുരന്തം. ചില പദങ്ങൾ ഭാഷാന്തരീകരണം നടത്തുമ്പോൾ അവയുടെ അർത്ഥസാന്ദ്രത നഷ്ടമാകും. ദൈവത്തിന്റെ ഉടമ്പടി സ്നേഹത്തെയും കാരുണ്യത്തെയും സൂചിപ്പിക്കുന്ന ''ഹെസദ്'' എന്ന ഹീബ്രു പദമോ സത്യത്തെ സൂചിപ്പിക്കുന്ന "അലേത്തേയിയാ" എന്ന ഗ്രീക്കു പദമോ അവയുടെ അർത്ഥ സമഗ്രതയിൽ ഭാഷാന്തരീകരണം നടത്താനാവില്ല.

മൂന്നാമതായി, വി. ഗ്രന്ഥകർത്താവ് തന്റെ രചന നിർവ്വഹിച്ചപ്പോൾ ലക്ഷ്യമാക്കിയിരുന്ന വായനക്കാരുടെ സാഹചര്യങ്ങളും ലക്ഷ്യങ്ങളും നമ്മുടേതിൽനിന്നും വ്യത്യസ്തമാണ്. അവരുടെ സാഹചര്യങ്ങൾക്കും കാഴ്ചപ്പാടുകൾക്കും അനുസൃതമായാണ് വി. ഗ്രന്ഥകാരൻ തന്റെ രചന നിർവ്വഹിച്ചത്. പ്രസ്തുത രചനയിൽ നിന്നും നമ്മുടെ കാലഘട്ടത്തിന് അനുസൃതമായ അർത്ഥ വ്യാഖ്യാനം നടത്തുമ്പോൾ ഗ്രന്ഥകർത്താവിന്റെ മനസ്സിലുണ്ടായിരുന്നതിനു വിരുദ്ധമായതും വ്യാഖ്യാതാവിന്റെ നിലപാടുകളെയും പ്രത്യയശാസ്ത്രങ്ങളെയും ന്യായീകരിക്കുന്നതുമായ വ്യാഖ്യാനങ്ങൾ നൽകാതിരിക്കാൻ ശ്രദ്ധിക്കണം. വ്യാഖ്യാതാവിന്റെ ആശയങ്ങൾ പുസ്തകത്തിലേക്ക് സന്നിവേശിപ്പിച്ച് വ്യാഖ്യാനിക്കുന്ന ശൈലിക്കു (Eisegesis) പകരം പുസ്തകത്തിന്റെ ആശയം വ്യാഖ്യാതാവിലേക്ക് സ്വീകരിച്ച് കാലാനുസൃതമായി വ്യാഖ്യാനിക്കുന്ന ശൈലിയാണ് (Exegesis) ശരിയായ വ്യാഖ്യാനശൈലി.

നാലാമതായി, വ്യാഖ്യാനിക്കുന്ന ഗ്രന്ഥത്തിന്റെ സാഹിത്യരൂപം (literary geneve) കണ്ടെത്തുക എന്നത് വ്യാഖ്യാനത്തിൽ പരമ പ്രധാനമാണ്. വ്യക്തിപരമായ എഴുത്തിൽ പരാമർശിക്കുന്ന കാര്യങ്ങളെ പൊതുതത്വമായി വ്യാഖ്യാനിക്കുന്നത് ശരിയല്ല. ഉദാഹര

www.malankaralibrary.com



ണമായി, തിമോത്തെയൂസിന്റെ വ്യക്തിപരമായ രോഗാവസ്ഥയെ പരിഗണിച്ചുകൊണ്ട് "അല്പം വീഞ്ഞ് ഉദരത്തിനു നല്ലതാണ്" (1 തിമോ 5:23) എന്ന് പൗലോസ് ശ്ലീഹാ ഉപദേശം നൽകുന്നുണ്ട്. ഇതിന്റെ വ്യാഖ്യാനത്തിൽ ആദ്യമേ ശ്രദ്ധിക്കേണ്ട വസ്തുത ഇത് തിമോത്തേയോസ് എന്ന മെത്രാനുള്ള പൗലോസിന്റെ വ്യക്തിപരമായ ഉപദേശമാണ് എന്നതാണ്. ഇതിനെ സകല ക്രൈസ്തവർക്കുമുള്ള സാർവ്വത്രിക തത്വമായി കരുതാനാവില്ല.

"ഇസ്രായേൽക്കാർ അനുദിന ജീവിതത്തിൽ വീഞ്ഞ് ഉപയോഗിച്ചിരുന്നുവെങ്കിലും അമിതമായ ഉപയോഗം നിഷിദ്ധമായിരുന്നു". അനുദിനപാനീയ ബലിയായി വീഞ്ഞ് ഉപയോഗിച്ചിരുന്നു (പുറ. 29:40). നാസീർ വ്രതക്കാർക്ക് വീഞ്ഞ് ഉപയോഗിക്കുവാൻ അനുവാദമുണ്ടായിരുന്നില്ല (സംഖ്യ 6:3). ബലിയർപ്പണത്തിന് പോകുന്ന അവസരത്തിൽ പുരോഹിതർ വീഞ്ഞ് ഉപയോഗിക്കുവാൻ അനുവദിക്കപ്പെട്ടിരുന്നില്ല (ലേവ്യ 10:9). അതുപോലെ തന്നെ ഡീക്കന്മാർ അമിതമായി വീഞ്ഞ് ഉപയോഗിക്കുന്നതിനെ പൗലോസ് ശ്ലീഹാ വിമർശിക്കുന്നുണ്ട് (1 തിമോ. 3:8).

അതേസമയം വീഞ്ഞ് ഒരു സിദ്ധൗഷധമായി ഉപയോഗിച്ചിരുന്നു (ലൂക്കാ 10:34). മീറ കലർത്തിയ വീഞ്ഞ് വേദന സംഹാരിയായി ഉപയോഗിച്ചിരുന്നുവെന്നുവേണം കരുതാൻ (മർക്കോ. 15:23). അതിനാൽ വീഞ്ഞ് യഹൂദ ജനത്തിന് വിലക്കപ്പെട്ടതായിരുന്നില്ല. മെഡിറ്ററേനിയൻ രാജ്യങ്ങളിൽ സാധാരണ പാനീയമായി വീഞ്ഞ് ഉപയോഗിച്ചിരുന്നുവെങ്കിലും അമിതമായ വീഞ്ഞിന്റെ ഉപയോഗം പാടില്ല എന്ന് പലപ്പോഴും പൗലോസ് പറയുന്നത് കാണുവാൻ കഴിയും. ചുരുക്കത്തിൽ, വീഞ്ഞിന്റെ സാധാരണ ഉപയോഗം അനുവദീയമായിരുന്നെങ്കിലും അമിത ഉപയോഗം പ്രോത്സാഹിപ്പിക്കപ്പെട്ടിരുന്നില്ല.

പൗലോസിന്റെ ഉപദേശത്തിന്റെ വെളിച്ചത്തിൽ തിമോത്തി വീഞ്ഞിന്റെ ഉപയോഗം പൂർണ്ണമായി വർജ്ജിച്ചു എന്നു വേണം മനസ്സിലാക്കാൻ. ഉദരരോഗത്തിന് അടിമയായ തിമോത്തി വീഞ്ഞിന്റെ ഉപയോഗത്തിൽ നിയന്ത്രണം വരുത്തിയത് അദ്ദേഹത്തിനു വീണ്ടും രോഗത്തിന് കാരണമാകുകയും ചെയ്തിരിക്കണം.

വ്യാജപ്രബോധകർ ആത്മീയ ജീവിതത്തിലെ വളർച്ചയ്ക്ക് ചില ഭക്ഷണ പദാർത്ഥങ്ങൾ ഉപേക്ഷിക്കുവാൻ വിശ്വാസികളെ പ്രേരിപ്പിച്ചിരുന്നു. അതിനുള്ള മറുപടിയായിക്കൂടിവേണം പൗലോസ് ശ്ലീഹായുടെ ഉപദേശത്തെ കാണുവാൻ. മദ്യം കഴിക്കുവാനുള്ള പ്രോത്സാഹനമായിട്ടല്ല. ശരീരം ആരോഗ്യപൂർവ്വം സംരക്ഷിക്കുവാ

www.malankaralibrary.com



നുള്ള ഉത്തരവാദിത്വത്തെക്കുറിച്ച് അനുസ്മരിപ്പിക്കുകയാണ് പൗലോസ് ചെയ്യുന്നത്.

അഞ്ചാമതായി, ബൈബിളിലെ ചരിത്രവ്യാഖ്യാനങ്ങളെ വിശദീകരിക്കുമ്പോഴും ചരിത്രവ്യാഖ്യാനം നടത്തുന്ന ഗ്രന്ഥത്തിന്റെ സ്വഭാവം പ്രത്യേകം പ്രസ്താവ്യമാണ്. ചില ചരിത്രവിവരണങ്ങൾ ദൃക്സാക്ഷിവിവരണങ്ങൾപോലെ പൂർണ്ണസത്യങ്ങളാകാം (ഉദാ: 2 സാമു 11; 2 രാജാ 2). രാജസദസ്സിലെ നടപടികളുടെ വിവരണങ്ങളായ രാജാക്കന്മാരുടെ പുസ്തകങ്ങളും ദിനവൃത്താന്തഗ്രന്ഥങ്ങളും ചരിത്രപരതയിൽ സുതാര്യത പുലർത്തുന്നവയാണ്. എന്നാൽ, ദേശീയതയുടെ വികാരമുണർത്താൻ എഴുതപ്പെട്ട കാൽപനിക വിവരണങ്ങൾ നിറഞ്ഞ പുറപ്പാടു പുസ്തകത്തിലെ വിവരണങ്ങൾ പദാനുപദം ചരിത്രപരമാണെന്ന് ശഠിക്കേണ്ടതില്ല. അതുപോലെ തന്നെ, ഗോത്രത്തലവന്മാരുടെ ഐതിഹാസിക പോരാട്ടകഥകളും (ഉദാ: ന്യായാധിപന്മാർ) ഉൽപത്തി 1–11 ലെ വിവരണങ്ങളും പൂർണ്ണമായും ചരിത്രപരമാണെന്ന് കരുതേണ്ടതില്ല. അവ ചരിത്രമല്ലെന്നോ അവയിൽ ചരിത്രപരമായ വസ്തുതകളൊന്നുമില്ലെന്നോ പറയുന്നതും അബദ്ധമാണ്. മറിച്ച്, അവ ചരിത്രത്തെ അവതരിപ്പിക്കുന്ന ശൈലിയിൽ കാല്പനികവും കാവ്യാത്മകവുമായ കാഴ്ചപ്പാടുകൾ ഉൾച്ചേർന്നിട്ടുണ്ട് എന്നതാണ് സത്യം. കൂടാതെ ബൈബിളിൽ രൂപകങ്ങളും ഉപമകളും പ്രതിരൂപാത്മകവിവരണങ്ങളും പഴഞ്ചൊല്ലുകളും കവിതകളും പ്രേമകാവ്യങ്ങളുമുണ്ട്. ഇവയുടെ സാഹിത്യരൂപമറിഞ്ഞു വേണം അവയുടെ വാച്യാർത്ഥം വ്യാഖ്യാനിക്കാൻ. ഉദാഹരണമായി, വിജാതീയരോടും ഇസ്രായേലിന്റെ ശത്രുക്കളോടുപോലും ദൈവം അതിരറ്റ കരുണയുള്ളവനാണ് എന്ന ആശയത്തിന്റെ രൂപകാത്മക വ്യാഖ്യാനമായി യോനായുടെ പുസ്തകത്തെ മനസ്സിലാക്കിയാൽ, യോനാ തിമിംഗലത്തിന്റെ ഉള്ളിൽ കഴിഞ്ഞ മൂന്നുനാളുകളെക്കുറിച്ചുള്ള വ്യാഖ്യാനത്തിലെ സാങ്കേതിക പ്രശ്നങ്ങൾ അപ്രസക്തമാകുന്നു.

പന്ത്രണ്ടാം പിയൂസ് മാർപാപ്പാ പ്രസ്താവിച്ചതു പോലെ "ഏതു സാഹിത്യരൂപത്തെയും (കഥ, കവിത, കാല്പനികാഖ്യാനങ്ങൾ, ഐതിഹ്യങ്ങൾ, നോവൽ......etc) ദൈവത്തിന് തന്റെ ആശയങ്ങളുടെ സംവേദനത്തിനായി പ്രചോദിപ്പിച്ച് ഉപയോഗിക്കാനാവും." (Divino Aflante Spiritu, 1943).

## പൂർണ്ണമായ അർത്ഥം

ഒരു വചന ഭാഗത്തിന് ദൈവം ഉദ്ദേശിച്ച ആഴമേറിയ അർത്ഥമാണ് പൂർണ്ണമായ അർത്ഥം (fuller sense - sensus plenior) എന്ന

www.malankaralibrary.com



പേരിൽ അറിയപ്പെടുന്നത്. വി. ഗ്രന്ഥത്തിലൂടെ ക്രമാനുഗതമായി വെളിപ്പെടുത്തുന്ന ദൈവിക വെളിപാടുകളുടെ സമഗ്രതയിൽ നിശ്ചിത വചനഭാഗത്തെ വ്യാഖ്യാനിക്കുമ്പോഴാണ് പൂർണ്ണമായ അർത്ഥം ലഭിക്കുന്നത്. പൂർണ്ണമായ അർത്ഥം (sensus plenior) എന്ന പദം ആദ്യമായി ഉപയോഗിച്ചത്, പഴയനിയമ പൂർത്തീകരണം പുതിയനിയമത്തിൽ സംഭവിച്ചു എന്ന ആശയത്തെ സൂചിപ്പിക്കുവാനായി ആന്ദ്രേ ഫെർണാണ്ടസ് എന്ന വി. ഗ്രന്ഥ വിശാരദനാണ് (1925).

വി. ഗ്രന്ഥത്തിന്റെ രചന ദൈവവും മനുഷ്യനും ചേർന്നാണ് നിർവ്വഹിച്ചത് എന്ന് നാം മനസ്സിലാക്കുകയുണ്ടായല്ലോ. ദൈവം വി. ഗ്രന്ഥത്തിന്റെ പ്രധാന കാരണവും (principal efficient cause) മനുഷ്യവ്യക്തി വി. ഗ്രന്ഥത്തിന്റെ രചനയിലെ ഉപകരണ കാരണവും (instrumental efficient cause) ആണ്. മാനുഷിക രചയിതാവ് തന്റെ രചനയ്ക്കു നിരൂപിച്ച അർത്ഥത്തെ പൂർണ്ണമായ അർത്ഥം എന്നും വിളിക്കും. ഒരു വചനത്തിന്റെ പൂർണ്ണാർത്ഥം വെളിപാടിന്റെ ഉയർന്ന തലങ്ങളിലേ വ്യക്തമാവുകയുള്ളൂ എന്നതിനാൽ വി. ഗ്രന്ഥം രചിച്ച മാനുഷിക രചയിതാവിന് അതിന്റെ പൂർണ്ണമായ അർത്ഥം ഗ്രാഹ്യമായിരുന്നു എന്നു കരുതേണ്ടതില്ല.

പൂർണ്ണമായ അർത്ഥം (fuller sense) എന്ന ആശയം വി. ഗ്രന്ഥവ്യാഖ്യാനത്തിൽ പുതിയനിയമം പഴയനിയമത്തിന്റെ പൂർത്തീകരണമാണ് എന്നു ഗ്രഹിക്കാനും വിശ്വാസസത്യങ്ങളുടെ വിശുദ്ധ ഗ്രന്ഥാടിസ്ഥാനം ഗ്രഹിക്കാനും സഹായകമാണ്.

**1. പഴയനിയമ പൂർത്തീകരണം ഗ്രഹിക്കാൻ**

ഒന്നാമതായി, ഒരു വി. ഗ്രന്ഥകർത്താവ് മുൻകാല വി. ഗ്രന്ഥകർത്താവിന്റെ വചനം ഉദ്ധരിക്കുമ്പോൾ പ്രസ്തുത വചനത്തിന്റെ അർത്ഥം ആദ്യം എഴുതിയ രചയിതാവും നൂറ്റാണ്ടുകൾക്ക് ശേഷം അത് ഉദ്ധരിക്കുന്ന ഗ്രന്ഥകർത്താവും എപ്രകാരം മനസ്സിലാക്കി എന്നു കണ്ടെത്താനും അവയിൽ വൈരുദ്ധ്യങ്ങളില്ല എന്നു ഗ്രഹിക്കാനും ദൈവനിവേശിത അർത്ഥമായ 'പൂർണ്ണാർത്ഥം' സഹായകമാണ്.

ഉദാഹരണമായി, "കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും, ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും എന്ന് കർത്താവ് പ്രവാചകൻ വഴി അരുളിചെയ്തത് പൂർത്തിയാക്കാൻ വേണ്ടിയാണ് ഇതെല്ലാം സംഭവിച്ചത്", എന്ന മത്തായിയുടെ വചനഭാഗത്തിന്റെ (1:22-23) വ്യാഖ്യാനം

www.malankaralibrary.com



പൂർണ്ണാർത്ഥവുമായി ബന്ധപ്പെട്ടതാണ്. ഏശയ്യായുടെ പ്രവചന മാണ് (7:14) മത്തായി ഇവിടെ ഉദ്ധരിക്കുന്നത്. എന്നാൽ ഏശയ്യാ മിശിഹായുടെ ജനനത്തെക്കുറിച്ചുള്ള സമഗ്രമായ അർത്ഥം മനസ്സിൽ കരുതിക്കൊണ്ടാണ് ഈ പ്രവചനം നടത്തിയത് എന്നു കരുതാൻ ന്യായമില്ല. കാരണം കന്യക എന്നർത്ഥമുള്ള "ബെത്തുലാഹ്" എന്ന പദമല്ല മറിച്ച് യുവതി (നവവധു) എന്നർത്ഥമുള്ള "അലേമാഹ്" എന്ന പദമാണ് ഏശയ്യാ 7:14 ൽ ഉപയോഗിക്കുന്നത്. കന്യക എന്ന അർത്ഥമുള്ള പദം (ബെത്തുലാഹ്) ഏശയ്യ തന്റെ ഗ്രന്ഥത്തിന്റെ ഇതരഭാഗങ്ങളിൽ ഉപയോഗിച്ചിട്ടുണ്ടുതാനും (23:4, 12;37:22). തന്മൂലം കന്യക എന്നാണ് 7:14 ൽ ഏശയ്യാ ഉദ്ദേശിച്ചിരുന്നെങ്കിൽ അദ്ദേഹം "ബെത്തുലാഹ്" എന്ന പദമാണ് ഉപയോഗിക്കേണ്ടിയിരുന്നത്. യുവതി എന്ന പദപ്രയോഗത്തിലൂടെ യൂദയാ രാജാവായ ഹെസെക്കിയായുടെ ഭാര്യയെയാണ് ഏശയ്യാ പ്രത്യക്ഷത്തിൽ ഉദ്ദേശിച്ചത് എന്നു കരുതുന്നതിൽ തെറ്റില്ല. സിറിയായും ഇസ്രായേലും ചേർന്ന് യൂദയായ്ക്കുള്ള ദൈവപരിപാലനയുടെ അടയാളമായി ദൈവം പ്രവാചകനിലൂടെ നൽകുന്ന രക്ഷയുടെ അടയാളമാണ് ഏശ 7:14 ലെ പ്രതിപാദ്യം. പ്രവചനമനുസരിച്ച് ആഹാസിന് ഹെസെക്കിയ എന്ന പുത്രൻ ജനിക്കുകയും ചെയ്തു. ഹെസെക്കിയ എന്ന വാക്കിന്റെ അർത്ഥം തന്നെ "ദൈവമാണ് എന്റെ ശക്തി" എന്നാണ്.

BC രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ സപ്തതി (LXX) ബൈബിൾ രചിക്കപ്പെട്ടപ്പോൾ ഏശയ്യാ 7:14 ലെ "ഹലെമാഹ്" (യുവതി) എന്ന ഹീബ്രു പദത്തെ "പാർത്തോനോസ്" (കന്യക) എന്ന ഗ്രീക്കു പദം കൊണ്ടാണ് വിവർത്തനം ചെയ്യുന്നത്. സപ്തതി ബൈബിളിന്റെ ഈ വിവർത്തനത്തെ ആധാരമാക്കിയാണ് ഏശയ്യാ 7:14 ന്റെ പൂർണ്ണവും പ്രവചനാത്മകവുമായ അർത്ഥം എമ്മാനുവേൽ എന്നു വിളിക്കപ്പെടുന്ന യേശുവിലാണ് പൂർത്തീകരിക്കപ്പെട്ടത് എന്ന് മത്തായി സ്ഥാപിക്കുന്നത്. പ്രസ്തുത വചനത്തിന്റെ ആദ്യ രചയിതാവായ ഏശയ്യ പ്രത്യക്ഷത്തിൽ ചിന്തിച്ചിരിക്കാൻ ഇടയില്ലാത്ത അർത്ഥം പ്രസ്തുത വചനത്തിൽ യഥാർത്ഥ രചയിതാവായ ദൈവം നിഗൂഢമായി സൂക്ഷിച്ചു എന്നും സമയത്തിന്റെ പൂർണ്ണതയിൽ പ്രസ്തുത പ്രവചനത്തിന്റെ പൂർണ്ണാർത്ഥം ദൈവം വെളിപ്പെടുത്തി (മത്താ 1:22-23) എന്നുമാണ് നാം ഗ്രഹിക്കേണ്ടത്. ഏശ7:14 ഉം മത്താ 1:22-23 ഉം തമ്മിൽ ബന്ധിപ്പിക്കുന്ന സാരാംശ സത്ത ദൈവമാണ്. പൂർണ്ണാർത്ഥത്തിന്റെ പശ്ചാത്തലത്തിൽ പഴയനിയമ - പുതിയനിയമ പൂർത്തീകരണ വചനങ്ങളെ വ്യാഖ്യാനിക്കാനാവും.

www.malankaralibrary.com



ഏശയ്യ 7:14 നെ ആധാരമാക്കി ജനിക്കാനിരിക്കുന്ന എമ്മാനുവേലിനു വേണ്ടി കാത്തിരിക്കുന്ന എമ്മാനുവേൽ എംപറർ ട്രെസ്റ്റ് എന്ന ക്രൈസ്തവ വിഭാഗീയ പ്രസ്ഥാനം (Sect) ഈ വചനത്തിന്റെ അർത്ഥം തെറ്റായാണ് വ്യാഖ്യാനിക്കുന്നത്. യുഗാന്ത്യത്തിലെ മിശിഹായുടെ ആഗമനമാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത് എന്ന അർത്ഥത്തിൽ ഈ വിഭാഗം നടത്തുന്ന പ്രബോധനങ്ങൾക്ക് മേൽവിവരിച്ച വ്യാഖ്യാനത്തിന്റെ വെളിച്ചത്തിൽ അടിസ്ഥാനമില്ലെന്നു വ്യക്തമാണല്ലോ.

**2. വിശ്വാസസത്യങ്ങളുടെ വി. ഗ്രന്ഥാടിസ്ഥാനം ഗ്രഹിക്കാൻ**

പൂർണ്ണാർത്ഥം (sensus plenior) എന്ന ആശയം വിശ്വാസസത്യങ്ങൾക്ക് ആധാരമായ വി. ഗ്രന്ഥഭാഗങ്ങളെ ഗ്രഹിക്കാൻ സഹായകമാണ്. വി. ഗ്രന്ഥം എഴുതപ്പെട്ട് നൂറ്റാണ്ടുകൾക്കുശേഷമാണ് പല വിശ്വാസസത്യങ്ങളും സഭയുടെ സൂഹദോസുകൾ പ്രഖ്യാപിക്കുന്നത്. ഇപ്രകാരം പ്രഖ്യാപിക്കപ്പെടുന്ന വിശ്വാസ സത്യങ്ങളെല്ലാം ദൈവിക വെളിപാടിലും വി. ഗ്രന്ഥത്തിലും അധിഷ്ഠിതമാണ് എന്നതാണ് സഭയുടെ വിശ്വാസം. എന്നാൽ, പ്രസ്തുത വചനങ്ങൾ എഴുതിയ ഗ്രന്ഥകാരന്മാർ ഇപ്രകാരമൊരു അർത്ഥം ആ വചനങ്ങൾക്കു നൽകിയിരുന്നോ എന്നതും ഇല്ലെങ്കിൽ സഭ പ്രഖ്യാപിക്കുന്ന വിശ്വാസസത്യങ്ങൾക്ക് ആധാരമായി പ്രസ്തുത വചനങ്ങൾ ഉപയോഗിക്കാനാവുമോ എന്നതുമാണ് ഇവിടുത്തെ പ്രധാന പ്രശ്നം.

ഉദാഹരണമായി, ത്രെന്തോസ് സൂനഹദോസ് ആദത്തിന്റെ പാപത്തെ ഉത്ഭവപാപമായി വ്യാഖ്യാനിച്ചുകൊണ്ട് വിശ്വാസസത്യം പ്രഖ്യാപിച്ചു. ഇതിന് ആധാരമായി സ്വീകരിച്ച വചനഭാഗം റോമാ 5:12–21 ആണ്. ആദത്തിന്റെ പാപംമൂലം മനുഷ്യകുലം പാപത്തിന് അധീനമായിത്തീർന്നെന്നും മിശിഹായിലൂടെ മനുഷ്യകുലം പാപവിമോചിതരായിത്തീർന്നു എന്ന പൗലോസിന്റെ കാഴ്ചപ്പാടും ഉത്ഭവ പാപത്തെക്കുറിച്ചുള്ള സഭയുടെ പ്രബോധനവും അന്തസത്തയിൽ ഒന്നുതന്നെയാണ്. എന്നാൽ, പൗലോസ് റോമാക്കാർക്കുള്ള ലേഖനമെഴുതുമ്പോൾ ഉത്ഭവപാപം എന്ന ആശയം അദ്ദേഹത്തിന്റെ ചിന്തയിലുണ്ടായിരുന്നു എന്നു കരുതേണ്ടതില്ല. ദൈവനിവേശിതമായി പൗലോസ് എഴുതിയ ഈ ലേഖനത്തിൽ ദൈവം നിഗൂഢമായി ഉത്ഭവ പാപത്തെക്കുറിച്ചുള്ള ആശയം ഉൾച്ചേർത്തു എന്നും സമയത്തിന്റെ പൂർണ്ണതയിൽ തന്റെ സഭയിലൂടെ അവിടുന്നു വെളിപ്പെടുത്തി എന്നുമാണ് നാം മനസ്സിലാക്കേണ്ടത്.

www.malankaralibrary.com

# 05

## ബൈബിൾ വ്യാഖ്യാനം: കത്തോലിക്കാ വീക്ഷണത്തിൽ

കത്തോലിക്കാസഭയുടെ വചനവ്യാഖ്യാനത്തിൽ മൂന്നു സത്യങ്ങൾ പരമപ്രധാനമാണ്. ദൈവവചനം (വി. ഗ്രന്ഥം), തിരുസ്സഭ, സഭയുടെ വിശുദ്ധ പാരമ്പര്യങ്ങൾ. പരസ്പരപൂരകങ്ങളായ ഈ മൂന്നു യാഥാർത്ഥ്യങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെ ആഖ്യാനമാണ് കത്തോലിക്കാ കാഴ്ചപ്പാടിലെ ബൈബിൾ വ്യാഖ്യാനം. ത്രെന്തോസ് സൂനഹദോസ് (1545–1563) വൈയക്തികവും സ്വതന്ത്രവുമായ ബൈബിൾ വ്യാഖ്യാനങ്ങളെ തിരസ്കരിച്ചിരുന്നു. ബൈബിൾ സഭയുടെ ഗ്രന്ഥമാകയാൽ സഭയോടുചേർന്നും സഭയുടെ പാരമ്പര്യങ്ങൾക്ക് അനുസൃതമായും വ്യാഖ്യാനിക്കപ്പെടേണ്ട ഗ്രന്ഥമാണെന്ന് കൗൺസിൽ പഠിപ്പിച്ചു. ബൈബിൾ മാത്രം മതി (sola Scriptura) എന്ന പ്രൊട്ടസ്റ്റന്റ് ആശയത്തിനു വിരുദ്ധമായി വചനം സഭയിലും സഭയിലൂടെയും സഭയോടൊത്തും മാത്രമേ മനസ്സിലാക്കാനാവൂ എന്ന നിലപാടാണ് കൗൺസിൽ സ്വീകരിച്ചത്.

www.malankaralibrary.com



## ബൈബിൾ വ്യാഖ്യാനം സഭാചരിത്രത്തിൽ

ദൈവവചന ഗ്രന്ഥത്തെ രൂപീകരിക്കുകയും വിശ്വാസ ജീവിതത്തിന്റെ മാനദണ്ഡമായി നിർദ്ദേശിക്കുകയും ചെയ്ത സഭ ദൈവവചന വ്യാഖ്യാനത്തിന് നിർണ്ണായക സ്ഥാനം എല്ലാ കാലഘട്ടത്തിലും നൽകിയിരുന്നു എന്നുപറയാൻ തരമില്ല. ദൈവവചനത്തെ സംബന്ധിച്ച് റോമിൽ നിന്നിറക്കിയ മാർഗ്ഗരേഖയെക്കുറിച്ചുള്ള 2007 ജൂലൈ മാസത്തിലെ സെമിനാറിൽ ഡോ. ജേക്കബ്ബ് പ്രസാദ് സഭയിലെ ബൈബിൾ വ്യാഖ്യാനചരിത്രത്തെക്കുറിച്ചു നടത്തിയ ഏതാനും നിരീക്ഷണങ്ങൾ വസ്തുനിഷ്ഠമാകയാൽ ചുവടെ ചേർക്കുന്നു.

"യഥാർത്ഥത്തിൽ ആദ്യകാലസഭയിൽ സഭയുടെ അനുദിനജീവിതത്തിലും ദൈവശാസ്ത്രവിചിന്തനപ്രക്രിയയിലും ദൈവവചനത്തിനു വളരെ വലുതും അതുല്യവുമായ സ്ഥാനമായിരുന്നു ഉണ്ടായിരുന്നത്. അനുദിനമുള്ള ജീവിതത്തിൽ അതിന് നിർണ്ണായകമായ സ്ഥാനം ഉണ്ടാകണമെന്നതുകൊണ്ടുതന്നെയാണല്ലോ തികച്ചും സാധാരണക്കാരന്റെ ഭാഷയായ 'കൊയിനേ'യിൽ പുതിയനിയമം രചിക്കപ്പെട്ടത്. എല്ലാവർക്കും പ്രാപ്യമാക്കുവാനാണ് ഇപ്രകാരം ജനസാമാന്യത്തിന്റെ ഭാഷയിൽ വിരചിതമായത്. ആ കാലഘട്ടത്തിലെ ദൈവശാസ്ത്രംതന്നെ പൂർണ്ണമായും വചനാത്മക ദൈവശാസ്ത്രമായിരുന്നു (a biblical theology). പിതാക്കന്മാരായ വിശുദ്ധ അഗസ്റ്റിൻ, വിശുദ്ധ അംബ്രോസ്, വിശുദ്ധ ലിയോ, വിശുദ്ധ എഫ്രേം എന്നിവരുടെയെല്ലാം ദൈവശാസ്ത്രവിചിന്തനങ്ങൾ മുഴുവൻ ബൈബിൾ വിജ്ഞാനീയം ആയിരുന്നുവെന്ന് നമുക്കറിയാമല്ലോ. മദ്ധ്യശതകങ്ങളോടുകൂടെയാണ് ദൈവശാസ്ത്രത്തിൽ (biblical theology) നിന്നും വ്യത്യസ്തമായി പൂർണ്ണമായും മറ്റൊരു ശാഖയായി ബൈബിൾ വിജ്ഞാനീയം വളർന്നത്. അത് അന്ന് കൂടുതലായി തത്ത്വശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലായി. വിശുദ്ധ തോമസ് അക്വിനാസിന്റെയും അദ്ദേഹത്തിന്റെ സമകാലിക സഭയുടെയും ദൈവശാസ്ത്രദർശനവും വിചിന്തനവും കൂടുതലും scholastic തത്ത്വചിന്തയുടെ അടിസ്ഥാനത്തിൽ കെട്ടിപ്പടുത്തുയർത്തപ്പെട്ട ഒന്നായി മാറി. ഭാഷാപരമായി ലത്തീൻഭാഷയ്ക്കു പ്രാധാന്യം കൈവരുകയും ബൈബിൾതന്നെ ലത്തീൻഭാഷയിൽ വായിക്കപ്പെട്ടുവരുകയും മൂലഭാഷയിൽനിന്നും അകന്നുപോവുകയും ചെയ്തു. എന്നിരുന്നാലും അക്കാലത്ത് ഒറ്റപ്പെട്ട പ്രകാശഗോളങ്ങൾ ഇല്ലായിരുന്നു എന്നു പറയാനാവില്ല. പില്ക്കാലത്ത് മാർട്ടിൻ ലൂഥറിന്റെ പ്രചോദകനായ ലീറായിലെ നിക്കോളാസ് അവരിൽ ഒരാൾ മാത്രം.

www.malankaralibrary.com



Protestant reformation പിന്നെയും സഭാജീവിതത്തിന്റെയും ദൈവശാസ്ത്രവിചിന്തനത്തിന്റെയും നെറുകയിൽ വീണ്ടും ദൈവ വചനത്തെ (ബൈബിളിനെ) പ്രതിഷ്ഠിച്ചു എന്നു പറയാം. വിശുദ്ധ പൗലോസ് റോമാക്കാർക്ക് എഴുതിയ ലേഖനത്തിന്റെ വ്യാഖ്യാന മാണല്ലോ ലൂഥർ തന്റെ ദൈവശാസ്ത്രത്തിന്റെ ആധാരമായി നിര ത്തിയത്. ലൂഥർ കാനനിൽത്തന്നെ മറ്റൊരു കാനൻ (canon within a canon) അവരോധിച്ചപ്പോൾ കത്തോലിക്കാസഭ counter reformation പ്രക്രിയയുടെ ഭാഗമായി ത്രെന്തോസ് സൂനഹദോസിൽ വച്ച് 1546-ൽ ബൈബിളിന്റെ കാനൻ അവിതർക്കിതമായ രീതിയിൽ പ്രഖ്യാപിച്ചു. കൂദാശകൾക്കും സഭയിലെ മറ്റെല്ലാ ആചാരങ്ങൾക്കും നടപടികൾക്കും ത്രെന്തോസ് സൂനഹദോസ് ദൈവവചനത്തിൽ ആധാരം കണ്ടെത്തി. അതേസമയം മൂലഭാഷാ പതിപ്പല്ലായിരുന്ന ലത്തീൻ പരിഭാഷയായ വുൾഗാത്തായ്ക്ക് ത്രെന്തോസ് കൗൺസിൽ ആധികാരികത നല്കി. പരസ്യമായ വായനയ്ക്കും തർക്കങ്ങൾക്കും പ്രസംഗത്തിനും വിശദീകരണത്തിനും ആധികാരികമായിട്ട് ഉപയോ ഗിക്കപ്പെടുത്തേണ്ടത് വുൾഗാത്ത ആണെന്ന് വിധിതീർപ്പുണ്ടായി". ആദിമസഭയിൽ ദൈവവചനത്തിനുണ്ടായിരുന്ന പ്രാധാന്യം കാലാ ന്തരത്തിൽ കൈമോശം വന്നതാണ് സഭയുടെ വിശ്വാസപ്രതിസ ന്ധിക്ക് കാരണമായത് എന്നാണ് അദ്ദേഹം സമർത്ഥിക്കുന്നത്.

ത്രെന്തോസ് സൂനഹദോസിനെ തുടർന്നുവന്ന രണ്ട് നൂറ്റാണ്ടുക ളിൽ ബൈബിളിനെ സംബന്ധിച്ച് നിശ്ശബ്ദതയാണ് ഉണ്ടായത്. പ്രസ്തുത കാലഘട്ടത്തിൽ ബൈബിൾ നന്നായി പഠിക്കപ്പെടുകയോ നേരിട്ടു വായിക്കപ്പെടുകയോ ചെയ്തില്ല. വായിച്ചതെല്ലാം ബൈബി ളിനെ സംബന്ധിച്ച പുസ്തകങ്ങൾ (secondary literature) മാത്ര മായിരുന്നു എന്നു പറയാം. അതേസമയം പ്രൊട്ടസ്റ്റന്റ് സഭകൾ ബൈബിൾ നിരൂപണ, ഗവേഷണ രംഗത്ത് വളരെയേറെ മുന്നോട്ടു പോയിരുന്നു. സാംസ്കാരിക നവോത്ഥാനത്തിന്റെയും (Renaissance) ജ്ഞാനോദയത്തിന്റെയും (Enlightenment) പശ്ചാത്തലത്തിലാണ് ഇപ്രകാരമുള്ള മുന്നേറ്റം നടന്നത്. കത്തോ ലിക്കാസഭയിലാകട്ടെ ഈ രംഗത്ത് കാര്യമായ ചലനങ്ങളൊന്നും ഉണ്ടായില്ല. 19-ാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിലാണ് സഭ യിൽ ഇപ്രകാരമുള്ള ദുരവസ്ഥയിൽനിന്ന് കരകേറ്റമുണ്ടായിത്തുട ങ്ങിയത്. 1892 സെപ്തംബർ 17-ാം തീയതി ലിയോ 13-ാമൻ മാർപാപ്പ ജെറുസലേമിലെ ബൈബിൾ ഉന്നതപഠന പാഠശാലയ്ക്ക് (Ecole Bibligue de Jerusalem) അംഗീകാരം നല്കി. ഈ മാർപാപ്പാ തന്നെ 1893-ൽ സഭയിൽ ബൈബിളിന്റെ സ്ഥാനത്തെക്കുറിച്ചും അതിന്റെ പഠനത്തെക്കുറിച്ചും ആധുനികകാലത്തെ ബൈബിളിനെ

www.malankaralibrary.com



സംബന്ധിക്കുന്ന പ്രഥമ ചാക്രികലേഖനം പുറപ്പെടുവിച്ചു: Providentissimus (സർവപരിപാലകനായ ദൈവം). സഭയിലെ ബൈബിൾ പഠനം പ്രോത്സാഹിപ്പിക്കുക, ബൈബിളിനെതിരായി ഉയർന്നുവന്നിരുന്ന ആക്രമണങ്ങൾ തടയുക എന്നിവയായിരുന്നു ഈ ചാക്രികലേഖനത്തിന്റെ ലക്ഷ്യം. കുറച്ചൊക്കെ നേടി എന്നു വേണം പറയാൻ. വിശുദ്ധ ലിഖിതങ്ങളുടെ ഉപയോഗം ദൈവശാസ്ത്രപഠനത്തെ അടക്കി ഭരിക്കേണ്ടതും അത് ദൈവശാസ്ത്രത്തിന്റെ ആത്മാവായി വർത്തിക്കേണ്ടതുമാണെന്ന മാർപാപ്പായുടെ പഠനം ശ്രദ്ധേയമായി.

1909-ൽ പത്താം പീയൂസ് മാർപാപ്പ റോമിലെ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു. ദൈവവചന പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനും മോഡേണിസം പോലുള്ള തെറ്റായ പഠനങ്ങളെ ചെറുക്കുന്നതിനും വേണ്ടിയാണ് ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കപ്പെട്ടത്. പ്രതിസന്ധികളും പ്രശ്നങ്ങളും ഉണ്ടായിരുന്നെങ്കിലും സഭയിൽ വചനപഠനവും വ്യാഖ്യാനവും ശക്തിപ്പെട്ടുവന്നു.

ലിയോ പതിമൂന്നാമന്റെ ചാക്രികലേഖനത്തിനുശേഷം 1920-ൽ വേദപണ്ഡിതനായിരുന്ന വി. ജെറോമിന്റെ 1500-മത് ചരമവാർഷികത്തോടനുബന്ധിച്ച് ബെനഡിക്ട് 15-ാമൻ മാർപാപ്പ പുറപ്പെടുവിച്ച ചാക്രികലേഖനമാണ് (Spiritus Paraclitus) സഹായകനായ ആത്മാവ്. ബൈബിളിന്റെ അടിസ്ഥാന ഗ്രന്ഥകർത്താവ് (auctor) ദൈവമാണെന്നും, മാനുഷിക ഗ്രന്ഥകർത്താക്കൾ അവരുടെ സ്വഭാവവും കഴിവുകളും സ്വതന്ത്രമായി ദൈവാരൂപിയുടെ പ്രവർത്തനത്തിനായി വിട്ടുകൊടുത്തു എന്നുമുള്ള വി. ജെറോമിന്റെ പഠനത്തെ ഈ ചാക്രികലേഖനം ഓർമ്മപ്പെടുത്തുന്നു. ദൈവനിവേശിതത്വം എന്നു പറയുന്നതു വിശുദ്ധലിഖിതങ്ങളിലെ മതാത്മക ഭാഗത്തിനുമാത്രമാണെന്നും മതാത്മകമല്ലാത്ത ഭാഗങ്ങളിൽ അക്കാരണത്താൽ തെറ്റുകൾ ഉണ്ടാകുവാൻ സാധ്യത ഉണ്ടെന്നുമുള്ള ചിന്തയെ ഖണ്ഡിക്കുകയും ചെയ്യുന്നു ഈ ചാക്രികലേഖനം. ദൈവനിവേശിതത്വത്തെ സംബന്ധിച്ചു വളർന്നു വികസിച്ചുവന്ന ചിന്തയുടെ പാശ്ചാത്തലത്തിൽവേണം മാർപാപ്പായുടെ ഇപ്രകാരമുള്ളൊരു പരിചിന്തനത്തെ വീക്ഷിക്കുവാൻ.

തുടർന്ന് 1943-ൽ ലിയോ 13-ാമൻ മാർപാപ്പയുടെ ചാക്രികലേഖനത്തിന്റെ 50-ാം വർഷം, പീയൂസ് 12-ാമൻ മാർപാപ്പ പുറപ്പെടുവിച്ച "ഡിവിനോ അഫ്ളാന്തേ സ്പിരിത്തു" (Divino afflante spiritu) (ദിവ്യാത്മാവിനാൽ ചലിപ്പിക്കപ്പെട്ട്) എന്ന ചാക്രികലേഖനമാണ് ബൈബിൾ പഠനത്തിനും ഈ രംഗത്തെ ഗവേഷണത്തിനും ആവേ

www.malankaralibrary.com



ശകരമായ പ്രോത്സാഹനം നല്കിയത്. ബൈബിളിന്റെ മൂലഭാഷാ പതിപ്പുകളിലേക്കു തിരിയേണ്ടതിന്റെ ആവശ്യകതയെ പന്ത്രണ്ടാം പീയൂസ് ഊന്നിപ്പറഞ്ഞു. അതുവഴിയാണ് ദൈവനിവേശിതനായി രചന നടത്തിയ യഥാർത്ഥ ഗ്രന്ഥകർത്താവുമായി നമുക്കു സംഗമിക്കുവാൻ കഴിയുന്നത്. വ്യാഖ്യാന പ്രക്രിയവഴി കണ്ടെത്തേണ്ടത് വേദഭാഗങ്ങളുടെ അക്ഷരവാദപരമായ അർത്ഥമല്ല (literalist sense), പ്രത്യുത യഥാർത്ഥ വാചിക അർത്ഥമാണെന്ന് (literal sense) മാർപാപ്പാ പഠിപ്പിച്ചു. 1943-നു ശേഷം വചനാധിഷ്ഠിത ദൈവശാസ്ത്രത്തി (Biblical Theology) ലുണ്ടായ വലിയ പുരോഗതിയുടെ കാരണം വാചികാർത്ഥം (literal sense) കണ്ടെത്തണം എന്നുള്ള നിഷ്കർഷയാണ്. അതേസമയം വാചികാർത്ഥം കണ്ടെത്തണമെന്നുള്ള നിർബന്ധം ആത്മീയ അർത്ഥത്തെ (Spiritual sense) നിഷേധിച്ചു കൊണ്ടായിരുന്നില്ല. വാചികാർത്ഥത്തോടൊപ്പം ആത്മീയാർത്ഥത്തെയും ഒരേ പാഠഭാഗത്ത് ദൈവംതന്നെയാണ് പ്രതിഷ്ഠിച്ചത്. ആകയാൽ അതും കണ്ടെത്തണം. എല്ലാറ്റിനും ഉപരിയായി വ്യാഖ്യാനത്തിലെ പരമപ്രധാനമായ നിയമം ഗ്രന്ഥകാരൻ എന്താണു പറയുവാൻ ആഗ്രഹിച്ചതെന്ന് കണ്ടുപിടിക്കുകയും ഉറപ്പിക്കുകയുമാണ്. ഇക്കാര്യത്തിന് പാഠഭാഗത്തിന്റെ വ്യാകരണഭാഷാശാസ്ത്രപരമായ അപഗ്രഥനമോ സന്ദർഭാവലോകനമോ മാത്രം പോരാ. മാർപാപ്പയുടെ ഭാഷയിൽ പൗരസ്ത്യദേശങ്ങളിലെ ആ പഴയ നൂറ്റാണ്ടുകളിലേക്ക് വ്യാഖ്യാതാവ് ആത്മനാ തിരികെ പോകണം. അങ്ങനെ ചരിത്രത്തിന്റെയും (history) പുരാവസ്തു ഗവേഷണ ശാസ്ത്രത്തിന്റെയും (archeology) നരവംശശാസ്ത്രത്തിന്റെയും (enthology) സഹായത്തോടെ ആ കാലഘട്ടത്തിലെ ഗ്രന്ഥകാരന്മാർ ഏതുതരം സാഹിത്യരൂപങ്ങളാണ് (litergray generes) ഉപയോഗിച്ചതെന്ന് കണ്ടുപിടിക്കണം. ഈ വിധം പഠിപ്പിക്കുകവഴിയായി ചരിത്രാത്മക വിമർശനരീതിയെ (historical-critical method) അംഗീകരിക്കുകയായിരുന്നു മാർപാപ്പ. അങ്ങനെ ബൈബിൾ വായനയ്ക്കും പഠനത്തിനും വ്യാഖ്യാനത്തിനും മാർപാപ്പ ശക്തമായ പിൻബലവും പ്രോത്സാഹനവും വളരെയേറെ തുറവിയോടെ നല്കുകയുണ്ടായി.

രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ ദൈവാവിഷ്കരണം എന്ന പ്രമാണരേഖ മുമ്പേപോയ ദൈവവചനസംബന്ധമായ എല്ലാ ചാക്രിക ലേഖനങ്ങളുടെയും പഠനങ്ങളെ വികാസപരിണാമത്തിലേക്കെത്തിക്കുകയും ദൈവവചനത്തെ സംബന്ധിച്ച സഭയുടെ പഠനത്തെ സാഘോഷം അവതരിപ്പിക്കുകയും ചെയ്തു. ആറ് അദ്ധ്യായങ്ങളിലൂടെയാണ് ദൈവാവിഷ്കരണത്തിലെ ചർച്ച അവതരിപ്പി

www.malankaralibrary.com



ച്ചിരിക്കുന്നത്. ആദ്യ അദ്ധ്യായം വെളിപാടിനെക്കുറിച്ചാണ്. ദൈവം സ്വയം വെളിപ്പെടുത്തുവാൻ തയ്യാറായി. മനുഷ്യരുടെ രക്ഷയ്ക്കു വേണ്ടിയാണ് വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ദൈവം ചരിത്രത്തിൽ സ്വയം വെളിപ്പെടുത്തുവാൻ തയ്യാറായത്. ചരിത്രത്തിലെ ദൈവത്തിന്റെ സ്വയാവിഷ്കരണത്തിന്റെ ഉച്ചസ്ഥിതിയും (climax) പൂർണ്ണിമയും (fullness) മാംസം ധരിച്ച ദൈവത്തിന്റെ പുത്രനും ദൈവത്തിന്റെ വചനവുമായ യേശുക്രിസ്തുവിൽ സംഭവിച്ചു. അവൻ പിതാവ് നിശ്ചയിച്ച രക്ഷയുടെ പദ്ധതി പൂർത്തീകരിച്ചു. യേശുവിന്റെ ദാനമായ പരിശുദ്ധാത്മാവിന്റെ ആന്തരികപ്രവർത്തനംവഴി വിശ്വാസികൾക്ക് ഈ സത്യം നാൾക്കുനാൾ സുഗ്രാഹ്യമായി വരുന്നു.

രണ്ടാമദ്ധ്യായം ദൈവവെളിപാടിന്റെ കൈമാറ്റത്തെക്കുറിച്ചാണ്. രക്ഷയുടെ ഈ സന്ദേശം അതിന്റെ തനിമയിലും പൂർണ്ണതയിലും പ്രചരിക്കപ്പെടുകയും നിലനിറുത്തപ്പെടുകയും ചെയ്യുന്നതിനായി ദൈവം നടത്തിയ ക്രമീകരണത്തെക്കുറിച്ചാണ് ചിന്ത. “ആകയാൽ അപ്പസ്തോലന്മാരുടെ പ്രബോധനം/പ്രസംഗം (preaching), ദൈവനിവേശിതഗ്രന്ഥങ്ങളിൽ പ്രത്യേകവിധം രേഖപ്പെടുത്തിയിട്ടുള്ള അത്, ലോകാവസാനംവരെ, തുടരെയുള്ള പിന്തുടർച്ചവഴി (success) അഭംഗുരം നിലനിർത്തുക ഒരാവശ്യമായിരുന്നു”.

ഈ പശ്ചാത്തലത്തിൽ വിശുദ്ധ ലിഖിതവും (Scripture) പാരമ്പര്യവും (Tradition) തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പ്രമാണരേഖ പ്രതിപാദിക്കുന്നു. വളരെ സങ്കീർണ്ണമായ ഒരു വിഷയമാണിത്. ഈ വിഷയം സവിശേഷമാംവിധം ഗുരുതരമായിമാറി Reformation കാലത്തും Reformation-ന് തുടർന്നുവന്ന ചർച്ചകളിലും. ലൂഥർ “ലിഖിതം മാത്രം” (sola Scripture) എന്ന തത്വം മുറുകെ പിടിച്ചു. എന്നാൽ കത്തോലിക്കാസഭ മറിയത്തിന്റെ അമലോത്ഭവവും സ്വർഗ്ഗാരോപണവും വിശ്വാസസത്യങ്ങളായി പ്രഖ്യാപിച്ചു. കൗൺസിൽ പ്രസ്തുതവിഷയത്തെ കൈകാര്യം ചെയ്യുവാൻ ശ്രമിച്ചത് വെളിപാടിന്റെ അന്ത:സത്ത എന്താണ് എന്നുള്ള ചോദ്യത്തിന്റെ അടിസ്ഥാനത്തിലാണ്. വെളിപാടിലൂടെ ദൈവം വെളിപ്പെടുത്തുവാനുദ്ദേശിച്ചത് തത്ത്വങ്ങളെയല്ല പ്രത്യുത ഒരു വ്യക്തിയെ ആണ്. ആകയാൽ വെളിപാടിന്റെ ഉറവിടങ്ങൾ രചിക്കപ്പെട്ട പാഠങ്ങളും പ്രസ്താവനകളുമല്ല, പ്രത്യുത വെളിപാടിന്റെ പൂർണിമയായ യേശുക്രിസ്തുവാണെന്നുള്ള ധാരണയിലേക്കു പ്രമാണരേഖ നീങ്ങി. ഈ നൂതന സമീപനം വെളിപാടിന്റെ രണ്ട് സ്രോതസ്സുകളാണ് ലിഖിതവും പാരമ്പര്യങ്ങളും എന്ന Reformation-നു ശേഷം കത്തോ

www.malankaralibrary.com



ലിക്കാസഭയിൽ നിലനിന്ന ചിന്താധാരയിൽനിന്നുമുള്ള വളർച്ചയാണ്. കാരണം, രണ്ടു സ്രോതസ്സുകളെന്ന ചിന്ത പ്രശ്നത്തെ പരിഹരിക്കുന്നതിനേക്കാൾ സങ്കീർണ്ണമാക്കിത്തീർക്കുകയാണ് ചെയ്തത്. അതേസമയം ഏകസ്രോതസ്സിൽനിന്നുള്ള ലിഖിതവും പാരമ്പര്യവും എപ്രകാരം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന വിഷയത്തിലേക്ക് കടക്കാതെ അത് ദൈവശാസ്ത്ര വിചിന്തനത്തിനായി കൗൺസിൽ വിട്ടുകൊടുക്കുകയാണുണ്ടായത്. എന്നു പറഞ്ഞാൽ ലിഖിതവും (Scripture) പാരമ്പര്യവും (Tradition) തമ്മിലുള്ള ബന്ധം ഇനിയും പൂർണ്ണമായി നിർവചിക്കപ്പെടാതെ നില്ക്കുന്നു എന്നുവേണം കരുതുവാൻ. Lineamenta യുടെ ആമുഖത്തിൽ പറയുന്നത് Dei verbum ന്റെ ഒരു അജപാലനോന്മുഖ പുനർവായന (re-reading) ക്കുള്ള ശ്രമമാണ് അതു നടത്തുന്നത് എന്നാണ്. അങ്ങനെയെങ്കിൽ ലിഖിതവും പാരമ്പര്യവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് കൂലങ്കഷമായി ചിന്തിക്കുവാനും അത് നിർവചിക്കപ്പെടുവാനുമുള്ള സമയം സിനഡിലൂടെ ആഗതമായിരിക്കുന്നു എന്നു കരുതാനാവും.

Dei verbum ന്റെ മൂന്നാമത്തെ അദ്ധ്യായത്തിൽ വിശുദ്ധ ലിഖിതങ്ങളുടെ ദൈവനിവേശിതത്വത്തെക്കുറിച്ചും വ്യാഖ്യാനത്തെക്കുറിച്ചുമാണ് പ്രതിപാദിക്കുന്നത്. വിശുദ്ധ ലിഖിതമെല്ലാം ദൈവനിവേശിതമാണ്. (2 തിമോ 3,16) എന്ന് പ്രഖ്യാപിക്കുന്ന രേഖ, അതിന്റെ അർത്ഥം തേടുമ്പോൾ ഗ്രന്ഥകർത്താക്കൾ ഉപയോഗിച്ച സാഹിത്യരൂപങ്ങൾ മാത്രം കണ്ടെത്തിയാൽ പോരാ, പ്രത്യുത സഭയുടെ സജീവ പാരമ്പര്യവും കണക്കിലെടുക്കേണ്ടതുണ്ടെന്ന് പഠിപ്പിക്കുന്നു. നാലാമദ്ധ്യായത്തിൽ പഴയനിയമത്തെ അധികരിച്ച് ക്രിസ്തീയത എന്താണെന്ന് മനസ്സിലാക്കുന്നതിന് അത് അനിവാര്യമാണെന്ന് കൗൺസിൽ ആവർത്തിക്കുന്നു. അഞ്ചാമദ്ധ്യായത്തിൽ, എപ്രകാരം രക്ഷയുടെ ശക്തിയായ ദൈവവചനം പുതിയനിയമത്തിൽ പ്രകാശിതമായിരിക്കുന്നു എന്ന് വിവരിക്കുന്നു. ആറാമദ്ധ്യായം സഭാജീവിതത്തിൽ വിശുദ്ധ ലിഖിതങ്ങൾക്കുള്ള ഒഴിച്ചുകൂടാനാവാത്ത സ്ഥാനത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. അങ്ങനെ സഭയിൽ ദൈവവചനത്തെക്കുറിച്ചുള്ള സമഗ്രമായ കാഴ്ചപ്പാട് ഉരുത്തിരിഞ്ഞത് രണ്ടാം വത്തിക്കാൻ സൂനഹദോസിലാണ്.

കൗൺസിൽ നല്കിയ കാഴ്ചപ്പാട് സഭയിൽ വചനവായനയ്ക്കും വിചിന്തനത്തിനും വ്യാഖ്യാനത്തിനും ആവേശകരമായ പ്രോത്സാഹനം നല്കി. അതിന്റെ പാശ്ചാത്തലത്തിലാണ് Providentissimus എന്ന ചാക്രികലേഖനത്തിന്റെ 100-ാം വർഷത്തിൽ 1993-ൽ പൊന്തി

www.malankaralibrary.com



ഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ സഭയിൽ ബൈബിൾ വ്യാഖ്യാനം (The Interpretation of the Bible in the Church) എന്ന സുപ്രധാന രേഖ പുറപ്പെടുവിച്ചത്. ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ അനുമതിയോടും അനുഗ്രഹാശിസുകളോടുമാണ് അത് പുറപ്പെടുവിക്കപ്പെട്ടത്. ബൈബിൾ വ്യാഖ്യാനത്തിൽ ചരിത്രാത്മകവിമർശനരീതി (Historical Critical Method) അനിവാര്യമാണെന്ന് പ്രസ്തുത രേഖ ഉറക്കെ പ്രഖ്യാപിക്കുന്നു. എന്നാൽ അതോടൊപ്പം ഈ കാലഘട്ടത്തിലുണ്ടായിട്ടുള്ള ഇതരവ്യാഖ്യാനരീതികളും സമീപനങ്ങളും ചേർക്കപ്പെടണം. ഓരോ രീതിയുടെയും സമീപനത്തിന്റെയും ഗുണദോഷങ്ങൾ പ്രസ്തുത രേഖ ചൂണ്ടിക്കാണിക്കുന്നുണ്ട്. അകത്തോലിക്കാ സഭകൾ വളരെ വിലമതിച്ച ഒരു രേഖയാണിത്.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ (1962-65) ദൈവാവിഷ്കരണത്തെക്കുറിച്ചുള്ള പ്രമാണ രേഖയിൽ (Dei verbum) ദൈവവചന വ്യാഖ്യാനത്തിന്റെ ആവശ്യകതയെ ഊന്നിപ്പറയുന്നുണ്ട്. വചനവ്യാഖ്യാനത്തിനായി ഏഴ് തത്വങ്ങളാണ് പ്രധാനമായും പ്രമാണ രേഖ മുന്നോട്ടു വയ്ക്കുന്നത്.

1. മാനുഷിക ഭാഷയിലുള്ള ദൈവവചനമാണ് ബൈബിളിലുള്ളത് എന്നതിനാൽ, ബൈബിൾ വായനയിലും വ്യാഖ്യാനത്തിലും പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ആവശ്യമാണ്.
2. ക്രിസ്തീയ വിശ്വാസത്തെ സംബന്ധിക്കുന്ന ഏറ്റവും ആധികാരികഗ്രന്ഥം ബൈബിളാണ്. ബൈബിളിലൂടെ ദൈവം നല്കിയ അടിസ്ഥാന വെളിപാടിനെ (normative revelution) ആധാരമാക്കിയാണ് വ്യക്തിപരമായ വെളിപാടിനെ വ്യാഖ്യാനിക്കേണ്ടത്.
3. ബൈബിൾ എന്നത് ആധികാരികമായി നിർവ്വചിക്കപ്പെട്ടിട്ടുള്ള കാനോനിക ഗ്രന്ഥങ്ങളുടെ സമാഹാരമാണ്. അതിനാൽ ബൈബിളിലെ ഓരോ വചനത്തെയും മുഴുവൻ ബൈബിളിന്റെയും സമഗ്രതയിൽ വ്യാഖ്യാനിക്കണം. ഒരു വചനമോ ഭാഗമോ മാത്രം വേർതിരിച്ച് വ്യാഖ്യാനിക്കുന്നത് ദൈവിക വെളിവാടിന്റെ സമഗ്രതയെ നിഷേധിക്കലാണ്.
4. മനുഷ്യന്റെ വിശുദ്ധീകരണത്തിനും രക്ഷയ്ക്കും ആവശ്യമായ സത്യങ്ങളാണ് ബൈബിളിലൂടെ ദൈവം വെളിപ്പെടുത്തിയിരിക്കുന്നത്. ഈ അടിസ്ഥാനലക്ഷ്യം മറന്നുകൊണ്ടുള്ള വ്യാഖ്യാനം സ്വീകരിക്കരുത്.

www.malankaralibrary.com



5. വി. ഗ്രന്ഥരചനയിൽ ഗ്രന്ഥകർത്താവിനെ പ്രചോദിപ്പിച്ച പരിശുദ്ധാത്മാവുതന്നെ വചനത്തിന്റെ ശരിയായ അർത്ഥം ഗ്രഹിക്കാൻ വചന വ്യാഖ്യാനം നടത്തുന്ന വിശ്വാസികളുടെ സമൂഹത്തെ (സഭയെ) പ്രചോദിപ്പിക്കുന്നുണ്ട്.

6. ബൈബിളിലൂടെ ദൈവം എല്ലാ തലമുറകളോടും തന്റെ വചനം അറിയിക്കുന്നു. അതിനാൽ വചനവായനയും വ്യാഖ്യാനവും കേവലം ഗതകാല സംഭവങ്ങളുടെ അനുസ്മരണമല്ല, മറിച്ച്, സജീവമായ ദൈവസ്വരം നേരിട്ടു ശ്രവിക്കുന്നതാണ്.

7. സഭയുടെ സജീവ പാരമ്പര്യത്തോടുചേർന്നുനിൽക്കാതെ ദൈവവചനത്തിന്റെ യഥാർത്ഥ വ്യാഖ്യാനം അസാദ്ധ്യമാണ്. ദൈവിക വെളിപാടുകളുടെ ആകെത്തുകയാണ് സഭയുടെ വി. പാരമ്പര്യമായി അറിയപ്പെടുന്നത്. ദൈവജനത്തിനു കാലാകാലങ്ങളായി ലഭിച്ച വെളിപാടുകളിൽ ഏതാനും ഭാഗം മാത്രമേ ലിഖിതവും കാനോനികവുമായ രൂപത്തിൽ ബൈബിളിൽ ഇടം നേടിയിട്ടുള്ളൂ. ശേഷിക്കുന്ന ദൈവിക വെളിപാടുകളുടെ ശേഖരം സഭയുടെ സജീവവും വിശുദ്ധവുമായ പാരമ്പര്യത്തിലാണുള്ളത്.

**ഡോ. ജോസഫ് പാംപ്ലാനി**

www.malankaralibrary.com

# 06

## ബൈബിൾ വ്യാഖ്യാന രീതികൾ

ശാസ്ത്രീയമായി ബൈബിൾ വ്യാഖ്യാനിക്കുന്നതിനായി വിവിധരീതികൾ ബൈബിൾ പണ്ഡിതന്മാർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. അവയെക്കുറിച്ച് സമഗ്രമായ പഠനം നടത്താൻ ഈ പുസ്തകത്തിന്റെ സ്ഥല പരിമിതി തടസ്സമാണ്. എങ്കിലും വിവിധരീതികളുടെ അടിസ്ഥാനതത്വങ്ങൾ ഉദാഹരണസഹിതം ചുരുക്കി വിവരിക്കുകയാണിവിടെ.

വ്യാഖ്യാനരീതികളെ അവയുടെ സ്വഭാവമനുസരിച്ച് രണ്ടായി തരംതിരിക്കുന്നു: ചരിത്ര വിശകലനരീതി (Historical Criticism = Diachronic approch), സാഹിത്യ വിമർശനരീതി (Literary Criticism = synchronic approach). ഒരു രചന രൂപപ്പെട്ടതിന്റെ ചരിത്രവും രചനയുടെ രൂപീകരണത്തിനു നിമിത്തമായ ചരിത്ര പാശ്ചാത്തലവും രചയിതാവിനെ സ്വാധീനിച്ച സാമൂഹിക സാംസ്കാരിക പ്രതിസന്ധികളും വിലയിരുത്തുക എന്നതാണ് ചരിത്രവിശകലനത്തിന്റെ ലക്ഷ്യം. ഇതിനായി ഗ്രന്ഥത്തിലെ വിവിധ ഭാഗങ്ങളെ വേർതിരിച്ച് വിശകലനം ചെയ്യുക എന്നത് ചരിത്ര വിശകലനത്തിന്റെ പ്രത്യേകതയാണ് (Diachronic

www.malankaralibrary.com



approach). ഉദാഹരണമായി "സിനഗോഗിൽനിന്നു പുറത്താക്കുക" എന്ന കല്പനയെക്കുറിച്ച് യോഹന്നാന്റെ സുവിശേഷം മൂന്നുവട്ടം സൂചിപ്പിക്കുന്നുണ്ട് (9:22; 12:42; 16:2). എന്തുകൊണ്ടാണ് യോഹന്നാൻ ഇപ്രകാരം പറയുന്നത് എന്നതിനെ ചരിത്രപരമായി വിശകലനം ചെയ്യുമ്പോൾ ക്രിസ്ത്യാനികളെ സിനഗോഗിൽനിന്നു പുറത്താക്കാൻ ജാംനിയൻ കൗൺസിൽ കൈക്കൊണ്ട തീരുമാനത്തെക്കുറിച്ചും അത് യോഹന്നാന്റെ സഭാസമൂഹത്തിൽ ഉളവാക്കിയ പ്രതിസന്ധിയെക്കുറിച്ചും നാം മനസ്സിലാക്കുന്നു. യോഹന്നാന്റെ സുവിശേഷം രൂപം കൊള്ളുന്ന ഈ പാശ്ചാത്തലത്തെക്കുറിച്ചുള്ള അറിവ് സുവിശേഷ വ്യാഖ്യാനത്തിന് അവശ്യാവശ്യമാണ്.

സാഹിത്യ വിശകലനരീതിയാകട്ടെ ഗ്രന്ഥത്തിലെ ഭാഷാ - ആഖ്യാനശൈലികളെയും രചനാ സങ്കേതങ്ങളെയും വിവരണശൈലിയുടെ പ്രത്യേകതകളെയും രചയിതാവ് അനുവാചകരിൽ ചെലുത്തുന്ന സ്വാധീനങ്ങളെയുമാണ് വിലയിരുത്തുന്നത്.

## ചരിത്രവിശകലനരീതി

ചരിത്ര വിശകലനരീതി നൂറ്റാണ്ടുകൾകൊണ്ട് വളർന്നു വികസിച്ച ബൈബിൾ വ്യാഖ്യാനരീതിയാണ്. ഹെർമൻ ഗുങ്കൽ എന്ന ജർമ്മൻ ദൈവശാസ്ത്രജ്ഞന്റെ അഭിപ്രായത്തിൽ ചരിത്രവിശകലനത്തിൽ മൂന്നു വസ്തുതകൾ അടങ്ങിയിട്ടുണ്ട്.

1. വിശകലനവിധേയമാക്കുന്ന ഗ്രന്ഥഭാഗം ഏതു സാഹിത്യരൂപത്തിൽപ്പെട്ടതാണെന്നു നിർണ്ണയിക്കുക (Form Criticism).
2. ഗ്രന്ഥഭാഗത്തിന്റെ രൂപീകരണത്തിനു നിമിത്തമായ ചരിത്രപരവും നിയമപരവും ആരാധനാക്രമപരവുമായ പശ്ചാത്തലം (Sitz in Leben) കണ്ടെത്തുക.
3. ഇന്നു ലഭ്യമായ രൂപത്തിൽ ഈ ഗ്രന്ഥഭാഗം രൂപീകരിക്കുന്നതിൽ മധ്യവർത്തികളായി നിലകൊണ്ട രചയിതാക്കളുടെയും സംശോധകരുടെയും (Redactors) നടപടികളെ വിലയിരുത്തുക (Redaction Criticism).

മാർട്ടിൻ ഹൈഡഗറുടെ അസ്തിത്വവാദ തത്ത്വചിന്തയുടെ വെളിച്ചത്തിൽ ദിബേലിയൂസ്, ബുൾട്ടുമാൻ തുടങ്ങിയ പ്രമുഖ ജർമ്മൻ വ്യാഖ്യാതാക്കൾ ചരിത്രവിശകലനരീതിയെ സാർവ്വത്രികവൽകരിച്ചു.

### 1. പാഠവിശകലനം (Textual Criticism)

ചരിത്രവിശകലനരീതിയിലെ പ്രഥമപടി പാഠവിശകലനമാണ്.

www.malankaralibrary.com



ബൈബിൾ ഗ്രന്ഥങ്ങളുടെ മൂലകൃതികളൊന്നും ഇന്ന് ലഭ്യമല്ല. മൂലകൃതിയുടെ വിവിധ കാലഘട്ടങ്ങളിലെ പകർപ്പുകളും ആരാധനക്രമത്തിലെ ഉദ്ധരണികളും വിവിധ ഭാഷകളിലെ തർജ്ജമകളും മാത്രമേ ഇന്നു ലഭ്യമായിട്ടുള്ളൂ. ലഭ്യമായ ഈ പാഠഭാഗങ്ങൾ തമ്മിൽ വ്യത്യാസങ്ങളുണ്ടാകാം. ചില വ്യത്യാസങ്ങൾ പകർത്തിയെഴുതിയവർ ബോധപൂർവ്വമോ അല്ലാതെയോ വരുത്തിയതായിരിക്കാം. വിഭിന്ന കയ്യെഴുത്തുപ്രതികളിൽ വ്യത്യസ്തമായി കാണുന്ന പാഠഭാഗങ്ങളെ പരിശോധിച്ച് മൂലകൃതിയോട് ഏറ്റവും വിശ്വസ്തത പുലർത്തുന്ന പാഠം ഏത് എന്നു കണ്ടെത്തുന്നതാണ് പാഠവിശകലനരീതി (Textual Criticism). പാഠവിശകലനരീതിക്ക് നാല് തലങ്ങളുണ്ട്:

1. വിവിധ കയ്യെഴുത്തു പ്രതികളിലെ പാഠഭാഗങ്ങൾ (textual variants) കണ്ടുപിടിക്കുകയും കയ്യെഴുത്തു പ്രതികളുടെ ആധികാരികതയെ അടിസ്ഥാനമാക്കി അവയെ അഞ്ച് ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിലുമുള്ള കയ്യെഴുത്തു പ്രതികളുടെ പാഠഭേദങ്ങൾ നിർണ്ണയിക്കുക (external evidence).
2. പാഠഭേദങ്ങളെ വിലയിരുത്തി ഏറ്റവും ആധികാരികമായ കയ്യെഴുത്തു പ്രതികൾ നൽകുന്ന സാക്ഷ്യങ്ങൾ പരിഗണിച്ച് നിഗമനത്തിലെത്തുക.
3. മറ്റുപാഠഭേദങ്ങളിലേക്കു നയിക്കാനിടവന്ന മൂലപാഠത്തെ പുനർനിർമ്മിക്കുക.
4. മൂലകൃതിയുടെ പാഠഭാഗമായി നിർണ്ണയിക്കപ്പെട്ട ഭാഗത്തെ പ്രസ്തുതഗ്രന്ഥത്തിന്റെ ഇതരഭാഗങ്ങളുമായി ബന്ധപ്പെടുത്തി ആശയപരമായും ഭാഷാശൈലിപരമായും ദൈവശാസ്ത്രപരവുമായ പൊരുത്തം നിർണ്ണയിക്കുക (internal evidence).

പാഠവിശകലന രീതിക്ക് ഉദാഹരണമായി യോഹന്നാൻ 1:13 നെ വിശദീകരിക്കാം. പി.ഒ.സി. ബൈബിളിന്റെ അടിക്കുറിപ്പിൽ ഈ പാഠഭാഗം ചേർത്തിട്ടുണ്ട്.

**പാഠഭേദം 1:** അവർ ജനിച്ചത് രക്തത്തിൽനിന്നോ ശാരീരികാഭിലാഷത്തിൽനിന്നോ പുരുഷന്റെ ഇച്ഛയിൽനിന്നോ അല്ല; ദൈവത്തിൽനിന്നാണ്.

**പാഠഭേദം 2:** അവൻ ജനിച്ചത് രക്തത്തിൽനിന്നോ ശാരീരികാഭിലാഷത്തിൽനിന്നോ പുരുഷന്റെ ഇച്ഛയിൽനിന്നോ അല്ല; ദൈവത്തിൽനിന്നാണ്.

മുകളിൽ പ്രസ്താവിച്ച നാല് തത്വങ്ങളെ ആധാരമാക്കി ഈ രണ്ടു പാഠഭേദങ്ങളിൽ മൂലകൃതിയോട് വിശ്വസ്തത പുലർത്തുന്ന

www.malankaralibrary.com



പാഠഭേദമേതെന്ന് കണ്ടെത്തുകയാണ് പാഠവിശകലനരീതിയിൽ നാം ചെയ്യുന്നത്. ഒന്നാം പാഠഭേദമാണ് ശരിയെങ്കിൽ ഈ വചനം സഭയുടെ ജനനത്തെക്കുറിച്ചും രണ്ടാം പാഠഭേദമാണു ശരിയെങ്കിൽ ഈ വചനം ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചുമാണ് സൂചിപ്പിക്കുന്നത്.

(1) ഒന്നാമത്തെ തത്വമനുസരിച്ച് വിവിധ കയ്യെഴുത്തു പ്രതികളിൽ എപ്രകാരമാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നു കണ്ടെത്തണം. ചുവടെ ചേർത്ത പട്ടിക ശ്രദ്ധിക്കുക.

| പാഠഭേദങ്ങൾ | I | II | III | IV | V |
|---|---|---|---|---|---|
| അവർ ജനിച്ചത് ദൈവത്തിൽ നിന്നാണ് | B* P* P6 66, B C | Q W Sup | AD 1071 | e | 28 E |
| അവൻ ജനിച്ചത് ദൈവത്തിൽ നിന്നാണ് | C (SY S)P H | | | It 6 ഇറനേവൂസ് തെർത്തുല്യൻ | |

(2) വിവിധ കയ്യെഴുത്തു പ്രതികളും തർജ്ജമകളും സഭാപിതാക്കന്മാരുടെ രചനകളും പരിശോധിക്കുമ്പോൾ എല്ലാ ഗ്രീക്ക് കയ്യെഴുത്തു പ്രതികളും B*, B C, Q, W SUPP, A, D, 1071, 28, E, പപ്പീറസുകൾ (P 75, P 66) - ബഹുവചനരൂപത്തെയാണ് പിന്താങ്ങുന്നത്. എന്നാൽ സുറിയാനി (പ്ശീത്താ), ലത്തീൻ (It 6) വിവർത്തനങ്ങളും സഭാപിതാവായ ഇറനേവൂസ്, തെർത്തുല്യൻ തുടങ്ങിയവരും ഏകവചന രൂപത്തെ (അവൻ ജനിച്ചത്............) യാണ് പിന്താങ്ങുന്നത്.

(3) മൂലകൃതിയിലെ ബഹുവചനരൂപത്തെ സമാന്തര സുവിശേഷങ്ങളിലെ കന്യകാജനനവുമായി ബന്ധിപ്പിക്കുന്നതിനായി വിവർത്തകരും സഭാപിതാക്കന്മാരും പാഠഭേദം വരുത്തിയതാകാം.

(4) സുവിശേഷത്തിന്റെ ഇതരഭാഗങ്ങളുമായി ബന്ധിപ്പിച്ചു ചിന്തിക്കുമ്പോൾ ഏകവചനവായനയേയും (അവൻ ജനിച്ചത്.........) ബഹു

www.malankaralibrary.com



വചനവായനയെയും (അവർ ജനിച്ചത്.........) ന്യായീകരിക്കുന്നതെളിവുകൾ കണ്ടത്താനാവും.

- യോഹ 1:13 യേശുവിന്റെ കന്യകാജനനത്തെ സൂചിപ്പിക്കുന്നു
- പുരുഷന്റെ ഇച്ഛയിൽനിന്നല്ല എന്ന പ്രയോഗം കന്യകാജനനത്തിനു തെളിവാണ്.
- 14-ാം വാക്യത്തിന്റെ കർത്താവായ വചനം തന്നെയാണ് 13-ാം വാക്യത്തിന്റെയും കർത്താവ് അതിനാൽ 13-ാം വാക്യവും യേശുവിന്റെ ജനനത്തെ സൂചിപ്പിക്കുന്നു.
- ദൈവത്തിൽനിന്ന് ജനിച്ചത് എന്ന പദപ്രയോഗം വിശ്വാസികളെയല്ല ക്രിസ്തുവിനെയാണ് നാലാമത്തെ സുവിശേഷത്തിൽ സൂചിപ്പിക്കുന്നത് (8:42; 16:28; 18:37). (cfr. Harnak, Zur Textkritik und Christologie, 115- 132)

എന്നാൽ ഈ വാദഗതികൾ അസ്ഥാനത്താണെന്ന് സുവിശേഷംതന്നെ തെളിവുതരുന്നുണ്ട്. ബഹുവചനവായന (അവർ ജനിച്ചത്...........) യാണ് ശരിയായത് എന്നു കരുതാൻ എല്ലാന്യായവുമുണ്ട്. കാരണം,

- എല്ലാ പ്രധാന പുരാതന കയ്യെഴുത്തു പ്രതികളും ബഹുവചനവായനയെ പിന്താങ്ങുന്നു.
- ബഹുവചനരൂപം താരതമ്യേന ഗ്രഹിക്കാൻ ദുഷ്കരമായതിനാൽ അതായിരിക്കണം മൂലകൃതിയിലുണ്ടായിരുന്നത്.
- "തന്നിൽ വിശ്വസിച്ചവർ" എന്ന 12-ാം വാക്യത്തിലെ ബഹുവചനരൂപം 13-ാം വാക്യത്തിൽ ബഹുവചന രൂപം ആവശ്യപ്പെടുന്നുണ്ട്.
- വിശ്വാസികളുടെ ദൈവത്തിൽനിന്നുള്ള ജനനം എന്ന ആശയം യോഹന്നാന്റെ രചനകളിലെ പ്രധാന ആശയങ്ങളിലൊന്നാണ് (3:1-7; 1 യോഹ 2:29; 3:9; 4:7; 5:1). എന്നാൽ കന്യകാജനനമാകട്ടെ യോഹന്നാൻ പരാമർശിക്കുന്നതേയില്ല.
- വിശ്വാസികളുടെ ജനനവും യേശുവിന്റെ ജനനവും (ക്രിസ്തുവും സഭയും) പരസ്പരപൂരകങ്ങളായ യാഥാർത്ഥ്യങ്ങളാണ് നാലാം സുവിശേഷത്തിൽ. അതിനാൽ സഭയുടെ ജനനത്തെ സൂചിപ്പിക്കുന്ന ബഹുവചനവായനയാണ് മൂലകൃതിയിൽ ഉണ്ടായിരുന്നത് എന്ന് അനുമാനിക്കാം.


www.malankaralibrary.com



## 2. ഉറവിട വിശകലനം (Source Criticism)

വി. ഗ്രന്ഥങ്ങളുടെ രചനയിൽ സ്വാധീനം ചെലുത്തിയിട്ടുള്ള ഉറവിടങ്ങളെയും പാരമ്പര്യങ്ങളെയും വിശകലനത്തിലൂടെ കണ്ടെത്തുക എന്നതാണ് ഉറവിടവിശകലനത്തിന്റെ ലക്ഷ്യം. ജൂലിയസ് വെൽഹൗസൻ എന്ന ജർമ്മൻ ബൈബിൾ വിശാരദനാണ് ഉറവിട വിശകലനത്തിന്റെ ഉപജ്ഞാതാവായി അറിയപ്പെടുന്നത്. പഞ്ചഗ്രന്ഥിയുടെ കർത്താവ് മോശയാണെന്ന വിശ്വാസം തിരുത്തിക്കുറിച്ചുകൊണ്ട് പഞ്ചഗ്രന്ഥിയുടെ രചനയ്ക്കുപിന്നിൽ യാഹ്വിസ്റ്റ് (J), എലോഹിസ്റ്റ് (E), നിയമാവർത്തനം (D), പുരോഹിത (P) പാരമ്പര്യങ്ങൾ ഉണ്ടെന്ന് വെൽഹൗസൻ സ്ഥാപിച്ചു (four source theory). പുതിയനിയമത്തിൽ സമാന്തരസുവിശേഷങ്ങളുടെ (മത്തായി, ലൂക്ക) ഉറവിടമായി മർക്കോസിന്റെ സുവിശേഷത്തെയും യേശുവിന്റെ വചനങ്ങളുടെ ശേഖരമായ ഗ്രന്ഥത്തെയും (Q) പ്രതിഷ്ഠിച്ചതും ഉറവിടവിശകലനം വഴിയാണ്.

ഉറവിടങ്ങളെ ഉപയോഗപ്പെടുത്തിയാണ് തങ്ങൾ ഗ്രന്ഥരചന നിർവ്വഹിച്ചതെന്ന് വി. ഗ്രന്ഥകാരന്മാർതന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട് (ലൂക്കാ 1:1–3). സുവിശേഷങ്ങളിലെ വിവരണസാദൃശ്യങ്ങൾ അവ പൊതു ഉറവിടങ്ങളെ ആധാരമാക്കി രചിക്കപ്പെട്ടവയാണെന്ന സത്യം വിളിച്ചോതുന്നു (cfr. Marshall, New Testament Interpretation, 1985, P. 145). ഈ ഉറവിടങ്ങൾ ലിഖിതരൂപത്തിലുള്ളവയോ വാമൊഴിയായി പ്രചരിച്ചിരുന്നവയോ ആയിരിക്കാം. മത്തായിയുടെയും ലൂക്കായുടെയും സുവിശേഷങ്ങളിൽ പൊതുവായുള്ളതും മർക്കോസിന്റെ സുവിശേഷത്തിൽ ഇല്ലാത്തതുമായ വിവരണങ്ങൾ Q വിൽനിന്നുള്ളതാണെന്നു കരുതപ്പെടുന്നു. മൂന്നു സുവിശേഷങ്ങളിലും പൊതുവായുള്ളവ മർക്കോസിന്റെ സുവിശേഷത്തിൽനിന്നുള്ളതാണെന്നു കരുതപ്പെടുന്നു. "ഇരട്ട ഉറവിട സിദ്ധാന്തം" (Two source Theory) എന്നും "ഓക്സ്ഫോഡ് സിദ്ധാന്തം" (ഓക്സ്ഫോഡ് സർവ്വകലാശാലയിലെ ബൈബിൾ പണ്ഡിതരാണ് ഈ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാക്കൾ) എന്നും അറിയപ്പെടുന്ന ഈ ഉറവിട സിദ്ധാന്തത്തെ ചുവടെ കാണുംവിധം ചിത്രീകരിക്കാം.



www.malankaralibrary.com



### 3. രൂപ വിശകലനം (Form Criticism)

വി. ഗ്രന്ഥപുസ്തകങ്ങളുടെയും അവയുടെ ഉറവിടങ്ങളുടെയും പിന്നിലുള്ള സാഹിത്യരൂപങ്ങളെ അപഗ്രഥിക്കുക എന്നതാണ് രൂപ വിമർശനത്തിന്റെ ലക്ഷ്യം. പഴയനിയമത്തിന്റെ രൂപവിശകലനത്തിൽ ഹെർമൻ ഗുംഗലും പുതിയനിയമത്തിന്റെ രൂപവിമർശനത്തിൽ റുഡോൾഫ് ബുൾട്ടുമാനും മാർട്ടിൻ ദിബേലിയൂസും ശ്രദ്ധേയമായ സംഭാവനകൾ നൽകിയവരാണ്. രൂപവിശകലനത്തിൽ രണ്ടുസിദ്ധാന്തങ്ങൾ പ്രാമുഖ്യമുള്ളവയാണ്.

ഒന്നാമതായി, സ്കാൻഡിനേവിയൻ പക്ഷക്കാരുടെ അഭിപ്രായമനുസരിച്ച് ബൈബിൾ വിവരണങ്ങളുടെ ആദ്യരൂപം വാമൊഴിയായി പ്രചരിച്ച ഐതിഹ്യങ്ങളും, ഗാനങ്ങളും, അനുഗ്രഹവചസ്സുകളും, ശാപങ്ങളും, വിലാപങ്ങളും, പഴമൊഴികളും പ്രവചനങ്ങളും പ്രേമകാവ്യങ്ങളുമായിരുന്നു. ആരാധനാക്രമപശ്ചാത്തലത്തിൽ (Sitz in Leben) ഇവ പരിരക്ഷിക്കപ്പെട്ടുപോന്നതായും കാലാന്തരത്തിൽ ഇവയെ ഉപജീവിച്ച് രചനകൾ രൂപംകൊണ്ടതായും കരുതുന്നതാണ് രൂപ വിശകലനത്തിലെ ആദ്യസിദ്ധാന്തം.

രണ്ടാമതായി, ഇംഗ്ലീഷ്-ജർമ്മൻ പക്ഷ രൂപവിമർശകരുടെ അഭിപ്രായത്തിൽ വി. ഗ്രന്ഥവിവരണങ്ങളുടെ ആദ്യരൂപം വാമൊഴിയായിട്ടല്ല ലിഖിതരൂപത്തിലാണ് നിലനിന്നിരുന്നത്. കഥാവിവരണങ്ങളും നിയമസംഹിതകളും ഉപകഥകളും ലേഖനങ്ങളും ദിനവൃത്താന്തങ്ങളും വംശാവലികളും ഐതിഹ്യങ്ങളും ഉപമകളുമായി എഴുതി സൂക്ഷിക്കപ്പെട്ട ഉറവിടങ്ങളെ ആധാരമാക്കിയാണ് കാലാന്തരത്തിൽ വി. ഗ്രന്ഥകാരന്മാർ രചനനിർവ്വഹിച്ചത് എന്നതാണ് രൂപവിശകലനത്തിലെ രണ്ടാം സിദ്ധാന്തം. ലിഖിതരൂപത്തിലുള്ള ഉറവിടങ്ങൾ എഴുതിയതും പരിരക്ഷിച്ചതും രാജകൊട്ടാരങ്ങളിലും ദേവാലയത്തിലുമുണ്ടായിരുന്ന നിയമജ്ഞരും പുരോഹിതരും പ്രവാചകരുമാണെന്നാണ് രണ്ടാം സിദ്ധാന്തം അനുധാവനം ചെയ്യുന്നവർ അനുമാനിക്കുന്നത്. വിമർശനത്തിന്റെ അടിസ്ഥാനതത്വങ്ങൾ നാലെണ്ണമാണ്.

1. വിശ്വാസികളുടെ സമൂഹത്തിൽ പ്രചാരത്തിലിരുന്ന കഥകളും വിവരണങ്ങളും ക്രോഡീകരിച്ചാണ് വി. ഗ്രന്ഥനിർമ്മാതാക്കൾ രചന നിർവ്വഹിച്ചത്.
2. അനേകവർഷങ്ങൾ വാമൊഴിയായി പ്രചരിച്ചശേഷമാണ് അവ ലിഖിതരൂപത്തിലായത്.

www.malankaralibrary.com



3. സംഭവങ്ങളുടെ യഥാർത്ഥ കാലഗണനയേക്കാൾ ഗ്രന്ഥകാരന്റെ കാഴ്ചപ്പാടുകൾക്കനുസരിച്ചുള്ള കാലഗണന (chronology)യാണ് രചനകളിൽ ഉപയോഗിച്ചിരിക്കുന്നത്.

(cfr. D.A. Black & D.S. Dockery, New Testament Inkrpretation, Grand Rapids, 1991, MI, 1991, P. 158-184).

മർക്കോസിന്റെ സുവിശേഷം ഒന്നാം അദ്ധ്യായത്തിന്റെ വിമർശനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| (1) പ്രബോധനം<br>മർക്കോ 1: 1–8 | സ്നാപകനെക്കുറിച്ചുള്ള വിവരണം-പാരമ്പര്യവും മർക്കോസിന്റെ രചനയും ചേർന്ന വിവരണം. 9–ാം വാക്യത്തിൽ |
| (2) കഥാവിവരണം:<br>മർക്കോ: 9–11 | അന്നൊരിക്കൽ എന്ന സമയസൂചികയോടെ പുതിയൊരു വിവരണം ചേർത്തിരിക്കുന്നതായി വ്യക്തമാണ്. സമയസൂചിക ഒഴികെയുള്ളത് പാരമ്പര്യത്തിൽ നിന്നുള്ള വിവരണമാണ്. |
| (3) കഥാവിവരണം:<br>12–13 | ഉടനെതന്നെ എന്ന ആമുഖത്തോടെ പ്രലോഭനവിവരണം കൂട്ടിച്ചേർത്തിരിക്കുന്നു. നിലവിലുണ്ടായിരുന്ന രണ്ടു വിവരണങ്ങളെ സമയസൂചികയിലൂടെ ബന്ധിക്കുകമാത്രമാണ് സുവിശേഷകൻ ചെയ്തത്. |
| (4) രചയിതാവിന്റെ വരികൾ<br>14–15 | യേശുവിന്റെ പരസ്യജീവിതത്തെക്കുറിച്ചുള്ള ഈ സംക്ഷിപ്ത വിവരണം ഇത് സുവിശേഷകന്റെ രചനയാണ്. |
| (5) കഥാവിവരണം<br>16–20 | ഈ ഭാഗം മുൻപിലത്തെഭാഗങ്ങളുമായി യാതൊരുബന്ധവുമില്ലാതെ നിലകൊള്ളുന്നു. പാരമ്പര്യത്തിൽ നിന്നുള്ള വിവരണം കൂട്ടിയോജിപ്പിക്കാതെ നിലനിർത്തിയിരിക്കുന്നു. |

www.malankaralibrary.com



| | |
|---|---|
| (6) അത്ഭുതവിവരണം 21-28: | പിശാചുബാധിതനെ സുഖപ്പെടുത്തുന്ന അത്ഭുതം കഫർണാമിലെ ആദ്യപ്രവർത്തനമാണ്. പാരമ്പര്യത്തിൽ നിന്നെടുത്ത അത്ഭുതവിവരണം. |
| (7) അത്ഭുതവിവരണം 29-31 | 16-20 ന്റെ തുടർച്ചയായി ഈ ഭാഗത്തെ കരുതാം. |
| (8) രചയിതാവിന്റെ വരികൾ 32-34 | സംക്ഷിപ്ത വിവരണങ്ങൾ - മർക്കോസിന്റെ സ്വന്തം രചന. |
| (9) രചയിതാവിന്റെ വരികൾ 35-39 | അതിരാവിലെ എന്ന സമയസൂചികയോടെ മറ്റൊരു സംക്ഷിപ്ത വിവരണം ചേർത്തിരിക്കുന്നു. |
| (10) അത്ഭുതവിവരണം 40-45 | കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്ന ഈ സംഭവവും സ്ഥലമോ സമയമോ സൂചിപ്പിക്കാതെയുള്ള വിവരണമാണ്. 1:39ൽ നിന്ന് 2:1 ആരംഭിച്ചാലും യാതൊരു അഭംഗിയും തോന്നില്ല. 40-45 പാരമ്പര്യത്തിൽ നിന്ന് അതേപടി എടുത്തുവച്ച അത്ഭുത വിവരണമാണ്. |

ചുരുക്കത്തിൽ, മർക്കോസ് ഒന്നാം അദ്ധ്യായത്തിന്റെ രൂപവിമർശനത്തിലൂടെ ചില കാര്യങ്ങൾ വ്യക്തമാണ്: മർക്കോസിന്റെ സ്വന്തം രചനകൾ വളരെ പരിമിതമാണ്. പാരമ്പര്യത്തിൽനിന്നു ലഭിച്ച വിവിധ രൂപങ്ങളെ (അത്ഭുതവിവരണം, പ്രഭാഷണം, യാത്രാവിവരണം, സംഭവവിവരണം) കോർത്തിണക്കുക മാത്രമാണ് മർക്കോസ് ചെയ്തത്.

### 4. സംശോധനാ വിശകലനം (Redaction Criticism)

ഒരു വി. ഗ്രന്ഥഭാഗത്തിന്റെ അഭിനവരൂപം നിലവിൽ വരുന്നതിനുമുമ്പായി പ്രസ്തുത വചനഭാഗം വിധേയമായിട്ടുള്ള കൂട്ടിച്ചേർക്കലുകളെയും അവയുടെ കാരണങ്ങളെയും അപഗ്രഥിക്കുന്ന വിശകലന ശൈലിയാണിത്. ഉദാഹരണമായി ഏശയ്യാ എന്ന പുസ്തകത്തിൽ മൂന്നു പ്രവാചകന്മാരുടെ രചനകൾ (ഏശ 1-39; 40-55; 56-66) ചേർത്തുവച്ച സംശോധകരുടെ ലക്ഷ്യമെന്താണ് എന്നു കണ്ടെത്തുക സംശോധനാ വിശകലനത്തിന്റെ അന്വേഷണപരിധി

www.malankaralibrary.com



യിൽപ്പെടുന്നു. പുതിയനിയമത്തിൽ, വിശേഷിച്ച് സുവിശേഷങ്ങളിൽ പൊതു ഉറവിടങ്ങളിൽ നിന്നു ലഭ്യമായ അറിവുകളെയും വിവരണങ്ങളെയും തനതുശൈലിയിൽ ക്രമീകരിക്കാൻ സുവിശേഷകന്മാരെ പ്രേരിപ്പിച്ച ദൈവശാസ്ത്രചിന്തയെന്ത് എന്നു കണ്ടെത്തുന്നത് സംശോധനാ വിശകലനത്തിലൂടെയാണ്. ഉദാ: യേശുവിനെ പുതിയമോശയായി അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വി. മത്തായി തന്റെ സുവിശേഷത്തിൽ വരുത്തുന്ന ക്രമീകരണങ്ങൾ ശ്രദ്ധിക്കുക.

- ഈജിപ്തിൽവച്ച് ഇസ്രായേൽക്കാരുടെ ആദ്യജാതരുടെ വധത്തിൽനിന്ന് മോശ രക്ഷപെട്ടതുപോലെ ഹേറോദേസിന്റെ ശിശുഹത്യയിൽനിന്ന് യേശു രക്ഷപ്പെടുന്നു.
- മോശയെപ്പോലെ യേശുവും മലയിൽവച്ച് പുതിയനിയമ കൽപനകൾ നൽകുന്നു (മത്താ 5-7).
- മോശയുടെ അഞ്ചുപുസ്തകങ്ങളെ ഓർമ്മിപ്പിക്കാൻ മത്തായിയുടെ സുവിശേഷത്തിന് അഞ്ചുഭാഗങ്ങളുണ്ട്.
- ഈജിപ്തിലെ 10 ബാധകൾക്കു തുല്യമായി യേശു 10 അത്ഭുതങ്ങൾ തുടർച്ചയായി പ്രവർത്തിക്കുന്നു (മത്താ 8-9).

മത്തായി തനിക്കു ലഭിച്ച വിവിധ വിവരണങ്ങളെ സുവിശേഷത്തിൽ ക്രമീകരിച്ചപ്പോൾ അദ്ദേഹത്തിന്റെ മനസ്സിലെ സംശോധനാതത്വം (Redaction principle) യേശു പുതിയനിയമത്തിലെ മോശയാണെന്ന വസ്തുതയാണ്.

## സാഹിത്യവിശകലന രീതികൾ

ചരിത്രവിശകലന രീതിയിൽ ബൈബിൾ വ്യാഖ്യാനത്തിന് കൃതികൾ രൂപംകൊണ്ട ചരിത്രം, പാരമ്പര്യം, കാലാകാലങ്ങളിൽ കൈവന്നിട്ടുള്ള അർത്ഥവ്യതിയാനങ്ങൾ തുടങ്ങിയവ പ്രധാനപ്പെട്ടതാണ്. എന്നാൽ മറ്റേതൊരു സാഹിത്യകൃതിയുംപോലെ ബൈബിളിനെയും സമീപിക്കണം എന്നതാണ് സാഹിത്യവിശകലന (Literary Criticism) രീതിയുടെ അന്തസത്ത. കൃതിയുടെ ആന്തരികമായ ആഖ്യാനലോകം (Narrative world) ഭാവനാ പൂർണ്ണമെങ്കിലും അതിൽതന്നെ യാഥാർത്ഥ്യമുൾക്കൊള്ളുന്ന വസ്തുതയാണ് എന്നതാണ് സാഹിത്യവിശകലനരീതിയുടെ അടിസ്ഥാനതത്വം. വായനക്കാരനാണ് ഈ വിശകലന ശൈലിയിൽ കേന്ദ്രസ്ഥാനത്തുള്ളത്. ഏതാനും ഉദാഹരണങ്ങളിലൂടെ ഇത് വിശദമാക്കാം.

www.malankaralibrary.com



(1) അപ്പ 15:22 മുതലുള്ള വാക്യങ്ങളിൽ യൂദാസും സീലാസും അന്ത്യോക്യാവരെ പൗലോസിനോടും ബാർണാബാസിനോടു മൊത്തു യാത്രചെയ്തതായി സാക്ഷ്യപ്പെടുത്തുന്നു. 15:33–ൽ യൂദാസും സീലാസും അന്ത്യോക്യയിൽനിന്ന് ജറുസലേമിലേക്കുതിരിച്ചുപോന്നതായും രേഖപ്പെടുത്തിയിരിക്കുന്നു. ഈ വിവരണങ്ങളിൽ നിന്നു ലഭിച്ച അറിവുമായി വായന തുടരുന്ന വായനക്കാരൻ 15:40 ൽ എത്തുമ്പോൾ തീർച്ചയായും അമ്പരക്കും, കാരണം, പൗലോസിനോടൊത്ത് സീലാസും യാത്രാസംഘത്തിലുണ്ടെന്ന് ഗ്രന്ഥകാരൻ പറയുന്നു. ഗ്രന്ഥകാരന്റെ ആഖ്യാനത്തിൽ (Narration) വായനക്കാരന് അവിശ്വാസം തോന്നിക്കുന്ന സന്ദർഭമാണിത്. സാഹിത്യവിശകലന രീതിയിലൂടെ ആഖ്യാനത്തിലെ ഇത്തരം പൊരുത്തക്കേടുകൾ വിശദീകരിക്കാൻ ശ്രമിക്കുന്നു.

(2) നടപടി 2–ാം അധ്യായത്തിൽ പന്തക്കുസ്താദിനത്തിന്റെ വിവരണത്തിലും വായനക്കാരനെ അസ്വസ്ഥതപ്പെടുത്തുന്ന ചില പൊരുത്തക്കേടുകൾ കാണാം. വിവിധ ദേശവാസികൾ താന്താങ്ങളുടെ ഭാഷയിൽ പത്രോസിന്റെ പ്രസംഗം ശ്രവിച്ചു എന്നു വിശദീകരിക്കുമ്പോൾ വായനക്കാരൻ ഭാഷാവരം എന്ന പരിശുദ്ധാത്മഫലത്തെക്കുറിച്ച് ചിന്തിച്ച് അർത്ഥഗ്രഹണം നടത്തി വായന മുന്നോട്ടുനീക്കുമ്പോൾ, അതാ, പ്രസംഗം ശ്രവിച്ച ശ്രോതാക്കളുടെ അഭിപ്രായപ്രകടനം: "പുതുവീഞ്ഞുകുടിച്ച് അവർക്കു ലഹരി പിടിച്ചിരിക്കയാണ്" (2:14). ശ്രോതാക്കൾക്കെല്ലാം പത്രോസിന്റെ പ്രസംഗം മനസ്സിലായി എന്ന ആദ്യപരാമർശത്തിൽ വായനക്കാരനു സംശയം തോന്നുക സ്വാഭാവികമാണ്.

സാഹിത്യവിശകലന ശൈലിയിൽ ഒരു ഗ്രന്ഥത്തെ ഭാഗികമായിട്ടല്ല പൂർണ്ണമായുമാണ് പരിഗണിക്കുന്നത്. ഗ്രന്ഥത്തിന്റെ ആദ്യന്തം വായിക്കുന്ന വായനക്കാരൻ ഗ്രന്ഥവുമായും ഗ്രന്ഥകർത്താവുമായും നിരന്തരമായ സംഭാഷണത്തിലേർപ്പെടുന്നു. വായനക്കാരന്റെ മനസ്സിൽ ഉണരുന്ന ചോദ്യങ്ങളും ആശയങ്ങളും വിവരണത്തിന്റെ കാലികപ്രസക്തിയെക്കുറിച്ചുള്ള തിരിച്ചറിവുമൊക്കെയാണ് സാഹിത്യവിശകലന ശൈലിയുടെ ഫലങ്ങൾ. വിവിധതരം സാഹിത്യവിശകലന ശൈലികളുണ്ട്.

### (1) ആഖ്യാന വിശകലനം (Narrative Analysis)

ബൈബിൾ രക്ഷാചരിത്രത്തിന്റെ ആഖ്യാനമാണ്. മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ നിരന്തരമായ പ്രവൃത്തികളുടെ ആഖ്യാനമാണ് വി. ഗ്രന്ഥത്തിലുള്ളത്. ഈ വിവരണങ്ങളുടെ അപ

www.malankaralibrary.com



ഗ്രഥനമാണ് ആഖ്യാനവിശകലനം എന്ന പേരിൽ അറിയപ്പെടുന്നത്. ഒരു കഥാപാത്രത്തെ അവതരിപ്പിക്കുന്ന ശൈലി (Chara cterisa tion), ആഖ്യാതാവിന്റെ നിലപാടുകൾ (Point of view), കഥാ സംവിധാനം (Plot) തുടങ്ങിയവയെല്ലാം ആഖ്യാനവിശകലനത്തിന്റെ ഭാഗമാണ്. ആഖ്യാതാവിന്റെ വിവരണ ലോകത്തിലേക്ക് വായനക്കാരനെ എപ്രകാരം ക്ഷണിക്കുന്നു എന്നതും ആഖ്യാതാവിന്റെ മൂല്യസംഹിതകളെ പിഞ്ചെല്ലാൻ വായനക്കാരനെ എപ്രകാരം പ്രേരിപ്പിക്കുന്നു എന്നതും ആഖ്യാനവിശകലനത്തിൽ പ്രാധാന്യമർഹിക്കുന്നു.

ആഖ്യാനത്തിലെ വൈരുദ്ധ്യങ്ങളെയും തുടർച്ചയില്ലായ്മയെയും ആഖ്യാതാവിന്റെ വിവരണലോകത്തിന്റെ പ്രത്യേകതകൾക്കനുസരിച്ച് മനസ്സിലാക്കാൻ ഈ വിശകലനരീതി സഹായകമാണ്.

ഉദാഹരണമായി, യോഹ 20:1–2ൽ മഗ്ദലനാമറിയം ശിഷ്യരുടെ അടുക്കൽചെന്ന് കർത്താവിന്റെ ശരീരം കണ്ടില്ല എന്ന് സാക്ഷ്യപ്പെടുത്തുമ്പോൾ ശിഷ്യരിൽ രണ്ടുപേർ കല്ലറയിങ്കലേക്ക് ഓടിയെത്തി പരിശോധിക്കുന്നു (20:3–10). മഗ്ദലനാമറിയം ശിഷ്യരോടൊത്ത് കല്ലറയിങ്കലേക്കുപോന്നു എന്നതിനെക്കുറിച്ച് യാതൊരു സൂചനയും ഗ്രന്ഥകർത്താവ് തരുന്നില്ല. എന്നാൽ 20:11–ൽ കല്ലറയിങ്കൽ കരഞ്ഞുകൊണ്ടുനിൽക്കുന്ന മറിയത്തിലേക്കാണ് ആഖ്യാതാവ് ശ്രദ്ധക്ഷണിക്കുന്നത്. ആഖ്യാനത്തിലെ ഈ പൊരുത്തക്കേട് വായനക്കാരൻ നിസ്സാരമായി കരുതും, കാരണം, ഇതിനോടകം, ആഖ്യാതാവിന്റെ ശൈലി വായനക്കാരനു ഗ്രഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. രംഗത്ത് എപ്പോഴും രണ്ടുപേരെ നിലനിർത്തുകയും അവർ പിൻവാങ്ങിയാൽ മാത്രം മറ്റുള്ളവരെ പരിഗണിക്കുകയും ചെയ്യുന്ന ശൈലി യോഹന്നാന്റെ ആഖ്യാനശൈലിയാണെന്ന് അറിയാവുന്ന വായനക്കാരന് 20:1–11 ലെ ആഖ്യാനത്തിലുള്ള പൊരുത്തക്കേടുമായി പൊരുത്തപ്പെടാൻ കഴിയുന്നു.

### (2) അനുവാചക – പ്രതികരണ വിശകലനം (Reader - Response criticism)

ഗ്രന്ഥഗ്രഹണത്തിൽ നാലു യാഥാർത്ഥ്യങ്ങളുണ്ട് എന്നതാണ് അനുവാചക – പ്രതികരണ വിശകലനത്തിന്റെ അടിസ്ഥാനം: (1) യഥാർത്ഥ ഗ്രന്ഥകാരൻ Real author (2) അനുമാനിത ഗ്രന്ഥകാരൻ Implied author (3) യഥാർത്ഥ വായനക്കാരൻ – Real reader (4) അനുമാനിത വായനക്കാരൻ – Implied reader.

www.malankaralibrary.com



ഗ്രന്ഥരചന നിർവ്വഹിച്ച വ്യക്തിയാണ് യഥാർത്ഥ ഗ്രന്ഥകാരൻ. സഹസ്രാബ്ദങ്ങൾക്കു മുമ്പുജീവിച്ചിരുന്ന ഗ്രന്ഥകാരനെക്കുറിച്ച് നമുക്ക് അറിവ് തുലോം പരിമിതമാണ്. പലപ്പോഴും ഗ്രന്ഥകർത്താവിന്റെ പേരുപോലും നമുക്കറിയില്ല. ഗ്രന്ഥകർത്താവിനെ അറിയാനുള്ള ഏക മാധ്യമം ആ വ്യക്തി രചിച്ച ഗ്രന്ഥമാണ്. ഗ്രന്ഥം വായിക്കുന്നതിനനുസരിച്ച് ഗ്രന്ഥകർത്താവിനെക്കുറിച്ചുള്ള ഒരു ധാരണയോ സങ്കൽപ്പമോ വായനക്കാരന്റെ മനസ്സിൽ രൂപം കൊണ്ടുതുടങ്ങുന്നു. രചനയെ ആധാരമാക്കി വായനക്കാരന്റെ മനസ്സിൽ രൂപം കൊള്ളുന്ന ഗ്രന്ഥകാരനെയാണ് അനുമാനിത ഗ്രന്ഥകാരൻ (Implied author) എന്നുവിശേഷിപ്പിക്കുന്നത്. യഥാർത്ഥ വായനക്കാരൻ എന്നു വിശേഷിപ്പിക്കുന്നത് വായനയ്ക്കായി പ്രസ്തുത ഗ്രന്ഥം ലഭ്യമാക്കിയിട്ടുള്ള ഏതൊരു വ്യക്തിയെയുമാണ്. എന്നാൽ, വായനയിലൂടെ ഗ്രന്ഥം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും നിലപാടുകളും സ്വന്തമാക്കി ഗ്രന്ഥത്തിന്റെ ആഖ്യാനലോകത്ത് പ്രവേശിക്കുകയും യഥാർത്ഥ ഗ്രന്ഥകാരൻ അനുമാനിതഗ്രന്ഥത്തിലൂടെ നൽകുന്ന ആഖ്യാനത്തെ അംഗീകരിച്ച് സ്വീകരിക്കുകയും ചെയ്യുന്ന വായനക്കാരനാണ് അനുമാനിത അനുവാചകൻ (Implied reader). മറ്റൊരുഭാഷയിൽ പറഞ്ഞാൽ, ഏതൊരു ലക്ഷ്യം വായനക്കാരിൽ നിറവേറ്റണം എന്ന ഉദ്ദേശ്യത്തോടെ ഗ്രന്ഥകാരൻ രചന നിർവ്വഹിച്ചുവോ ആ ലക്ഷ്യം നിറവേറ്റുന്ന വായനക്കാരനാണ് അനുമാനിത വായനക്കാരൻ.

ഉദാഹരണമായി 4-ാമത്തെ സുവിശേഷത്തെ പരിശോധിക്കാം.

1. യഥാർത്ഥ ഗ്രന്ഥകാരൻ- സെബദിപുത്രനും 12 അപ്പസ്തോലന്മാരിൽ ഒരുവനുമായ യഹൂദൻ.

2. അനുമാനിത ഗ്രന്ഥകാരൻ- രക്ഷാകരയാഥാർത്ഥ്യങ്ങളെ നാടകീയവും കാവ്യാത്മകവുമായി അവതരിപ്പിക്കുന്ന എഴുത്തുകാരൻ. യഹൂദമതത്തോട് സന്ധിയില്ലാസമരം നയിക്കുന്നവൻ (8:44), തന്റെ സമൂഹം അനുഭവിക്കുന്ന പീഡനങ്ങളിൽ മനസ്സുനോവുകയും സമൂഹത്തെ ശക്തിപ്പെടുത്താൻ പരിശ്രമിക്കുകയും ചെയ്യുന്നവൻ (16:4), യേശുവിനെ അഗാധമായി സ്നേഹിച്ചവൻ (13:23), പത്രോസിന്റെ സഹചാരി (18:15;20:3 etc), പീഡാനുഭവത്തിനു ദൃക്സാക്ഷി (19:35) etc.

3. യഥാർത്ഥവായനക്കാരൻ - നാലാമത്തെ സുവിശേഷം വായിക്കുന്ന ഏതൊരു വ്യക്തിയെയും യഥാർത്ഥ വായനക്കാരനായി പരിഗണിക്കാം.

www.malankaralibrary.com



4. അനുമാനിതവായനക്കാരൻ - യേശുവിൽ വിശ്വസിക്കുന്നവൻ, യേശുവിനെ വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായി അംഗീകരിക്കുന്നവൻ, യേശു ദൈവപുത്രനാണെന്നു കരുതുന്നവൻ, യഹൂദസമ്പർക്കമുപേക്ഷിച്ച് ക്രിസ്തീയ കൂട്ടായ്മയിൽ ഉറച്ചുനിൽക്കുന്നവൻ, ധീരതയോടെ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നവൻ, ക്രിസ്തീയ സമൂഹത്തിൽ പരസ്നേഹം പുലർത്തുന്നവൻ etc.

വായനക്കാരന് ഗ്രന്ഥകർത്താവിന്റെ ലോകത്തേക്കും ജീവിതദർശനങ്ങളിലേക്കും പ്രവേശിക്കാനുള്ള വാതായനമോ (Window) ഗ്രന്ഥകർത്താവിന്റെ ലോകത്തെ പ്രതിഫലിപ്പിക്കുന്ന കണ്ണാടിയോ ആയിട്ടാണ് ഈ വിശകലന രീതിയിൽ ഗ്രന്ഥം പരിഗണിക്കപ്പെടുന്നത്.

**(3) ഘടനാ വിശകലനം**

ഗ്രന്ഥകർത്താവ് ആരാണ്? ആർക്കുവേണ്ടി എഴുതപ്പെട്ടിരിക്കുന്നു? എന്നീ ചോദ്യങ്ങൾ കൂടാതെ തന്നെ ഒരു ഗ്രന്ഥത്തിന് നിയതമായ ഒരു അർത്ഥമുണ്ട്. പ്രസ്തുത അർത്ഥത്തെ വിശദീകരിക്കാൻ ഗ്രന്ഥകർത്താവുപയോഗിക്കുന്ന ഭാഷാസങ്കേതങ്ങളും (Lingnotivs) അർത്ഥതലങ്ങളും (Semotics) വിശദീകരിക്കുക എന്നതാണ് ഘടനാവിശകലനത്തിന്റെ ലക്ഷ്യം. രണ്ടു തത്വങ്ങൾ ഭാഷാവിശകലനത്തിൽ പ്രസക്തമാണ്.

• ഭാഷാസംസ്കാരത്തെ പ്രതിഫലിപ്പിക്കുന്നു. വാക്കുകളുടെ അർത്ഥം സംസ്കാരത്തിൽനിന്നാണ് ഭാഷ കൈക്കൊണ്ടിരിക്കുന്നത്. അതിനാൽ സംസ്കാരത്തിൽനിന്ന് വേർപെടുത്തി ഭാഷ ഗ്രഹിക്കാനാവില്ല.

• ഭാഷ വിപരീത ദ്വന്ദ്വങ്ങളിലൂന്നിയാണ് ആശയ സംവേദനം നടത്തുന്നത്. (നന്മ-തിന്മ; പകൽ-രാത്രി; നീതി-അനീതി etc) ഈ വൈപരീത്യങ്ങൾ ഘടനാവിശകലനത്തിൽ പ്രസക്തമാണ്.

ഘടനാ വിശകലനം ഊന്നൽ നൽകുന്ന മേഖലകളെ ആസ്പദമാക്കി വിവിധഭാഗങ്ങളായി തിരിക്കാറുണ്ട്. ഭാഷാഘടനവിശകലനം, സാഹിത്യഘടനാ വിശകലനം, ആഖ്യാനഘടനാ വിശകലനം, സംഭാഷണഘടനാ വിശകലനം, തുടങ്ങിയവയാണ് ഇവയിൽ പ്രധാനപ്പെട്ടവ.

www.malankaralibrary.com



### (4) സാമൂഹിക വിശകലന രീതികൾ

മേൽപറഞ്ഞ വിശകലനരീതികൾ കൂടാതെ സാമൂഹിക പ്രശ്ന ങ്ങൾക്കുത്തരമായി വിശുദ്ധ ഗ്രന്ഥത്തെ വ്യാഖ്യാനിക്കുന്ന രീതിക ളുണ്ട്. വിമോചന ദൈവശാസ്ത്രത്തിന്റെ ചുവടുപിടിച്ച് ലോക ത്തിലെ സമസ്ത അനീതികളിൽനിന്നുമുള്ള വിമോചനത്തിന്റെ ദൈവസന്ദേശമായി ബൈബിൾ വ്യാഖ്യാനിക്കുന്ന വിമോചന വിശ കലനം (Liberation Criticism), സ്ത്രീയുടെ പരിത്യക്താവസ്ഥ യ്ക്കുള്ള ക്രിസ്തീയ പരിഹാരമായി വിശുദ്ധ ഗ്രന്ഥത്തെ വ്യാഖ്യാ നിക്കുന്ന ശൈലിയായ സ്ത്രീവിമോചന വിശകലനം (Feminist Criticism) തുടങ്ങിയവയാണ് ഈ ശ്രേണിയിലെ പ്രമുഖ വ്യാഖ്യാനരീതികൾ.

**ഡോ. ജോസഫ് പാംപ്ലാനി**

www.malankaralibrary.com

# 07

## ബൈബിൾ വ്യാഖ്യാനത്തിന്റെ നൂതനാഭിമുഖ്യങ്ങൾ

ബൈബിളും അതിന്റെ വ്യാഖ്യാനങ്ങളും എക്കാലത്തുമെന്നപോലെ ഇന്നും ഏവരിലും താത്പര്യമുണർത്തുന്ന വിവാദ വിഷയമാണ്. ബൈബിൾ സംബന്ധിയായ ചർച്ചകൾ ഈയടുത്ത കാലത്ത് പല നവീന തലങ്ങളിലേക്കും വ്യാപിക്കുന്നവയാണ്. ഒരു കാര്യം തീർച്ചയാണ്; ബൈബിളില്ലാതെ ക്രിസ്തീയ വിശ്വാസമില്ല; സഭാജീവിതമില്ല. ബൈബിളിനെ മുൻനിർത്തിയല്ലാതെ ക്രിസ്ത്യാനികൾക്ക് മറ്റു മതവിശ്വാസികളുമായി ഇടപഴകുന്നതിനും സാധ്യമല്ല. ഈ പശ്ചാത്തലത്തിലാണ് ബൈബിൾ വ്യാഖ്യാനത്തെക്കുറിച്ച് വ്യക്തമായ ചില നിലപാടുകൾ രൂപപ്പെടുത്താൻ പൊന്തിഫിക്കൽ ബൈബിൾ കമ്മീഷൻ തുനിയുന്നത്.

### വി. ഗ്രന്ഥവ്യാഖ്യാനവും ബന്ധപ്പെട്ട പ്രശ്നങ്ങളും

ബൈബിൾ വ്യാഖ്യാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പെട്ടെന്ന് ഉദയം ചെയ്തവയല്ല. വി.ഗ്രന്ഥവ്യാഖ്യാനം പ്രശ്നസങ്കീർണ്ണമാകാമെന്നതിന് ബൈബിളിൽതന്നെ എത്രയോ സൂചനകളുണ്ട്. ചില ഭാഗങ്ങൾ

www.malankaralibrary.com



വളരെ വ്യക്തമായിരിക്കുമ്പോൾ ചിലത് അത്രതന്നെ അവ്യക്തങ്ങളാണ്. പ്രവാചകനായ ദാനിയേൽ ജറെമിയായുടെ ചില വചനങ്ങളുടെ അർത്ഥം കണ്ടെത്താൻ ഒരുപാടു തപസിരിക്കുന്നതു വി. ഗ്രന്ഥത്തിൽ നാം കണ്ടെത്തുന്നു (ദാനി 9,2). ഏശയ്യായുടെ പ്ര വചനത്തിന്റെ (ഏശ 53,7–8) അർത്ഥം ഗ്രഹിക്കാനാവാതെ എ.ഡി.ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഏതോപ്യക്കാരൻ വിഷമിച്ചിരുന്നു (അപ്പ.8:30–35). "വ്യാഖ്യാനിച്ചുതരാനൊരാളില്ല" എന്ന അദ്ദേഹത്തിന്റെ മുറവിളി ഒരു തലമുറയുടെതന്നെ വിലാപമാണ്. വി. പൗലോസിന്റെ ലേഖനങ്ങളെക്കുറിച്ച് വി. പത്രോസ് പറയുന്നത് "അവയിൽ മനസ്സിലാക്കാൻ വിഷമമുള്ള ചില ഭാഗങ്ങളുണ്ട്" എന്നാണ്. അറിവില്ലാത്തവരും പരിശീലനം ലഭിക്കാത്തവരും അവയെ തങ്ങളുടെ തന്നെ നാശത്തിനായി വളച്ചൊടിക്കുന്നത് പത്രോസ് വേദനയോടെയാണ് നോക്കിക്കാണുന്നത് (2പത്രോ 3,16). "വി. ഗ്രന്ഥത്തിലെ പ്രവചനങ്ങളൊന്നും ആരുടെയും സ്വന്തമായ വ്യാഖ്യാനത്തിനുള്ളവയല്ല" (2പത്രോ 1,20) എന്ന് അദ്ദേഹത്തിന്റെ സ്വരം ഇവിടെ കർക്കശമാക്കുന്നതും ശ്രദ്ധേയമാണ്. ബൈബിളും ബൈബിൾ വ്യാഖ്യാനം സംബന്ധിച്ച പ്രശ്നങ്ങളും ഇരട്ടപിറന്നവയാണ്.

കാലം കടന്നുപോയപ്പോൾ പ്രശ്നം കൂടുതൽ രൂക്ഷമായി. ഇന്നൊരാൾക്ക് വി. ഗ്രന്ഥം യഥാവിധി മനസ്സിലാക്കണമെങ്കിൽ കടന്നുപോന്ന കാലങ്ങളത്രയും ഇരുപതോ – മുപ്പതോ നൂറ്റാണ്ടുകൾ വരെ – ചവിട്ടിത്തള്ളി പുറകോട്ടു നടക്കണം; വി. ഗ്രന്ഥം ജന്മംകൊണ്ട സമയത്തെയും സംസ്ക്കാരത്തെയും ഉൾക്കൊള്ളണം. ഇത് തികച്ചും ശ്രമകരമായ ദൗത്യമാണ്. മാത്രവുമല്ല, ഇന്നിന്റെ ശാസ്ത്ര പുരോഗതി അപാരമാണ്. അവ വ്യാഖ്യാന സംബന്ധമായ പ്രശ്നങ്ങളെ അതിസങ്കീർണ്ണമാക്കിയിരിക്കുന്നു. ബൈബിളിനൊപ്പം പഴക്കമുള്ള മറ്റു പുസ്തകങ്ങളെ ശാസ്ത്രീയ മാർഗ്ഗങ്ങളുപയോഗിച്ച് അളക്കാമെങ്കിൽ എന്തുകൊണ്ട് ബൈബിൾ പഠനത്തിലും അത്തരം മാർഗ്ഗങ്ങൾ അവലംബിച്ചുകൂടാ എന്ന ന്യായമായ ചോദ്യം ഉരുത്തിരിഞ്ഞുവന്നത് ഈ പശ്ചാത്തലത്തിലാണ്. എന്നാൽ സഭ അത്ര എളുപ്പത്തിൽ ഇതിനോടു പ്രതികരിച്ചില്ല. വിശ്വാസസംരക്ഷണത്തിനു പ്രാധാന്യം കൊടുത്തുകൊണ്ട്, ഇവിടെ വിവേകത്തോടെ തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. മറ്റൊരു സാധാരണ പുസ്തകം പോലെ വി. ഗ്രന്ഥത്തെ കരുതുന്നത് വിശ്വാസത്തെ ശക്തിപ്പെടുത്തുമോ അതോ ദുർബലമാക്കുമോ എന്നതു ശ്രദ്ധിക്കേണ്ടതാണ്. ആദ്യം മടിച്ചുനിന്നെങ്കിലും പിന്നീട് അനുകൂലമായ പ്രതികരണം തന്നെയാണ് സഭയിൽ രൂപപ്പെട്ടത്.

www.malankaralibrary.com



സഭയുടെ ഈ നിലപാട് സദ്ഫലങ്ങൾ പുറപ്പെടുവിച്ചു എന്നതിന് സംശയമില്ല. ബൈബിൾ വിശകലനം ചെയ്തു പഠിക്കേണ്ടതിന്റെ ആവശ്യകത പണ്ഡിതരും സാധാരണ വിശ്വാസികളും അംഗീകരിച്ചു. സഭകൾ തമ്മിലുള്ള ഐക്യത്തിന്റെ പാത കൂടുതൽ വിശാലമായി. വി.ഗ്രന്ഥ പഠനം കാലാനുസൃതമായ ദൈവശാസ്ത്ര മാറ്റങ്ങൾക്കു കാരണമായി നിന്നു. ബൈബിളിനോടുണ്ടായ ഈ നവീനാഭിമുഖ്യം വിശ്വാസത്തിൽ മികവുറ്റ ജീവിതം നയിക്കാൻ ക്രിസ്ത്യാനികളെ പ്രേരിപ്പിച്ചിട്ടുണ്ട്. ബൈബിൾ വ്യാഖ്യാനത്തിൽ ഒന്നൊന്നര നൂറ്റാണ്ടിനു മുമ്പുണ്ടായിരുന്ന നിലപാടുകളും മാർഗ്ഗങ്ങളും അപര്യാപ്തങ്ങളാണെന്ന് ഇന്ന് പണ്ഡിതർ ഉറപ്പിച്ചു പറയുന്നു; അവയിലേക്കുള്ള തിരിച്ചുപോക്ക് അസാധ്യമാണെന്നും.

ഇതിനൊരു മറുവശവുമുണ്ട്. ഏറ്റം വ്യാപകമായി പ്രയോഗിച്ചു വരുന്ന ശാസ്ത്രീയരീതി ചരിത്രവിമർശനരീതി ആണ്. എന്നാൽ ഈ രീതിയെപ്പറ്റി ആക്ഷേപങ്ങളും ഉയരുന്നു. പുതിയ ശൈലികളും സമീപനരീതികളും ഉരുത്തിരിഞ്ഞു വന്നത് ചരിത്രവിമർശന രീതിയുടെ പോരായ്മകളും അപര്യാപ്തതയുമാണ് വ്യക്തമാക്കിയത്. എന്നാൽ, ഗൗരവമായ ആരോപണം, ഒരു വിശ്വാസിയുടെ നിലപാടിൽനിന്നു വീക്ഷിക്കുമ്പോൾ പ്രസ്തുത രീതി തീർത്തും ശുഷ്ക്കമാണെന്നതാണ്. ചരിത്രത്തോടുള്ള അഭിനിവേശം ഈ രീതിയുടെ ദൗർബല്യമായി മാറിയെന്നുവേണം കരുതാൻ. കാലാന്തരത്തിൽ മറ്റു രീതികളും രൂപപ്പെട്ടു. അത്തരം രീതികൾ വി.ഗ്രന്ഥത്തിനു പിന്നിലെ ചരിത്രപശ്ചാത്തലമെന്നതിനേക്കാൾ എഴുതപ്പെട്ട ഭാഷ, ആ ഭാഷയുടെ ശൈലികൾ, എഴുതപ്പെട്ട ഘടന, വായനക്കാരിൽ ആഴ്ന്നിറങ്ങാൻ ഉപയോഗപ്പെടുത്തിയിരിക്കുന്ന ശൈലിയുടെ പ്രത്യേകതകൾ തുടങ്ങിയവയ്ക്കു പ്രാധാന്യം കൊടുക്കുന്നു. ബൈബിളിനെ തത്വചിന്ത, മനഃശാസ്ത്രം, സാമൂഹ്യശാസ്ത്രം, രാഷ്ട്രതന്ത്രശാസ്ത്രം തുടങ്ങിയ ആനുകാലിക കാഴ്ചപ്പാടുകളുടെ വെളിച്ചത്തിൽ വിലയിരുത്തേണ്ടതിലേക്കും ഇത് വിരൽ ചൂണ്ടുന്നു. വൈവിധ്യങ്ങളുടെ ഈ സമ്പുഷ്ടിയിൽ ചിലർ അഭിമാനിക്കുമ്പോൾ മറ്റു ചിലർ ആശയക്കുഴപ്പങ്ങളിൽ അമ്പരക്കുന്നു.

ഈ ആശയക്കുഴപ്പം സത്യമോ മിഥ്യയോ? എന്തായാലും വി,ഗ്രന്ഥത്തെ ഒരു വെറും പുസ്തകംപോലെ ശാസ്ത്രീയ വിശകലനങ്ങൾക്കു വിധേയമാക്കുന്നതിനെ എതിർക്കുന്നവരുടെ വാദഗതികൾ ശക്തി പ്രാപിക്കുകയാണുണ്ടായത്. ശാസ്ത്രീയ അപഗ്രഥന രീതികളുടെ അന്യായാവശ്യങ്ങൾക്കു മുമ്പിൽ വിശുദ്ധഗ്രന്ഥത്തെ തുറന്നുവെച്ചിട്ട് എന്തുനേടി എന്നാണവരുടെ ചോദ്യം. മറുവശത്ത്

www.malankaralibrary.com



ഏറെ നഷ്ടപ്പെടുകയും ചെയ്തു. മറുചോദ്യമില്ലാതെ വിശ്വസിക്കപ്പെട്ടിരുന്ന കാര്യങ്ങൾ മറ്റൊരു തലത്തിൽ കാണപ്പെടുന്നു. ചോദ്യം ചെയ്യപ്പെടുന്നു. ചില വ്യാഖ്യാതാക്കൾ സഭയുടെ വിശ്വാസത്തിനെതിരായ ആശയങ്ങളെ മുറുകെപ്പിടിക്കുന്നു. യേശുവിന്റെ കന്യകയിൽ നിന്നുള്ള ജനനത്തെ, അവിടുത്തെ അത്ഭുതങ്ങളെ, ഉത്ഥാനത്തെ, അങ്ങനെ വന്നു വന്ന് അവിടുത്തെ ദൈവികതയെപ്പോലും അവർ ചോദ്യം ചെയ്യുന്നു. ശാസ്ത്രീയവിശകലനം ക്രൈസ്തവന്റെ ജീവിതധാർമ്മികതയെ മെച്ചപ്പെടുത്തിയില്ല. മനുഷ്യന്റെ ജീവിതത്തിലേക്കു തുറന്നു വെയ്ക്കപ്പെട്ട ബൈബിൾ അടഞ്ഞുതന്നെയിരിക്കുന്നു. വി.ഗ്രന്ഥവ്യാഖ്യാനം സാധാരണക്കാർക്ക് എന്നുമൊരു സമസ്യതന്നെയായിരുന്നുവെന്ന് കരുതുക. എങ്കിലും ഇന്നത്തേതുപോലെ ഏതാനും പണ്ഡിതന്മാരുടെ മാത്രം കുത്തകയായിരുന്നില്ല അത്. “നിങ്ങൾ പ്രവേശിച്ചില്ല, മറ്റുള്ളവരെയൊട്ടു പ്രവേശിക്കാൻ അനുവദിച്ചുമില്ല” (ലൂക്കാ 11,52, മത്താ 23,13) എന്ന ആക്ഷേപം വ്യാഖ്യാനരംഗത്തെ പ്രഗത്ഭർക്കുനേരേ ഉയർന്നിരിക്കുന്നു.

ശാസ്ത്രീയ വിശകലനത്തെക്കാൾ ലളിതമായ സമീപനരീതികളാണ് ഉചിതമെന്ന് കുറേപ്പേരെങ്കിലും കരുതാനിടയായത് അതുകൊണ്ടാണ്. വേറേ ചിലരാകട്ടെ ആത്മീയവ്യാഖ്യാനത്തിനപ്പുറം മറ്റൊന്നിനെയും അംഗീകരിക്കുന്നില്ല. ഓരോരുത്തനും ലഭിക്കുന്ന പ്രചോദനമനുസരിച്ച് വ്യാഖ്യാനിക്കുക എന്നതാണ് അവരുടെ നിലപാട്. മറ്റൊരു തരക്കാരാകട്ടെ, തങ്ങളുടെതന്നെ സ്വാഭാവികമായ മതവികാരങ്ങളുടെ സാക്ഷാത്കാരത്തിനായി വി.ഗ്രന്ഥം ഉപയോഗിക്കുന്നു. അവരുടെ സങ്കൽപ്പത്തിനനുസരിച്ച് യേശുവിനെ ബൈബിളിൽ കണ്ടെത്തുകയും ചെയ്യുന്നു. ഇനിയും ചിലരാകട്ടെ, തങ്ങളുടെയും സമൂഹത്തിന്റെയും എല്ലാ പ്രശ്നങ്ങൾക്കുമുള്ള ഉത്തരം അതേപടി ബൈബിളിലുണ്ട്, അതിൽ പ്രതിപാദിക്കാത്ത വിഷയങ്ങളൊന്നുമില്ല എന്ന് കരുതുന്നു. പോരാത്തതിന്, ചില വിഘടിത ഗ്രൂപ്പുകൾ തങ്ങൾക്കു ലഭിച്ച ദർശനങ്ങൾ മാത്രമാണ് ശരിയായ വ്യാഖ്യാനമെന്ന് കരുതുന്നു.

## വ്യാഖ്യാനത്തിന് ഒരു മാർഗ്ഗരേഖ

യാഥാർത്ഥ്യം മേൽപ്പറഞ്ഞതുപോലെ ആയിരിക്കുമ്പോൾ വിമർശനങ്ങൾക്കും പരാതികൾക്കും ചെവികൊടുക്കാതിരിക്കാനാവില്ല. ഈ രംഗത്തെ നവോന്മേഷം കണ്ടില്ലെന്നു വയ്ക്കാനോ താൽപര്യങ്ങളെ തല്ലിക്കെടുത്താനോ കഴിയില്ല. പുതിയ ശൈലികളും സമീപനരീതികളും അവതരിപ്പിക്കുന്ന സാധ്യതകളെ വിലയിരുത്തേണ്ടതും ആവശ്യമെന്നു സഭാനേതൃത്വത്തിനു തോന്നി.

www.malankaralibrary.com



അതിനുമപ്പുറം, തിരുസഭയിൽ വി.ഗ്രന്ഥം വ്യാഖ്യാനിക്കുന്നവർ കൈകൊള്ളേണ്ട ശരിയായ നിലപാട് വ്യക്തമാക്കേണ്ടതും ആവശ്യമായിത്തീർന്നിരിക്കുന്നു. ഇവിടെയാണ് ഈ മാർഗ്ഗരേഖയുടെ ഉദ്ദേശ്യം കിടക്കുന്നത്.

വി.ഗ്രന്ഥത്തിന്റെ ഇരുസ്വഭാവങ്ങളോടും - മാനുഷികവും ദൈവികവും - പരമാവധി വിശ്വസ്തത പുലർത്തി വ്യാഖ്യാനിക്കാനുതകുന്ന മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയാണ് ഇവിടെ ലക്ഷ്യം വെച്ചിരിക്കുന്നത്. ബൈബിളിനോടു ബന്ധപ്പെട്ട എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകാൻ ഇവിടെ ഉദ്ദേശ്യമില്ല. ഉദാഹരണത്തിന് ബൈബിളിന്റെ ദൈവനിവേശിതസ്വഭാവം എന്നതുകൊണ്ട് എന്തർത്ഥമാക്കുന്നുവെന്ന ദൈവശാസ്ത്ര വിശദീകരണങ്ങൾ ഇതിലില്ല. മറിച്ച്, വി.ഗ്രന്ഥത്തിന്റെ സമ്പന്നത സാധാരണക്കാർക്ക് സമീപസ്ഥമാക്കാനുതകുന്ന സംവിധാനങ്ങൾ കണ്ടെത്തുകയാണ് ലക്ഷ്യം. ദൈവത്തിന്റെ വചനം അവിടുത്തെ ജനമായ നമ്മുടെ ആത്മീയവളർച്ചയ്ക്ക് കാരണമാകണം. നമുക്ക് ദൈവവിശ്വാസമുണ്ടാകണം; പ്രത്യാശയുണ്ടാകണം. അത് ജീവിതത്തിൽ പ്രതിഫലിക്കണം. എല്ലാവരെയും സ്നേഹിക്കാൻ കഴിയണം. അങ്ങനെ ദൈവവചനം ലോകത്തെങ്ങുമുള്ള മനുഷ്യർക്ക് ഒരു മുതൽക്കൂട്ടായി അനുഭവപ്പെടണം.

ചുരുക്കത്തിൽ, ഈ മാർഗ്ഗരേഖ നാലു മേഖലകളിലേക്ക് തിരിഞ്ഞ് സഭയുടെ നിലപാടുകൾ വ്യക്തമാക്കുന്നു.

1. വി. ഗ്രന്ഥത്തോടുള്ള വിവിധ സമീപനങ്ങൾ, വ്യാഖ്യാനരീതികൾ, അവയുടെ പ്രയോജനങ്ങൾ, പരിമിതികൾ.
2. വ്യാഖ്യാനസംബന്ധമായ ചില സംശയങ്ങൾ.
3. കത്തോലിക്കാ ബൈബിൾ വ്യാഖ്യാനത്തിന്റെ പ്രത്യേകതകൾ, ദൈവശാസ്ത്ര ബന്ധങ്ങൾ
4. സഭയുടെ ജീവിതത്തിൽ ബൈബിൾ വ്യാഖ്യാനത്തിന്റെ സ്ഥാനം, പ്രായോഗികമേഖലകൾ

**ഡോ. ജോസ് വടക്കേടം**

www.malankaralibrary.com

# 08

## വ്യാഖ്യാനവും ചരിത്ര വിമർശനരീതിയും

ബൈബിൾ വ്യാഖ്യാനിക്കുന്നവർ ഉപയോഗപ്പെടുത്തേണ്ട പഠനരീതികൾ പലതുണ്ട്. പഴയകാലത്തെ ഏതൊരു പുസ്തകത്തെയും വേണ്ടതുപോലെ മനസ്സിലാക്കാൻ അത്യന്താപേക്ഷിതമായ ഒന്നാണ് ചരിത്രവിമർശനരീതി. ദൈവത്തിന്റെ വചനം മനുഷ്യന്റെ ഭാഷയിൽ - അതാണല്ലോ വി.ഗ്രന്ഥം ബൈബിൾ രൂപപ്പെട്ടതിനു പിന്നിലെ മനുഷ്യന്റെ പങ്കാളിത്തം എടുത്തു കാണിക്കുന്ന ഒരു പ്രയോഗം കൂടിയാണിത്. മനുഷ്യപങ്കാളിത്തമാണ് ബൈബിൾ വ്യാഖ്യാനത്തിൽ ചരിത്രവിമർശനരീതി അനുവദിക്കുന്നതും ആവശ്യമാക്കിത്തീർക്കുന്നതും.

### 1. എന്താണീ ചരിത്രവിമർശനരീതി?

നമുക്ക് പിന്നിൽനിന്നുതന്നെ ആരംഭിക്കാം. ഈ സമ്പ്രദായം അതിന്റെ ആദിരൂപത്തിൽ അതിപുരാതനകാലത്തും നിലനിന്നിരുന്നു. ഗ്രീക്കുപണ്ഡിതന്മാർ ആ ഭാഷയിലെ സാഹിത്യകൃതികളെ വിലയിരുത്താൻ

www.malankaralibrary.com



ഈ മാർഗ്ഗം സ്വീകരിച്ചിരുന്നു. തിരുസഭയിലാകട്ടെ, ജെറോം, ഒരിജൻ, ആഗസ്തീനോസ് തുടങ്ങിയവരും ഈ ശൈലി ഉപയോഗിച്ചു ബൈബിൾ വിശദീകരിച്ചുവന്നു. നവോത്ഥാനകാലത്തെ ഒരു പ്രധാന മുദ്രവാക്യമായിരുന്നല്ലോ ഉറവിടങ്ങളിലേക്കു മടങ്ങുക എന്നത്. ബൈബിൾ മണ്ഡലത്തിൽ ഇത് ഗ്രീക്ക്, ഹീബ്രു തുടങ്ങിയ മൂലഭാഷ (ബൈബിൾ രചിക്കപ്പെട്ട ഭാഷ)കളുടെ പഠനത്തിലേക്കു നയിച്ചു.

പഞ്ചഗ്രന്ഥി എഴുതിയത് മോശയാണെന്ന് പലരും കരുതിയിരുന്നല്ലോ, ഇന്നും കരുതുന്നുതാനും. എന്നാൽ സൂക്ഷ്മമായി നിരീക്ഷിച്ചാൽ ഇതിൽ ഒരു പുസ്തകത്തിൽതന്നെ എത്രതരം വ്യത്യസ്ത ശൈലികളുണ്ട്. ഒരു സംഭവം പലതരത്തിൽ ആവർത്തിച്ചിരിക്കുന്നു! ഇനി മോശയല്ല ഇതുമുഴുവൻ എഴുതിയതെന്നു വരുമോ! പതിനേഴാം നൂറ്റാണ്ടിൽ ഇത്തരമൊരു സംശയം ഉന്നയിക്കുന്നുണ്ട്. റിച്ചാർഡ് സൈമൺ ആയിരുന്നു ഈ ചോദ്യത്തിന്റെ തുടക്കകാരൻ. പതിനെട്ടാം നൂറ്റാണ്ടിൽ ജീൻ ആസ്ട്രൂക് ഇതിനൊരുത്തരം നൽകി. മോശ തന്നെയാണ് പഞ്ചഗ്രന്ഥി രചിച്ചതെന്ന് അദ്ദേഹം നിസ്സംശയം ഉറപ്പിച്ചു. മോശ എഴുതാനാവശ്യമായ വിവരങ്ങൾക്കാശ്രയിച്ച ഉറവിടങ്ങളാണത്രേ ഉല്പത്തി പുസ്തകത്തിൽ വ്യത്യസ്ത ശൈലികൾ കടന്നു കൂടാൻ കാരണം!

പക്ഷേ, ഭാഷാപഠനത്തിലുണ്ടായ ഈ താൽപര്യം വി.ഗ്രന്ഥത്തിലെ പല പുസ്തകങ്ങളിലേയും ഒളിഞ്ഞുകിടന്നിരുന്ന വ്യത്യസ്ത സ്വാധീനങ്ങൾ പുറത്തുകൊണ്ടുവരികതന്നെ ചെയ്തു. കാലം ചെന്നപ്പോൾ മോശയല്ല പഞ്ചഗ്രന്ഥിയെഴുതിയതെന്ന് പണ്ഡിതലോകം ഏകാഭിപ്രായം പുലർത്തി. പഞ്ചഗ്രന്ഥി എങ്ങനെ എഴുതപ്പെട്ടുവെന്ന അന്വേഷണം രേഖാന്വയസിദ്ധാന്തത്തിൽ കൊണ്ടെത്തിച്ചു.

മേൽപറഞ്ഞതരം ഭാഷാവിശകലനം, ബൈബിളിലെ പുസ്തകങ്ങളുടെ കാലക്രമം കണ്ടെത്താനുള്ള ശ്രമത്തിൽ പുസ്തകങ്ങളുടെ പിന്നിലെ വിവിധ ഉറവിടരേഖകളെ തേടി നടപ്പായി. പുസ്തകത്തെ അതിന്റെ സമ്പൂർണ്ണതയിൽ കാണാനോ അതു കൈമാറുന്ന സന്ദേശം കണ്ടെത്താനോ വേണ്ടത്ര ശ്രദ്ധ ചെലുത്തിയില്ല. തന്മൂലം ബൈബിളിനെ സംബന്ധിച്ചിടത്തോളം ചരിത്രവിമർശനരീതി, കേവലം "കുളിപ്പിച്ച് കുളിപ്പിച്ച് കുഞ്ഞില്ലാതാകുന്ന" വിദ്യയാണെന്ന് പലരും മുറുമുറുത്തു. കൂനിൽമേൽ കുരുവെന്നപോലെ, ചില ദർശന സഹിതകളുടെ പേരിലോ മറ്റു മതചരിത്ര പഠനത്തിന്റെ സ്വാധീനത്താലോ എന്നറിയില്ലാ, പ്രസിദ്ധരായ ചില വ്യാഖ്യാതാക്കൾ

www.malankaralibrary.com



ബൈബിളിനെപ്പറ്റി തീർത്തും നിഷേധാത്മകങ്ങളായ ചില അഭിപ്രായങ്ങൾ കൂടി പ്രചരിപ്പിച്ചു.

ചരിത്രവിമർശനരീതിയെ, അത് അകപ്പെട്ടുപോയ ഈ അനർത്ഥത്തിൽനിന്നു കൈപിടിച്ചു രക്ഷിച്ചതിന്റെ പെരുമ ജർമ്മൻ പണ്ഡിതനായ ഹെർമ്മൻ ഗുങ്കലിനുള്ളതാണ്. പഞ്ചഗ്രന്ഥിയുടെ ചില ഭാഗങ്ങൾ പുരാതനകാലത്തെ ഐതിഹ്യങ്ങളോട് അടുത്തുനിൽക്കുന്നുവെന്നും മറ്റുചിലത് അന്നാട്ടിൽ നിലനിന്നിരുന്ന നാടൻ പാട്ടുകളുടെ ചുവയുള്ളതാണെന്നും മറ്റും അദ്ദേഹം കണ്ടെത്തി. ഓരോ വചനഭാഗവും വിലയിരുത്തുമ്പോൾ അവിടെ സൂചിതമായിരിക്കുന്ന ജീവിത സന്ദർഭം പ്രധാനപ്പെട്ടതാണെന്ന് ഗുങ്കലിന് ബോദ്ധ്യപ്പെട്ടു.

സമവീക്ഷണസുവിശേഷങ്ങൾ പഠിച്ചപ്പോൾ മാർട്ടിൻ ഡിബേലിയസും റുഡോൾഫ് ബുൾട്ടുമാനും ചെയ്തതും ഏതാണ്ട് ഇതുതന്നെയാണ്. പുതിയനിയമം രൂപപ്പെട്ടത് യേശുവിന്റെ മരണോത്ഥാനങ്ങൾക്കുശേഷമുള്ള കാലത്താണ്. ക്രിസ്ത്യാനികളാണ് അതിന്റെ അവസാന രൂപഭാവങ്ങൾക്ക് പിന്നിൽ പ്രവർത്തിച്ച മാനുഷികശക്തി. ഒരു പുസ്തകം സമാഹരിച്ചെടുത്ത സമ്പാദകന്റെ പങ്കിനെപ്പറ്റിയുള്ള അന്വേഷണം വ്യവകലന വിമർശനത്തിന് വഴിതെളിച്ചു. ഈ സമ്പാദകന്മാർ ചില സമന്വയസങ്കേതങ്ങൾ സ്വീകരിച്ചിരുന്നുവെന്ന തിരിച്ചറിവ് ആ പുസ്തകങ്ങളെ അവയുടെ ദൈവശാസ്ത്രവീക്ഷണം കണ്ടെത്താനാവുന്ന വിധത്തിൽ പഠിക്കാനുപകരിച്ചു.

ഇങ്ങനെ ബൈബിൾ വ്യാഖ്യാനത്തിൽ ഉന്നതവും അനുപേക്ഷണീയവുമായ സ്ഥാനമാണ് ചരിത്ര വിമർശനരീതിക്കുള്ളത്.

### 2. ചരിത്രവിമർശനരീതി: അടിസ്ഥാന ആഭിമുഖ്യങ്ങൾ

ചരിത്രവിമർശനരീതിയുടെ ചില അടിസ്ഥാന തത്വങ്ങൾ താഴെ പറയുന്നവയാണ്.

**a. ചരിത്രപരത:** ചരിത്രവിമർശനരീതി ഒന്നാമതായി ചരിത്രപരമാണ്. കാരണം, ബൈബിളിലെ പുസ്തകങ്ങൾ അതിപുരാതനങ്ങളാണ്; അവയാണ് പഠനവിഷയം. പുസ്തകത്തെ അത് രൂപംകൊണ്ട ചരിത്രപശ്ചാത്തലത്തിൽ പ്രതിഷ്ഠിച്ചു പഠിക്കുന്നു. അഥവാ, ആരെ ഉദ്ദേശിച്ച് എഴുതപ്പെട്ടോ, ആ ആദ്യവായനക്കാരുടെ പ്രത്യേകതകൾ കണക്കിലെടുക്കുന്നു. കൂടാതെ ഓരോ സമൂഹത്തിലും വി.ഗ്രന്ഥത്തിന് കൈവന്ന അനുരൂപണങ്ങളെ പഠനവിധേയമാക്കുന്നു. ഇങ്ങനെ ചരിത്ര വിമർശനരീതി ആദ്യന്തം ചരിത്രാഭിമുഖ്യം പുലർത്തുന്നു.

www.malankaralibrary.com



**b. വിമർശനാത്മകത:** എല്ലാ ഘട്ടങ്ങളിലും ശാസ്ത്രീയ സങ്കേതങ്ങൾ ഉപയോഗപ്പെടുത്തുന്നു. പഠനം തികച്ചും വസ്തു നിഷ്ഠമായിരിക്കാൻ ശ്രദ്ധയുണ്ട്. യുക്തിക്കും ശാസ്ത്രത്തിനും ചരിത്രവിമർശനരീതിയിൽ പ്രാധാന്യമുണ്ടെന്ന് ഇവിടെ വ്യക്തമാണല്ലോ.

**c. വിശകലനസ്വഭാവം:** മറ്റേതൊരു പുരാതന പുസ്തകത്തെയും വിശകലനം ചെയ്യുന്നതുപോലെതന്നെ ബൈബിളിനെയും പഠിക്കുന്നു. മനുഷ്യൻ മനുഷ്യനോട് ആശയവിനിമയം നടത്തുന്നതാണല്ലോ സാധാരണ പുസ്തകങ്ങൾ. ആ നിലയിൽ ഏറെയൊന്നും വ്യത്യസ്തമായല്ല ബൈബിളിനെയും ചരിത്രവിമർശനരീതി വിശകലനം ചെയ്യുന്നതെന്നു ചുരുക്കം. എന്നാൽ ഇതുമൂലം ദൈവിക വെളിപാടിന്റെ വിലയറ്റ മുത്തുകളെ മുങ്ങിപ്പെറുക്കാൻ വ്യാഖ്യാതാവിന് തടസമുണ്ടാകുന്നില്ലെന്നത് ശ്രദ്ധേയമാണ്.

### 3. ചരിത്രവിമർശനരീതിയിൽ ഉൾപ്പെട്ടിരിക്കുന്ന വിവിധ ഘട്ടങ്ങൾ

ചരിത്രവിമർശനരീതിയുടെ വിവിധ ഘട്ടങ്ങൾ ഇപ്പോൾ നമുക്ക് വ്യക്തമാണ്. ആദ്യം, ലഭ്യമായ ഉറവിടരേഖകൾ കണ്ടെത്താനുള്ള ശ്രമമാണ്. മൂലപാഠത്തിലെ ഭാഷാശൈലി പഠിച്ച് അതിനു പിന്നിലെ വ്യത്യസ്ത പാരമ്പര്യരേഖകളെ കണ്ടെത്തുകയാണ് പിന്നീട് ചെയ്യുന്നത്. സാഹിത്യരൂപങ്ങളെ വിശകലനം ചെയ്ത് മൂലാർത്ഥം കണ്ടെത്താനുള്ള ശ്രമമാണ് മൂന്നാംഘട്ടം. പുസ്തകത്തിനു പിന്നിലെ സമ്പാദകന്റെ പങ്ക് കണ്ടെത്തുകയാണ് അടുത്തപടി.

**1. പാഠപരിശോധന:** പാഠപരിശോധനയാണ് ആദ്യനടപടി. മൂലപാഠം അല്ലെങ്കിൽ അതിനോട് ഏറ്റവും അടുത്തുനിൽക്കുന്ന ഒരു പകർപ്പ് പഠനത്തിനായി സംലഭ്യമാക്കുക എന്നതാണിവിടെ ചെയ്യുന്നത്. സഭാപിതാക്കന്മാരിൽനിന്ന് കൈമാറിക്കിട്ടിയ പകർപ്പുകൾ, അതിനുംമുമ്പ് വിവിധ ഭാഷകളിൽ നിലനിന്നിരുന്ന കൈയെഴുത്തുപ്രതികൾ, പപ്പീറസിലും തുകലിലും മറ്റും എഴുതപ്പെട്ട പകർപ്പുകൾ തുടങ്ങിയവ പരിശോധിച്ചാണ് ഇത് തിട്ടപ്പെടുത്തേണ്ടത്. ഇന്ന് പരിഭാഷയിലൂടെ വന്നുചേർന്നിട്ടുള്ള വൈകല്യങ്ങൾ (അവ ഉണ്ടെന്ന് തീർച്ചയാണല്ലോ) ഒഴിവാക്കുകയാണ് ഇവിടെ ലക്ഷ്യം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഗ്രീക്കിലും ഹീബ്രുവിലും ഉപയോഗിച്ചിരിക്കുന്ന കൃത്യമായ വാക്കേതെന്ന് കണ്ടെത്താനാണ് ഇവിടെ ശ്രമിക്കുന്നത്.

**2. ഭാഷാവിശകലനം:** ഉപയോഗിച്ചിരിക്കുന്ന വാക്കുകളുടെ അർത്ഥം, വിവിധ പാഠഭാഗങ്ങൾ തമ്മിലുള്ള ഭാഷാപരമായ പൊരുത്തവും

www.malankaralibrary.com



പൊരുത്തക്കേടുകളും തുടങ്ങിയവ പരിശോധിക്കുന്നു. ഈ പ്രക്രിയയിൽ ചിലപ്പോൾ ഒരു പുസ്തകത്തിൽത്തന്നെ വ്യത്യസ്ത എഴുത്തുകാരുടെ സ്വാധീനം തെളിഞ്ഞു കണ്ടേക്കാം. അങ്ങനെ വന്നാൽ ആ പുസ്തകം ഒരാൾതന്നെ എഴുതിയതല്ല; മറിച്ച്, വ്യത്യസ്തപാരമ്പര്യങ്ങൾ (വായ്മൊഴിയോ വരമൊഴിയോ ആവാം) സമാഹരിച്ച് ആരോ ഒരു പുസ്തകമാക്കിയെന്ന് വേണം അനുമാനിക്കാൻ.

**3. സാഹിത്യരൂപ വിശകലനം:** സാഹിത്യത്തിലെ ഏതു സങ്കേതമാണ് ഉപയോഗിച്ചിരിക്കുന്നതെന്ന് കണ്ടെത്തുന്ന ദൗത്യമാണ് ഇവിടെയുള്ളത്. ബൈബിളിലെ ഒരു താളിൽത്തന്നെ എത്രയോ സാഹിത്യരൂപങ്ങൾ വേർതിരിച്ചെടുക്കാനാവും! മറ്റു മതസംസ്കാരങ്ങളിലെയോ ഭാഷകളിലെയോ കഥയുടെയോ പഴഞ്ചൊല്ലിന്റെയോ അല്ലെങ്കിൽ നാടൻപാട്ടിന്റെയോ അതുമല്ലെങ്കിൽ പ്രസംഗത്തിന്റെയോ രൂപത്തിലാവാം ഗ്രന്ഥകാരൻ ആശയം ഉൾകൊള്ളിച്ചിരിക്കുന്നത്. ഇവയൊക്കെ നിർണ്ണയിക്കാനാകുന്നത് ബൈബിൾ വ്യാഖ്യാനത്തിലെ പ്രധാനഘട്ടമാണ്.

**4. സമാഹരണസങ്കേതപഠനം:** ഇതുവരെ ഭാഗിച്ച് വിശകലനം ചെയ്യുകയായിരുന്നെങ്കിൽ ഇവിടെ ഒരു പുസ്തകത്തെ ഒന്നായിക്കണ്ട് വ്യാഖ്യാനിക്കുന്നു. പുസ്തകത്തിന്റെ പിന്നിൽ നിൽക്കുന്ന സമൂഹം ഇവിടെ വെളിച്ചത്തുവരുന്നു. യഹൂദ ക്രിസ്ത്യാനികൾക്കായി രചിക്കപ്പെട്ടതാണ് മത്തായിയുടെ സുവിശേഷമെന്ന വസ്തുത പ്രസ്തുത സുവിശേഷത്തിന്റെ ഏതുഭാഗം വ്യാഖ്യാനിക്കുമ്പോഴും പ്രസക്തിയുള്ളതാണ്. ആ സമൂഹത്തിന് അനുയോജ്യമായ വിധത്തിൽ യേശുവിന്റെ വചനം പകർന്നുകൊടുക്കാൻ ഗ്രന്ഥകർത്താവ് അല്ലെങ്കിൽ സമ്പാദകൻ എന്തെല്ലാം അനുരൂപണങ്ങൾ വരുത്തിയിരിക്കുന്നുവെന്ന് കണ്ടെത്തുന്നു. ആദ്യശ്രോതാക്കൾക്ക് ഇതിൽനിന്നു കിട്ടിയ സന്ദേശം കണ്ടെത്തി "ഞാൻ" എങ്ങനെ ജീവിക്കണമെന്ന് വിശദീകരിക്കുന്നു.

ഇങ്ങനെ, ചരിത്രത്തിലെന്നോ എഴുതപ്പെട്ട ഒരു ഗ്രന്ഥത്തിലെ വചനങ്ങളെ അതേ സാഹചര്യത്തിൽ - മൂലാർത്ഥത്തിൽത്തന്നെ - മനസ്സിലാക്കി ഇന്നത്തെ മനുഷ്യന്റെ ജീവിതത്തിലേക്കു പകർത്തുകയാണ് ചരിത്രവിമർശനരീതി ചെയ്യുന്നത്.

### 4. ചരിത്രവിമർശനരീതിക്ക് പ്രസക്തിയുണ്ടോ?

ഈ രീതിക്ക് കൊടുക്കേണ്ട സ്ഥാനമെന്താണ്? ചരിത്ര വിമർശനരീതി അതിൽത്തന്നെ നന്നെന്നോ മോശമെന്നോ കരുതുക വയ്യ.

www.malankaralibrary.com



അതിന്റെ നന്മതിന്മകൾ അത് ഉപയോഗപ്പെടുത്തുന്ന വിധത്തെ ആശ്രയിച്ചിരിക്കുന്നു. വി. ഗ്രന്ഥത്തിന്റെ ഇരുൾ നിറഞ്ഞുനിന്ന ഉൾമുറികളിൽ കടക്കാൻ നമ്മെ സഹായിക്കുന്ന ഒരു ദീപനാളം തന്നെയാണിത്. ബൈബിൾ ഒരൊറ്റയാൾ എഴുതിയതല്ലെന്നും അത് രൂപപ്പെട്ടതിനു പിന്നിൽ വിലപ്പെട്ട ചരിത്രമുണ്ടെന്നും (ഒന്നുകിൽ ഇസ്രായേലിന്റെ ചരിത്രം അല്ലെങ്കിൽ ആദിമസഭയുടെ ജീവിതം) നാം കണ്ടെത്തിയത് ഈ വെളിച്ചത്തിലാണ്. ബൈബിളിനു പിന്നിലെ ചരിത്ര പശ്ചാത്തലങ്ങളെ ഈയടുത്തകാലംവരെ വിദൂരതയിലെന്നവണ്ണം മങ്ങിയ വെളിച്ചത്തിലാണ് നാം കണ്ടിരുന്നത്. അവ നിഴലുകളുടെ തലംവിട്ട് ഇപ്പോൾ സുവ്യക്തവും സമീപസ്ഥവുമായ യഥാർത്ഥ്യമായതിൽ ചരിത്രവിമർശനരീതി വഹിച്ച പങ്ക് വലുതാണ്.

പ്രാരംഭത്തിൽ, പരമ്പരാഗത വ്യാഖ്യാനരീതികളും ഈ പുതിയ ശാസ്ത്രീയ രീതിയും തമ്മിലുള്ള ബന്ധം സൗഹാർദ്ദപൂർണ്ണമായിരുന്നില്ല. വിശ്വാസത്തിന്റെ തലത്തിൽനിന്നു വേറിട്ടുനിന്നു ചിന്തിക്കുകയെന്ന വേദനാജനകമായ അനുഭവമാണ് പുതിയ രീതിയിൽ ആദ്യം തോന്നിയത്. എന്നാൽ പിന്നീട് അത് അഭിമാനാർഹമായ നേട്ടമായി അനുഭവപ്പെട്ടു.

“ഡിവിനോ അഫ്ളാന്തെ സ്പിരിത്തു” എന്ന ചാക്രികലേഖനത്തിൽ പറയുന്നതുപോലെ വാചാർത്ഥ്യം മനസ്സിലാക്കിയിരിക്കേണ്ടത് വ്യാഖ്യാനത്തിന് അവശ്യാവശ്യമാണ്. ഈ അർത്ഥം കണ്ടെത്തി വി.ഗ്രന്ഥത്തെ കൂടുതൽ കൃത്യമായി മനസിലാക്കാൻ ചരിത്രവിമർശനരീതി ഉപകരിക്കുന്നു.

ഈ രീതിയുടെ ന്യൂനതകളെക്കുറിച്ചും നമുക്കറിയാം. ആദ്യകാല പശ്ചാത്തലങ്ങൾക്ക് അധികപ്രാധാന്യം നൽകിയപ്പോൾ പിൽകാലത്ത് വെളിപ്പെട്ടു കിട്ടിയ ആശയങ്ങൾ തഴയപ്പെട്ടു. എന്നിരുന്നാലും വ്യാഖ്യാനസംബന്ധമായ കൃതികൾ ജന്മം കൊണ്ടതിനു പിന്നിലും വി. ഗ്രന്ഥാധിഷ്ഠിതമായ ദൈവശാസ്ത്രം ഇത്രയധികം വളർന്നതിനു പിന്നിലും ചരിത്ര വിമർശനരീതിയുടെ സഹായമുണ്ട്. ഒരു പാഠഭാഗത്തിന്റെ ഉള്ളടക്കത്തേക്കാൾ അതിന്റെ ഘടനയ്ക്കു പ്രാധാന്യം നൽകുന്ന പ്രവണത ഈ രീതിയിൽ പ്രബലമായിരുന്നു. എന്നാൽ ഇന്ന് പുതിയ ഭാഷാവിശകലന സങ്കേതങ്ങളുടെ സഹായത്തോടെ ഇത്തരം പ്രവണതകൾ തിരുത്തപ്പെടുന്നുണ്ട്. ജീവിതത്തിലെ പ്രായോഗികഭാവങ്ങൾക്കു പ്രാധാന്യം കൊടുത്താണ് ഇന്ന് ചരിത്രവിമർശനരീതി ഉപയോഗിക്കപ്പെടുന്നതെന്നത് പ്രശംസനീയമാണ്.

www.malankaralibrary.com



ഒരു പുസ്തകത്തിന്റെ അവിഭക്തവിശകലനം ന്യായമായ രീതിയാണെന്നുകൂടി മനസിലാക്കേണ്ടതുണ്ട്. കാരണം ദൈവിക സന്ദേശം ഉത്തമമാംവിധം ഉൾക്കൊള്ളുന്നത് അവിഭക്തപാഠത്തിലാണ്. വിഭജിതവിശകലനം ഒഴിവാക്കാനാവില്ലെന്നത് മറുവശം. കാരണം അത് ഒരു പുസ്തകത്തിന്റെ സങ്കീർണ്ണതകളെ വെളിച്ചത്തുകൊണ്ടുവരുന്നു. ഉദാഹരണത്തിന് ഉടമ്പടി നിയമങ്ങളെപ്പറ്റിയുള്ള വിവരണം മൂന്നിടത്ത് നമുക്ക് കാണാം. പുറപ്പാട് 21-23; നിയമാവർത്തനം 12-26; ലേവ്യർ 17-26. ഇവ മൂന്നും തമ്മിൽ വ്യത്യാസമുണ്ട്. കാരണം ഇവയോരോന്നും വ്യത്യസ്തമായ മത,സാമൂഹ്യ, രാഷ്ട്രീയ പശ്ചാത്തലത്തിലാണ് ഈ നിയമങ്ങളെ അവതരിപ്പിക്കുന്നത്. ഇവ പ്രത്യേകം വിശകലനം ചെയ്തെങ്കിലേ കാര്യം ഗ്രഹിക്കാനാവൂ. സമഗ്ര വിശകലനത്തിന്റെ പേരിൽ ചരിത്രത്തെ പാടേ അവഗണിക്കുന്നതിന്റെ അബദ്ധത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

ചുരുക്കത്തിൽ, ചരിത്രവിമർശനരീതി മറ്റുവിമർശനരീതികളോടും സമീപനങ്ങളോടും ചേർന്ന് വി.ഗ്രന്ഥഭാഗത്തിന്റെ അർത്ഥവും സന്ദേശവും ഗ്രഹിക്കാൻ ഇന്നത്തെ വായനക്കാരനെ സഹായിക്കുന്നു. ഈ ലക്ഷ്യം കൈവരിക്കുന്നത് കാലബദ്ധ വിശകലനം വഴിയാണെന്നു മാത്രം.

**ഡോ. ജോസ് വടക്കേടം**

www.malankaralibrary.com

# 09

## സാഹിത്യ വിശകലന രീതികൾ

ബൈബിളിനെ അതിന്റെ സർവ്വസമ്പന്നതയോടും കൂടെ വ്യക്തമാക്കാൻ ഒരു ശാസ്ത്രീയരീതിയും ഒറ്റയ്ക്കു പര്യാപ്തമല്ല. ചരിത്രവിമർശനരീതി അനുപേക്ഷണീയവും പ്രധാനപ്പെട്ടതുമാണെങ്കിലും ബൈബിൾ പഠനത്തിൽ അതുമാത്രം പോരാ എന്നു ചുരുക്കം. പഠനവിധേയമാകുന്ന ഗ്രന്ഥത്തിന്റെ എല്ലാ സവിശേഷതകളെയും ഉൾകൊള്ളാൻ ചരിത്രവിമർശനരീതി മാത്രം പോരാ. ശ്രദ്ധിക്കപ്പെടേണ്ട വശങ്ങളെ ഉൾകൊള്ളിച്ച് ആഴത്തിൽ മനസ്സിലാക്കാൻ പോരുന്ന മറ്റു മാർഗ്ഗങ്ങൾ രൂപപ്പെട്ടതിങ്ങനെയാണ്. ഇത്തരം നൂതന രീതികളെ വിശദീകരിക്കാം.

**1. പ്രഭാഷണവിശകലനം:**

പ്രഭാഷണകല ഒരു പുതിയ കാര്യമല്ല. ബൈബിൾ വ്യാഖ്യാനത്തിന് ഇത് ശാസ്ത്രീയമായി ഉപയോഗപ്പെടുത്തുന്നു എന്നതാണ് പുതുമ. അങ്ങനെ ഒരു പുതിയ പ്രഭാഷണ വിശകലനരീതിതന്നെ രൂപപ്പെട്ടു. മറ്റൊരാളിൽ എന്തിനെങ്കിലുമുള്ള പ്രേരണ ചെലുത്താനുദ്ദേശിച്ചു നടത്തുന്ന സംഭാഷണമാണ് പ്രഭാഷണമെന്ന് സാമാന്യമായി പറയാം. തന്ത്രപൂർവ്വം

www.malankaralibrary.com



പ്രത്യേക സങ്കേതങ്ങളുപയോഗിച്ച് നിർവ്വഹിക്കുമ്പോൾ അത് പ്രഭാഷണകലയാകുന്നു. വി,ഗ്രന്ഥം മുഴുവൻ ഒരളവുവരെ പ്രേരണ ചെലുത്താനുദ്ദേശിച്ചുള്ളതാണ്. അതിനാൽ, പ്രഭാഷണകലയെക്കുറിച്ചുള്ള അറിവ് വ്യാഖ്യാതാവിന് ആവശ്യമാണ്. എന്നാൽ വെറും അറിവ് പോരാ, അത് വിമർശനാത്മകമായിരിക്കണം; ശാസ്ത്രീയമായി ഉപയോഗപ്പെടുത്തണം. ഇന്ന് ബൈബിൾ പഠന യത്നത്തിന്റെ ഒരു വലിയഭാഗവും ബൈബിളിലെ പ്രഭാഷണാംശങ്ങളെ കണ്ടെത്താനുള്ള ശ്രമമാണ്. രണ്ടുതരത്തിൽ ഈ ശ്രമം നടത്താം. പുരാതന ഗ്രീക്ക് - റോമൻ പ്രഭാഷണ ശൈലിയെയും തത്വങ്ങളെയും അടിസ്ഥാനപ്പെടുത്താം. അല്ലെങ്കിൽ യഹൂദസംസ്ക്കാരത്തിലെ പ്രഭാഷണതത്വങ്ങളെ ആധാരമാക്കാം.

ഏതൊരു പ്രസംഗത്തിനും മൂന്നു ഘടകങ്ങളുണ്ട്. പ്രസംഗകൻ, പ്രസംഗം, ശ്രോതാക്കൾ. പുരാതനകാലത്ത് പ്രഭാഷണകലയുടെ മികവ് അളന്നിരുന്നത് പ്രസംഗകന്റെ ആധികാരികത, പ്രസംഗത്തിന്റെ മൂർച്ച, തത്ഫലമായി ശ്രോതാക്കളിലുണരുന്ന വികാരത്തിന്റെ തീവ്രത എന്നിവ കണക്കാക്കിയായിരുന്നു. ശ്രോതാക്കളുടെ തരത്തിനും സാഹചര്യത്തിനുമൊത്ത് പ്രസംഗ ശൈലിക്കും തരംതിരിവുണ്ട്. ഗ്രീക്കുചിന്തകനായ അരിസ്റ്റോട്ടിലിന്റെ കാലത്ത് പൊതുപ്രഭാഷണത്തെ മൂന്നായി തിരിച്ചിരുന്നു. കോടതികളിൽ വാദപ്രതിവാദങ്ങൾക്കുപയോഗിക്കുന്ന നൈയാമിക പ്രഭാഷണരീതിയാണ് ഒന്ന്. രാഷ്ട്രീയ വേദികളിൽ പ്രയോഗിക്കുന്ന പ്രേരണാപ്രഭാഷണം മറ്റൊന്ന്. ആഘോഷാവസരങ്ങളിൽ ഉപയോഗിക്കുന്ന വിശകലനപ്രഭാഷണമാണ് മൂന്നാമത്തേത്. യവന സംസ്ക്കാരത്തിൽ പ്രഭാഷണകലയ്ക്കുണ്ടായിരുന്ന ഈ സ്വാധീനം ബൈബിൾ വ്യാഖ്യാനത്തെ സ്വാധീനിച്ചു. എങ്ങനെയെന്നാൽ, അതേ യവനസംസ്ക്കാരത്തിൽ രൂപം കൊണ്ടിരിക്കുന്ന പുതിയനിയമത്തിൽ പ്രഭാഷണകലയുടെ സ്വാധീനം പണ്ഡിതന്മാർ അന്വേഷിക്കുകയും കണ്ടെത്തുകയും ചെയ്തിരിക്കുന്നു.

യഹൂദപ്രഭാഷണകല തെല്ലു വ്യത്യസ്തമാണ്. ഹീബ്രു ഉൾപ്പെടുന്ന സെമിറ്റിക് ഭാഷകളുടെ സ്വഭാവം ഒന്നു പ്രത്യേകമാണ്. സമരൂപഘടനയിലാണ് ഇത്തരം ഭാഷാശൈലിയുടെ മനോഹാരിത കിടക്കുന്നത്. സെമിറ്റിക് ഭാഷകളിൽ വിവിധതരം ആവർത്തനങ്ങൾ പ്രധാനമാണ്. ഉദാഹരണമായി, സങ്കീർത്തനങ്ങളിൽ ഒരു വാക്യം തൊട്ടുമുമ്പുള്ള വാക്യത്തിന്റെ അർത്ഥം ആവർത്തിക്കുന്ന രീതിയിലാണ് ക്രമപ്പെടുത്തിയിരിക്കുന്നത്. ഇത്തരം ഘടനകൾ മനസിലാക്കുന്നതും വി. ഗ്രന്ഥത്തിന്റെ അർത്ഥം ഗ്രഹിക്കാൻ ഏറെ സഹായകമാണ്.

www.malankaralibrary.com



ഇനി ആധുനിക പ്രഭാഷണകലയെ പരിഗണിക്കാം. അത് ഭാഷാലങ്കാരങ്ങളെയോ സംഭാഷണരീതികളെയോ മാത്രം ചുറ്റിപ്പറ്റി ഒതുങ്ങുന്നില്ല. ആശയവിനിമയത്തെ വിജയപ്രദവും ഫലപ്രദവുമാക്കുന്നതിൽ ഒരു വാക്കിന്റെ സവിശേഷമായ ഒരു പ്രയോഗം എങ്ങനെ സഹായിച്ചിരിക്കുന്നു എന്നുകൂടി പരിശോധിക്കുന്നുണ്ട് ആധുനികപ്രഭാഷണകല. അതായത്, ഘടനാപരമായ പഠനത്തിൽ മാത്രം ഒതുങ്ങുന്നില്ല; ചർച്ചയോ അതോ സംവാദമോ? തുടങ്ങിയ സാഹചര്യങ്ങളെക്കൂടി കണക്കിലെടുക്കുന്നു. രചനയും ശൈലിയും മറ്റും ശ്രോതാക്കളെ കീഴടക്കുന്നതിനു തയ്യാർ ചെയ്ത ആയുധങ്ങളുടെ തലത്തിലാണ് ആധുനികപ്രഭാഷണകലയിൽ വീക്ഷിക്കപ്പെടുന്നത്. ഈ കാഴ്ചപ്പാടിനെ ദീപ്തമാക്കാൻ ഭാഷാശാസ്ത്രം, നരവംശശാസ്ത്രം, സാമൂഹ്യശാസ്ത്രം തുടങ്ങി മറ്റു വിജ്ഞാനവിളക്കുകളെ ആശ്രയിക്കുന്നു.

ആധുനികപ്രഭാഷണരീതി ബൈബിൾ പഠനത്തിൽ ഉപയോഗപ്പെടുത്തുന്നതെങ്ങനെ? വി.ഗ്രന്ഥത്തിലെ ഓരോ പുസ്തകവും ഒരു പ്രത്യേക ഗ്രന്ഥകാരൻ നടത്തിയ, അല്ലെങ്കിൽ നടത്താനാഗ്രഹിച്ചു തയ്യാറാക്കിയ പ്രഭാഷണത്തിന്റെ ലിഖിതരൂപമായി കണക്കാക്കാവുന്നതാണ്. പ്രേരണാത്മകമായ മതപ്രഭാഷണം തന്നെയാണ് ബൈബിൾ. ഇത്തരത്തിൽ വി.ഗ്രന്ഥം കേൾവിക്കാരിലും സമൂഹത്തിലും സൃഷ്ടിച്ചിരിക്കുന്ന പ്രതികരണങ്ങളും ചലനങ്ങളും കണ്ടെത്തുന്നതിന് ആധുനികപ്രഭാഷണകലയുടെ വ്യാഖ്യാനതത്വങ്ങൾ ഉപയോഗപ്പെടുത്തുന്നു.

പാഠഭാഗങ്ങളെ വിമർശനബുദ്ധ്യാവിലയിരുത്തുന്നതിന് സഹായകമാണെന്നുകണ്ട് പണ്ഡിതലോകം ഇതിന് വലിയ പ്രാധാന്യം നൽകുന്നു. ഏറെക്കാലമായി അവഗണിക്കപ്പെട്ടു കിടന്നിരുന്ന ആദ്യ കാഴ്ചപ്പാടുകളെ ആദരിക്കാനും പൊടിപിടിച്ചിട്ടുണ്ടെങ്കിൽ തുടച്ചു വൃത്തിയാക്കാനും സാധിക്കുന്നുവെന്നത് വലിയ കാര്യമത്രേ. ബൈബിളിൽ ഉപയോഗിച്ചിരുന്ന ഭാഷ ഒരു പ്രസംഗമെന്ന നിലയിൽ കേൾവിക്കാരെ അല്ലെങ്കിൽ വായനക്കാരെ സ്വാധീനിക്കാനും ബോധ്യപ്പെടുത്താനും എത്രമാത്രം കഴിവുള്ളതാണെന്നു കണ്ടെത്തുകയാണ് പുതിയ പ്രഭാഷണ പഠനങ്ങൾ ചെയ്യുന്നത്. അത് തികച്ചും ന്യായമാണുതാനും. ബൈബിളിൽ കുറേ സത്യവചനങ്ങൾ വെറുതെ നിരത്തിവയ്ക്കുകയല്ല ചെയ്തിരിക്കുന്നതെന്നതാണ് ഇതിനു കാരണം. ആ വാക്യങ്ങൾക്കുള്ളിൽ ഒരു സന്ദേശം ഒളിഞ്ഞിരിക്കുന്നു. അതായത്, ബൈബിൾ സന്ദേശം നൽകുകയാണ്; ആശയവിനിമയം നടത്തുകയാണ്. അതും ഒരു സവിശേഷ സാഹചര്യത്തിലുള്ള സന്ദേശം. സാധാരണ പ്രഭാഷണത്തിലെന്നതു

www.malankaralibrary.com



പോലെ പറയാനുദ്ദേശിക്കുന്ന ഒരാശയവും അതിനെ പിന്താങ്ങുന്ന യുക്തിഭദ്രമായ വാദഗതികളും ശ്രോതാക്കളെ അഥവാ വായനക്കാരെ സ്വാധീനിക്കാനുതകുന്ന മറ്റു ഘടകങ്ങളും ഓരോ ബൈബിൾ ഭാഗത്തും കാണാം. ബൈബിൾ പഠനത്തിൽ പ്രഭാഷണകലാതത്വങ്ങൾ ഉപയോഗപ്പെടുത്തുന്നതിന്റെ പ്രസക്തി ഇവിടെയാണ്.

പ്രഭാഷണ വിശകലനത്തിന് അതിന്റേതായ പോരായ്മകളുമുണ്ട്. ബൈബിൾ ഭാഗത്തുള്ള പ്രഭാഷണശൈലിയെപ്പറ്റി ഉപരിപ്ലവമായ വിവരണം മാത്രം നൽകി, അത് വഴിമാറിനിൽക്കാം. ഇത് സമഗ്രപഠനരീതിയാണെങ്കിലും ബൈബിളിനെ മുഴുവൻ വ്യാഖ്യാനിക്കാൻ ഇതിനു കഴിയണമെന്നില്ല. തീർന്നില്ല; ചോദ്യങ്ങളുടെ കൂട്ടം തന്നെയുമുണ്ട്. പ്രഭാഷണകലയുടെ മർമ്മമറിഞ്ഞു പ്രയോഗിക്കാൻ മാത്രം വിദ്യാസമ്പന്നരായിരുന്നുവോ ബൈബിളിന്റെ രചയിതാക്കൾ? പ്രഭാഷണകലയുടെ പൊടിക്കൈകളും നിയമങ്ങളും അവർ എത്രമാത്രം ബോധപൂർവ്വം പ്രയോഗിച്ചിരിക്കാം? ഒരു ബൈബിൾ ഭാഗത്ത് പ്രഭാഷണഘടന ആരോപിക്കുമ്പോൾ ആ ഭാഗമർഹിക്കുന്ന സാദ്ധ്യതയ്ക്കുമപ്പുറമൊരു ഘടന ആരോപിച്ചു പോകാമെന്ന അപകടം പതിയിരിപ്പില്ലേ? ഇനിയും ചോദ്യങ്ങളുണ്ടാവാം.

### 2. വിവരണ വിശകലനം

വി. ഗ്രന്ഥത്തിന്റെ കഥയുടെയോ വിരണത്തിന്റെയോ വ്യക്തിപരമായ സാക്ഷ്യത്തിന്റെയോ രൂപത്തിൽ ദൈവിക സന്ദേശം കൈമാറ്റം ചെയ്യപ്പെടാനുള്ള സാദ്ധ്യതയുണ്ട്. ഇതു വെളിപ്പെടുത്തിയെടുക്കുന്നതിനാണ് വിവരണ വിശകലനമെന്ന് പറയുന്നത്. കഥയുടെയോ നാം സാക്ഷിയായ സംഭവത്തിന്റെയോ വിവരണത്തിലൂടെ ആശയവിനിമയം നടത്തുന്നത് മനുഷ്യജീവിതത്തിൽ തികച്ചും സാധാരണമാണ്. ഒരർത്ഥത്തിൽ പഴയനിയമം മുഴുവൻ രക്ഷയുടെ 'കഥ'യാണ്. അവിടെ കഥ പറയുന്നയാളിന്റെ വിശ്വാസത്തിന്റെ ഏറ്റുപറയൽ കാണാം; അദ്ദേഹത്തിന്റെ ദൈവാരാധനയുടെ മനോഹര നിമിഷങ്ങളുണ്ട്. തന്റെ വിശ്വാസം ചുറ്റുമുള്ളവർക്ക് പകർന്ന് നൽകാനുള്ള വെമ്പൽ ആ വാക്കുകൾക്കു പിന്നിലുണ്ട്. (സങ്കീ 78, 3-4; പുറ 12, 24-27; നിയ 6, 20-25; 26, 5-11). പുതിയനിയമം, പ്രത്യേകിച്ച് സുവിശേഷങ്ങൾ ക്രിസ്തുവിന്റെ ജനനം, ജീവിതം, മരണം, ഉത്ഥാനം തുടങ്ങിയവയുടെ വിവരണമല്ലാതെ മറ്റെന്താണ്? മതബോധന വിഷയങ്ങൾപോലും പൗലോസ് പകർന്നു നൽകുന്നത് ഒരു സംഭവവിരണത്തിന്റെ രീതിയിലാണ്. (1 കോറി 11, 23-25). വി. കുർബാനയെപറ്റി പഠിപ്പിക്കാൻ അന്ത്യത്താഴത്തിന്റെ നിറപ്പകിട്ടാർന്ന വിവരണം അദ്ദേഹം നൽകുന്നു. ഇങ്ങനെ ബൈബിളിലെ വിവര

www.malankaralibrary.com



ണങ്ങളെ കടഞ്ഞെടുക്കുമ്പോൾ അതിനു പിന്നിലെ ദൈവശാസ്ത്രവും വിവിധ വിശകലന ശൈലികളും വേർതിരിച്ചു കിട്ടുന്നു.

വിശകലന ശൈലികൾ പലതാണ്. ചിലർ പുരാതന വിവരണ ശൈലികളെ മാതൃകയാക്കുന്നു. മറ്റു ചിലർ ആധുനിക കാലത്തെ വിവരണ സങ്കേതങ്ങളിലേതെങ്കിലും ഒന്നിനെ ആശ്രയിക്കുന്നു. വിവരണ വിശകലനം ചെയ്യുന്നത് കഥാതന്തു, കഥാപാത്രങ്ങൾ, കഥാകാരന്റെ വീക്ഷണങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് എഴുത്തുകാരൻ തന്റെ വിവരണം എങ്ങനെ തന്മയത്വത്തോടെ നടത്തുന്നുവെന്ന് കണ്ടെത്തുകയാണ്. വായനക്കാരനെ മറ്റൊരു ലോകത്തെത്തിക്കുവാൻ എഴുത്തുകാരൻ എന്തു തന്ത്രങ്ങൾ കൈക്കൊണ്ടിരിക്കുന്നു? അതിനു പിന്നിലുള്ള മൂല്യങ്ങളെന്താണ് എന്നിങ്ങനെയുള്ള അന്വേഷണങ്ങൾ നടത്തുന്നു.

പല വിവരണശൈലികളും ഇവിടെ ഒരു തരംതിരിവ് നടത്താറുണ്ട്. യഥാർത്ഥ ഗ്രന്ഥകാരൻ-സൂചിതഗ്രന്ഥകാരൻ, യഥാർത്ഥവായനക്കാരൻ - സൂചിതവായനക്കാരൻ എന്നിങ്ങനെ. ഗ്രന്ഥകാരൻ തീർച്ചയായും ഗ്രന്ഥമെഴുതിയ ആൾ തന്നെ. എന്നാൽ ഒരു പുസ്തകത്തിലൂടെ അതിന്റെ കർത്താവിനെക്കുറിച്ച് വായനക്കാരനു മുമ്പിൽ അനാവൃതമാകുന്ന ഒരു സങ്കൽപമുണ്ട്. ഒരു കൃതിയിൽ നിന്ന് അതെഴുതിയ ആളെക്കുറിച്ച് ഉരുത്തിരിഞ്ഞു കിട്ടുന്ന സങ്കൽപം. അതാണ് സൂചിത ഗ്രന്ഥകാരൻ. വായനക്കാരനെ സംബന്ധിച്ചും ഇതു ശരിയാണ്. എഴുതപ്പെട്ട കാലം മുതൽ ഇന്നുവരെ ഒരു ഗ്രന്ഥത്തിലൂടെ കണ്ണോടിച്ചിട്ടുള്ള ആരും വായനക്കാരൻ എന്ന പേരിനർഹനാണ്. എന്നാൽ ഗ്രന്ഥകാരൻ എഴുതുമ്പോൾ ചില വായനക്കാരെ മനസ്സിൽ ലക്ഷ്യം വച്ചിട്ടുണ്ട്. വായനക്കാരന്റെ ചില ഗുണഗണങ്ങളും സാഹചര്യങ്ങളും എഴുത്തുകാരൻ മുന്നൽ കണ്ടിട്ടുണ്ട്. ഏതുതരം വായനക്കാരനെ/വായനക്കാരെയാണ് സങ്കൽപിച്ചിട്ടുള്ളത് - യഹൂദനെയോ, ഗ്രീക്കുകാരനെയോ, ധനികനെയോ, ദരിദ്രനെയോ, രാജാവിനെയോ, പ്രജയേയോ, തടവിലിരിക്കുന്നവനെയോ, സ്വതന്ത്രനെയോ, എന്നെല്ലാം ഗ്രന്ഥം വായിച്ചാൽ തിരിച്ചറിയാം; വ്യാഖ്യാതാവ് തിരിച്ചറിയണം.

ഇന്ന് വായിക്കുന്ന വായനക്കാരൻ സൂചിത വായനക്കാരനോട് (ഗ്രന്ഥകാരന്റെ മനസ്സിലുള്ള വായനക്കാരനോട്) എത്രമാത്രം താദാത്മ്യപ്പെടുന്നുവോ അതിനനുസരിച്ചാണ് ആ ഗ്രന്ഥം വായനക്കാരനെ സ്വാധീനിക്കുന്നത്. ഇങ്ങനെ, വായനക്കാരനെ ഗ്രന്ഥകാരന്റെ മനസ്സിനൊപ്പം ഉയർത്തുകയാണ് വ്യാഖ്യാനത്തിന്റെ കടമ.

www.malankaralibrary.com



വിവരണവിശകലനം പുതിയ ഒരു രീതി അവലംബിക്കുന്നു. ചരിത്രവിമർശന രീതിയെ, ഏതെങ്കിലുമൊരു കാലഘട്ടത്തിനോ അക്കാലത്തെ സമൂഹത്തിനോ ഇന്നത്തെ സാഹചര്യത്തിലേക്ക് അതേപടി പ്രവേശനമനുവദിക്കുന്ന ഒരു ജനാലയ്ക്കുതുല്യം ഉപമിക്കാം. എന്നാൽ വിവരണവിശകലനം ഒരു കണ്ണാടിയാണെന്നു പറയാം. അത് ഒരു കാലഘട്ടത്തിന്റെ പ്രതിബിംബമാണ് നമുക്കു മുമ്പിൽ പ്രദർശിപ്പിക്കുന്നത്. ചില പ്രത്യേക മൂല്യങ്ങളെ എടുത്തുകാണിച്ച് അതു സ്വീകരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. വിവരണവിശലനം ആഴമേറിയ ദൈവശാസ്ത്രത്തെ പുറത്തു കൊണ്ടുവരുന്നു. വിവരിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങളിൽനിന്നു നാം വിശ്വാസജീവിതത്തിൽ സ്വീകരിക്കേണ്ട സന്ദേശങ്ങളെക്കുറിച്ചാണ് ഈ രീതി മുഖ്യമായും ചിന്തിക്കുന്നത്. അങ്ങനെ പ്രായോഗികവും അജപാലനപരവുമായ ഒരു വ്യാഖ്യാന രീതിയാണിത്. അതേസമയം ദൈവനിവേശിത ഗ്രന്ഥത്തെ ദൈവശാസ്ത്ര ചിന്തകളുടെ സമാഹാരമായി മാത്രമവതരിപ്പിക്കുന്ന പ്രവണതയെ നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്. വി. ഗ്രന്ഥത്തെ, അതിനു പുറത്തുള്ള ഭാഷയും രൂപകങ്ങളും മാത്രമുപയോഗിച്ചു വിശദീകരിക്കുന്നത് ഒരു പോരായ്മയാണ്. അതിനാൽ വിവരണവിശകലനരീതിക്ക് ചെയ്യാനുള്ളത്, ഇക്കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തിക്കൊണ്ടുതന്നെ ബൈബിളിലെ വിവരണത്തോടു പൂർണ്ണ വിശ്വസ്തത പുലർത്തി, ദൈവവചനത്തിന്റെ രക്ഷാകരവശത്തിനു വേണ്ടത്ര പ്രാധാന്യം കൊടുത്ത് യഥാർത്ഥ സന്ദേശം പുറത്തുകൊണ്ടുവരിക എന്നതാണ്. രക്ഷാകരസംഭവം വിവരിക്കുന്നതിനോടൊപ്പം രക്ഷയെന്ന സംഭവത്തെ അനുഭവവേദ്യമാക്കുകയും ചെയ്യണം. കാരണം, ബൈബിൾ നൽകുന്നത് അസ്തിത്വത്തെയും അതിന്റെ ലക്ഷ്യങ്ങളെയും ഉൾക്കൊള്ളുന്ന സന്ദേശങ്ങളാണ്.

ബൈബിൾ വ്യാഖ്യാനത്തിൽ വിവരണ വിശകലനത്തിന് വ്യക്തമായ ഉപയോഗമുണ്ട്. പല ബൈബിൾ ഭാഗങ്ങളും വിവരണമെന്ന പേരിന് അർഹമാണ്. ചരിത്രസംഭവങ്ങളിൽനിന്ന് ഇന്നത്തെ വായനക്കാരൻ എന്തു സ്വീകരിക്കണമെന്ന് നിർദ്ദേശിക്കാൻ ഈ രീതിക്കു കഴിയും. അതേ സമയം മറുവശത്ത് സൂചിത വായനക്കാരൻ, യഥാർത്ഥ വായനക്കാരൻ എന്നിങ്ങനെയുള്ള തരംതിരിവ് ബൈബിൾ വ്യാഖ്യാനത്തെ സങ്കീർണ്ണമാക്കാനുള്ള സാധ്യതയുണ്ട്.

ബൈബിളിലെ പുസ്തകങ്ങളെയെല്ലാം ഒരേതരം കഥപോലെ കാണുന്നത് ശരിയല്ല. ഓരോന്നിനും തനതായ പ്രത്യേകതയും സ്വഭാവരീതിയുമുണ്ട്. ഈ രീതിയുൾക്കൊള്ളുന്ന സമഗ്ര പഠനശൈലിയോടൊപ്പം സമയബദ്ധ വിശകലന സങ്കേതങ്ങളും ഉപയോഗ

www.malankaralibrary.com



പ്പെടുത്തണം. മറ്റൊരപകടത്തെപ്പറ്റിയും അവബോധം ആവശ്യമാണ്. വി. ഗ്രന്ഥത്തിന്റെ ഉള്ളടക്കത്തിലെ ഏതെങ്കിലുമൊരു പ്രബോധനത്തിന്റെപോലും വികാസത്തിനുവേണ്ട പ്രാധാന്യം നൽകാതെ പോകരുത്. അങ്ങനെ വന്നാൽ സഭയുടെ വി. ഗ്രന്ഥ പാരമ്പര്യത്തിന്റെ പടവിൽ നിന്നു വഴുതി വീഴുന്നതിനു തുല്യമാണ്. സഭയും വി. ഗ്രന്ഥപാരമ്പര്യവും ഇത്തരം പ്രബോധന സിദ്ധാന്തങ്ങളെയെല്ലാം വികസിപ്പിച്ച ചരിത്രമാണുള്ളത്. എല്ലാറ്റിനുപരി, ഓരോരുത്തർക്കും ലഭിക്കുന്ന വ്യക്തിഗത സന്ദേശങ്ങൾ സത്യത്തിന്റെ പൂർണ്ണതയാണെന്നു കണക്കാക്കപ്പെടരുത്. മറിച്ച്, സത്യത്തിന്റെ ഒരു വശം മാത്രമാകാം.

### 3. പ്രതീകാർത്ഥ വിശകലനം

വി. ഗ്രന്ഥത്തെ അത് ഇന്നു നമുക്ക് ലഭ്യമായിരിക്കുന്ന രൂപത്തിൽ പഠനവിധേയമാക്കുന്ന ഒന്നാണ് പ്രതീകാർത്ഥ വിശകലനം. കഴിഞ്ഞ പത്തോ ഇരുപതോ വർഷങ്ങൾക്കുള്ളിൽ ഇതിനു ശ്രദ്ധേയമായ വളർച്ച കൈവന്നിട്ടുണ്ട്. ഒരുകാലത്ത് ഘടനാശാസ്ത്രം എന്നറിയപ്പെട്ടിരുന്ന ഈ രീതിയുടെ ആരംഭകൻ സ്വിറ്റ്സർലൻഡുകാരനായ ഫെർഡിനാൻസ് ഡി സോസൂറാണ്. അദ്ദേഹം ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഒരു സിദ്ധാന്തം ആവിഷ്ക്കരിച്ചു. അതായത് ഓരോ ഭാഷയും നിശ്ചിതനിയമങ്ങൾ പാലിക്കുന്ന ബന്ധങ്ങളുടെ സംവിധാനമാണ്. ഈ സിദ്ധാന്തത്തിൽനിന്നു പിൽക്കാലത്ത് പല ഭാഷാശാസ്ത്രജ്ഞരും സാഹിത്യനിരൂപകരും ചേർന്നു പ്രതീകാർത്ഥ വിശകലന രീതി വികസിപ്പിച്ചെടുത്തു. ബൈബിൾ പഠനത്തിൽ ഈ രീതി പ്രോത്സാഹിപ്പിക്കുകയും പിൻതുടരുകയും ചെയ്യുന്നവർ ആധികാരികമായ ഉറവിടമായി ചൂണ്ടിക്കാണിക്കുന്നത് ആൽഗിർഡാസ് ജെ.ഗ്രൈമാസും അദ്ദേഹം സ്ഥാപിച്ച പാരീസ് പഠനക്കൂട്ടായ്മയും ആണ്. മറ്റു പലയിടത്തും സമാനമായ സമീപന വിശകലന രീതികൾ രൂപംകൊണ്ടിട്ടുണ്ടെങ്കിലും ഇവിടെ നാം ചുരുക്കമായി പ്രതിപാദിക്കുന്നത് ഗ്രൈമാസിന്റെ ശൈലിയാണ്.

മൂന്നു പ്രധാന തത്വങ്ങളിലാണ് ഈ രീതി അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത്.

**1. നിക്ഷിപ്തതത്വം:** ഒരു പാഠഭാഗം തനത് അർത്ഥമുൾക്കൊള്ളുന്ന ഒരു പൂർണ്ണഘടകമാണ്. ഇവിടെ പാഠഭാഗത്തെ മുഴുവൻ വിലയിരുത്തുന്നു; എന്നാൽ പാഠഭാഗത്തെ മാത്രം. അതിനു ബാഹ്യമായ യാതൊന്നിനെയും-ഗ്രന്ഥകർത്താവ്, വായനക്കാർ, രചനാപ്രക്രിയ, സംഭവങ്ങൾ തുടങ്ങിയവയെ - പരിഗണിക്കുന്നില്ല.

www.malankaralibrary.com



**2. ആശയഘടനയുടെ തത്വം:** ആശയം എപ്പോഴും ബന്ധങ്ങളുടെ തലത്തിലാണ് മനസ്സിലാക്കപ്പെടുന്നത്. അങ്ങനെ വരുമ്പോൾ ഒരു പ്രത്യേക ബൈബിൾ ഭാഗം ഇത്തരത്തിലുള്ള ബന്ധങ്ങളുടെ ഒരു ശൃംഖലയാണ്. വ്യത്യസ്ത ഘടകങ്ങൾ തമ്മിലുള്ള യോജിപ്പിന്റെയും വിയോജിപ്പിന്റെയും (ബന്ധങ്ങൾ) ആകെത്തുകയാണ് ആ ഭാഗത്തിന് അർത്ഥം നൽകുന്നത്.

**3. വ്യാകരണതത്വം:** ഓരോ ഭാഗവും ഒരു പ്രത്യേക വ്യാകരണം അഥവാ ഭാഷാരൂപം അനുവർത്തിക്കുന്നു; അതായത് ചില പ്രത്യേകനിയമങ്ങൾ പിന്തുടരുന്നു. ഒരു വിവരണഭാഗത്തെ വാക്യങ്ങൾ പല തലങ്ങളിൽപ്പെടുന്നവയാണ്. അവയ്ക്കെല്ലാം തനതായ വ്യാകരണമുണ്ട്.

ഒരു ഭാഗത്തിന്റെ ഉള്ളടക്കത്തെ മൂന്ന് വ്യത്യസ്ത തലങ്ങളിൽ വിശകലനം ചെയ്യാം.

**വിവരണതലം:** ഇവിടെ ഒരു കഥയെ അല്ലെങ്കിൽ സംഭവത്തെ മുന്നോട്ടു ചലിപ്പിച്ച് അന്ത്യരംഗത്തിലെത്തിക്കുന്ന നാടകീയ മാറ്റങ്ങളെ പഠനവിഷയമാക്കുന്നു. വ്യത്യസ്ത രംഗങ്ങളെ തരംതിരിച്ചെടുക്കുകയും ഓരോ രംഗവും മറ്റൊന്നിനോട് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്നു നിർണ്ണയിക്കുകയും ചെയ്യുന്നു. കഥാഗതിയെ മുന്നോട്ടു നീക്കുന്നതിൽ ഓരോ രംഗത്തിന്റെയും അതിലെ 'കഥാപാത്ര'ങ്ങളുടെയും ദൗത്യം അഥവാ ഭാഗം എന്തെന്നു കണ്ടെത്തുന്നു.

**സംഭാഷണതലം:** ഇത് മൂന്നു പ്രവൃത്തികൾ ഉൾക്കൊള്ളുന്നു.

1) രൂപങ്ങളെ വേർതിരിച്ചെടുക്കുന്നു. അർത്ഥം നൽകുന്ന ഘടകങ്ങളായ വ്യക്തികൾ, സമയം, സ്ഥലം എന്നിവയെ കണ്ടെത്തുന്നു.

2) ഓരോ രൂപത്തെയും ആദ്യാവസാനം പിന്തുടർന്ന് രൂപരേഖ തയ്യാറാക്കുന്നു. എങ്ങനെ ഒരു ബൈബിൾ ഭാഗത്ത് ഒരു രൂപത്തെ ഉപയോഗിച്ചിരിക്കുന്നുവെന്നു കണ്ടെത്താൻവേണ്ടി മാത്രമാണ് ഇങ്ങനെ ചെയ്യുന്നത്.

3) രൂപങ്ങളുടെ കഥാമൂല്യം വിലയിരുത്തുന്നു. എന്തിനുവേണ്ടി, ഏതു മൂല്യത്തിനുവേണ്ടി ഈ രൂപങ്ങൾ നിശ്ചിതമായ രീതിയിൽ അവതരിപ്പിക്കുന്നുവെന്ന് കണ്ടെത്തുന്നു.

**സമന്വയാർത്ഥതലം:** ഓരോ വിവരണത്തിന്റെയും സംഭാഷണത്തിന്റെയും അടിയിൽ ഒരു പ്രത്യേക കാര്യകാരണ ബന്ധവും അതിന്റെ അർത്ഥവും ഊറിക്കിടക്കുന്നുവെന്ന വസ്തുതയാണ് ഈ തലത്തിനു പിന്നിലുള്ളത്. ആദ്യം ചെയ്യുന്നത് വിവരണത്തിനോ സംഭാഷണ

www.malankaralibrary.com



ത്തിനോ പിന്നിലെ യുക്തിബന്ധങ്ങളെ തിരിച്ചറിയുകയാണ്. ഇതു കണ്ടെത്തുന്നതിന് ഒരു അടയാളചതുരം ഉപയോഗപ്പെടുത്താറുണ്ട്. അതായത് വസ്തുതകളെ വിപരീതബന്ധങ്ങളും വിരുദ്ധബന്ധങ്ങളും എന്ന രീതിയിൽ എതിർവശങ്ങളിൽ ഉൾപ്പെടുത്തുന്നു. (ഉദാ. വിരുദ്ധബന്ധങ്ങൾ: കറുപ്പും വെളുപ്പും; വിപരീതബന്ധങ്ങൾ: കറുപ്പും കറുപ്പല്ലാത്തതും; വെളുപ്പും വെളുപ്പല്ലാത്തതും).

ഈ രീതിയെ കൂടുതൽ വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുന്നു. ഇപ്പോൾ ബൈബിളിലെ വിവിധഭാഗങ്ങൾ തമ്മിലുള്ള പ്രതീകാർത്ഥബന്ധം കണ്ടെത്തുന്നതിനാണ് ശ്രദ്ധ വച്ചിരിക്കുന്നത്.

മുൻ പറഞ്ഞതിൽനിന്നെല്ലാം പ്രതീകാർത്ഥ വിശകലനത്തിന്റെ നേട്ടങ്ങളും പരിമിതികളും മനസ്സിലാക്കാവുന്നതാണ്. ഒരു ഭാഗത്തെ പ്രത്യക ഭാഷാസവിശേഷതകളുള്ള ഒരു പൂർണ്ണ ഘടകമായി കാണുമ്പോൾ 'ദൈവത്തിന്റെ വചനം മനുഷ്യന്റെ ഭാഷയിൽ' എന്ന കാഴ്ചപ്പാടാണ് കൈക്കൊള്ളുന്നത്. ചില മുൻവിധികളെ ഒഴിവാക്കി നിർത്തിയാൽ മാത്രമേ ഈ രീതി ശരിയായി ഉപയോഗിക്കാൻ പറ്റൂ. വി. ഗ്രന്ഥഭാഷയുടെ പ്രതീകാത്മകമായ പ്രത്യേകതകളെ മാത്രം കണക്കിലെടുക്കുമ്പോൾ അവയ്ക്കു പിന്നിലെ വ്യക്തിപരമായ രക്ഷാനുഭവത്തെ തള്ളിക്കളയാനുള്ള പ്രവണത ഉണ്ടാകുന്നു. വചനം യാഥാർത്ഥ്യത്തെ ഉൾക്കൊള്ളുന്നു. ചരിത്രത്തിൽ ദൈവം സംസാരിച്ച വചനത്തെ ഇന്നു മനുഷ്യഗ്രന്ഥകർത്താക്കൾവഴി നമുക്കും പകർന്നു തരുന്നു എന്ന് വിലയിരുത്തണം: ഈ രീതി ചരിത്രത്തിലേക്കു തുറന്നിരിക്കണം: ഒന്നാമതായി ബൈബിളിലെ 'കഥാപാത്ര'ങ്ങളുടെ ചരിത്രത്തിലേക്കും ജീവിതത്തിലേക്കും. പിന്നീട് ഗ്രന്ഥകാരന്റെയും വായനക്കാരന്റെയും ചരിത്രത്തിലേക്കും ജീവിതത്തിലേക്കും. ഭാഷയുടെ വെറും ബാഹ്യസവിശേഷതകൾക്കപ്പുറത്തേക്കു കടന്നുചെന്ന് ദൈവിക സന്ദേശം കണ്ടെത്തുക എന്നതാണ് ഈ രീതി ഉപയോഗിക്കുന്നവരുടെ മുമ്പിലുള്ള വെല്ലുവിളി.

മുൻകാലത്തെ സങ്കീർണ്ണഭാഷകളിൽ അവതരിപ്പിക്കാതെ ഇന്നിന്റെ ശൈലിയിൽ ലളിതമായി അവതരിപ്പിക്കപ്പെടുമ്പോൾ ഗ്രന്ഥരൂപീകരണത്തിന്റെയും ചരിത്രസന്ദർഭങ്ങളുടെയും ആഴത്തിലുള്ള പഠനം കൂടാതെ തന്നെ വി. ഗ്രന്ഥം കുറെയൊക്കെ ഉൾക്കൊള്ളാൻ പ്രതീകാർത്ഥ വിശകലനത്തിനാകുമെന്നതു സത്യമാണ്. ചുരുക്കത്തിൽ, ഈ രീതി ബൈബിളിൽ ആഴമായ പഠനം നടത്താത്തവർക്ക് അജപാലന ജീവിതത്തിൽ ഒരു പരിധിവരെ ദൈവവചനം ഉൾക്കൊള്ളുന്നതിനു സഹായകമാണ്.

**ഡോ. ജോസ് വടക്കേടം**

www.malankaralibrary.com

# 10

## പാരമ്പര്യാധിഷ്ഠിത സമീപനങ്ങൾ

കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ച വ്യാഖ്യാനരീതികൾ, ചരിത്രവിമർശനരീതിയിൽനിന്ന് വിഭിന്നമായി, ബൈബിൾ ഭാഗങ്ങളുടെ പരസ്പര ബന്ധം വിശകലനത്തിന് അടിസ്ഥാനമാക്കുന്നുവെങ്കിൽ ത്തന്നെയും ഇവയ്ക്കും പോരായ്മകളുണ്ട്. ഈ രീതികളെല്ലാം ഓരോ പുസ്തകങ്ങളെയും ഒറ്റയ്ക്കൊറ്റയ്ക്ക് അപഗ്രഥിക്കുകയാണ്. എന്നാൽ ബൈബിളിനെ സുദീർഘമായ ഒരു പാരമ്പര്യത്തിന്റെ സാക്ഷ്യമായി കണ്ടെത്തുക എന്നതു പ്രധാനമാണ്. ബൈബിൾ പാരമ്പര്യത്തിന്റെ ഭാഗമാണ് എന്ന അടിസ്ഥാനതത്വത്തിലാണ് ആധുനിക കാലത്തെ മറ്റു ചില സമീപനരീതികൾ അധിഷ്ഠിതമായിരിക്കുന്നത്.

### 1. കാനോനിക സമീപനം

ഇത് ആരംഭിച്ചത് ഏതാണ്ടു മുപ്പതോളം വർഷങ്ങൾക്കപ്പുറം, അമേരിക്കയിലാണ്. ചരിത്രവിമർശനരീതി ചരിത്രത്തിനു പ്രാധാന്യം കൊടുക്കുന്നുവെങ്കിലും ദൈവശാസ്ത്രത്തെയും വിശ്വാസത്തെയും അവഗണിക്കുന്നുവെന്ന ആരോപണമുയർത്തിയാണ് ഈ രീതിയുടെ ആരംഭം.

www.malankaralibrary.com



കാനോനിക സമീപനത്തിന്റെ അടിസ്ഥാന നിലപാട് ബൈബിളിനെ മുഴുവനായി എടുത്ത് അതിന്റെ പശ്ചാത്തലത്തിൽ വേണം ദൈവശാസ്ത്രപരമായ വ്യാഖ്യാനം നടത്താൻ എന്നതാണ്. വിശ്വാസികളുടെ സമൂഹം ജീവിതപ്രമാണമായി അംഗീകരിച്ച പ്രാമാണിക ഗ്രന്ഥമാണ് ഇവിടെ അടിസ്ഥാന ഗ്രന്ഥം. ഓരോ ബൈബിൾ ഭാഗവും ഏക ദൈവികപദ്ധതിയുടെ പ്രകടനമായി കണ്ട് വി.ഗ്രന്ഥം നമ്മുടെ കാലഘട്ടത്തിൽ യഥാർത്ഥത്തിൽ പ്രസക്തമാക്കുക എന്നതാണ് കാനോനിക രീതിയുടെ ലക്ഷ്യം. ചരിത്രവിമർശനരീതിക്കു പകരമുള്ള ഒന്നല്ല ഇത്. മറിച്ച് അതിന്റെ പൂരകമായി നിലകൊള്ളുക എന്നതാണ് ഈ രീതിയുടെ കടമ.

ഈ രീതിയിൽത്തന്നെ രണ്ടുതരം ചിന്താഗതികൾ ഉണ്ട്. ഒന്നാമത്തെ ചിന്താഗതിയിൽ വിശ്വാസികളുടെ സമൂഹം വിശ്വാസത്തിന്റെയും ജീവിതത്തിന്റെയും പ്രമാണമാക്കിയിരിക്കുന്ന പുസ്തകത്തിന്റെ അന്തിമരൂപം മാത്രമേ ആധികാരികമായി അംഗീകരിക്കുന്നുള്ളൂ. പണ്ഡിതനായ ബ്രെവാർഡ് എസ്. ചൈൽഡ്സ് ആണ് ഈ ചിന്താഗതിയുടെ മുഖ്യവക്താവ്. എന്നാൽ ജയിംസ് എ. സാൻഡേഴ്സിന്റെ അഭിപ്രായത്തിൽ ഒരു പുസ്തകം കാനോനികമായി അംഗീകരിക്കപ്പെടുന്നതിനിടയിലെ വിവിധ പരിണാമക്രിയകളാണ് പ്രധാനം. ആ പ്രക്രിയയിൽ പല വ്യാഖ്യാനരീതികളും ഉപയോഗപ്പെടുത്തുന്നു. പ്രാമാണിക ഗ്രന്ഥങ്ങളെ തിട്ടപ്പെടുത്തിയതിനുശേഷവും ഈ പ്രക്രിയയിൽ തുടരുന്നു. വിശ്വാസീസമൂഹവും വി. ലിഖിതങ്ങൾക്ക് വ്യാഖ്യാനങ്ങൾ മെനയുന്നു. ഈ വ്യാഖ്യാനങ്ങൾ ക്രമേണ വിശ്വാസപാരമ്പര്യത്തെ സജീവമായി നിലനിർത്തുന്നു. അതായത്, ദൈവവചനം ആദ്യം വാമൊഴിയായി പ്രചരിക്കുന്നു. ഒരുപുതിയ കാലഘട്ടത്തിൽ അതിനോട് അനുരൂപപ്പെടുന്നു. ഏറെക്കഴിഞ്ഞാണ് എഴുതപ്പെടുന്നത്. അങ്ങനെ വി. ഗ്രന്ഥത്തിന്റെ അന്തിമരൂപപ്പെടുത്തലിൽ സഭാസമൂഹത്തിന്റെ സ്വാധീനം ഉണ്ട്.

വി. ഗ്രന്ഥത്തിന്റെ ആദ്യരൂപത്തിന് അമിതപ്രാധാന്യം നൽകുകയും അതുമാത്രമാണ് ആധികാരികമെന്നു വാദിക്കുകയും ചെയ്യുന്നതിനെതിരേയുള്ള പ്രതികരണമാണ് കാനോനികരീതി. വിശ്വാസത്തിന്റെ മാനദണ്ഡമായി സഭാസമൂഹം അംഗീകരിച്ചതുകൊണ്ടാണ് ഒരു ഗ്രന്ഥം വി. ഗ്രന്ഥമായി കണക്കാക്കപ്പെടുന്നത്. അതുകൊണ്ട് ഇപ്പോൾ ലഭ്യമായിരിക്കുന്ന രൂപവും അതിലെത്തുന്നതിനുമുമ്പു കടന്നുപോന്ന വിവിധ പാരമ്പര്യഘട്ടങ്ങളും ഒരുപോലെ പ്രാധാന്യമർഹിക്കുന്നതാണ്. കാനോനികമായി അംഗീകരിച്ചതുകൊണ്ടാണ് അവ ബൈബിളിന്റെ ഭാഗമായിത്തീരുന്നത്. അതി

www.malankaralibrary.com



നാൽത്തന്നെ ഒരു ഗ്രന്ഥത്തെ വ്യാഖ്യാനിക്കാൻ യുക്തമായ വേദിയും പശ്ചാത്തലവും വിശ്വാസികളുടെ ഈ സമൂഹം തന്നെയാണ്. ഈ സമൂഹത്തിൽ വിശ്വാസവും പരിശുദ്ധാത്മാവും വ്യാഖ്യാനത്തെ പുഷ്ടിപ്പെടുത്തുന്നു. ഈ വ്യാഖ്യാനം, പുസ്തകം ഏതു മഹത്തായ പാരമ്പര്യത്തിൽനിന്നു രൂപംകൊണ്ടോ ആ പാരമ്പര്യത്തോടു വിശ്വസ്തമായിരിക്കാൻ ശ്രദ്ധിക്കുകയെന്നത് സമൂഹത്തിന്റെ ശുശ്രൂഷയ്ക്ക് ചുമതലപ്പെട്ടിരിക്കുന്ന സഭാധികാരത്തിന്റെ കടമയാണ്.

കാനോനിക പ്രക്രിയ എന്നാലെന്ത് എന്നത് ഇവിടെ വിശദീകരണം വേണ്ട ഒന്നാണ്. എപ്പോഴാണ് ഒരു പുസ്തകം കാനോനികമെന്ന് അംഗീകരിക്കപ്പെടുന്നത്? സമൂഹം ആധികാരികമെന്ന് അംഗീകരിച്ചപ്പോൾ മുതൽ എന്നു കരുതുന്നതായിരിക്കും ഉചിതം. അക്കാലത്ത് ഒരുപക്ഷേ പുസ്തകം ഇന്നത്തെ രൂപത്തിൽ പൂർണ്ണമായിരുന്നിരിക്കണമെന്നില്ല. എങ്കിലും മതപരവും സംസ്ക്കാരികവും ദൈവശാസ്ത്രപരവുമായ സാഹചര്യങ്ങളിലൂടെ ഒരു സന്ദേശത്തെ അതു കൈമാറി. കാനോനിക വ്യാഖ്യാനമെന്നു ഇതിനെ പരിഗണിച്ചാൽ പാരമ്പര്യത്തിന്റെ ആവർത്തനമെന്നു കണക്കാക്കുന്നതിൽ തെറ്റില്ല. ഇവിടെ ഉയരുന്ന ചോദ്യം, ഒരിക്കൽ കാനോനികത നിർണ്ണയിക്കുന്നതിനുപയോഗിച്ച വ്യാഖ്യാനമാനദണ്ഡങ്ങൾതന്നെ ഇന്നു ബൈബിൾ വ്യാഖ്യാനത്തിൽ നിർണ്ണായക തത്വങ്ങളായി പരിഗണിക്കാമോ എന്നതാണ്.

മറുവശത്ത് യഹൂദ കാനനും ക്രിസ്തീയ കാനനും വ്യത്യസ്തമാണെന്നുള്ള കാര്യമുണ്ട്. അതായത് ഗ്രീക്കുയഹൂദരുടെയിടയിൽ അംഗീകരിക്കപ്പെട്ട ഗ്രന്ഥങ്ങൾ പഴയനിയമം എന്ന പേരിൽ ക്രിസ്ത്യാനികളും കാനോനികഗ്രന്ഥങ്ങളായി അംഗീകരിക്കുമ്പോൾ ഹെബ്രായസംസ്ക്കാരത്തിൽ ഇവയെ പലതിനെയും തള്ളിക്കളഞ്ഞിരിക്കുന്നു. കാനോനിക ഗ്രന്ഥങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള കാനോനിക വ്യാഖ്യാനം ഇക്കാരണത്താൽ പല കാര്യങ്ങളിലും വ്യത്യസ്തമായിരിക്കും.

ക്രിസ്തുസംഭവവുമായി ബന്ധപ്പെടുത്തിയാണ് സഭ പഴയനിയമത്തെ എന്നും വ്യാഖ്യാനിച്ചത്. ഇത് വി.ഗ്രന്ഥത്തിന് പുതുമയും ആധികാരികതയും നൽകുന്നു. ക്രിസ്തു രഹസ്യങ്ങളുടെ വെളിച്ചത്തിൽ വി.ഗ്രന്ഥത്തിനു നൽകപ്പെടുന്ന പുതിയ അർത്ഥം ക്രിസ്തീയ വിശ്വാസത്തിന്റെ അവിഭാജ്യഘടകമായിത്തീർന്നിരിക്കുന്നു. പഴയനിയമത്തിന്റെ ആദ്യകാല അർത്ഥത്തെ പുതിയ അർത്ഥം പാടേ തള്ളിക്കളയുന്നുവെന്നതിനർത്ഥമില്ല. രക്ഷാചരിത്രത്തിന്റെ ഓരോ

www.malankaralibrary.com



കാലഘട്ടത്തെയും ഏവരും വേണ്ടത്ര വിലമതിച്ചേ മതിയാവൂ. പഴയനിയമത്തിന്റെ മൂലാർത്ഥത്തെ നിഷേധിക്കുന്നത് പുതിയനിയമത്തിന്റെ വേരുകളെ ചരിത്രത്തിന്റെ മണ്ണിൽനിന്നു പിഴുതെറിയുന്നതിനു തുല്യമാണ്.

## 2. ഹെബ്രായവ്യാഖ്യാനരീതികളുപയോഗിച്ചുള്ള സമീപനം

പഴയനിയമം പൂർണ്ണമായും ക്രിസ്തീയ കാലഘട്ടത്തിന് നാലഞ്ചു നൂറ്റാണ്ടുമുമ്പ് യഹൂദപശ്ചാത്തലത്തിലാണ് വിരചിതമായത്. ആദ്യ സമൂഹത്തിന്റെയും പുതിയനിയമത്തിന്റെയും പിള്ളത്തൊട്ടിലും യഹൂദ ജീവിതപശ്ചാത്തലം തന്നെ. യഹൂദസമുദായത്തെക്കുറിച്ചുള്ള സമീപകാലപഠനങ്ങളും ഖുമ്റാൻ ഗുഹകളിലെ ഗവേഷണങ്ങളുമെല്ലാം അതിവിശാലമായ യഹൂദപാരമ്പര്യത്തെ വെളിച്ചത്തുകൊണ്ടുവന്നു. ദൈവവചനം ആദ്യമായി വ്യാഖ്യാനിക്കപ്പെട്ടത് ഈ സമൂഹത്തിലാണ്. പഴയനിയമത്തിന്റെ ഗ്രീക്കുപരിഭാഷയായ സപ്തതിതന്നെയാണ് ഇതിനുള്ള തെളിവ്. അറമായ പരിഭാഷ, പഴയനിയമപുസ്തകങ്ങൾ സംരക്ഷിക്കപ്പെടുന്നതിനും വ്യാഖ്യാനിക്കപ്പെടുന്നതിനുമുള്ള മറ്റൊരു തെളിവാണ്. പ്രഗത്ഭരും കൂർമ്മബുദ്ധികളുമായ ഒരിജൻ, ജെറോം തുടങ്ങിയവരെല്ലാം യഹൂദബൈബിൾ പഠനത്തിൽനിന്നു നേട്ടങ്ങൾ കൊയ്തവരാണ്. ആധുനിക വ്യാഖ്യാതാക്കളിൽ പലരും ഈ വഴി തുടരുന്നു.

പുരാതന യഹൂദ പാരമ്പര്യങ്ങൾ സപ്തതിയെ നന്നായി മനസ്സിലാക്കാൻ സഹായിക്കുന്നു. പടിഞ്ഞാറൻ നാടുകളിൽ നാലാം നൂറ്റാണ്ടുവരെയും പൗരസ്ത്യദേശങ്ങളിൽ ഇന്നും ക്രിസ്തീയ ബൈബിളിന്റെ ആദ്യഭാഗം സപ്തതി തന്നെയാണ്. ക്രിസ്തീയ കാനോനിക ഗ്രന്ഥങ്ങളിൽപ്പെടാത്ത യഹൂദഗ്രന്ഥങ്ങൾ അപ്രമാണിക ഗ്രന്ഥങ്ങളെന്നറിയപ്പെടുന്നു. വ്യത്യസ്ത രൂപഭാവങ്ങളിലുള്ള ഈ ഗ്രന്ഥങ്ങൾ പുതിയനിയമ വ്യാഖ്യാനത്തിന് സഹായകമാണ്. പഴയനിയമത്തെ വ്യാഖ്യാനിച്ച രീതികൾക്ക് വി.ഗ്രന്ഥത്തിൽത്തന്നെ ഉദാഹരണങ്ങളുണ്ട്. സാമുവലിന്റെ പുസ്തകത്തിലും രാജാക്കന്മാരുടെ പുസ്തകത്തിലുമുള്ള കാര്യങ്ങളെ പുതിയൊരുൾക്കാഴ്ചയോടെ ദിനവൃത്താന്തപുസ്തകം അവതരിപ്പിക്കുന്നതു നമുക്കു കാണാം. അല്ലെങ്കിൽ, പുതിയനിയമത്തിൽ വി. പൗലോസ് പഴയനിയമഭാഗങ്ങളെ ഉദ്ധരിച്ചു വ്യാഖ്യാനിക്കുന്നതു കാണാം. പഴയനിയമത്തിനും, പുതിയനിയമത്തിനും പൊതുവായ പല സാഹിത്യരൂപങ്ങളുണ്ട്. ഉപമ, രൂപകം, പുനരവതരണം, സങ്കീർത്തനങ്ങൾ, ഗാനങ്ങൾ, ദർശനങ്ങൾ, വെളിപാടുകൾ, സ്വപ്നങ്ങൾ, ജ്ഞാനോക്തികൾ തുടങ്ങിയവ. ഇവയെല്ലാം ക്രിസ്തുവിനുമുമ്പും പിമ്പുമുള്ള യഹൂദപശ്ചാ

www.malankaralibrary.com



ത്തലത്തിലും നിലനിന്നിരുന്നു. ആദ്യനൂറ്റാണ്ടുകളിൽ വാചികരീതിയിൽ യഹൂദർ വി.ഗ്രന്ഥത്തെ എങ്ങനെ വ്യാഖ്യാനിച്ചിരുന്നുവെന്ന് തെളിയിക്കുന്നതാണ് മിദ്രാഷുകളും താർഗ്ഗുമുകളും ഉൾപ്പെട്ട ഇക്കാലത്തെ യഹൂദ രചനകൾ.

അതിപുരാതന യഹൂദപാരമ്പര്യത്തെ മാത്രമല്ല, ക്രിസ്തുവർഷത്തിന്റെ മദ്ധ്യശതകങ്ങളിലെ വ്യാഖ്യാതാക്കൾ, വ്യാകരണപ്രഗത്ഭർ തുടങ്ങിയവരെയും ആശ്രയിച്ചാണ് പല ദുർഗ്രഹഭാഗങ്ങളെയും ഇന്ന് ക്രിസ്തീയ വ്യാഖ്യാതാക്കൾ വിശദീകരിക്കുന്നത്.മുമ്പുണ്ടായിരുന്നതിനേക്കാൾ സ്വാധീനം ഈ രീതിക്കുണ്ട്.

പുരാതനകാലം മുതൽ ഇന്നുവരെയുള്ള യഹൂദപാണ്ഡിത്യം അതിന്റെ എല്ലാ സമ്പന്നതയിലും വി. ഗ്രന്ഥത്തിന് എന്നും സഹായകമാണ്. വിവേചനത്തോടെ ഉപയോഗിക്കണമെന്നുമാത്രം. പുരാതന യഹൂദവ്യാഖ്യാനത്തിന് പല രീതികളുണ്ടായിരുന്നു. ഏറ്റവും ശക്തമായി കടന്നുവന്ന റബ്ബിമാരുടെ ശൈലിയായ ഫരിസേയരീതി അതിലൊന്നു മാത്രം. പല കാലഘട്ടങ്ങളിൽപ്പെടുന്നവയാണ് യഹൂദഗ്രന്ഥങ്ങൾ. താരതമ്യപഠനത്തിനുമുമ്പ് അവയെ കാലക്രമത്തിൽ ക്രമീകരിക്കേണ്ടതുണ്ട്. അതിനുമുപരിയായി ഇരുസമൂഹങ്ങളുടെയും പൊതുവായ സ്വഭാവരീതികൾ വ്യത്യസ്തങ്ങളാണ്. യഹൂദ ജീവിതത്തെ നയിക്കുന്നത് മതമാണ്; അതിന്റെ എഴുതപ്പെട്ടതും അല്ലാത്തതുമായ നിയമങ്ങളും പാരമ്പര്യങ്ങളുമാണ്. ക്രിസ്തീയതയുടെ അടിസ്ഥാനം മരിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും നിത്യമായി ജീവിക്കുകയും ചെയ്യുന്ന ദൈവപുത്രനായ യേശുക്രിസ്തുവിലുള്ള വിശ്വാസമാണ്. ഈ വ്യക്തിയിലുള്ള വിശ്വാസത്തിനു ചുറ്റുമാണ് ക്രിസ്തീയ സമൂഹം രൂപപ്പെട്ടത്. ഇതുരണ്ടും തമ്മിൽ എത്രയേറെ സാദൃശ്യങ്ങളുണ്ടെങ്കിലും ഈ അർത്ഥത്തിൽ അടിസ്ഥാന പരമായി വ്യത്യസ്തമാണ്.

### 3. ഗ്രന്ഥസ്വാധീനചരിത്ര സമീപനം

രണ്ടു തത്വങ്ങളിലാണ് ഈ രീതി പ്രവർത്തിക്കുന്നത്. വായനക്കാരില്ലെങ്കിൽ ഗ്രന്ഥത്തിനു ജീവനില്ല. അവരാണ് ഒരു പാഠഭാഗത്തെ സ്വാംശീകരിച്ച് സജീവമാക്കുന്നത്. വ്യക്തിയോ സമൂഹമോ ആകാം ഈ സ്വാംശീകരണം നടത്തുന്നത്. സാഹിത്യം, കല, ദൈവശാസ്ത്രം, ആത്മീയത തുടങ്ങിയ മേഖലകളിലാവാം സ്വാംശീകരിച്ചിരിക്കുന്നത്. 1960–70 കളിലാണ് ഈ രീതി സജീവമായത്. ഒരു രചനയും അതിന്റെ വായനക്കാരും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് ഈ സമീപനത്തിന്റെ മുന്നേറ്റം. വായനക്കാരാണ് ഗ്രന്ഥത്തെ വ്യാഖ്യാനിക്കുന്നതിന്റെ മുഖ്യഘടകം. ആ വ്യാഖ്യാനം

www.malankaralibrary.com



ഗ്രന്ഥത്തിനു പ്രസക്തി നൽകുന്നു. ബൈബിൾ വ്യാഖ്യാനം ഇത്തരം രീതികളിൽനിന്നു പ്രയോജനം കൈകൊള്ളുന്നു. ബൈബിൾ മേൽപ്പറഞ്ഞ മേഖലകളിൽ പുനരാവിഷ്കരിക്കപ്പെട്ട തിനെ പരിശോധിക്കുന്നതിലൂടെ വ്യാഖ്യാനത്തിന്റെ വികാസരീതികളെയാണ് അവലോകനം ചെയ്യുന്നത്. പാരമ്പര്യത്തിന് ബൈബിൾ വ്യാഖ്യാനത്തിലുള്ള പങ്കിനെയും ഇതു കാണിക്കുന്നു.

ഒരു വ്യക്തി പ്രത്യേക സാമൂഹിക പശ്ചാത്തലത്തിൽ ജീവിക്കുമ്പോൾ ആ സമൂഹത്തിന്റെ പാരമ്പര്യങ്ങൾ അയാളെ സ്വാധീനിക്കുന്നുണ്ട്. അങ്ങനെ ആ കാലഘട്ടത്തിന്റെ പ്രതിനിധിയായാണ് അയാൾ വി.ഗ്രന്ഥം വായിക്കുന്നത്. അങ്ങനെ അക്കാലത്തിന് അനുയോജ്യമായ വ്യാഖ്യാനം നൽക്കുകയും പുതിയ രചനകൾ നടത്തുകയും ബൈബിളിൽനിന്ന് പ്രചോദനം ഉൾകൊണ്ടുപ്രവർത്തിക്കുകയും ചെയ്യുന്നു. ഉത്തമഗീതം എങ്ങനെ ചരിത്രത്തിൽ സ്വാധീനം പുലർത്തിയെന്നു കാണുന്നത് ഒരു ഉദാഹരണമാണ്. സഭാപിതാക്കന്മാർ ഒരുതലത്തിൽ കണ്ടപ്പോൾ മധ്യശതകങ്ങളിലെ സന്ന്യാസിവര്യർ വ്യത്യസ്തമായൊരു അർത്ഥത്തിലാണ് അതിനെ കണ്ടത്. പിന്നീട് കുരിശിന്റെ വി.യോഹന്നാനെപ്പോലുള്ള ആത്മീയാചാര്യന്മാർ അതിന്റെ മറ്റൊരു വശം വെളിച്ചത്തെത്തിച്ചു. പുതിയനിയമത്തിൽ മത്താ 19,16–26 ലുള്ള ധനികനായ യുവാവിന്റെ ചിത്രം പിൽക്കാലത്ത് ആളുകളെ എങ്ങനെ സ്വാധീനിച്ചുവെന്നറിയുന്നത് മറ്റൊരുദാഹരണമാണ്.

ഇങ്ങനെയൊക്കെയാണെങ്കിലും ചരിത്രത്തിൽ തെറ്റായ പല വ്യാഖ്യാനരീതികളും മേൽക്കൈ നേടിയിട്ടുണ്ട്. നികൃഷ്ടമായ ഫലങ്ങൾ അവ ഉളവാക്കിയിട്ടുണ്ട്. ഹെബ്രായ സംസ്ക്കാരത്തിനെതിരായും വർഗ്ഗവിവേചനം വളർത്തുന്ന രീതിയിലും ലോകാവസാന സംബന്ധിയായും പലവ്യാഖ്യാനങ്ങളും ഉണ്ടായിട്ടുണ്ട്. അതിനാൽ ചരിത്രസ്വാധീനരീതി സ്വതന്ത്രമായ ഒരു വ്യാഖ്യാനരീതിയായി ഉപയോഗപ്പെടുത്തിക്കൂടാ. വിവേകത്തോടെ ഇതിനെ കൈകാര്യം ചെയ്യണം. ചരിത്രത്തിലെ ഏതെങ്കിലുമൊരു സ്വാധീനത്തെ ഉയർത്തിക്കാട്ടി അതുമാത്രമാണ് ബൈബിൾ വ്യാഖ്യാനത്തെ എക്കാലത്തെയും മാനദണ്ഡമെന്ന് ശഠിക്കരുത്.

**ഡോ. ജോസ് വടക്കേടം**

www.malankaralibrary.com

# 11

## മാനവശാസ്ത്ര സമീപനങ്ങൾ

മനുഷ്യസമൂഹത്തിന്റെ പശ്ചാത്തലത്തിൽ മനുഷ്യരിലൂടെ രൂപപ്പെട്ട ഗ്രന്ഥമെന്ന നിലയിൽ ബൈബിൾ വ്യാഖ്യാനത്തിൽ മാനവശാസ്ത്രങ്ങൾക്ക് അവയുടേതായ പങ്ക് വഹിക്കാനുണ്ട്. സാമൂഹ്യശാസ്ത്രം, നരവംശശാസ്ത്രം, മനഃശാസ്ത്രം എന്നിവ ഇക്കാര്യത്തിൽ പ്രധാനപ്പെട്ടവയാണ്. ഇവ തമ്മിൽ വീക്ഷണങ്ങളിൽ വ്യത്യാസമുണ്ട്. ഈ മേഖലകളിലെ ഗവേഷണങ്ങൾ ധാരാളം നേട്ടങ്ങൾ വ്യാഖ്യാനരംഗത്തു ഉണ്ടാക്കിയിട്ടുണ്ട്.

### 1. സാമൂഹ്യശാസ്ത്ര സമീപനം

മതപരമായ ഗ്രന്ഥങ്ങൾക്കു അതു രൂപപ്പെട്ട സമൂഹത്തോടും ആ സമൂഹങ്ങൾക്ക് ഇത്തരം ഗ്രന്ഥങ്ങളോടും ഒരു പരസ്പര ബന്ധമുണ്ട്. വി. ഗ്രന്ഥം സമൂഹത്തിൽ രൂപപ്പെട്ടതാണ്. സമൂഹത്തെക്കുറിച്ചുള്ള അറിവ് ബൈബിൾ പഠനത്തെ സഹായിക്കുന്നു. നേരേ തിരിച്ച്, ബൈബിൾ ആഴത്തിൽ പഠിക്കുമ്പോൾ വിവിധ കാലഘട്ടങ്ങളിലെ സാമൂഹ്യസ്ഥിതിയെപ്പറ്റിയുള്ള

www.malankaralibrary.com



അറിവും ലഭിക്കുന്നു. ഇങ്ങനെ ഒരു സമൂഹത്തെക്കുറിച്ച് ലഭിക്കുന്ന അറിവ് സാമൂഹ്യശാസ്ത്ര സങ്കേതങ്ങളുടെ വെളിച്ചത്തിൽ വിലയിരുത്തുമ്പോൾ വിവിധ പ്രതികരണങ്ങൾ കൂടുതൽ വ്യക്തമാകും.

വി. ഗ്രന്ഥവ്യാഖ്യാനത്തിൽ സാമൂഹ്യശാസ്ത്രസമീപനം ഏറെക്കാലം സ്വാധീനം ചെലുത്തിയിരിക്കുന്നു. സാഹിത്യരൂപ വിശകലനത്തിൽ സാമൂഹ്യസ്ഥിതിയുടെ വിശകലനവും ഉൾപ്പെട്ടിരിക്കുന്നുവെന്നതാണ് ഈ രംഗത്തെ ആദ്യനീക്കം. ബൈബിൾ പാരമ്പര്യങ്ങൾക്കുമേൽ അതാതുകാലത്തെ സമൂഹത്തിന്റെ മുദ്ര പതിഞ്ഞിരിക്കുന്നുവെന്ന് സാഹിത്യരൂപ വിശകലനം കണ്ടെത്തിയിരുന്നല്ലോ. 20-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ചിക്കാഗോ പണ്ഡിതസദസ്സ് ആദിമസഭയുടെ സാമൂഹ്യാവസ്ഥയെ ആഴത്തിൽ പഠിച്ചു. ഇക്കഴിഞ്ഞ മുപ്പതു വർഷങ്ങളിലാകട്ടെ (1970-2000) സാമൂഹ്യശാസ്ത്ര സമീപനം വി.ഗ്രന്ഥ വ്യാഖ്യാനത്തിന്റെ അവിഭാജ്യഘടകമായിത്തീർന്നിട്ടുണ്ട്.

ഈ സങ്കേതമുപയോഗിച്ച് പഴയനിയമത്തെ വ്യാഖ്യാനിക്കുമ്പോൾ പല കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. ഉദാഹരണമായി, ഇസ്രായേലിൽ നിലനിന്ന വിവിധ മതസംവിധാനങ്ങളും സാമൂഹ്യസംവിധാനങ്ങളും ഏവയെന്നാണ് നമ്മുടെ അന്വേഷണ വിഷയമെന്നു കരുതുക. അപ്പോൾ ചോദ്യങ്ങൾ ഈ വഴിക്കായിരിക്കണം. ഇസ്രായേൽ കെട്ടുറപ്പുള്ള ഒരു രാഷ്ട്രമായിത്തീരുന്നതിനു മുമ്പ് അവർ നയിക്കാനൊരാളില്ലാതെ വംശീയമായി വിഭിന്ന ഗണത്തിൽപ്പെട്ടവരായിരുന്നുവെന്നാണോ? അങ്ങനെയെങ്കിൽ ഈ പന്ത്രണ്ടു ഗോത്രങ്ങൾ എങ്ങനെ രാജഭരണത്തിൻകീഴ് ഒരൊറ്റ രാഷ്ട്രമായിത്തീർന്നു? പിന്നീടൊരുകാലത്ത് ആ രാജഭരണം അവസാനിക്കുമ്പോഴും ഒരൊറ്റ മതം, ഒരൊറ്റ പൂർവ്വ പിതാവ് എന്നീ രണ്ടു ചരടുകൾ കൊണ്ട് അത്ഭുതകരമാംവിധം ദൃഢതയിൽ അവരെങ്ങനെ കോർത്തിണക്കപ്പെട്ടു? ഒരു രാജാവിന്റെ കീഴിൽ അണിനിരക്കാൻ ഈ ഗോത്രങ്ങളെ പ്രേരിപ്പിച്ച സാമ്പത്തിക നിലയും സൈനിക സംവിധാനങ്ങളും എന്തായിരുന്നിരിക്കും? ഇസ്രായേലിലും ചുറ്റുമുള്ള ദേശങ്ങളിലും നിലനിന്നിരുന്ന രാഷ്ട്രനിയമങ്ങളും ഇന്നു വിശ്വാസികൾ അടിസ്ഥാനപ്രമാണങ്ങളായി കണക്കാക്കുന്ന പത്തുകൽപനകളും തമ്മിലുള്ള ബന്ധമെന്താണ്? ഇങ്ങനെ ചോദ്യങ്ങളുടെ ഒരു നിരതന്നെ പഴയനിയമ വ്യാഖ്യാനവുമായി ബന്ധപ്പെട്ട് ഉയരുന്നു.

പുതിയനിയമവ്യാഖ്യാനവുമായി ബന്ധപ്പെട്ടുള്ള ചോദ്യങ്ങൾ തികച്ചും വ്യത്യസ്തമാണ്. ഏതാനുമെണ്ണം ഇങ്ങനെയായിരിക്കും. യേശുവിന്റെ ഉത്ഥാനത്തിനു മുമ്പ് അവരുടെ ജീവിതശൈലി എന്താ

www.malankaralibrary.com



യിരുന്നു? അക്കാലത്ത് സ്വന്തമായി ഒരു വീടില്ലാതെ, കുടുംബമില്ലാതെ, കരുതൽ ധനമില്ലാതെ, കൈവശമൊരു വസ്തുവില്ലാതെ ജീവിച്ചു പോന്ന നാടോടി സംഘങ്ങളുണ്ടായിരുന്നുവെന്നും അത്തരമൊന്നിൽപ്പെടുന്നു ഗുരുവും പന്ത്രണ്ടുപേരും എന്നെല്ലാമുള്ള സിദ്ധാന്തം ശരിയോണോ? യേശുവിന്റെ പിന്നാലെ ചെല്ലാൻ വിളിക്കപ്പെട്ടവർ എല്ലാം ഉപേക്ഷിച്ചുപോയതും ഉത്ഥാനാനന്തരം ആദിമസഭ ഈ വിളിയെ വിലയിരുത്തി ശിഷ്യത്വത്തെ നിർവ്വചിച്ചതും ഒരേതരത്തിലായിരുന്നോ? പൗലോസ്ശ്ലീഹ സ്ഥാപിച്ച സമൂഹങ്ങളിൽ നഗരസംസ്കാരം പ്രബലമായിരുന്നതിന്റെ വെളിച്ചത്തിൽ ആ സമൂഹങ്ങളുടെ ഘടന എന്തായിരുന്നു?

ചുരുക്കത്തിൽ, സാമൂഹ്യശാസ്ത്രസമീപനം വ്യാഖ്യാനദൗത്യത്തെ വിശാലചക്രവാളങ്ങളിലേക്ക് തുറന്നുവയ്ക്കുകയും വ്യാഖ്യാനത്തെ വളർത്തുകയും ചെയ്യുന്നു. ചരിത്ര വിമർശനത്തിന്റെ അവിഭാജ്യഘടകം തന്നെയാണ് സാമൂഹ്യശാസ്ത്രജ്ഞാനം. ആദിമസഭാസമൂഹത്തിന്റെ ജീവിതരീതിയെക്കുറിച്ച് വി. ഗ്രന്ഥത്തിൽനിന്ന് കിട്ടുന്ന ചിത്രവും അവരുടെ സാമൂഹ്യ ജീവിതവും തമ്മിലുണ്ടായിരുന്ന അടുപ്പം കണ്ടെത്തുമ്പോഴാണ് അവരുടെ വിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് നാമെത്തുന്നത്. സാമൂഹ്യശാസ്ത്രത്തിലെ മാതൃകകൾ ബൈബിൾ പഠനത്തിൽ ഉപയോഗപ്പെടുത്തുമ്പോൾ ബൈബിൾ രംഗത്തെ ചരിത്രപഠനം സമൂലം നവീകരിക്കപ്പെടുന്നു.

സാമൂഹ്യശാസ്ത്ര സമീപനത്തിലെ ചില ബുദ്ധിമുട്ടുകൾക്കൂടി ശ്രദ്ധിക്കേണ്ടതുണ്ട്. ഇക്കാലത്തെ ഒരു സമൂഹത്തെ പഠിക്കുന്ന രീതികൾതന്നെ പുരാതനസമൂഹങ്ങളെ മനസ്സിലാക്കുന്നതിന് പ്രയോഗിക്കുമ്പോഴുണ്ടാവുന്ന പ്രശ്നങ്ങളാണ് ഒന്ന്. ബൈബിളോ മറ്റു പുരാതനരേഖകളോ വരച്ചുചേർത്തിരിക്കുന്ന സമൂഹത്തിന്റെ ചിത്രം പൂർണ്ണമല്ല എന്നതാണ് മറ്റൊരു പ്രശ്നം. ഇനിയും, സാമൂഹ്യശാസ്ത്രം മതപരവും വ്യക്തിപരവുമായ വശത്തേക്കാൾ സാമ്പത്തിക, സംസ്ഥാപനവശങ്ങൾക്കു പ്രാധാന്യം നൽകുന്നുവെന്നതും ഒരു പോരായ്മയാണ്.

## 2. നരവംശ ശാസ്ത്രസമീപനം

സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ടു നിൽക്കുന്ന ഒന്നാണ് നരവംശ ശാസ്ത്രം. ഇവ തമ്മിലുള്ള വ്യത്യാസം യാഥാർത്ഥ്യത്തെ വിലയിരുത്തുന്നതിലെ ദർശന വ്യതിയാനങ്ങൾ, വിലയിരുത്തുന്നതിനുപയോഗിക്കുന്ന മാർഗ്ഗങ്ങൾ, വിലയിരുത്തപ്പെടുന്ന വിഷയങ്ങൾ എന്നിവയിലെല്ലാം കാണാം. സാമൂഹ്യ ശാസ്ത്രം പ്രധാനമായി ഒരു സമൂഹത്തിന്റെ സാമ്പത്തിക, സ്ഥാപനാത്മക സവിശേ

www.malankaralibrary.com



ഷതകളെ പരിഗണിക്കുമ്പോൾ നരവംശശാസ്ത്രം, മതം, ഭാഷ, കല എന്നിവയോടു ബന്ധപ്പെട്ട കാര്യങ്ങൾക്കു പുറമേ ആടയാഭരണങ്ങൾ, ആഘോഷങ്ങൾ, ഐതിഹ്യങ്ങൾ തുടങ്ങി എല്ലാ വംശീയ പ്രത്യേകതകളെയും പഠിക്കുന്നു.

ചുരുക്കത്തിൽ, നരവംശശാസ്ത്രം ഓരോ സാമൂഹ്യപശ്ചാത്തലത്തിന്റെയും അടിസ്ഥാനത്തിൽ ഓരോതരം ആളുകളുടെയും സവിശേഷതകളെ എണ്ണിനിരത്തുന്നു. ഉദാഹരണത്തിന് മദ്ധ്യപൂർവ്വേഷ്യക്കാർ എന്നതിൽ ആ പ്രദേശത്തെ മൂല്യങ്ങളുടെ നിഴലുണ്ട്. അവരുടെ തനതായ ആചാര മര്യാദകൾ, അനുഷ്ഠാനങ്ങൾ, വിശ്വാസം, പാരമ്പര്യം, അഭ്യാസരീതികൾ എന്നിവയെപ്പറ്റിയുള്ള സൂചനകളുണ്ട്. സാമൂഹ്യനിയന്ത്രണമാർഗ്ഗങ്ങൾ, കുടുംബം, വീട്, ബന്ധുക്കൾ തുടങ്ങിയ ആശയങ്ങൾ, സ്ത്രീകളുടെ അവസ്ഥ, ഇരട്ടവ്യവസ്ഥിതികൾ (ഉടമ-കുടിയാൻ, അടിമ-സ്വതന്ത്രൻ), നല്ലവയും നികൃഷ്ടങ്ങളും, ഒരു ജീവിതാവസ്ഥയിൽനിന്നു മറ്റൊന്നിലേക്കു പ്രവേശിക്കുമ്പോഴുള്ള അനുഷ്ഠാനങ്ങൾ, സമ്പദ്‌വ്യവസ്ഥ, ഭരണസംവിധാനം, വാർത്താവിനിമയശൃംഖല എന്നിവയെല്ലാം. ഇത്തരം ഗവേഷണഫലങ്ങളുടെ അടിസ്ഥാനത്തിൽ ചില നിയതചിത്രങ്ങൾ രൂപപ്പെടുത്തുകയും സംസ്ക്കാരങ്ങളെ ഇതിനൊത്തവിധം നിർവ്വചിക്കുകയും ചെയ്യുന്നു.

നരവംശശാസ്ത്രസമീപനം ബൈബിൾ വ്യാഖ്യാനത്തിൽ ഉപകാരപ്രദമാണ്; സംശയമില്ല. പഴയനിയമത്തിലെ കുടുംബബന്ധങ്ങൾ ഇസ്രായേലിൽ സ്ത്രീകളുടെ അവസ്ഥ, കർഷകർക്കിടയിലെ നാട്ടുനടപ്പുകൾ തുടങ്ങിയവ മനസിലാക്കാൻ ഇതു സഹായിക്കുന്നു. സുവിശേഷങ്ങളിലെ ഉപമകൾ വിശദീകരിക്കുവാൻ ഇവ സഹായകമാണ്. അടിസ്ഥാനപരമായ പല ആശയങ്ങളും, ഉദാഹരണത്തിന് ദൈവരാജ്യം (രാജഭരണത്തിന്റെ അടിസ്ഥാനത്തിൽ), രക്ഷാകരചരിത്രം (കാലം കണക്കു കൂട്ടുന്നതിന്റെ അടിസ്ഥാനത്തിൽ), ആദിമ ക്രിസ്തീയ സമൂഹങ്ങൾ രൂപപ്പെട്ട സാംസ്ക്കാരിക സാഹചര്യങ്ങൾ തുടങ്ങിയവ ഇപ്രകാരം മനസിലാക്കാൻ കഴിയും. മനുഷ്യ പ്രകൃതിയുടെ അടിസ്ഥാനത്തിൽ ബൈബിളിലെ സാർവ്വത്രിക സന്ദേശങ്ങളെയും സാംസ്ക്കാരിക വ്യത്യാസങ്ങളുടെ അടിസ്ഥാനത്തിൽ അത്രതന്നെ സ്ഥിരമില്ലാത്ത വിഷയങ്ങളെയും വേർതിരിച്ചറിയാൻ നരവംശശാസ്ത്ര സമീപനം ആവശ്യമാണ്.

ഇതൊക്കെയാണങ്കിലും ഒരുകാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. മറ്റുപല സമീപനങ്ങളുമെന്നതുപോലെ ഇതും ദൈവികവെളിപാടിനെ പൂർണ്ണമായി വിശദീകരിക്കുവാൻ ഒറ്റയ്ക്കു പര്യാപ്തമല്ല.

www.malankaralibrary.com



### 3. മനശാസ്ത്ര സമീപനം

മനശാസ്ത്രവും ദൈവശാസ്ത്രവും ബന്ധപ്പെട്ടിരിക്കുന്നു. ഉപബോധമനസ്സിനെക്കുറിച്ചുള്ള സിദ്ധാന്തമാണ് ബൈബിൾ വ്യാഖ്യാനത്തിൽ ഏറെ ഉപയോഗിക്കപ്പെടുന്ന ഒന്ന്. ബൈബിൾ വ്യാഖ്യാനത്തിൽ മനശ്ശാസ്ത്രവിശകലന സങ്കേതങ്ങളുപയോഗിക്കുന്നതിനെക്കുറിച്ച് ഊർജ്ജിത ചർച്ചകൾ നടന്നിട്ടുണ്ട്.

പ്രസ്തുത ശാസ്ത്രശാഖ വി. ഗ്രന്ഥവ്യാഖ്യാനത്തെ സമ്പന്നമാക്കുന്നുവെന്നതിൽ തർക്കമില്ല. ജീവിതാനുഭവങ്ങളുടെയും പെരുമാറ്റശൈലികളുടെയും സഹായത്തോടെ ഒരു ഗ്രന്ഥത്തെ കൂടുതൽ ആഴത്തിൽ മനസിലാക്കാമെന്നതുതന്നെ കാരണം. മനുഷ്യനിലെ അബോധതലവും മതവിശ്വാസവും എക്കാലവും എതിർചേരികളിലാണ്. മാനുഷിക പ്രവണതകൾക്ക് എങ്ങനെ ദിശാബോധം നൽകാമെന്ന് മനശാസ്ത്രത്തിന്റെ സഹായത്താൽ നാമറിയുന്നു. ചരിത്ര വിമർശന രീതിയെ പൂർണ്ണമാക്കുന്ന ഒന്നാണ് മനശാസ്ത്ര സമീപനം.

പ്രതീകങ്ങളെ പ്രത്യേകമായൊരു വെളിച്ചത്തിൽ അവതരിപ്പിക്കുന്നു, മനശാസ്ത്രവും മനോവിശകലന ശാസ്ത്രവും. ബുദ്ധിക്ക് എത്തിപ്പിടിക്കാൻ കഴിയാത്ത ദൈവാനുഭവങ്ങളെ സാധാരണക്കാരിലെത്തിക്കാൻ പ്രതീകങ്ങൾക്കു കഴിയും. ഇക്കാരണത്താൽ ബൈബിൾ പണ്ഡിതരും മനശാസ്ത്രജ്ഞരും ഒരുമിച്ചു നടത്തുന്ന പഠനങ്ങൾ പലതരത്തിലും പ്രയോജനപ്രദമാണ്; പ്രത്യേകിച്ച്, അജപാലന രംഗത്ത്.

ഇത്തരമൊരു സഹകരണം ആവശ്യമാണെന്നു വ്യക്തമാക്കുന്ന ഏതാനും സന്ദർഭങ്ങളാണ് ആരാധനാനുഷ്ഠാനങ്ങൾ, ബലിയർപ്പണം തുടങ്ങിയവ. അത്ഭുതങ്ങൾ, ദർശനങ്ങൾ തുടങ്ങിയവ വിശദീകരിക്കുക. പ്രതീകഭാഷയെ വിശദീകരിക്കുക തുടങ്ങിയവയ്ക്കും ഇതു സഹായകമാണ്. സർവ്വാതിശായിയായ ദൈവം മനുഷ്യവ്യക്തിയോട് സംസർഗ്ഗം പുലർത്തുന്ന അത്ഭുതപ്രതിഭാസത്തെ മനസ്സിലാക്കുകയാണ് ഇവിടുത്തെ ലക്ഷ്യം.

പരസ്പരമുള്ള ഈ സഹകരണം വിമർശനാത്മകമായി സമീപിക്കപ്പെടണം. ഇരുശാസ്ത്രങ്ങളും കൈകാര്യം ചെയ്യുന്നവർ അവയുടെ അതിർവരമ്പുകളെക്കുറിച്ച് ബോധ്യമുള്ളവരായിരിക്കണം. നിരീശ്വരവാദസ്വഭാവത്തിലൂന്നിയ ഏതൊരു മനശാസ്ത്രവും ബൈബിൾ വ്യാഖ്യാനത്തിന് സഹായകമാകാൻ പോന്നതല്ല. മനുഷ്യന്റെ ഉത്തരവാദിത്വത്തെപ്പറ്റി പ്രതിപാദിക്കുമ്പോൾ പാപം, രക്ഷ

www.malankaralibrary.com



എന്നീ തലങ്ങളെ മനഃശാസ്ത്രജ്ഞൻ വിസ്മരിച്ചുകൂടാ. മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന ദൈവോന്മുഖതയെയും വി.ഗ്രന്ഥത്തിലെ ദൈവികവെളിപാടിനെയും കൂട്ടിക്കുഴയ്ക്കുവാൻ പാടില്ല. രക്ഷാകരസംഭവങ്ങളുടെ വ്യതിരിക്തതയെ അവഗണിക്കാനും പാടില്ല.

മനോവിശകലനവ്യാഖ്യാനം എന്ന ഒറ്റപേരിലൊതുക്കാവുന്നവയല്ല മനഃശാസ്ത്ര ശൈലികൾ. മനഃശാസ്ത്രത്തിൽത്തന്നെ പല ചിന്താധാരകളും മണ്ഡലങ്ങളുമുണ്ട്. ഇവയെല്ലാം ബൈബിളിന്റെ ദൈവശാസ്ത്ര - മാനുഷിക വിശകലനങ്ങൾക്ക് മുതൽക്കൂട്ടാണ്. അതിനാൽ ഏതെങ്കിലുമൊരു ചിന്താശാഖയോട് മാത്രം ഒട്ടിച്ചേരുന്നത് ബൈബിൾ വ്യാഖ്യാനത്തിൽ ഗുണത്തേക്കാൾ ദോഷത്തിനു കാരണമാകും.

ഇനിയും പല മാനവശാഖകളുണ്ട്. അവയും പ്രയോജന പ്രദങ്ങളാണ്. അവയിലെല്ലാം കഴിവുറ്റവരുടെ സഹായം തേടണം. കാരണം, ഒരേസമയം ബൈബിൾ വ്യാഖ്യാനത്തിലും മാനവ ശാസ്ത്രങ്ങളിലും ഗണ്യമായ പ്രാഗത്ഭ്യം നേടുക അത്ര എളുപ്പമോ സാധാരണമോ അല്ല.

**ഡോ. ജോസ് വടക്കേടം**

www.malankaralibrary.com

# 12

## സന്ദർഭാധിഷ്ഠിത സമീപനങ്ങൾ

വായനക്കാരന്റെ ജീവിതസാഹചര്യങ്ങൾ ബൈബിൾ വ്യാഖ്യാനത്തെ സ്വാധീനിക്കാറുണ്ട്. അയാൾ തന്റെ ജീവിതത്തോട് ബന്ധപ്പെട്ടുകിടക്കുന്ന ചില മേഖലകൾക്ക് കൂടുതൽ പ്രാധാന്യം നൽകാനും തന്മൂലം മനഃപൂർവ്വമല്ലെങ്കിൽ തന്നെയും മറ്റുള്ളവയെ മറക്കാനും സാധ്യതയുണ്ട്. ഇക്കാരണത്താൽത്തന്നെ ആരെങ്കിലും സന്ദർഭാധിഷ്ഠിത സമീപനരീതി കൾക്കൂടി ഉയർത്തിക്കൊണ്ടു വരേണ്ടതാണ്. എന്നാൽ വിവേചനയോടെ വേണമെന്നു മാത്രം. ഇങ്ങനെയു ള്ള രണ്ടു പ്രധാന സമീപനങ്ങളാണ് വിമോചനസമീ പനവും സ്ത്രീപക്ഷസമീപനവും.

### 1. വിമോചന സമീപനം

വിമോചന ദൈവശാസ്ത്രം അതിസങ്കീർണ്ണമാണ്. അതിനെ അതിലളിതമായി കണ്ടുകൂടാ. 1970 – കളി ലാണ് അത് സ്വരൂപം നേടുന്നത്. ലത്തീനമേരിക്കൻ നാടുകളിലെ രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക

www.malankaralibrary.com



സാഹചര്യങ്ങളാണ് ഇതിന്റെ ആരംഭബിന്ദു എന്ന ചിന്ത പൂർണ്ണ സത്യമല്ല. രണ്ടു പ്രധാനസംഭവങ്ങൾ അതിനു മുന്നോടിയായി നിൽക്കുന്നു. "ആനുകാലികമാക്കുക" എന്ന പ്രഖ്യാപിത ലക്ഷ്യവുമായി ആരംഭിച്ച രണ്ടാംവത്തിക്കാൻ സൂനഹദോസാണ് ഒന്നാമത്. സഭയുടെ അജപാലന പ്രവർത്തനങ്ങൾ സമകാലിക ലോകത്തിലേക്ക് ഉരുക്കിച്ചേർക്കുകയെന്നതും സൂനഹദോസിന്റെ ദൗത്യമായി സ്വീകരിച്ചിരിക്കുന്നു. ലത്തീനമേരിക്കയിലെ മെത്രാന്മാരുടെ രണ്ടാം പൊതുസമ്മേളനമാണ് മറ്റൊന്ന്. 1968 – ൽ മെഡലിനിൽ നടന്ന പ്രസ്തുതസമ്മേളനം വത്തിക്കാൻ സൂനഹദോസിന്റെ നയങ്ങൾ ലത്തീനമേരിക്കൻ നാടുകളിൽ എങ്ങനെ പ്രയോഗത്തിലെത്തിക്കണമെന്ന് വിലയിരുത്തി. ഇവിടെയാണ് വിമോചനദൈവശാസ്ത്രത്തിന്റെ തുടക്കം. പിന്നീട്, ആഫ്രിക്ക, ഏഷ്യ, അമേരിക്കൻ ഐക്യനാടുകളിലെ കറുത്തവർഗ്ഗക്കാരുടെ സ്ഥലങ്ങൾ എന്നിവിടങ്ങളിലേക്ക് ഈ പ്രസ്ഥാനം പടരുകയായിരുന്നു.

വിമോചനദൈവശാസ്ത്രത്തിൽ പല ചിന്താധാരകളും പല ശൈലികളുമുണ്ട്. ബൈബിൾ വ്യാഖ്യാനത്തിലെ വിമോചനസമീപനവും ഒരൊറ്റ ശൈലിയിൽ ഒതുങ്ങി നിൽക്കുന്നില്ല. അതിനാൽ ഈ സമീപനത്തിന്റെ പോരിമയും പോരായ്മയും അളക്കുവാൻ എളുപ്പമല്ല. വിമോചനദൈവശാസ്ത്രത്തിന് പൊതുശൈലിയില്ലെങ്കിലും തങ്ങളുടെ വിശ്വാസത്തോടൊപ്പം ജീവിതവും പരിപോഷിപ്പിക്കുന്ന തരത്തിലാണ് അവർ ബൈബിൾ വായിച്ചെടുക്കുന്നത് എന്നു പറയാം.

ബൈബിൾ എഴുതപ്പെട്ട സന്ദർഭമല്ല, ഇന്ന് ഇവിടെ ബൈബിൾ വായിക്കുന്ന ആളുകളുടെ ജീവിതപ്രശ്നങ്ങളുടെ പശ്ചാത്തലമാണ് വിമോചന ദൈവശാസ്ത്രം കണക്കിലെടുക്കുന്നത്. അടിച്ചമർത്തപ്പെടുന്ന ജനങ്ങൾക്ക് പോരാട്ടങ്ങളിൽ പിടിച്ചുനിൽക്കാനും പ്രത്യാശ പകരാനും പോന്ന വ്യാഖ്യാനമാണ് ഈ സമീപനം മുന്നോട്ടു വെയ്ക്കുന്നത്. ഈ കാലഘട്ടത്തിന്മേൽ വചനപ്രകാശം പകരുക എന്ന ധർമ്മമാണ് ഇതിനുള്ളത്. ഈ പ്രകാശം പ്രവൃത്തിയിലേക്കു പകർത്തണം. അങ്ങനെ ക്രിസ്ത്യാനിയുടെ ജീവിതം നീതിയുടെയും സ്നേഹത്തിന്റെയും പ്രവൃത്തികൊണ്ടു നിറയ്ക്കണം. സമ്പൂർണ്ണ സ്വാതന്ത്ര്യത്തിനുള്ള ഉപാധിയായി ദൈവവചനം മാറുന്നു, വിമോചന ദൈവശാസ്ത്രത്തിൽ ഇതിന്റെ തത്വങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

1. ദൈവം തന്റെ ജനത്തെ സഹായിച്ചുകൊണ്ട് സമയത്തിലും സ്ഥലത്തും സന്നിഹിതനാണ്.; അവരെ രക്ഷിക്കാൻ. പാവ

www.malankaralibrary.com



ങ്ങളുടെ പക്ഷത്തു നിൽക്കുന്നവനായ ഈ തമ്പുരാന് അനീതിയും അടിച്ചമർത്തലും അസഹനീയമാണ്.

2. ഇക്കാരണത്താൽ ദൈവവചനവ്യാഖ്യാനത്തിൽ നാം പാവങ്ങളുടെ പക്ഷം ചേർന്നേ പറ്റൂ. കഷ്ടതയനുഭവിക്കുന്നവരുടെ സ്വാതന്ത്ര്യം ദൗത്യമായി സ്വീകരിക്കുകയും വേണം.

3. അനീതിക്കെതിരേയുള്ള ഈ സമരത്തിൽ പങ്കുചേർന്നുകൊണ്ട് വായിക്കുമ്പോഴാണ് വി. ഗ്രന്ഥത്തിന് വിമോചന വ്യാഖ്യാനം നൽകുന്ന അർത്ഥം കൈവരുന്നത്.

ഈ പശ്ചാത്തലത്തിൽ വീക്ഷിക്കുമ്പോൾ പാവങ്ങളോടാണ്, ബൈബിൾ പ്രധാനമായും സംസാരിക്കുന്നതെന്നു കണക്കാക്കേണ്ടിവരും. ബൈബിൾ സമൂഹത്തിൽ രൂപംകൊണ്ടതായതിനാൽ സമൂഹത്തിന്റെ പശ്ചാത്തലത്തിൽതന്നെ വായിക്കപ്പെടണം. ഈജിപ്തിലെ ദാസ്യത്തിൽ നിന്നുള്ള വിമോചനം, അടിച്ചമർത്തപ്പെട്ടവനെപ്പോലെ മരണത്തിൽപ്പെട്ട ക്രിസ്തുവിന്റെ മഹനീയോത്ഥാനം എന്നീ ബൈബിളിലെ അടിസ്ഥാന സംഭവങ്ങൾ രണ്ടും വിമോചനവുമായി ബന്ധപ്പെട്ടതാണ്.

വിമോചനദൈവശാസ്ത്രത്തിന് ധാരാളം നല്ല വശങ്ങളുണ്ട്. ദൈവം രക്ഷ നൽകുന്നവനാണെന്ന അവബോധം, സാമൂഹികമാനം, സ്നേഹത്തിനും നീതിക്കും നൽകുന്ന സ്ഥാനം നിലനിൽപ്പിനായുള്ള ക്ലേശത്തിൽ പ്രത്യാശ നൽകുന്ന ശൈലി ഇവയിലെല്ലാം ഈ നല്ല വശം കാണാം. ഇവയിലൂടെയെല്ലാം ബൈബിളിന് ഇന്നത്തെ ലോകത്തോടു ഉറക്കെ സംസാരിക്കാനുണ്ട്.

വിമോചനദൈവശാസ്ത്രം ഒരു പ്രസ്ഥാനമെന്ന നിലയിൽ പൂർണ്ണ വളർച്ചയെത്താത്തതിനാൽ പോരായ്മകളെ വിലയിരുത്തുന്നത് താൽകാലിക മാനത്തിലാണ്. പ്രസ്ഥാനത്തിന്റെ വളർച്ചയുടെ പാതയിൽ അവ തിരുത്തപ്പെട്ടേക്കാമെന്നു സാരം. ഈ പോരായ്മകൾ താഴെപ്പറയുന്നവയാകാം. പ്രവാചകഗ്രന്ഥങ്ങൾക്കും ജനതയുടെ കഷ്ടതകൾ വിവരിക്കുന്ന ഭാഗങ്ങൾക്കും മാത്രം പ്രാധാന്യം നൽകുന്നു. പാവങ്ങളോട് പക്ഷം പിടിക്കുമ്പോൾ ഏകപക്ഷീയമായ വ്യാഖ്യാനമെന്ന അപകടം ഉയർന്നു വരുന്നു. മാത്രവുമല്ല, സാമൂഹിക – രാഷ്ട്രീയ നടപടികളിലേക്കിറങ്ങുക എന്നത് വ്യാഖ്യാതാവിന്റെ നേരിട്ടുള്ള പദ്ധതിയല്ലാതാനും.

ഭൗതികവാദസിദ്ധാന്തമുപയോഗിച്ച് സമൂഹത്തെ വിലയിരുത്തുന്ന ചില ചിന്താധാരകൾ വിമോചന ദൈവശാസ്ത്രത്തിലുമുണ്ട്. വർഗ്ഗസമരമെന്ന മാർക്സിന്റെ സിദ്ധാന്തമുപയോഗിക്കുന്നത്

www.malankaralibrary.com



ഉദാഹരണമാണ്. വർഗ്ഗസമരത്തെ അടിസ്ഥാന ദർശനമായി സ്വീകരിച്ച് ബൈബിൾ വ്യാഖ്യാനിക്കുന്നത് തീർത്തും ഉപേക്ഷിക്കേണ്ടതാണ്. വി.ഗ്രന്ഥത്തിൽ കാണപ്പെടുന്ന പരലോക മോക്ഷമെന്ന യുഗാന്ത്യോന്മുഖ ദർശനത്തെ തള്ളിക്കളയുമാറ് ഈ ലോകത്തിൽത്തന്നെ മോക്ഷം നേടാമെന്നതരത്തിലുള്ള നിലപാടും പരിശോധിപ്പിക്കപ്പെടേണ്ടതാണ്.

സമൂഹവും രാഷ്ട്രവും എന്നും പുതുതാവുകയാണ്; അവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും. സഭയ്ക്കുള്ളിൽ ഫലപ്രദമായ ഒരു പ്രസ്ഥാനമായിത്തീരണമെങ്കിൽ വിമോചന സമീപനം അതിന്റെ ശൈലിയെ സഭയുടെ വിശ്വാസത്തോടും പാരമ്പര്യത്തോടും പൊരുത്തപ്പെടുത്തേണ്ടതുണ്ട്.

## 2. സ്ത്രീപക്ഷ സമീപനം

സ്ത്രീപക്ഷ സമീപനം 19-ാം നൂറ്റാണ്ടിൽ അമേരിക്കയിലാരംഭിച്ച ഒരു സമീപന രീതിയാണ്. സ്ത്രീകളുടെ അവകാശത്തിനുവേണ്ടിയുള്ള പോരാട്ടങ്ങളുടെ പശ്ചാത്തലത്തിൽ ഒരുകൂട്ടം ആളുകൾ ചേർന്ന് ഒരു "വനിതാ ബൈബിൾ" ഏറെ വർഷങ്ങൾക്കു മുമ്പ് പ്രസിദ്ധീകരിച്ചിരുന്നു (1885,1898). 1970 - കളിലെ വടക്കനമേരിക്കയുടെ പശ്ചാത്തലത്തിൽ ഈ മുന്നേറ്റം പുതുരൂപം പ്രാപിച്ചു. സ്ത്രീ സമീപനരീതികൾ പലതാണെങ്കിലും ഒരു പൊതുവിഷയം അവർക്കുണ്ട്. സ്ത്രീവിമോചനവും പുരുഷനു തുല്യമായ അവകാശങ്ങൾ അവർക്കു നേടിയെടുക്കലും.

ബൈബിളിന്റെ സ്ത്രീപക്ഷസമീപനവ്യാഖ്യാനം മൂന്നുരൂപങ്ങളിലുണ്ട്.

**1. സമൂലശൈലി:** ഇവർ ബൈബിളിന്റെ ആധികാരികതയെ അംഗീകരിക്കുന്നേയില്ല. ഇവരുടെ അഭിപ്രായത്തിൽ പുരുഷാധിപത്യം ഉറപ്പിക്കാൻ അവൻതന്നെ എഴുതിയുണ്ടാക്കിയതാണത്രേ ബൈബിൾ.

**2. മിതശൈലി:** ബൈബിൾ ഉപകാരപ്പെടുന്നൊരു പുസ്തകമാണ് എന്നിവർ അംഗീകരിക്കുന്നു. അടിച്ചമർത്തപ്പെട്ടവരോടു പക്ഷം ചേരുന്നതിന്റെ ഭാഗമായി അത് സ്ത്രീകൾക്ക് വേണ്ടിക്കൂടി നിലക്കൊള്ളുന്നു. "സ്ത്രീകൾക്കു വേണ്ടിയുള്ള" ബൈബിൾ ഭാഗങ്ങളെ അവർ ഉയർത്തിക്കാണിക്കുന്നു.

**3. സൂക്ഷ്മശൈലി:** സൂക്ഷ്മശൈലി ഉപയോഗിച്ച്, യേശുവിന്റെ ശിഷ്യരുടെയിടയിലെയും ആദിമസഭയിലെയും സ്ത്രീകളുടെ സ്ഥാനം കണ്ടെത്താനുള്ള ശ്രമമാണിവിടെ പ്രധാനം. സ്ത്രീ പുരു

www.malankaralibrary.com



ഷസമത്വം ഉണ്ടായിരുന്നെന്ന വാദത്തിലാണ് ഇക്കൂട്ടർ വന്നെത്തിയിരിക്കുന്നത്. എന്നാൽ ഈ തുല്യത പുതിയനിയമത്തിലെ വരികൾക്കിടയിൽ ഒളിഞ്ഞിരിക്കുന്നു. അവയെ കണ്ടെത്തേണ്ടതുണ്ട്.

സ്ത്രീപക്ഷസമീപനം ചരിത്രവിമർശനരീതിയെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. ഒപ്പം രണ്ടു മാനദണ്ഡങ്ങൾകൂടി ഉൾപ്പെടുത്തുന്നു.

ഒന്നാമത്തേത്, വിമോചനദൈവശാസ്ത്രത്തോടു ബന്ധപ്പെട്ടതാണ്. വി. ഗ്രന്ഥത്തെ അന്വേഷണച്ചുവയുള്ള സംശയത്തോടെ ദർശിക്കുക. കാരണം, ചരിത്രസംഭവങ്ങളിലും സമരങ്ങളിലും മേൽക്കൈ നേടിയവരാണ് ചരിത്രമെഴുതി സൂക്ഷിക്കാൻ ശ്രമിച്ചിട്ടുള്ളത്. യാഥാർത്ഥ്യം പൂർണ്ണതയിൽ കിട്ടണമെങ്കിൽ ബൈബിളിനെ വരികൾക്കിടയ്ക്കു വായിക്കണം. വ്യത്യസ്തദർശനം പുറത്തുവരത്തക്കവിധത്തിൽ പ്രതീകങ്ങൾ കണ്ടെത്തണം.

രണ്ടാമത്തേത്, സാമൂഹ്യസമീപനവുമായി ബന്ധപ്പെട്ടതാണ്. ബൈബിൾ രചനയുടെ കാലഘട്ടങ്ങളിൽ സമൂഹത്തിൽ സ്ത്രീകൾക്കു നൽകപ്പെട്ടിരുന്ന സ്ഥാനം കണ്ടെത്തുന്നു. പുതിയ നിയമത്തെ അതേനടപടി സ്വീകരിക്കുന്നതിനെക്കാൾ അതിനെ ആധാരമാക്കി രണ്ടു പുരാതന പശ്ചാത്തലങ്ങളെ പുനർനിർമ്മിക്കുവാനാണ് ഈ സമീപനം ഇഷ്ടപ്പെടുന്നത്. യഹൂദരും റോമാക്കാരും ഗ്രീക്കുകാരുമുൾപ്പെടുന്ന സമൂഹത്തിന്റെ സാമൂഹിക ചിന്തകളുടെ പുനഃസൃഷ്ടിയാണ് ആദ്യത്തേത്. ജാതി, മത, വർഗ്ഗ വ്യത്യാസങ്ങൾ നിലനിന്നിരുന്ന സമൂഹമായിരുന്നുവല്ലോ അത്. എല്ലാവരും തുല്യരായി കണക്കാക്കപ്പെടുന്ന ക്രിസ്തീയ സമൂഹം ഈ യഹൂദ - ഗ്രീക്കു - റോമാ സമൂഹത്തിനുള്ളിൽ വളർന്നു വന്നു. അതിന്റെ പ്രേരക തത്വങ്ങൾ പുനഃസൃഷ്ടിച്ചെടുക്കുന്ന പ്രക്രിയയാണ് അടുത്തത്. ഗലാത്തിയാക്കാർക്കുള്ള ലേഖനം 3,28 ഇതിന് പ്രചോദനമരുളുന്ന പാഠഭാഗമാണ്: യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ സ്ത്രീയെന്നോ പുരുഷനെന്നോ വ്യത്യാസമില്ല. നിങ്ങളെല്ലാം യേശുക്രിസ്തുവിൽ ഒന്നാണ്. ഇതിന്റെയടിസ്ഥാനത്തിൽ ആദിമസഭയിൽ സ്ത്രീകൾക്കുണ്ടായിരുന്നതും പിന്നീടെപ്പോഴോ മറവിയുടെ കയത്തിൽ മുങ്ങിപ്പോയതുമായ സ്ഥാനത്തെ പൊക്കിയെടുക്കുകയെന്ന ലക്ഷ്യം ഇപ്പോഴും മുന്നിൽ നിൽക്കുന്നു.

സ്ത്രീപക്ഷസമീപനത്തിന് നേട്ടങ്ങളുണ്ട്. സ്ത്രീകൾ കൂടുതലായി വ്യാഖ്യാനജോലിയിൽ ഉൾച്ചേർന്നു തുടങ്ങിയത് ഒരു പ്രധാന കാര്യമാണ്. വി. ഗ്രന്ഥത്തിലും ആദിമസഭയിലുമുള്ള പെൺസാന്നിദ്ധ്യം

www.malankaralibrary.com



തേടിപ്പിടിക്കാൻ പുരുഷന്മാരേക്കാൾ എത്രയോ കൂടുതലായി വനിതകൾക്ക് കഴിഞ്ഞു! ലോകത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് മാറിവരുന്നതിനനുസരിച്ച് പുതിയ ചോദ്യങ്ങളും പുതിയ ഉത്തരങ്ങളും ആവിർഭവിക്കുന്നു. വ്യാഖ്യാനത്തിൽ പുരുഷ പ്രാമുഖ്യം കൊണ്ടുണ്ടായിട്ടുള്ള തെറ്റായ ധാരണകളെ ശരിപ്പെടുത്താനും സ്ത്രീസമീപനം വലിയൊരളവുവരെ സഹായിച്ചിട്ടുണ്ട്.

പഴയനിയമത്തിലെ പിതൃരൂപമായ ദൈവത്തിന്റെ ചിത്രത്തോട് അമ്മയുടേതുപോലുള്ള സ്നേഹത്തിലും അനുകമ്പയിലും ചാലിച്ചെടുത്ത ചായങ്ങൾ ചേർത്ത് പൂർണ്ണമാക്കാൻ ഈ പഠനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

പോരായ്മകളും കുറിക്കേണ്ടതുണ്ട്. ഒരുവശത്തിലൂന്നിയ വ്യാഖ്യാനമെന്നതാണ് ഇതിൽ പ്രധാനം. അടിസ്ഥാന നയം ചോദ്യങ്ങളും സന്ദേശവുമായതിനാൽ ഒരു വ്യാഖ്യാനവും തീർച്ചപ്പെടുത്തിയെടുക്കാൻ ഈ സമീപനത്തിനു കഴിയില്ല. സൂചനകളുപയോഗിച്ചും വരികൾക്കിടയിൽ വായിച്ചും രൂപീകരിക്കുന്ന വ്യാഖ്യാനത്തിന് നിശ്ചിതമായ നിഗമനത്തിലെത്താൻ കഴിയില്ല. വ്യക്തമായ വിവരണങ്ങളെ തഴഞ്ഞുകൊണ്ടാണ് ഒളിഞ്ഞിരിക്കുന്ന വിവരങ്ങൾ ചികഞ്ഞെടുക്കുന്നതെന്ന വസ്തുത ഈ സമീപനത്തിന്റെ വിലയിടിക്കുന്നു.

സഭയിലെ അധികാരത്തെക്കുറിച്ചുള്ള ചോദ്യങ്ങളുയർത്തുന്ന ഒന്നാണ് പലപ്പോഴും സ്ത്രീപക്ഷ സമീപനം. പ്രസ്തുത ചോദ്യങ്ങളാകട്ടെ ചരിത്രത്തിൽ ചർച്ചയ്ക്കും വിവാദത്തിനും വഴിവച്ചിട്ടുള്ളവയാണ്. ഇവിടെ സഭയ്ക്ക് പ്രസ്തുത സമീപനം മുതൽക്കൂട്ടാവണമെങ്കിൽ രണ്ടു കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. ഒന്ന്: വ്യാഖ്യാനത്തിലെ ഏകപക്ഷീയതയെന്ന പാളിച്ച ഒഴിവാക്കുക. രണ്ട്: അധികാരം സേവനത്തിനുവേണ്ടിയെന്ന സുവിശേഷമൂല്യത്തെക്കുറിച്ച് ബോധ്യമുണ്ടാവുക. ഈ സുവിശേഷ മൂല്യം ആൺ പെൺ വ്യത്യാസം കൂടാതെ ഏവരും പാലിക്കാൻ ബാദ്ധ്യസ്ഥരാണ്.

**ഡോ. ജോസ് വടക്കേടം**

www.malankaralibrary.com

# 13

## തീവ്രവാദവ്യാഖ്യാനം

ബൈബിളിനെ അക്ഷരാർത്ഥത്തിൽ മനസ്സിലാക്കാനുള്ള ശ്രമമാണ് തീവ്രവാദ വ്യാഖ്യാനത്തിന്റെ തുടക്കം. ബൈബിളിന്റെ ചരിത്രപരമായ ഉത്ഭവ വികാസങ്ങളെ ഒട്ടും വകവയ്ക്കാതെ, രേഖപ്പെടുത്തപ്പെട്ടവയെ അക്ഷരംപ്രതി പരിഗണിക്കുന്ന തികച്ചും പദാനുപദ വ്യാഖ്യാന ശൈലിയാണിത്. വ്യാഖ്യാന രംഗത്ത് ഏതെങ്കിലും ശാസ്ത്രീയ മാർഗ്ഗമുപയോഗിക്കുന്നതിനെ അമ്പേ എതിർക്കുന്നവരാണിവർ. ബൈബിൾ ദൈവനിവേശിതവും തെറ്റുപറ്റാനാവാത്തതുമായ ദൈവവചനമാണ് എന്ന അടിസ്ഥാനത്തിലാണിവരുടെ ഊന്നൽ.

സഭയിലെ നവോത്ഥാനകാലത്താണ് ഈ രീതി ആവിർഭവിച്ചത്. യൂറോപ്പിലെ സാംസ്ക്കാരികോത്ഥാന കാലത്തിന് ഒരു നൂറ്റാണ്ടു കഴിഞ്ഞ് പ്രൊട്ടസ്റ്റന്റുകാരാണ് ഈ രീതിയുമായി മുന്നിട്ടിറങ്ങിയത്. തോന്നിയപോലുള്ള വി. ഗ്രന്ഥവ്യാഖ്യാനത്തിനൊരു മറുമരുന്ന് എന്നതായിരുന്നു അവരുടെ ഭാവം. 1895-ൽ ന്യൂയോർക്കിൽ നടന്ന അമേരിക്കൻ ബൈബിൾ

www.malankaralibrary.com



കോൺഗ്രസിൽവച്ച് പ്രൊട്ടസ്റ്റന്റു വ്യാഖ്യാതാക്കൾ തീവ്രവാദ വ്യാഖ്യാനത്തിന്റെ അഞ്ചുതത്വങ്ങൾ എടുത്തു പറഞ്ഞു:

വി. ഗ്രന്ഥം പദാനുപദം തെറ്റിൽനിന്നു വിമുക്തമാണ്. ക്രിസ്തു ദൈവമാണ്. അവിടുന്ന് കന്യകയിൽനിന്നു ജനിച്ചു. അവിടുത്തെ സഹനം നമ്മെ രക്ഷിച്ചിരിക്കുന്നു. ക്രിസ്തു ഇനിയും വരുമ്പോൾ നമ്മുടെ ശരീരങ്ങൾ ഉയിർക്കും.

ഈ തീവ്രതാസമീപനം യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക, തെക്കേ അമേരിക്ക എന്നിവിടങ്ങളിലെല്ലാം പരക്കുകയും വാക്കോടുവാക്ക് മാറ്റമില്ലാതെ സ്വീകരിക്കുന്ന പലതരം വ്യാഖ്യാനരീതികൾക്ക് രൂപം കൊടുക്കുകയും ചെയ്തു. ഇരുപതാം നൂറ്റാണ്ട് ചരിത്രത്തിന്റെ അണിയറയിലേക്ക് പിൻവാങ്ങുമ്പോഴേക്കും കത്തോലിക്കരുൾപ്പെടെ ധാരാളം അനുയായികളെ ഈ രീതി അറിയിച്ചുകഴിഞ്ഞു.

ഈ സമീപനം ദൈവനിവേശനം തുടങ്ങിയ പല സിദ്ധാന്തങ്ങളും ശരിയായ ഭാഗത്തുനിൽക്കുന്നു. എന്നാൽ, ഇതുപ്രചരിപ്പിക്കുന്നവർ എന്തെല്ലാം വാദിച്ചാലും ശരി, ഈ സിദ്ധാന്തങ്ങളുടെ അടിസ്ഥാനമായി നിരത്തുന്ന പലതും ബൈബിളിനെ അടിസ്ഥാനപ്പെടുത്തിയുള്ളതല്ല. കാരണം ബൈബിൾ പഠനത്തിൽ യുക്തിസഹമായ ശാസ്ത്രീയ പഠനങ്ങളൊന്നും ഇവർ അനുവദിക്കുന്നില്ല എന്നതുതന്നെ.

ബൈബിളിനു ചരിത്രവുമായി പുലബന്ധംപോലും കൽപ്പിക്കുന്നില്ലെന്നതാണ് ഇവരുടെ ഒന്നാമത്തെ  പാളിച്ച. മനുഷ്യാവതാരമെന്ന മഹാരഹസ്യത്തെ മുഴുവനായി മനസ്സിലാക്കണമെങ്കിൽ ചരിത്രത്തിന്റെ സഹായമില്ലാതെ എങ്ങനെ കഴിയും? ദൈവരചന രൂപീകരണത്തിൽ മനുഷ്യന്റെ പങ്ക് അംഗീകരിക്കാൻ ഇത്തരക്കാർക്കു കഴിയില്ല. അരൂപി അക്ഷരംപ്രതി പറഞ്ഞുകൊടുത്തെഴുതിച്ചതാണ് ബൈബിൾ എന്നത്രേ ഈ സമീപനക്കാരുടെ വിശ്വാസം. വി. ഗ്രന്ഥത്തിലെ സാഹിത്യരൂപങ്ങൾക്കോ സ്വാധീനങ്ങൾക്കോ ഇവിടെ സ്ഥാനമില്ല.

ബൈബിളിലുള്ള വിവരണങ്ങൾ ഒന്നിനും തെറ്റുപറ്റില്ലെന്നുള്ളൊരു പിടിവാശിതന്നെ ചിലർക്കുണ്ട്. ചരിത്രത്തിലെ തെളിയിക്കപ്പെട്ട വസ്തുതകളും ശാസ്ത്രത്തിന്റെ സ്ഥാപിത സത്യങ്ങളും ഇവർ അംഗീകരിക്കുന്നില്ല. മറുവശത്ത്, ചരിത്രത്തിൽ യാതൊരടിസ്ഥാനവുമില്ലാത്ത ചില ബൈബിൾ വിവരണങ്ങളെ യഥാർത്ഥ സംഭവങ്ങളായി കണക്കാക്കുന്നു.

www.malankaralibrary.com



വിശുദ്ധ ഗ്രന്ഥത്തിന്റെ ഹീബ്രു, അറമായ, ഗ്രീക്കു മൂലങ്ങൾ പ്രകടമാക്കുന്ന പല പ്രശ്നങ്ങളെയും ഈ സമീപനം നിഷേധിക്കുന്നു. ഒരൊറ്റ പരിഭാഷയെ മാത്രം ആശ്രയിക്കുകയും താരതമ്യ പഠനത്തെ അകറ്റിനിർത്തുകയും ചെയ്യുന്നു. ഇതുപോലെതന്നെ ബൈബിളിൽത്തന്നെ കാണുന്ന പുനർവായനയെ ഇവർ നിരാകരിക്കുന്നു.

സുവിശേഷങ്ങളുടെ കാര്യത്തിൽ, അവ എഴുതപ്പെടുന്നതിനുമുമ്പ് പ്രചരിച്ചിരുന്ന വാചികപാരമ്പര്യങ്ങളെ തീവ്രവാദ സമീപനം വിലമതിക്കുന്നില്ല. ആദിമസഭ ക്രിസ്തുവിന്റെ വാക്കുകളെയും പ്രവൃത്തികളെയും എങ്ങനെ വിലയിരുത്തിയെന്ന് ഇവർ ചിന്തിക്കുന്നില്ല. യഥാർത്ഥത്തിൽ ഏറ്റവും ആദ്യത്തെ ക്രിസ്തീയ സമൂഹത്തിലാണ് നമ്മൾ വിശ്വസിക്കേണ്ടവയുടെ യഥാർത്ഥ പ്രകടനമുള്ളത്.

തീവ്രവാദസമീപനം സ്വീകരിക്കുന്ന പ്രപഞ്ചവീക്ഷണം കാലഹരണപ്പെട്ട പുരാതന ദർശനമാണ്. ബൈബിളിൽ കാണുന്നത് അപ്രകാരമാണ് എന്നതാണ് ഇതിന് അവരുടെ ന്യായം. സംസ്ക്കാരവും വിശ്വാസവും തമ്മിലുള്ള ബന്ധത്തെയാണ് ഇവിടെ നിഷേധിക്കുന്നത്. വലിയ ദുരന്തം, ഇത്തരത്തിലുള്ള വ്യാഖ്യാനം സുവിശേഷവിരുദ്ധമായ വംശീയമനോഭാവങ്ങളെയും മുൻവിധിയോടുകൂടിയ രാഷ്ട്രീയ സാമൂഹിക സിദ്ധാന്തങ്ങളെയും പിന്തുണയ്ക്കാൻ ഉപയോഗിക്കപ്പെടുന്നുവെന്നതാണ്.

വി. ഗ്രന്ഥവും വി. പാരമ്പര്യവും സഭയുടെ ഒരുപോലെ സമ്പന്നമായ നിധികളാണ്. “ബൈബിൾമാത്രം” എന്ന തത്വം കൈക്കൊള്ളുമ്പോൾ പാരമ്പര്യത്തെ ചവറ്റുകുട്ടയിലാഴ്ത്തുന്നു. പുതിയ നിയമം എഴുതപ്പെടുന്നതിനു മുമ്പുതന്നെ ക്രിസ്തീയസമൂഹം നിലനിന്നിരുന്നെന്നും അരൂപിയാൽ നയിക്കപ്പെട്ട സഭയുടെ ഗ്രന്ഥമാണ് ബൈബിളായി തീർന്നതെന്നും ഓർക്കേണ്ടിയിരിക്കുന്നു. തീവ്രവാദ സമീപനം മിക്കപ്പോഴും സഭയ്ക്കെതിരാണ്. ആദ്യസഭ പാവനമായി കണക്കാക്കിയ വിശ്വാസപ്രമാണങ്ങൾ, ആത്മീയപ്രബോധനങ്ങൾ, ആരാധനാചര്യകൾ എന്നിവയെ അവമതിക്കുകവഴി സഭയുടെ പ്രബോധാധികാരത്തെതന്നെ അവഗണിക്കുന്നു. സ്വകാര്യവ്യാഖ്യാനത്തെ പ്രോത്സാഹിപ്പിക്കുന്ന തീവ്രവാദം സഭ വിശുദ്ധ ഗ്രന്ഥത്തിലാണ് അടിത്തറയിട്ടിരിക്കു

www.malankaralibrary.com



ന്നതെന്നും തിരുവചനത്തിൽനിന്നാണ് ജീവനും പ്രചോദനവും സ്വീകരിക്കുന്നതെന്നുമുള്ള വസ്തുത വിസ്മരിക്കുന്നു.

ഏറ്റവും അപകടം നിറഞ്ഞ സമീപനമെന്ന് തീവ്രവാദ സമീപനത്തെ വിളിക്കാം. ജീവിതത്തിലെ ഓരോ പ്രശ്നത്തിനും ഉടനടി ഉത്തരങ്ങൾ അടുക്കിവച്ചിരിക്കുന്നുവെന്നു പ്രതീക്ഷിച്ച് ബൈബിൾ തുറക്കുമ്പോൾ, കണ്ടെത്തുന്ന വ്യാഖ്യാനം ഭക്തി നിറഞ്ഞതെങ്കിലും യഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്തതാകാം. തുറന്നു പറയുന്നില്ലെങ്കിലും യുക്തിസഹമായ സ്വന്തം ചിന്താ ശക്തിയെ കൊന്നുകളയാനുള്ള ക്ഷണമാണ് തീവ്രവാദ സമീപനം. വി. ഗ്രന്ഥത്തിലുൾച്ചേർന്നിരിക്കുന്ന മനുഷ്യപ്രയത്നങ്ങളെ ദൈവിക പ്രവൃത്തിയായി തെറ്റിദ്ധരിക്കുകമൂലം ഈ വ്യാഖ്യാന രീതി ജീവിതത്തിലേക്ക് തെറ്റായ വിശ്വാസങ്ങളെ തിരുകിക്കയറ്റുന്നു.

**ഡോ. ജോസ് വടക്കേടം**

www.malankaralibrary.com

# 14

## ബൈബിൾ വ്യാഖ്യാനത്തിൽ തത്വചിന്തയുടെ സ്വാധീനം

ബൈബിൾ വ്യാഖ്യാനത്തെ ഇക്കാലഘട്ടങ്ങളിൽ തത്വചിന്താവ്യാഖ്യാനം വളരെയധികം സ്വാധീനിച്ചു. മനുഷ്യനിലെ അറിവ് എന്ന പ്രതിഭാസത്തെക്കുറിച്ച് തത്വചിന്ത പല വിശകലനങ്ങളും നടത്തിയിട്ടുണ്ട്. ഫ്രെഡറിക് ഷ്ളയർമഹർ, വില്യം ഡിൽത്തി, മാർട്ടിൻ ഹൈഡഗർ എന്നിവരുടെ പുസ്തകങ്ങൾ ഈ രംഗത്ത് ഉണർവു പകർന്നിട്ടുണ്ട്. ഇവരുടെ പാത പിന്തുടർന്നും ഒട്ടൊക്കെ വ്യതിചലിച്ചും പണ്ഡിതർ പുതിയ വ്യാഖ്യാന സിദ്ധാന്തങ്ങൾ രൂപീകരിച്ചു. മൂന്നു പേർ ഇവിടെ പ്രത്യേകം ശ്രദ്ധയർഹിക്കുന്നു: റുഡോൾഫ് ബുൾട്ട്മാൻ, ഹാൻസ് ജോർജ് ഗാഡമർ, പോൾ റിക്കർ എന്നിവർ. അവരുടെ എല്ലാ സിദ്ധാന്തങ്ങളും ഇവിടെ അവതരിപ്പിക്കാൻ സാദ്ധ്യമല്ല. ബൈബിൾ വ്യാഖ്യാനത്തെ വ്യക്തമായി സ്വാധീനിച്ച ഇവരുടെ തത്വചിന്തയുടെ കേന്ദ്രാശയം മാത്രം സൂചിപ്പിക്കാം.

www.malankaralibrary.com



## 1. ആധുനിക വീക്ഷണങ്ങൾ

ഒന്നാം നൂറ്റാണ്ടും ഇരുപതാം നൂറ്റാണ്ടും സമയത്തിലും സംസ്കാരത്തിലും എത്ര അകലെയാണ്! ഇതായിരുന്നു ബുൾട്ട്മാന്റെ ചിന്തയുടെ അടിസ്ഥാന പരിഗണനന. അന്നു ബൈബിൾ സംസാരിച്ചവ ഇന്നു മനസിലാക്കണമെങ്കിൽ അതിനു മുമ്പ് ചില അറിവുകൾ - മുന്നറിവുകൾ - ഉണ്ടായിരിക്കണമെന്ന് അദ്ദേഹം കരുതി. ഇതിൽ നിന്നാണ് "അസ്തിത്വാത്മക വ്യാഖ്യാനം" അദ്ദേഹം രൂപപ്പെടുത്തിയത്. വ്യാഖ്യാതാവിന്റെ ജീവിതവും പുതിയ നിയമത്തിലെ ജീവിതവും തമ്മിലുള്ള ഒരു താദാത്മ്യപ്പെടലാണ് ഈ മുന്നറിവ് കൊണ്ടുദ്ദേശിക്കുന്നത്. പുതിയനിയമ വ്യാഖ്യാനത്തിനു സഹായിക്കുന്ന ചട്ടക്കൂടായി അദ്ദേഹം സ്വീകരിച്ചത് ഹൈഡറിന്റെ താത്വിക വീക്ഷണങ്ങളാണ്.

വ്യാഖ്യാനവലയമാണ് ഗാഡമറിന്റെ സിദ്ധാന്തം. ബൈബിളും വായനക്കാരും തമ്മിലുള്ള ചരിത്രപരമായ അകലം കുറയ്ക്കണമെങ്കിൽ പരസ്പരമുള്ള നീക്കങ്ങൾ ആവശ്യമാണ്. ഇരുസാഹചര്യങ്ങളേയും വേർതിരിക്കുന്ന ചക്രവാളങ്ങൾ ചുരുങ്ങിയില്ലാതാകുമ്പോഴാണ് ശരിയായ വ്യാഖ്യാനം സാദ്ധ്യമാകുന്നത്. പാഠഭാഗം സ്വന്തം ജീവിതത്തിന്റെ ഭാഗമാക്കിയാലെന്നപോലെ ഒരു ആത്മബന്ധം ഇതിനാവശ്യമാണ്. അന്നത്തെ മനുഷ്യനെ മനസിലാക്കാൻ ഇന്നത്തെ എന്നെയറിയണം.

റിക്കറിന്റെ സിദ്ധാന്തം "അകലങ്ങൾ "എന്ന വസ്തുതയെ അടിസ്ഥാനമാക്കുന്നു. ഒന്നാമത്തെ അകലം പാഠഭാഗവും അതിന്റെ ഉറവിടവും തമ്മിലാണ്. അതായത് ഒരു പാഠഭാഗം രൂപംകൊണ്ട് ഏറെക്കഴിഞ്ഞായിരിക്കും അതെഴുതപ്പെടുന്നത്. രണ്ടാമത്തെ അകലം പാഠഭാഗവും വായനക്കാരും തമ്മിലാണ്. വായനക്കാരൻ ജീവിത്തിൽ അനുഭവിക്കുകയും സ്വായത്തമാക്കുകയും ചെയ്യുന്ന അളവിലേ വി. ഗ്രന്ഥത്തെ മനസിലാക്കാനാവൂ. അവരുടെ ജീവിത സാഹചര്യത്തിൽ ആരംഭിക്കുന്ന അർത്ഥതലങ്ങൾ അനാവരണം ചെയ്യേണ്ട കടമ വ്യാഖ്യാതാവിന്റേതാണ്. ഭാഷാപഠനത്തിൽ മാത്രമൊതുങ്ങുന്ന ഒന്നല്ല അത്. ഭാഷ പ്രതിനിധാനം ചെയ്യുന്ന യാഥാർത്ഥ്യത്തിലെത്തണം. ബൈബിൾ ഭാഷയ്ക്കു പിന്നിലൊരു ദർശനവും തത്വചിന്തയുമുണ്ട്. ഒരിക്കലും ഈ ഭാഷയുടെ മറ പൂർണ്ണമായഴിച്ചു നീക്കാനെളുപ്പമല്ല. കാരണം അതിനു പിന്നിൽ പരലോകസത്യങ്ങളാണ്. ഈ ഭാഷ മനുഷ്യജീവിതത്തിന്റെ അത്യഗാധതലങ്ങളിലേയ്ക്ക് മനുഷ്യമനസുകളെ ഉണർത്തുകയും ചെയ്യുന്നു.

www.malankaralibrary.com



## 2. ബൈബിൾ വ്യാഖ്യാനത്തിന് എങ്ങനെ പ്രയോജനപ്പെടുന്നു?

മുകളിൽ കണ്ട പുതിയ സിദ്ധാന്തങ്ങൾ ബൈബിൾ വ്യാഖ്യാനത്തിൽ എങ്ങനെ പ്രയോജനപ്പെടുന്നു? ബൈബിൾ എക്കാലത്തേക്കുമായുള്ള ദൈവത്തിന്റെ വചനമാണ്. അതിനാൽ വിവിധ രീതികളും സമീപനങ്ങളും ഉൾക്കൊള്ളുന്ന ഒരു വ്യാഖ്യാന ശൈലി കൂടിയേ തീരൂ. ഗ്രന്ഥ രചയിതാക്കളും ആദ്യ വായനക്കാരും നമ്മളും തമ്മിലുള്ള അകലം കുറച്ച് ഇന്ന് വി.ഗ്രന്ഥത്തെ മനസിലാക്കാൻ ഒരു വ്യാഖ്യാനശാസ്ത്രംതന്നെ ആവശ്യമാണ്. അതാകട്ടെ വിശ്വാസികളുടെ സമൂഹത്തെ പോഷിപ്പിക്കാനുതകുംവിധം ഇക്കാലത്തോടു ബന്ധപ്പെട്ടു നിൽക്കുന്ന ഒന്നായിരിക്കണം. തങ്ങളുടെ കാലത്തെ വിശ്വാസ സമൂഹത്തിന്റെ ജീവിതവുമായി ബന്ധപ്പെടുന്നില്ലെങ്കിൽ തങ്ങളുടെ വ്യാഖ്യാനം നിഷ്ഫലമാകുമെന്ന് സഭാപിതാക്കൻമാർ വിചാരിച്ചിരുന്നല്ലോ. ആധുനിക വീക്ഷണങ്ങളും ഇതേ ദർശനം പിന്തുടരുന്നു.

ചരിത്രത്തിൽ മാത്രം ഒതുക്കിനിർത്തി, ശാസ്ത്രീയ രീതിയിൽ നടത്തുന്ന അപഗ്രഥനത്തിന് അമിതപ്രാധാന്യം നൽകുന്നതിനെതിരാണ് ആധുനിക ബൈബിൾ വ്യാഖ്യാനം. സ്വാഭാവിക ശാസ്ത്രങ്ങളുപയോഗിക്കുന്ന മാനദണ്ഡങ്ങൾ അതേപടി ബൈബിൾ വ്യാഖ്യാനത്തിൽ പ്രയോഗിക്കുന്നതിനെയും അത് എതിർക്കുന്നു. ബൈബിൾ വിവരണങ്ങൾ അതിൽത്തന്നെ വ്യാഖ്യാനങ്ങളാണ്. ബൈബിൾ, വ്യാഖ്യാതാവിന്റെ കരങ്ങളിലൂടെ കടന്നു പോകുമ്പോൾ അദ്ദേഹത്തിന്റെ പ്രത്യേകതകൾ വ്യാഖ്യാനത്തിൽ കടന്നുകൂടുന്നു. ഓരോ വ്യാഖ്യാതാവും നേരിടുന്ന ചോദ്യം ഏതു രീതിയാണ് ഏറ്റവും അഭികാമ്യമെന്നതാണ്.

മേൽപ്പറഞ്ഞവയിൽ ചില വ്യാഖ്യാനസിദ്ധാന്തങ്ങൾ ബൈബിൾ വ്യാഖ്യാനത്തിന് തീർത്തും അപര്യാപ്തമാണെന്നുകൂടി സൂചിപ്പിക്കട്ടെ. ബുൾട്ട്മാന്റെ സിദ്ധാന്തം തന്നെയെടുക്കാം. ക്രിസ്തു സന്ദേശത്തെ ഒരു പ്രത്യേക തത്വചിന്താപരിധിക്കുള്ളിൽ തളച്ചിരിക്കുന്നു എന്നതാണ് ഒന്നാമത്തെ പോരായ്മ. പുരാണ ഘടകങ്ങൾ ഒഴിവാക്കുന്നുവെന്ന പേരിൽ വി. ഗ്രന്ഥത്തിലെ പരമമായ സത്യങ്ങളും അവഗണിക്കപ്പെടാം. ദൈവിക സന്ദേശം വെറും മാനുഷിക സന്ദേശമായി മാറുന്ന ദുരന്തം നാം ദർശിക്കേണ്ടിവരുന്നു. തത്വചിന്ത ഇവിടെ വ്യാഖ്യാനത്തിന്റെ അടിസ്ഥാന മാനദണ്ഡമായി മാറുന്നു. യഥാർത്ഥത്തിൽ തത്വചിന്ത ഒരുപകരണമാക്കി ക്രിസ്തുവിനേയും അവിടുത്തെ ദൗത്യത്തേയും മനസ്സിലാക്കുകയാണ് ബൈബിൾ വ്യാഖ്യാനം ചെയ്യേണ്ടത്. ആധികാരിക വ്യാഖ്യാനം ക്രിസ്തു

www.malankaralibrary.com



എന്ന വ്യക്തിയിലാണ് എത്തിനിൽക്കേണ്ടത്. ഈ അർത്ഥം ബൈബിൾ പാഠഭാഗത്താണുൾച്ചേർന്നിരിക്കുന്നത്. വ്യക്തിഗത വ്യാഖ്യാനത്തേക്കാൾ പാഠാധിഷ്ഠിത വ്യാഖ്യാനമാണ് ശരിയായ വ്യാഖ്യാനരീതി.

ബൈബിൾ വ്യാഖ്യാനം മറ്റു ഗ്രന്ഥങ്ങളുടേതുപോലെയുള്ള സാധാരണ വ്യാഖ്യാനത്തിന്റെ മാർഗ്ഗങ്ങളാണ് ഉപയോഗിക്കുന്നതെങ്കിൽ തന്നെയും ഒട്ടൊരു സവിശേഷമായ വ്യാഖ്യാനരീതിയാണ്. അതിന്റെ സവിശേഷതകൾ അതിന്റെ ലക്ഷ്യത്തിലൂന്നിയിരിക്കുന്നു. ചരിത്രസംഭവങ്ങൾക്കെല്ലാം അർത്ഥം നൽകുന്നത് ക്രിസ്തുവെന്ന വ്യക്തിയും അവിടുത്തെ രക്ഷാപ്രവൃത്തികളുമാണ്. പിൽക്കാലങ്ങളിലെ വ്യാഖ്യാനസംരംഭങ്ങൾക്ക് അർത്ഥപൂർണ്ണതയുടെ ഈ ഖനിയെ തുറന്നുകാട്ടാൻ മാത്രമേ കഴിയൂ. യുക്തിക്കോ ബുദ്ധിക്കോ തനിയെ ഈ അർത്ഥം ഗ്രഹിക്കുവാൻ കഴിയില്ല. ബൈബിൾ വ്യാഖ്യാനത്തെ നിശ്ചയമായും നിയന്ത്രിക്കുന്ന രണ്ടു മാനദണ്ഡങ്ങൾ സഭയിലെ വിശ്വാസ ജീവിതവും പരിശുദ്ധാത്മാവിന്റെ വെളിച്ചവുമത്രേ. വായനക്കാരന്റെ/വായനക്കാരിയുടെ ആത്മാവിലുള്ള ജീവിതത്തിന്റെ പക്വതയിലേക്ക് വളരുന്നതിനൊപ്പം ബൈബിൾ പഠിപ്പിക്കുന്ന യാഥാർത്ഥ്യങ്ങളെ ഗ്രഹിക്കാനുള്ള കഴിവും അയാളിൽ വർദ്ധിക്കുന്നു.

**ഡോ. ജോസ് വടക്കേടം**

www.malankaralibrary.com

# 15

## ദൈവനിവേശിത ഗ്രന്ഥത്തിന്റെ അർത്ഥതലങ്ങൾ

ആധുനിക രീതികളെക്കുറിച്ചുള്ള അറിവ് നമ്മെ വീണ്ടും ക്രൈസ്തവ ജീവിതത്തിന്റെ അടിത്തറ പണിയുന്ന, ചരിത്രത്തിലെന്നും പ്രസക്തമായിരുന്ന, ആ ചോദ്യത്തിലേക്കു കൊണ്ടുപോകുന്നു: ബൈബിൾ ദൈവനിവേശിത ഗ്രന്ഥമാണെന്നു പറയുന്നതിന്റെ അർത്ഥമെന്താണ്?

ഇന്നത്തെപ്പോലെ ശാസ്ത്രീയ പഠനമാർഗ്ഗങ്ങൾ ലഭ്യമല്ലാതിരുന്ന പുരാതനകാലത്തും പണ്ഡിതർ ഒരു പാഠഭാഗത്തിന് വ്യത്യസ്ത തലങ്ങളിലുള്ള അർത്ഥം കൽപിച്ചിരുന്നു. ഭാഷാർത്ഥവും ആത്മീയാർത്ഥവും ഇവയിൽ പ്രധാനപ്പെട്ടവയാണ്. മധ്യകാലത്തെ വ്യാഖ്യാതാക്കളാകട്ടെ ആത്മീയാർത്ഥത്തിനുള്ളിൽത്തന്നെ നാലു വ്യത്യസ്ത ദിശകൾ കണ്ടെത്തി. 13-ാം നൂറ്റാണ്ടിൽ ഡെൻമാർക്കിലെ അഗസ്റ്റ്യന്റെ വാക്കുകൾ ഇതു വ്യക്തമാക്കുന്നു. "ഭാഷാർത്ഥം സത്യങ്ങൾ പഠിപ്പിക്കുന്നു; രൂപകാർത്ഥം വിശ്വസിക്കേണ്ടതു

www.malankaralibrary.com



ഓർമ്മിപ്പിക്കുന്നു. ധാർമ്മികാർത്ഥം പ്രവർത്തിക്കേണ്ട രീതി ചൂണ്ടിക്കാട്ടുന്നു; പ്രതീകാർത്ഥം പ്രത്യാശിക്കേണ്ടവയും". ബൈബിൾ ഭാഗത്തിന്റെ അർത്ഥമെന്താണ്, ആ ഭാഗം മുന്നോട്ടു വയ്ക്കുന്ന ജീവിതമാതൃകയെന്താണ്, എന്തു നേടാനാണ് ഇതുകൊണ്ട് നാം ലക്ഷ്യം വയ്ക്കുന്നത് - ഈ അന്വേഷണങ്ങളുടെ കണ്ടെത്തലുകളാണ് ഈ വ്യത്യസ്ത തലങ്ങൾ.

ചരിത്രവിമർശനരീതി, ഒരു പാഠഭാഗത്തിന് ഒരു സമയത്ത് ഒരൊറ്റ അർത്ഥം എന്നു വാദിച്ചു. എന്നാൽ ചരിത്ര വിമർശനരീതിയുടെ ഈ വാദഗതിയെ ആധുനിക വ്യാഖ്യാന ശാസ്ത്രവും ഭാഷാശാസ്ത്രവും അപ്പാടെ അംഗീകരിക്കുന്നില്ല. ഭാഷക്ക് വിവിധ അർത്ഥതലങ്ങൾ ഉൾക്കൊള്ളാനാകും എന്നത് ഇന്ന് ഒട്ടുമിക്കവാറും അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ഇതുയർത്തുന്ന വ്യാഖ്യാന പ്രശ്നങ്ങൾ നിസ്സാരങ്ങളല്ല. ഓരോതരം പാഠഭാഗത്തിനും (ചരിത്രവിവരണം, ഉപമ, പ്രവചനവാക്യം, നിയമങ്ങൾ, ചൊല്ലുകൾ, പ്രാർത്ഥനകൾ, പാട്ടുകൾ) ഓരോതരം പ്രശ്നങ്ങളാണുള്ളത്. ഒരു പാഠഭാഗത്തു വരാവുന്ന പല അർത്ഥങ്ങളിൽ പ്രധാനപ്പെട്ടവ വിവരിക്കാം.

**1. ഭാഷാർത്ഥം**

അടിസ്ഥാനപരമായി ഒരു ബൈബിൾ ഭാഗത്ത് കണ്ടെത്തേണ്ടത് ഭാഷാർത്ഥമാണ്. ഭാഷാർത്ഥമെന്നാൽ അക്ഷരാർത്ഥമല്ല. പദാനുപദം വിവർത്തനം ചെയ്താൽ കിട്ടുന്നതുമല്ല. പാഠഭാഗത്തിന്റെ ആശയം അതിന്റെ സമ്പൂർണതയിൽ മനസിലാക്കുക എന്നതാണ്. ഉദാഹരണത്തിന് ലൂക്കാ 12,35-ൽ "നിങ്ങൾ അരമുറുക്കിയും വിളക്കുകത്തിച്ചുമിരിക്കുവിൻ" എന്നെഴുതിയിരിക്കുന്നു. കച്ചകൊണ്ട് അര കെട്ടുന്നതിനെയല്ല, മറിച്ച് 'തയ്യാറായിരിക്കുക' എന്നതിനെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഒരു കഥയാണെങ്കിൽ അക്ഷരാർത്ഥത്തിലെടുക്കുന്നത് വിഡ്ഢിത്തമാണ്. കാരണം, കഥകൾ മിക്കപ്പോഴും ഭാവനാസൃഷ്ടികളാണ്; ചരിത്ര വിവരണമല്ല.

വി. ഗ്രന്ഥത്തിലെ ഗ്രന്ഥകർത്താക്കളുടെ വാക്കുകൾ അതിൽത്തന്നെ നേരിട്ട് ഏത് ആശയം മുന്നോട്ടുവയ്ക്കുന്നുവോ അതാണ് ഭാഷാർത്ഥം. ഇത് ദൈവിക പ്രചോദനത്തിന്റെ ഫലമാകയാൽ ദൈവം ഉദ്ദേശിച്ച അർത്ഥം തന്നെയാണ്. ഭാഷാപരവും ചരിത്രപരവുമായ സൂക്ഷ്മാപഗ്രഥനത്തിലൂടെയാണ് ഈ അർത്ഥം കണ്ടെത്തുന്നത്. ലഭ്യമായ എല്ലാ ഭാഷാ -ചരിത്ര ഗവേഷണസാധ്യതകളും സംവിധാനങ്ങളും ഉപയോഗിച്ച് കൃത്യമായ ഭാഷാർത്ഥം

www.malankaralibrary.com



കണ്ടെടുക്കുകയാണ് വ്യാഖ്യാതാവിന്റെ ജോലി. പ്രാചീന സാഹിത്യരൂപങ്ങൾ അറിഞ്ഞിരിക്കുക ഇവിടെ ഏറെ പ്രാധാനമാണ്.

ഒരു പാഠഭാഗത്തിന് എത്ര ഭാഷാർത്ഥം ഉണ്ടാകാം? ഒറ്റവാക്കിൽ പറഞ്ഞാൽ ഒന്നുമാത്രം. എന്നാൽ ഇത് ഒരു അലംഘ്യ നിയമമല്ല. ഒരേസമയം ഒന്നിലേറെ വസ്തുക്കളെ സൂചിപ്പിക്കാൻ ഗ്രന്ഥകാരൻ ഉദ്ദേശിച്ചിട്ടുണ്ടാകാം. പദ്യഭാഗങ്ങളിൽ ഈ വസ്തുത കുറേക്കൂടി വ്യക്തമാണ്. ദൈവിക പ്രചോദനം ഒരുതരത്തിലും മനുഷ്യവ്യക്തിയുടെ മാനസിക ഘടനയ്ക്കും ഭാഷയ്ക്കും എതിരല്ല. യോഹന്നാന്റെ സുവിശേഷം ഇത്തരം ബഹു അർത്ഥപ്രയോഗത്താൽ സമ്പന്നമാണ്.

രണ്ടാമത്, ഗ്രന്ഥമെഴുതിയ ആൾ ഒരർത്ഥം മാത്രമുദ്ദേശിച്ചാലും അരൂപിയുടെ പ്രചോദനം പല അർത്ഥങ്ങളിലേക്കു നയിക്കുന്നതാകാം. ഉദാഹരണമായി, യോഹന്നാന്റെ സുവിശേഷം 11,50-ൽ “ ജനം മുഴുവൻ നശിക്കാതിരിക്കാനായി ഒരു മനുഷ്യൻ മരിക്കുന്നത് നല്ലതാകുന്നു” എന്ന കയ്യാഫാസിന്റെ പ്രസ്താവന ഒരേ സമയം ഒരു നേതാവിന്റെ അധാർമ്മികമായ ഗൂഢാലോചനയെയും ദൈവത്തിന്റെ അനന്ത രക്ഷാപദ്ധതിയെയും വെളിപ്പെടുത്തുന്നു. ഇതു രണ്ടും ഭാഷാപ്രയോഗത്തിൽ നിന്നുതന്നെ വെളിപ്പെടുന്ന അർത്ഥങ്ങളുമാണ്. ദൈവനിവേശിത ഗ്രന്ഥത്തിന് ഒരു ഭാഷാർത്ഥമേ പാടുള്ളുവെന്ന ശാഠ്യത്തിന് പ്രസക്തിയില്ലെന്ന് വ്യക്തമാക്കുന്നതാണ് അസാധാരണമായ ഒന്നാണെങ്കിലും ഈ ഉദാഹരണം.

ബൈബിൾ ഭാഗത്തിന്റെ ചലനാത്മകത അഥവാ വ്യാപന സ്വഭാവംകൂടി കണക്കിലെടുക്കേണ്ടതുണ്ട്. ഉദാഹരണത്തിന് രാജസങ്കീർത്തനങ്ങളുടെ കാര്യം. അവ അക്കാലത്തെ ഇസ്രായേൽ രാജാക്കന്മാരെ വിഷയമാക്കുന്നതോടൊപ്പം രാജഭരണം ദൈവിക പദ്ധതിയിൽ എപ്രകാരമാണ് വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത് എന്നും ഓർമ്മിപ്പിക്കുന്നു. അർത്ഥത്തിന്റെ ഈ വ്യാപന സ്വഭാവത്തെ ചരിത്രവിമർശനരീതി വേണ്ടത്ര പരിഗണിക്കുന്നില്ലെന്നൊരു കുറവ് ചൂണ്ടിക്കാണിക്കപ്പെടുന്നു.

ആധുനിക വ്യാഖ്യാനശാസ്ത്രജ്ഞരിൽ ചിലരുടെ അഭിപ്രായത്തിൽ, എഴുതപ്പെടുന്ന വചനത്തിന് സംസാരിക്കപ്പെടുന്നവയെക്കാൾ കൂടുതൽ അർത്ഥങ്ങൾ ഉൾക്കൊള്ളാനുള്ള കഴിവുണ്ട്. എഴുതപ്പെടുന്നവ ഏതു സാഹചര്യത്തിലും പ്രസക്തമാണ്. പൂർവ്വികർ വിശുദ്ധ വചനങ്ങൾ എഴുതി സൂക്ഷിച്ചുകൈമാറിയതുതന്നെ അവ വരും തലമുറകൾക്കെല്ലാം പ്രാണനും പ്രകാശവും നവമായി പക

www.malankaralibrary.com



രുമെന്നു കരുതിയാണ്. ഭാഷാർത്ഥം പുതിയ സാഹചര്യങ്ങളിലെ വീണ്ടും വായനയിൽ (പുനർവായനയിൽ) വികസിക്കാവുന്നതാണ്.

ഓരോ വായനക്കാരന്റെയും ഭാവനപോലെ വ്യാഖ്യാനം വി. ഗ്രന്ഥത്തിന് നൽകാമെന്നതിനർത്ഥമില്ല. എഴുത്തുകാരൻ എഴുത്തിലൂടെ പ്രകടിപ്പിക്കുന്നതിനുള്ളിലൊതുങ്ങാത്ത അർത്ഥമെല്ലാം അധികപ്പറ്റാണ്; ഓരോരുത്തരുടെയും തന്നിഷ്ടമാണ്. അവയെ തള്ളിക്കളഞ്ഞേതീരൂ. ഇങ്ങനെ അന്യമായ അർത്ഥങ്ങൾ കണ്ടെത്തുന്നത് വചനമാക്കുന്ന വൃക്ഷത്തെ വേരിൽനിന്ന് വേർപെടുത്തുന്നതുപോലെയാണ്. ഇവിടെ വേര് ചരിത്രത്തിൽ ആശയവിനിമയം നിരവേറ്റിയ വചനമാണ്.

## 2. ആത്മീയാർത്ഥം

അന്യമായ അർത്ഥങ്ങൾ തള്ളികളയണമെന്ന് മുകളിലെഴുതിയത് ഭാഷാർത്ഥത്തിനപ്പുറം മറ്റൊന്നില്ല എന്ന അർത്ഥത്തിലല്ല. അതിനുള്ളിൽ നിന്നുകൊണ്ട് അർത്ഥം പൂർണ്ണമാക്കാനാകും. യേശുവിന്റെ മരണവും ഉത്ഥാനവും പഴയനിയമത്തിനു മുഴുവൻ പുതിയ അർത്ഥതലം നൽകിയെന്നത് ഇവിടെ ഓർക്കാം. ഒരു ഉദാഹരണം ശ്രദ്ധിക്കുക: ദാവീദിന്റെ സിംഹാസനം നിത്യം നിലനിർത്തുന്ന ഒരു പുത്രനെക്കുറിച്ചുള്ള പ്രവചനം (2 സമു 7,12-13; 1 ദിന 17,11-14) ദാവീദിന്റെ പിൻഗാമികളിൽനിന്ന് രാജ്യഭരണം പിൻവലിക്കപ്പെടുകയില്ലെന്ന ആശയമാണ് പഴയനിയമ ജനതയ്ക്ക് നൽകിയത്. ഇന്നാകട്ടെ, അത് "ക്രിസ്തു മരിച്ചവരിൽ നിന്നുയർത്തിയിരിക്കുന്നു. അവൻ ഇനി മരിക്കയില്ല." (റോമ 6,9) എന്നതിന്റെ വെളിച്ചത്തിൽ യഥാർത്ഥത്തിൽതന്നെ മനസിലാക്കണം. ഭാഷാർത്ഥമല്ലാത്തതിനാൽ അത് മൂലപാഠത്തിന് അന്യമാണെന്ന് വാദിക്കുന്നവരുണ്ടാകാം. എന്നാൽ വചനത്തിന്റെ വ്യാപന സ്വഭാവം അംഗീകരിക്കുന്നവർ ഉയർന്ന തലത്തിലുള്ള അർത്ഥം കണ്ടറിയുന്നു. ക്രിസ്തു ദാവീദിന്റെ ഭൗമിക സിംഹാസനത്തിലിരുന്നു ഭരിക്കുന്നവനല്ല, അതിനുമപ്പുറമൊരു തലത്തിലാണവിടുത്തെ സിംഹാസനം.

ഇത്തരം സാഹചര്യങ്ങളിലാണ് ആത്മീയാർത്ഥം കടന്നു വരുന്നത്. പരിശുദ്ധാത്മാവിനോടുകൂടിയായിരുന്ന് വചനം വായിച്ചെടുക്കുമ്പോൾ വിരിഞ്ഞു കിട്ടുന്ന അർത്ഥമെന്ന് ആത്മീയാർത്ഥത്തെ നിർവചിക്കാം. ദൈവപുത്രന്റെ പെസഹാ രഹസ്യങ്ങളുടെ തണലിൽ, അതു പകരുന്ന പുതുജീവന്റെ നിറവിലുള്ള വായനയാണ് ഇത്. ആത്മാവിലുള്ള നവജീവിതത്തിന്റെ പശ്ചാത്തലത്തിൽ തിരുവചനം വായിക്കുകയാണിവിടെ.

www.malankaralibrary.com



ഭാഷാർത്ഥവും ആത്മീയാർത്ഥവും തമ്മിലുള്ള ബന്ധം മേൽപ റഞ്ഞതിൽനിന്നു വ്യക്തമാണ്. ക്രിസ്തുവിന്റെ മരണോത്ഥാനങ്ങൾ, അതു പകരുന്ന പുതുജീവൻ എന്നിവയെപ്പറ്റി പ്രതിപാദിക്കുമ്പോൾ ഭാഷാർത്ഥവും ആത്മീയാർത്ഥവും ഒന്നായിത്തീരുന്നു.

രണ്ടുതരം അർത്ഥങ്ങൾ നിലനിൽക്കുമ്പോഴും ആത്മീയാർത്ഥ ത്തെ ഭാഷാർത്ഥത്തിൽനിന്നു പറിച്ചുമാറ്റാനാവില്ല. ഭാഷാർത്ഥം ആത്മീയാർത്ഥത്തിന്റെ അനിഷേധ്യമായ അടിത്തറയത്രേ. ഈ ബന്ധമില്ലെങ്കിൽ തിരുവചനത്തിന്റെ നിറവേറൽ എന്നൊന്നില്ല. ആത്മീയാർത്ഥം ഭാവനാസൃഷ്ടി മാത്രമാകാതിരിക്കാനും ശ്രദ്ധി ക്കണം.

കഴിഞ്ഞ കാലങ്ങളിൽ ഈ രീതി ഓരോ ചെറുകാര്യത്തിലും പ്രയോഗിച്ചുനോക്കിയ വ്യാഖ്യാതാക്കളുണ്ട്. അന്നത്തെ അജപാ ലന സാഹചര്യങ്ങളിൽ അത് ഉപകാരപ്പെട്ടിട്ടുണ്ടാകാം. എന്നിരി ക്കിലും, എല്ലാവാക്കുകളിലും ആത്മീയാർത്ഥം സൃഷ്ടിച്ചെടുക്കുന്ന രീതിയോട് ആധുനിക വ്യാഖ്യാനത്തിന് പൊരുത്തപ്പെടാനാവില്ല. ആത്മീയാർത്ഥത്തിന്റെ ഒരു ഘടകം പ്രതിരൂപാർത്ഥവീക്ഷണമാ ണ്. ബൈബിൾ സന്ദേശത്തെയെന്നതിനേക്കാൾ വ്യക്തികളെയും സംഭവങ്ങളെയുമാണ് ഇങ്ങനെ കാണുന്നത്. ക്രിസ്തുവിനെ ആദ ത്തിന്റെ പ്രതിരൂപമായി കാണുന്നതും (റോമ 5,14) പ്രളയപേടകത്തെ മാമോദീയുമായി ബന്ധിക്കുന്നതുമെല്ലാം (1 പത്രോ 3,20-21) ആത്മീ യാർത്ഥത്തിന്റെ പരിധിയിൽപ്പെടുന്നു. ബൈബിൾതന്നെ ഒരുസം ഭവത്തെ കാണുന്ന രീതിയെ അടിസ്ഥാനപ്പെടുത്തിയാണ് മിക്ക പ്പോഴും ആത്മീയാർത്ഥം കൈവരുന്നത് (ഉല്പ 4,10; ഹെബ്രാ 11,4; 12, 24).

### 3. പൂർണ്ണാർത്ഥം

ഇക്കാലങ്ങളിലുണ്ടായതും ധാരാളം ചർച്ചയ്ക്കു വഴിതെളിച്ചതു മായി ഒരു വാക്കാണ് പൂർണ്ണാർത്ഥം. മനുഷ്യവ്യക്തി എഴുത്തിലൂടെ കൃത്യമായി വെളിവാക്കാത്തതും എന്നാൽ ദൈവം ഉദ്ദേശിച്ചതുമായ അർത്ഥമെന്ന് ഇതിനെ നിർവ്വചിക്കാം. ഒരു പാഠഭാഗത്തിന്റെ പൂർണ്ണർത്ഥം കണ്ടെത്തുന്നത് ബൈബിളിന്റെ മറ്റു ഭാഗങ്ങളിൽ അതെങ്ങനെ പ്രയോഗിക്കുന്നുവെന്ന് പരിശോധിച്ചാണ്. അല്ലെങ്കിൽ, ദൈവിക വെളിപാടിന്റെ വികാസത്തിനു അതുമായുള്ള ബന്ധത്തെ ആശ്രയിച്ചാണ്. ഉദാഹരണത്തിന്, യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും" എന്ന ഏശയ്യായുടെ പ്രവചനത്തിന്റെ (7,14) പൂർണ്ണാർത്ഥം "കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും എന്ന് സുവിശേഷത്തിൽ (മത്താ 1,23) ഉപയോഗിക്കുന്നതിൽനിന്ന്

www.malankaralibrary.com



വിശദീകരിക്കാൻ സാധിക്കും. ഗ്രീക്കു ബൈബിളിലെ പാഠഭേദമാണിവിടെ സുവിശേഷകൻ ഉപയോഗിക്കുന്നത്. പരിശുദ്ധത്രിത്വത്തെക്കുറിച്ച് സഭാപിതാക്കന്മാരുടേയും കൗണ്ടസിലുകളുടേയും പഠിപ്പിക്കലിൽനിന്ന് പുതിയ നിയമത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിവരെക്കുറിച്ചുള്ള വെളിപാടിന്റെ പൂർണ്ണാർത്ഥം കണ്ടെത്താം. റോമാ 5,12–21 ന്റെ പൂർണ്ണാർത്ഥം ഉത്ഭവപാപത്തെക്കുറിച്ച് ത്രെന്തോസ് സൂനഹദോസ് നൽകിയ പഠനത്തിൽ കാണപ്പെടുന്നു. എന്നാൽ ഇത്തരമൊരു ആധികാരിക പഠനത്തിന്റെയോ ബൈബിൾ ഭാഗത്തിന്റെയോ, പിന്തുണയില്ലാതെ പൂർണ്ണാർത്ഥം കണ്ടെത്തുന്നത് ന്യായീകരിക്കാനാവില്ല.

പൂർണ്ണാർത്ഥത്തെ ആത്മീയാർത്ഥത്തിന്റെ മറ്റൊരു ഭാവമായി കണ്ടാൽമതി. ആത്മീയാർത്ഥം ഭാഷാർത്ഥത്തിൽനിന്ന് വ്യത്യസ്തമായിരിക്കുന്ന സന്ദർഭങ്ങളിലാണിത് സാധുവാകുന്നത്. വി.ഗ്രന്ഥത്തിന്റെ ഉറവിടം പരിശുദ്ധാത്മാവാണ്. അവിടുത്തെ പ്രചോദനത്തിന്റെ സവിശേഷതയാൽ എഴുത്തുകാരൻ പൂർണ്ണാർത്ഥം അറിയാതെതന്നെ ചില സത്യങ്ങൾ രേഖപ്പെടുത്തുന്നു. കാലക്രമത്തിൽ അതേ ആത്മാവ് തന്നെ മറ്റു പാഠഭാഗങ്ങളിലൂടെയും തിരുവചനത്തിന്റെ അർത്ഥം പൂർത്തിയാക്കുന്ന ദൈവിക ഇടപെടലുകളിലൂടെയും പൂർണ്ണാർത്ഥം ക്രമേണ വ്യക്തമാക്കുന്നു. ഇവിടെ ആദ്യ സാഹചര്യങ്ങളിൽനിന്ന് ഭിന്നമായി ഒരു പുതിയ സാഹചര്യം സൃഷ്ടിക്കപ്പെടുകയും ആദ്യ സാഹചര്യത്തിൽ അവ്യക്തമായിക്കിടന്നിരുന്നതോ മറഞ്ഞിരുന്നതോ ആയ അർത്ഥതലങ്ങൾ പുതിയ സാഹചര്യങ്ങളിൽ സുവ്യക്തമാകുകയും ചെയ്യുന്നു.

**ഡോ. ജോസ് വടക്കേടം**

www.malankaralibrary.com

# 16

## കത്തോലിക്കാ വ്യാഖ്യാനവും പശ്ചാത്തല അറിവുകളും

വ്യാഖ്യാനരീതികളിൽ ഏതെങ്കിലും ഒന്നിന്റെ മാത്രം പ്രചാരകമല്ല കത്തോലിക്കാ വ്യാഖ്യാതാക്കൾ. ബൈബിൾ രചയിതാക്കളുടെ വ്യക്തിപരമായ കഴിവുകളും അവർ ജീവിച്ച കാലഘട്ടവും സാമൂഹ്യ പശ്ചാത്തലവും അവരുടെ രചനകളെ സ്വാധീനിച്ചിട്ടുണ്ട് എന്നത് കത്തോലിക്കാ വ്യാഖ്യാനം അംഗീകരിക്കുന്നു. തത്ഫലമായി വി.ഗ്രന്ഥത്തെ അതിന്റെ സാമൂഹ്യ, സാംസ്കാരിക, മത, ചരിത്ര, ഭാഷാ പശ്ചാത്തലത്തിൽ മനസിലാക്കാനുതകുന്ന എല്ലാ ശാസ്ത്രീയ സമീപനങ്ങളെയും ശൈലികളെയും കത്തോലിക്കാ വ്യാഖ്യാനം പ്രോത്സാഹിപ്പിക്കുന്നു. പുതിയ രീതികൾ ആവിഷ്കരിക്കാൻ പരിശ്രമിക്കുന്നുമുണ്ട്.

കത്തോലിക്കാ വ്യാഖ്യാനത്തിന്റെ ഒന്നാമത്തെ സവിശേഷത ജീവിക്കുന്ന പാരമ്പര്യത്തിനു നൽകുന്ന സ്ഥാനമാണ്. ബൈബിൾ മനസിലാക്കുന്നതിന് ചില പശ്ചാത്തല അറിവുകൾ വേണമെന്ന് ആധുനിക വ്യാഖ്യാനശാസ്ത്രം സൂചിപ്പിക്കുന്നുണ്ടല്ലോ. കത്തോ

www.malankaralibrary.com



ലിക്കാ വ്യാഖ്യാനത്തെ സംബന്ധിച്ചിടത്തോളം ഇസ്രായേലിന്റെ മതസമ്പത്ത്, ബൈബിളിനുള്ളിലെതന്നെ വ്യാഖ്യാനശൈലി, ആദിമസഭയുടെ, ദൈവാനുഭവം, ഈ ശാസ്ത്രയുഗത്തിന്റെ സംസ്ക്കാരം എന്നിവയെ സമന്വയിപ്പിക്കുന്ന ഒരു പശ്ചാത്തലമാണ് മുന്നറിവായി നിൽക്കുന്നത്. അതായത്, അന്നു തൊട്ടിന്നോളം ഒരു തുടർച്ചാബന്ധം നിലനിൽക്കുന്നു. ബൈബിളും വ്യാഖ്യാതാവിന്റെ ജീവിതവും പരസ്പരം ബന്ധപ്പെട്ടാൽ മാത്രമേ ശരിയായ വ്യാഖ്യാനം സാധ്യമാകൂ എന്നുകൂടി തിരിച്ചറിയണം.

ബൈബിൾ എഴുതപ്പെട്ടത് അതിനുമുമ്പ് നടന്ന സംഭവങ്ങളിൽ അറിഞ്ഞോ അറിയാതെയോ നടത്തിയ ചില വ്യാഖ്യാനങ്ങളുടെ ഫലമായാണ്. ഈ വ്യാഖ്യാനാംശങ്ങൾ ബൈബിളിലെ ഓരോ പുസ്തകത്തിനും വ്യത്യസ്തമായിരിക്കാമെന്നു മാത്രമേയുള്ളൂ.

ബൈബിൾ പാരമ്പര്യത്തിലെ വ്യാഖ്യാനത്തെപ്പറ്റി വിവിധ രീതിയിൽ ചിന്തിക്കാം. മനുഷ്യന്റെ അടിസ്ഥാനാനുഭവങ്ങളെ, വിശേഷിച്ച് ഇസ്രായേലിന്റെ ചരിത്രത്തെ, ബൈബിൾ എങ്ങനെ വ്യാഖ്യാനിക്കുന്നു എന്നതാവാം ഇതുകൊണ്ടുദ്ദേശിക്കുന്നത്. അല്ലെങ്കിൽ ലഭ്യമായ വിവിധ ഉറവിടങ്ങളെ - അവ സ്വന്തം മതത്തിലെയോ അന്യമതത്തിലെയോ എഴുതപ്പെട്ടതോ വാമൊഴിയായി പ്രചരിക്കപ്പെട്ടതോ ആകട്ടെ - എങ്ങനെ പുനരാഖ്യാനം ചെയ്ത് ബൈബിളിൽ ഇന്നു കാണപ്പെടുന്ന രൂപത്തിലെത്തിച്ചുവെന്ന് കണ്ടെത്തുന്നതുമാകാം. എന്നാൽ ഇവിടെ നാം പരിശോധിക്കുന്നത് ബൈബിളിലെ ഒരു ഭാഗം മറ്റൊരു ഭാഗത്ത് എങ്ങനെ വിശദീകരിക്കപ്പെടുന്നുവെന്നതാണ്.

## 1. വീണ്ടുവായന

ബൈബിളിനെ ഒരൊറ്റ പുസ്തകമായി നിലനിർത്തുന്ന ഒരു പ്രധാന ഘടകം ആദ്യകാലങ്ങളിൽ രൂപംകൊണ്ട ഭാഗങ്ങളെ പിന്നീടുണ്ടായവ പലതരത്തിൽ ആശ്രയിക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്നുവെന്നതാണ്. ചിലപ്പോൾ ഉദ്ധരണിയാകാം, സൂചന മാത്രമാകാം, രൂപാന്തരം വരുത്തി ഉപയോഗിക്കുകയാവാം ചെയ്തിട്ടുള്ളത്. ചിലപ്പോൾ പ്രകടമായ അർത്ഥവ്യത്യാസത്തോടെ തന്നെയാവാമിത്. ഉദാഹരണങ്ങൾ പലതുണ്ട്.

അബ്രാഹത്തിന്റെ സന്താനത്തിനു വാഗ്ദാനം ചെയ്യപ്പെട്ട ദേശം (ഉല്പ 15,7,18) പിന്നീട് കർത്താവിന്റെ വിശുദ്ധമന്ദിരമെന്നു വിളിക്കപ്പെടുന്നു (പുറ 15,17). ക്രമേണ ദൈവത്തിന്റെ വിശ്രമത്തിലുള്ള

www.malankaralibrary.com



പങ്കുചേരലായി അതുമാറി (സങ്കീ 132,7-8). വിശ്വസിക്കുന്നവർക്കു വേണ്ടി ഒരുക്കിയിരിക്കുന്ന വിശ്രമമെന്ന് പിന്നീട് ചില ഭാഗങ്ങൾ അതിനെ സൂചിപ്പിച്ചു (സങ്കീ 95, 8-11, ഹെബ്രാ 3,7-4,11). അവസാനം വന്നപ്പോഴാ, അത് സ്വർഗ്ഗത്തിലെ വിശുദ്ധ സ്ഥലവും (ഹെബ്രാ 6, 12.18-20) നിത്യമായ അവകാശവും (ഹെബ്രാ 9,15) ആയിത്തീർന്നു.

ദാവീദിന് നിത്യം നിലനിൽക്കുന്ന ഭവനം വാഗ്ദാനം ചെയ്തു, നാഥാൻ പ്രവാചകൻ (2 സാമു 7, 12-16). പിന്തുടർച്ചാവകാശിയെപ്പറ്റിയുള്ള ഈ വാഗ്ദാനം പലയിടത്തും ആവർത്തിക്കപ്പെടുമ്പോൾ നേരിയ വ്യത്യാസം കൈവരുന്നുണ്ട്. ഒരവസരത്തിൽ അടിമത്തം രുചിക്കുന്ന ജനത്തിന്റെ വേദന നിറഞ്ഞ പ്രാർത്ഥനയായി ഇതേ വാഗ്ദാനം മാറുന്നു (സങ്കീ 89,20-38). പ്രവാചകന്മാർ പിന്നീടും ഇതാവർത്തിച്ചു പ്രഖ്യാപിച്ചു (ആമോ 9,11; ഏശ 7,13-14). അവരിൽ ചിലർ ദാവീദിന്റെ ഭരണം (രാജ്യം) തിരികെ വരുമെന്നു (സ്ഥാപിക്കപ്പെടും) തന്നെ പ്രവചിച്ചു (ഹോസി 3,5; ജറെ 30,9). ഇത് സാർവത്രിക രാജ്യമെന്ന ആശയമായി വികസിപ്പിക്കുന്നതാണ് പിന്നീട് നാം കാണുന്നത് (ദാനി 2,35; മത്താ 28, 18). ഇത് ദൈവത്തിന്റെ തിരഞ്ഞെടുപ്പിന്റെ പരിപൂർത്തിയായിത്തീരുന്നു (ഉല്പ 1,28; സങ്കീ 8,6-9; ജ്ഞാനം 9,2-3).

ദൈവം ദുഷ്ടനെ ശിക്ഷിക്കുമെന്നും നീതിമാനെ സംരക്ഷിമെന്നും സങ്കീർത്തനങ്ങളിൽ ഉറപ്പിച്ചു പറയുന്നു. എന്നാൽ നീതിമാന്റെ കഷ്ടങ്ങൾ ജീവിതാനുഭവമായപ്പോൾ അതിനെതിരേയുള്ള മുറുമുറുപ്പും വാദങ്ങളും കാണുന്നു (സങ്കീ 44, ജോബ് 10, 1-7). മെല്ലെമെല്ലെ സഹനമെന്ന രഹസ്യത്തിന്റെ ആഴങ്ങളിലേക്ക് മുങ്ങി മുത്തുകളുമായി പൊങ്ങിവരുന്ന ഒരനുഭവവും വി.ഗ്രന്ഥത്തിലുണ്ട്. (സങ്കീ. 37, ജോബ് 38-42, ജ്ഞാനം 3-5).

യൂദയായും ജറുസലേമും 70 വർഷം അനുഭവിക്കേണ്ടി വരുന്ന ശിക്ഷണത്തെപ്പറ്റി ജറെമിയ (25,11-12;29,10) പ്രവചിച്ചിരുന്നു. ഇത് നിവർത്തിയായതായി ദിനവൃത്താന്ത പുസ്തകത്തിലുണ്ട് (2 ദിന 25,20-23). എന്നിട്ടും ഈ വചനം നിറവേറിക്കഴിഞ്ഞതായി ദാനിയേൽ പ്രവാചകനു വിശ്വാസം വരുന്നില്ല. തന്റെ കാലഘട്ടത്തിൽ ഈ പ്രവചനത്തിന് എന്തെങ്കിലും പ്രസക്തിയുണ്ടെന്നു തന്നെ അദ്ദേഹം കരുതി (9,24-27). ഇങ്ങനെ വീണ്ടുവായനകൾ ബൈബിളിൽതന്നെ എത്രയേറെ കാണാം.

www.malankaralibrary.com



## 2. പഴയനിയമവും പുതിയനിയമവും

പുതിയനിയമഗ്രന്ഥകാരന്മാർ പഴയനിയമത്തെ വേദപുസ്തക മായിത്തന്നെ പരിഗണിച്ചു. പഴയനിയമത്തിന്റെ പൂർത്തീകരണം അവർ ക്രിസ്തുവിൽ കണ്ടെത്തുകയും ചെയ്തു. ഈ വസ്തുത 1 കോറി 15,3-5-ൽ വ്യക്തമാണ്. "എഴുതപ്പെട്ടിരിരിക്കുന്നതുപോലെ മിശിഹാ നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു..."അപ്പസ്തോലന്മാ രുടെ പ്രബോധനത്തിന്റെ കേന്ദ്രവും കാതലും ഇതായിരുന്നു.

ഇത് ബാഹ്യമാത്രമായ പൊരുത്തമല്ല, മറിച്ച് പരസ്പരം ഉണർവു പകരുന്നതാണ്. അതായത് വി. ലിഖിതങ്ങൾ ക്രിസ്തു സംഭവ ത്തിന്റെ അർത്ഥം വ്യക്തമാക്കുന്നു. ക്രിസ്തുസംഭവം വി.ലിഖിത ത്തിന്റെ ആശയം പൂർത്തിയാക്കുന്നു.

തന്റെ ജീവിതകാലത്ത് ഈശോ പഴയനിയമത്തെ തന്റേതായ വീക്ഷണകോണിലൂടെ ദർശിച്ചു. അതാകട്ടെ അക്കാലത്തെ അംഗീ കൃത വീക്ഷണത്തിൽ നിന്നു തികച്ചും വ്യത്യസ്തമത്രെ. തെളിവു കൾ എത്ര വേണമെങ്കിലുമുണ്ട് : പൂർവ്വികരോടു പറയപ്പെട്ടതിൽ നിന്ന് ഭിന്നമായ കാഴ്ചപ്പാടുകൾ നൽകുന്ന മലയിലെ പ്രസംഗം, സാബത്താചരണത്തെ സംബന്ധിച്ച് പിന്തുടർന്ന സുവിശേഷനയം, അനുഷ്ഠാന ശുദ്ധിയെപ്പറ്റിയുള്ള കാർക്കശ്യം ഉടച്ചില്ലാതാക്കിയത് എന്നിങ്ങനെ. മറുവശത്ത്, അവശ്യം വേണമെന്ന് അവിടുന്ന് നിർബന്ധം പിടിച്ച ഹൃദയപരമാർത്ഥത, ചുങ്കക്കാരോടും പാപിക ളോടുമുള്ള മനോഭാവം ഇവയും പഴയനിയമകാലഘട്ടത്തിൽ നിന്നുള്ള പുരോഗമനത്തെ സൂചിപ്പിക്കുന്നു. ഇത് നിലവിലിരുന്ന വ്യവസ്ഥിതിയെ അട്ടിമറിക്കാനുള്ള ത്വരയുടെ ഫലമായിരുന്നില്ല. മറിച്ച്, തിരുലിഖിതങ്ങളിലൂടെ വ്യക്തമാക്കപ്പെട്ട ദൈവേഷ്ടത്തിന് വിശ്വസ്തതയോടെ കീഴവഴങ്ങുന്നതിന്റെ ഭാഗമായിരുന്നു.

യേശുവിന്റെ മരണവും ഉത്ഥാനവും അവിടുന്ന് തുടങ്ങി വച്ച വ്യാഖ്യാനത്തിന്റെ വികാസത്തിന്റെ സൂചനയായിരുന്നു. ചില മേഖ ലകളിൽ പഴയതുമായി അമ്പേ അകലുകയും ഒപ്പം പുതിയ മേഖല കൾ തുറക്കുകയും ചെയ്തു. "യഹൂദരുടെ രാജാവായ" മിശിഹാ യുടെ മരണം (മർക്കോ 15,26) രാജകീർത്തനങ്ങളെയും മിശിഹാ പ്രവചനങ്ങളെയും ഈ ലോകദൃഷ്ടിയിൽ മാത്രം വ്യാഖ്യാനിക്കു ന്നത് തടസ്സമായിത്തീർന്നു. അവിടുത്തെ ഉത്ഥാനവും സ്വാർഗ്ഗാരോ ഹണവും ഈ കീർത്തനങ്ങൾക്ക് അതുവരെ അചിന്ത്യമായിരുന്ന അർത്ഥം ആരോപിച്ചു. അന്നുവരെ അതിശയോക്തി കലർന്നിരു

www.malankaralibrary.com



ന്നതായി കരുതപ്പെട്ടിരുന്ന പലകാര്യങ്ങളും അക്ഷരാർത്ഥത്തിൽ ഉദ്ദേശിക്കപ്പെട്ടതായി മനസിലാക്കിത്തുടങ്ങി.

ഉത്ഥാനത്തിനുശേഷം പുതിയ വെളിച്ചത്തിൽ പഴയനിയമത്തെ കാണാനും അതിന്റെ ആത്മീയ അർത്ഥം ഗ്രഹിക്കാനും പരിശുദ്ധാത്മാവ് പുതിയനിയമ ഗ്രന്ഥകർത്താക്കളെ പ്രചോദിപ്പിച്ചു. പൗലോസിന്റെ ലേഖനങ്ങളും ഹെബ്രായർക്കുള്ള ലേഖനങ്ങളും പഴയനിയമത്തെ രക്ഷാപദ്ധതിയുടെ ഭാഗമായി കണ്ടു. അതിലെ നിയമങ്ങൾ ഒരു പ്രത്യേക ജനത്തിനുവേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും, എന്നാൽ ദൈവവചനമെന്ന നിലയിൽ അതുൾക്കൊള്ളുന്ന ആത്മീയ പോഷണം പെസഹാ രഹസ്യത്തെ ആഴത്തിൽ മനസ്സിലാക്കാൻ ഏവർക്കും സഹായകമാണെന്നും അവ വിശദീകരിച്ചു (ലൂക്ക 24:25-27; 44-45 റോമ 1:1-2).

പുതിയനിയമവും പഴയനിയമവും തമ്മിലുള്ള ബന്ധം ലളിതമല്ലെന്നാണിതു സൂചിപ്പിക്കുന്നത്. അതുപോലെ പുതിയനിയമത്തിനുള്ളിൽതന്നെ വിഭിന്നമായ ആശയങ്ങൾ ഒരുമിച്ചു ചേർത്തു വച്ചിരിക്കുന്നതും കാണാം. യേശു ആരാണ്? (യോഹ 8,29; 16,32; മർക്കോ 15,34) മോശയുടെ നിയമത്തിന്റെ മൂല്യമെന്ത്? (മർക്കോ 5:17-19; റോമ 6,14) നല്ല പ്രവൃത്തികളുടെ ആവശ്യമെന്ത്? (യാക്കോ 2,24; റോമ 3,28; എഫേ 2:8-9) എന്നിവയിലെല്ലാം ഈ ആശയവ്യത്യാസം കാണാം. ബൈബിളിലെ ആശയങ്ങൾ അടുക്കിലും ചിട്ടയിലുമല്ല ക്രമീകരിച്ചിരിക്കുന്നത്. ഒരേ സംഭവത്തെപ്പറ്റിയുള്ള ചില വീക്ഷണങ്ങൾ ബൈബിളിന്റെ താളുകളിൽ വിശ്രമിക്കുന്നു. വിശാലമായ കാഴ്ചപ്പാടിൽ വിശുദ്ധഗ്രന്ഥത്തെ വീക്ഷിക്കേണ്ടതിന്റെ ആവശ്യകതയാണ് ഇത് വ്യക്തമാക്കുന്നത്.

### 3. ചില നിഗമനങ്ങൾ

മേൽപ്പറഞ്ഞ കാര്യങ്ങളുടെ വെളിച്ചത്തിൽ ഒരു കാര്യം വ്യക്തമാണ്. വ്യാഖ്യാനരീതി സംബന്ധിച്ച് അനേക സൂചനകളും നിർദ്ദേശങ്ങളും ബൈബിളിൽതന്നെയുണ്ട്. ചില കാര്യങ്ങൾ സംഗ്രഹിക്കാം. ബൈബിൾ അതിന്റെ തുടക്കം മുതൽതന്നെ വ്യാഖ്യാന ഫലമായി രൂപപ്പെട്ടതാണ്. പഴയ ഉടമ്പടിയിലെയും അപ്പസ്തോലകാലത്തെയും സമൂഹങ്ങൾ പൊതുവായ വിശ്വാസത്തിന്റെ കളങ്കമറ്റ പ്രഖ്യാപനമായി വി. ഗ്രന്ഥത്തിൽ എഴുതപ്പെട്ടവയെ അംഗീകരിച്ചിരിക്കുന്നു. ഈ സമൂഹങ്ങളുടെ വ്യാഖ്യാനങ്ങളോടെയും അതിന്റെ

www.malankaralibrary.com



ഫലമായുമാണ് ഇവ വിശുദ്ധ ഗ്രന്ഥത്തിന്റെ ഭാഗമായി സ്വീകരിക്കപ്പെട്ടത്. (ഉദാഹരണത്തിന്, ഇസ്രായേലും ദൈവവും തമ്മിലുള്ള ബന്ധത്തെ പരാമർശിക്കുന്നത് എന്ന നിലയിൽ വിലയിരുത്തപ്പെട്ടതുമൂലമാണ് ഉത്തമഗീതം വി. ഗ്രന്ഥഭാഗമായത്.) ബൈബിളിന്റെ രൂപീകരണ പ്രക്രിയയിൽ, മുമ്പ് അജ്ഞാതമായിരുന്ന പുതിയ സാഹചര്യങ്ങളോട് സംവദിക്കാനുതകുംവിധം പലഭാഗങ്ങളും പുനർവ്യാഖ്യാനിക്കപ്പെടുകയും പുതുക്കി എഴുതപ്പെടുകയും ചെയ്തിട്ടുണ്ട്.

ബൈബിളിൽതന്നെ അതിലെ ഭാഗങ്ങൾ വ്യാഖ്യാന വിധേയമായിട്ടുള്ളതു വ്യക്തമായിരിക്കെ ചില നിരീക്ഷണങ്ങൾ പരിശോധിക്കാം.

ദൈവം വെളിപ്പെടുത്തിയ വിശ്വാസ സത്യങ്ങളാണ് അവയിലുള്ളത് എന്ന കാര്യത്തിൽ വിശ്വാസികളുടെ സമൂഹങ്ങൾ യോജിച്ചതിന്റെ ഫലമായാണ് വി. ഗ്രന്ഥം രൂപപ്പെട്ടതുതന്നെ. ഇത് അർത്ഥമാക്കുന്നത്, സഭാസമൂഹങ്ങളുടെ സജീവമായ വിശ്വാസത്തിന് വിശുദ്ധഗ്രന്ഥ വ്യാഖ്യാനത്തിന്റെ അടിസ്ഥാന കാര്യങ്ങളിൽ പരസ്പരധാരണയുണ്ടാകണം.

വിശ്വാസത്തിന്റെ പ്രകരണങ്ങൾ, എല്ലാവരും അംഗീകരിച്ചിട്ടുള്ളവയും ബൈബിളിൽ കണ്ടെത്തുന്നവയുൾപ്പെടെ, പുതിയ സാഹചര്യങ്ങളോടു പ്രതികരിക്കാൻ കാലാകാലങ്ങളിൽ നവീകരിക്കപ്പെട്ടുകൊണ്ടിരിക്കണം എന്നപോലെതന്നെ ബൈബിൾ വ്യാഖ്യാനവും പുതുതായികൊണ്ടിരിക്കണം; അതും പുതിയ ചോദ്യങ്ങളെ നേരിട്ടേ പറ്റൂ. എങ്കിലേ ബൈബിളിൽ അവയുടെ ഉത്തരങ്ങൾ കണ്ടെത്താനാകൂ.

വി.ഗ്രന്ഥത്തിലെ വിവിധഭാഗങ്ങൾ തമ്മിൽ ചിലപ്പോൾ പൊരുത്തക്കേടുകൾ നിലനിൽക്കുന്നുണ്ട് എന്നതിനാൽ വ്യാഖ്യാനത്തിൽ ഒരു പരിധിവരെ വൈവിധ്യങ്ങൾ അംഗീകരിക്കണം. വ്യാഖ്യാനം അനേക സ്വരങ്ങളുടെ സമന്വയമാണ്; ഒരു വ്യാഖ്യാനത്തിനും ഒരു ബൈബിൾ സന്ദേശം പൂർണമായി ഉൾക്കൊള്ളാനാവില്ല. അതുപോലെതന്നെ ഒരു പ്രത്യേകഭാഗത്തിന്റെ വ്യാഖ്യാനം മറ്റുഭാഗങ്ങളെ അവഗണിച്ചുകൊണ്ടുള്ളതാകുകയുമരുത്.

വി. ഗ്രന്ഥം എല്ലായ്പ്പോഴും വിശ്വാസികളുടെ സമൂഹങ്ങളോടു സംവദിച്ചുകൊണ്ടാണിരിക്കുന്നത്. വിശ്വാസപാരമ്പര്യങ്ങളിൽ നിന്നാണത് വന്നിട്ടുള്ളത്. ഈ പാരമ്പര്യങ്ങളോടു ചേർന്നാണ് അവ രൂപ

www.malankaralibrary.com



പ്പെട്ടത്; അതുപോലെതന്നെ പാരമ്പര്യങ്ങളുടെ വളർച്ചക്ക് അവയും കാരണമായിട്ടുണ്ട്. അതായത്, വ്യാഖ്യാനം സഭയുടെ ഹൃദയത്തിലാണ് ഉൾച്ചേർന്നിരിക്കുന്നത്; അതിന്റെ നാനാത്വത്തിലും ഏകത്വത്തിലും വിശ്വാസ പാരമ്പര്യങ്ങളിലും.

വി.ഗ്രന്ഥ രചയിതാക്കളുടെ രചനകൾ വിശ്വാസ പാരമ്പര്യങ്ങളുടെ സജീവ നിറവിലാണ് നടന്നത്. സമൂഹങ്ങളുടെ ആരാധനാജീവിതത്തിലും സാമൂഹിക ജീവിതത്തിലും അവരും പങ്കുചേർന്നു. അവരുടെ അറിവുകളും സംസ്കാരങ്ങളും ഉയർച്ച താഴ്ചകളും അവരും പങ്കിട്ടു. ഇതേ രീതിയിൽത്തന്നെ ബൈബിൾ വ്യാഖ്യാനത്തിലും വ്യാഖ്യാതാക്കൾ തങ്ങൾ ജീവിക്കുന്ന സമൂഹങ്ങളുടെ ജീവിതത്തോടും വിശ്വാസത്തോടും പങ്കുചേർന്നേ പറ്റൂ.

വി.ഗ്രന്ഥത്തെ അതിന്റെ പൂർണതയിൽ കണ്ടെത്തണമെങ്കിൽ ഇന്നത്തെ തലമുറയുമായി അതിനെ ബന്ധിപ്പിക്കാൻ കഴിയണം. മുൻകാലങ്ങളിലെ വിശ്വാസലോകത്തെ ഇന്നത്തേതുമായി ഒരുമിച്ചുകൊണ്ടുവരലാണത്. പഴയതും ഇപ്പോഴുള്ളതും തമ്മിൽ ഒരു തുടർച്ചയുടെ കണ്ണിയുണ്ടാക്കലാണത്. വ്യത്യാസങ്ങൾ അംഗീകരിക്കുകയെന്നതും അതിന്റെ ഭാഗമാണ്.

**ഡോ. ജോസ് വടക്കേടം**

www.malankaralibrary.com

# 17

## സഭാപാരമ്പര്യത്തിലെ വ്യാഖ്യാനം

പരിശുദ്ധാത്മാവു വരുമ്പോൾ ഞാൻ പറഞ്ഞതെല്ലാം നിങ്ങളെ ഓർമ്മിപ്പിക്കുമെന്ന (യോഹ 14,26) വാഗ്ദാനത്തിൽ ആശ്രയിച്ച സഭ ബൈബിൾ വ്യാഖ്യാനത്തിൽ പരിശുദ്ധാത്മാവിന് വലിയസ്ഥാനം കൽപിക്കുന്നു. ഇത് ആദ്യസഭയുടെ വികാരം ഉൾക്കൊള്ളുന്ന നടപടിയാണ്.

### 1. അംഗീകരിക്കപ്പെട്ട പുസ്തകങ്ങൾ

പരിശുദ്ധാത്മാവിലും പാരമ്പര്യത്തിലും ആശ്രയിച്ച് ഏതെല്ലാം പുസ്തകങ്ങളിൽ ദൈവിക സന്ദേശം കലർപ്പില്ലാതെ ചേർന്നിരിക്കുന്നുവെന്ന് സഭ കണ്ടെത്തി. ദൈവികമായി എഴുതപ്പെട്ട് സഭയ്ക്ക് ഏൽപ്പിച്ചുകൊടുക്കപ്പെട്ടതും നമ്മുടെ രക്ഷയ്ക്കാവശ്യമായ സത്യങ്ങൾ ഉൾക്കൊള്ളുന്നതുമായ പുസ്തകങ്ങളെ വിവേചിച്ചറിഞ്ഞ്, അംഗീകരിച്ച് വി.ഗ്രന്ഥത്തിലുൾപ്പെടുത്തി. ഇത് ദീർഘകാലമെടുത്ത പ്രക്രിയയായിരുന്നു. വി.ഗ്രന്ഥത്തിലുൾപ്പെടുത്തിയവ പിന്നീട് ഒരിക്കലും എഴുതിയ ആളുടെ ആശയമല്ല. അവ ദൈവജനത്തിന്റെ സ്വന്തമയിത്തീരുന്നു.

www.malankaralibrary.com



സഭ പുതിയനിയമം രൂപപ്പെടുത്തിയത് അപ്പസ്തോലസാക്ഷ്യത്തിലൂന്നിയോ (ലൂക്കാ 1,2; 1 യോഹ 1,1-3) പരിശുദ്ധാത്മാവ് പഠിപ്പിച്ചതു വഴിയോ (1 പത്രോ 1,12) ആണ്. അപ്പസ്തോലന്മാരുടെ ഉപദേശവും പഠനങ്ങളും കൂടിച്ചേർന്നപ്പോൾ പുതിയനിയമം രൂപം കൊണ്ടു.

എന്തുകൊണ്ട് മേൽപ്പറഞ്ഞ രീതിയിൽ ഏതാനും പുസ്തകങ്ങൾ അംഗീകൃത ഗ്രന്ഥമായിത്തീർന്നു? പല കാരണങ്ങളുണ്ട്. യേശുവും പിന്നീട് അപ്പസ്തോലന്മാരും പഴയനിയമത്തെ ദൈവനിവേശിത ഗ്രന്ഥമായും രക്ഷാകര രഹസ്യങ്ങൾ പ്രവചന പൂർത്തീകരണമായും അംഗീകരിച്ചുവെന്ന വസ്തുത, പുതിയനിയമ ഗ്രന്ഥങ്ങൾ അപ്പസ്തോല പ്രബോധനങ്ങളുടെ പകർപ്പാണെന്ന ബോധ്യം, ഇവയിലെ ഉള്ളടക്കത്തിനു സഭാസമൂഹം തങ്ങളുടെ വിശ്വാസജീവിതത്തിലും ആരാധനയിലും കൊടുത്തസ്ഥാനം, സഭാജീവിതത്തോട് അവയ്ക്കുണ്ടായിരുന്ന ബന്ധം എന്നിങ്ങനെ പോകുന്നു ആ കാരണങ്ങൾ. ഇങ്ങനെ അംഗീകരിക്കുന്നതിലൂടെ സഭ തന്റെ തനിമ മനസ്സിലാക്കുകയായിരുന്നു. കാലഘട്ടങ്ങളിൽ സുവിശേഷത്തോട് അങ്ങനെ പ്രതികരിക്കണമെന്ന് ഈ ഗ്രന്ഥങ്ങളിലൂടെ സഭ മനസ്സിലാക്കുന്നു. ഇതാണ് വി. ഗ്രന്ഥത്തെ അക്കാലത്തെ മറ്റു ഗ്രന്ഥങ്ങളിൽനിന്ന് മാറ്റിനിർത്തുന്നത്. മറ്റു പുസ്തകങ്ങൾ വിശ്വാസികളുടെ സമൂഹം എങ്ങനെ ഉണ്ടായിയെന്നതിന്റെ സൂചനകൾ നൽകാം. എന്നാൽ ഒരിക്കലും വിശ്വാസത്തെ മനസ്സിലാക്കാനോ ജീവിതനിയമമായി നിൽക്കാനുള്ള ആധികാരികത അവകാശപ്പെടാനോ മറ്റൊന്നിനും കഴിയുകയില്ല.

### 2. പിതാക്കന്മാരുടെ വ്യാഖ്യാനം

അംഗീകൃത ഗ്രന്ഥത്തിന്റെ രൂപീകരണത്തിലെന്നപോലെ അതിന്റെ വ്യാഖ്യാനത്തിലും പിതാക്കന്മാർക്ക് അതുല്യമായ സ്ഥാനമുണ്ട്. കാരണം അവർ പാരമ്പര്യത്തിന്റെ പാലകരായിരുന്നു. ഇന്നോളമുള്ള ബൈബിൾ പഠനങ്ങളിൽ പിതാക്കന്മാരുടെ വ്യാഖ്യാനത്തിന്റെ സ്ഥാനം അവർ വി. ഗ്രന്ഥത്തെ ആത്മീയ പോഷണത്തിനുതകുന്ന രീതിയിൽ വ്യാഖ്യാനിച്ചുവെന്നതിലാണ്. അതോടൊപ്പം വിശാലമായ വചനസാഗരത്തിൽനിന്ന് അടിസ്ഥാന തത്വങ്ങളെ കണ്ടെത്തുകയും വിശ്വാസികളുടെ പ്രബോധനത്തിനും ആത്മീയ പോഷണത്തിനും കളമൊരുക്കുകയും ചെയ്തു. വി. ഗ്രന്ഥ വായനയ്ക്കും വ്യാഖ്യാനത്തിനും അവർ പ്രാധാന്യം നൽകി. വായനയുടെ ഇടം സഭാസമൂഹത്തിലെ ആരാധനയായിരുന്നു. വ്യാഖ്യാനങ്ങളും വിശദീകരണ പ്രസംഗങ്ങളും അവർ രചിച്ചു. പിതാക്കന്മാ

www.malankaralibrary.com



രുടെ അടിസ്ഥാന വീക്ഷണം "ബൈബിൾ ദൈവത്തിന്റെ പുസ്തകം, ഒരാളെഴുതിയ ഒറ്റ പുസ്തകം" എന്നതായിരുന്നു.എങ്കിലും മനുഷ്യന്റെ പങ്കിനെ ഇത് നിഷേധിക്കുന്നില്ല. ഒട്ടുമിക്ക പിതാക്കന്മാരും ബൈബിൾ വാകൃങ്ങളെ പശ്ചാത്തലത്തിനു പുറത്തെടുത്ത് യഥേഷ്ടം വ്യാഖ്യാനിക്കുന്നതിൽ അപാകത കണ്ടിരുന്നില്ല എന്നത് ഇക്കാലത്തെ വ്യാഖ്യാന തത്വങ്ങൾക്കൊത്തു പോകുന്നതല്ല എന്ന് വ്യക്തമാണ്. അതേസമയം രക്ഷയുടെ സന്ദേശം രേഖപ്പെടുത്താൻ മനുഷ്യനെ പ്രചോദിപ്പിച്ച അതേ പരിശുദ്ധാത്മാവു തന്നെ തിരുവചനം യഥാവിധി വ്യാഖ്യാനിക്കാനും എക്കാലവും തുടർച്ചയായി പിന്തുണച്ചിരുന്നു എന്നത് ആദ്യകാലം മുതൽ മനസ്സിലാക്കിയിരുന്നു എന്നതും വ്യക്തമാണ്.

സഹോദരങ്ങളോടുള്ള കൂട്ടായ്മയിൽ ജീവിക്കാൻ ഉപകരിക്കുക എന്നതായിരുന്നു പിതാക്കന്മാരുടെ വ്യാഖ്യാനങ്ങളുടെ ലക്ഷ്യം. തങ്ങളുടെ സമൂഹത്തിൽ ലഭ്യമായിരുന്ന ബൈബിൾ അവർ പഠത്തിനായി ഉപയോഗിച്ചു. മറ്റു പതിപ്പുകളുമായി ചേർത്തു വായിക്കുന്ന പതിവില്ലായിരുന്നു. വി.ജറോം ഇതിനൊരപവാദമായിരുന്നു. ഒറിജനാകട്ടെ യഹൂദരോട് സംവദിക്കുന്നതിന്റെ സൗകര്യത്തിനു വേണ്ടി ഹീബ്രു ബൈബിൾ പഠിച്ചിരുന്നു. പ്രതിരൂപാർത്ഥരീതിയാണ് സഭാപിതാക്കന്മാർ പ്രധാനമായും പിന്തുടർന്നത്. ഈ വ്യാഖ്യാനശൈലി ഇന്നത്തെ ആളുകളിൽ ഒരുപക്ഷേ അമ്പരപ്പ് സൃഷ്ടിച്ചേക്കാം. പക്ഷേ സഭയുടെ അനുഭവത്തിൽ അത് നിത്യം ഉപയോഗപ്രദമായ സംഭാവനകൾ നൽകുന്നവയാണ്. സജീവമായ ഒരു പാരമ്പര്യത്തിനുള്ളിൽനിന്ന് ക്രിസ്തീയ ബോധ്യത്തോടെ ദൈവശാസ്ത്ര കാഴ്ചപ്പാടിൽ ബൈബിൾ വായിക്കാൻ സഭാപിതാക്കന്മാർ നമ്മെ പഠിപ്പിക്കുന്നു.

### 3. വ്യാഖ്യാനത്തിൽ ഓരോരുത്തരുടെയും പങ്ക്

സഭയ്ക്കു നൽകപ്പെട്ടിരിക്കുന്ന വിശുദ്ധഗ്രന്ഥം ദൈവജനത്തിന്റെ മുഴുവൻ പൊതുസ്വത്താണ്. സാധാരണക്കാരുടെയിടയിൽ ചരിത്രത്തിലെ ചില അവസരങ്ങളിൽ വി.ഗ്രന്ഥത്തോടുള്ള ആഭിമുഖ്യം കൂടുതലായിരുന്നിട്ടുണ്ട്. ചിലപ്പോൾ അത്രതന്നെയില്ല. എന്നാൽ സഭയിൽ എപ്പോഴെങ്കിലും പൊതുനവീകരണമുണ്ടായിട്ടുണ്ടോ, അപ്പോഴൊക്കെ വി.ഗ്രന്ഥത്തിന്റെ സ്ഥാനം മുൻനിരയിൽത്തന്നെയായിരുന്നു. ഒരു കാലത്തെ സന്യാസനവീകരണംതൊട്ട് ഇക്കാലത്തെ വത്തിക്കാൻ സൂനഹദോസ്‌വരെ ഇതുശരി വയ്ക്കുന്നു.

സൂനഹദോസ് പഠിപ്പിക്കുന്നത്, വി. കുർബാനയർപ്പിക്കുമ്പോൾ തിരുവചനത്തിലും വിശ്വാസികൾ തങ്ങളുടെ നാഥനെ ദർശിക്കു

www.malankaralibrary.com



ന്നുവെന്നാണ്. ദൈവാലയത്തിൽ, ആരാധനാ സമൂഹത്തിൽ തിരുവചനം വായിക്കപ്പെടുമ്പോൾ അവിടുന്ന്തന്നെയാണ് സംസാരിക്കുന്നത്.

വിശുദ്ധഗ്രന്ഥവ്യാഖ്യാനത്തിൽ ഏവർക്കും അവരുടേതായ പങ്കുണ്ട്. അജപാലനദൗത്യത്തിൽ അപ്പസ്തോലന്മാരുടെ പിൻഗാമികളും ആദ്യ സാക്ഷികളും എന്ന നിലയിൽ സജീവപാരമ്പര്യത്തിന്റെ കാത്തുസൂക്ഷിപ്പുകാരൻ മെത്രാന്മാരാണ്. ഈ പാരമ്പര്യത്തിനുള്ളിലാണ് വി.ഗ്രന്ഥം എക്കാലവും വ്യാഖ്യാനിക്കപ്പെട്ടത്. മെത്രാന്മാരുടെ സഹപ്രവർത്തകരെന്ന നിലയിൽ വൈദികരുടെ ഒന്നാമത്തെ കടമ വചനപ്രഘോഷണമാണ്. തങ്ങളുടെ ആശയമല്ല ദൈവവചനമാണ്, സുവിശേഷ സത്യമാണ് ജീവിതത്തിന്റെ ഓരോ സാഹചര്യമനുസരിച്ച് അവർ പകരേണ്ടത്. ഇത്തരത്തിൽ വചനവ്യാഖ്യാനത്തിനുള്ള വിശേഷവരം ദൈവം അവർക്കു നൽകുന്നുണ്ട്. കൂദാശകൾ പരികർമ്മം ചെയ്യുമ്പോൾ വചനപ്രഘോഷണവും കൂദാശയും തമ്മിലുള്ള ഐക്യം വൈദികരും ഡീക്കന്മാരും ഉറപ്പുവരുത്തേണ്ടതാണ്.

വി.കുർബാനയർപ്പണ സമൂഹത്തിന്റെ നേതാക്കളും വിശ്വാസപ്രബോധകരുമായ വചനശുശ്രൂഷകർ വെറുതെ ഉപദേശങ്ങൾ നൽകിയതു കൊണ്ടായില്ല; മറിച്ച്, ദൈവം തങ്ങളുടെ ഹൃദയങ്ങളിൽ എന്തു സംസാരിക്കുന്നുവെന്ന് വിവേചിച്ചറിയാൻ വിശ്വാസികളെ സഹായിക്കുകയാണു വേണ്ടത്. ഇത് അവരുടെ മുഖ്യ ദൗത്യമാണ്. പഴയനിയമത്തിലെ ദൈവജനത്തെപ്പോലെ വിശ്വാസത്തോടെ, സ്നേഹത്തോടെ, ശാന്തതയോടെ, ആകാംക്ഷയോടെ വചനം ശ്രവിക്കുന്ന, ദൈവം തങ്ങളോടു സംസാരിക്കുന്നതു കേൾക്കുന്ന സമൂഹമായി അപ്പോൾ പ്രാദേശിക സഭ രൂപാന്തരപ്പെടും. ആഗോളസഭയുടെ വിശ്വാസത്തോടും സ്നേഹത്തോടും ചേർന്നു നിൽക്കുമ്പോൾ, ഇപ്രകാരം വചനം ശ്രവിക്കുന്ന സമൂഹങ്ങൾ അവയുടെ ജീവിതസാഹചര്യങ്ങളിൽ ഉജ്ജ്വലമായ സുവിശേഷമറിയിക്കലിന്റെയും സാമൂഹിക മാറ്റത്തിന്റെയും ഉറവിടങ്ങളായി മാറും.

ഓരോ ക്രിസ്ത്യാനിക്കും പരിശുദ്ധാത്മാവിന്റെ വരം ലഭ്യമാണ്. വി. ഗ്രന്ഥമുപയോഗിച്ചു പ്രാർത്ഥിക്കുകയും പ്രാർത്ഥനാപൂർവ്വം വായിക്കുകയും ചെയ്യുമ്പോൾ അവരുടെ ഉള്ളം ജ്വലിക്കുന്നു (ലൂക്ക 24,32). എന്നാൽ ഇത് വ്യക്തിഗത വ്യാഖ്യാനമല്ല. കാരണം ഓരോരുത്തരും വായിക്കുന്നതും വ്യാഖ്യാനിക്കുന്നതും സഭയുടെ വിശ്വാസത്തിൽനിന്നുകൊണ്ടാണ്. ഈ വായനയുടെ ഫലം പൊതുവായ വിശ്വാസ വളർച്ചക്കായി സമൂഹത്തിന് നൽകുകയും ചെയ്യുന്നു.

www.malankaralibrary.com



താഴ്ന്ന നിലയിലെന്ന് കരുതപ്പെട്ടവർക്കാണ് യേശുവിന്റെ വാക്കുകൾ കേൾക്കാൻ കൂടുതൽ ഭാഗ്യമുണ്ടായത്. വിജ്ഞാനികളിൽനിന്ന് മറച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തുന്ന ദൈവികജ്ഞാനം ശിശുക്കളെപ്പോലെ ആകുന്നവർക്കുള്ളതാണ്. ദരിദ്രർക്കാണ് യേശു ദൈവരാജ്യം വാഗ്ദാനം ചെയ്തത്. ഇങ്ങനെ മറ്റെല്ലാ ആശ്രയവുമറ്റവർക്ക്, ദൈവത്തിൽ മാത്രം ആലംബം കണ്ടെത്തുന്നവർക്ക് വചനം മനസിലാക്കാനുള്ള വരം അവിടുത്തെ കരുണയാൽ കിട്ടുന്നുവെന്ന് സഭ മനസിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. സാമൂഹികമായ പ്രതികരണവും ഇത് ഉൾക്കൊള്ളുന്നു.

പരിശുദ്ധാത്മാവിന്റെ വരങ്ങൾ പലതാണ്. പ്രബോധത്തിന്റെയും വ്യാഖ്യാനത്തിന്റെയും വരം ലഭിച്ചവരെ സഭയെ പടുത്തുയർത്താനുള്ള പ്രത്യേക ദൗത്യം ലഭിച്ചവരെന്ന നിലയിൽ സഭ മതിപ്പോടെ കാണുന്നു. ഒരു കാലത്ത് നൽകപ്പെടാതിരുന്ന പരിഗണന വ്യാഖ്യാതാക്കൾക്ക് നൽകുകയും അവർ വലിയ പാരമ്പര്യത്തിന്റെ പിന്തുടർച്ചക്കാരാണെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. പുരാതനഭാഷകൾ, ചരിത്രം, സംസ്കാരം, മൂലഗ്രന്ഥനിരൂപണം, സാഹിത്യവിമർശനരീതികൾ എന്നിവയിലുള്ള പാണ്ഡിത്യം തുടങ്ങി വ്യാഖ്യാനത്തിന്റെ വിവിധ സമീപനങ്ങളിൽ സമർത്ഥരായവർ തമ്മിൽ ഒരുമിച്ചു ജോലി ചെയ്യേണ്ടതിന്റെ ആവശ്യകതയും ഉണ്ട്. ദൈവജനത്തിന് ആത്മീയപോഷണം നൽകാൻ വചനശുശ്രൂഷകരുടെ സംഖ്യ എത്രയും വർദ്ധിച്ചിരുന്നെങ്കിലെന്ന് താൽപര്യപൂർവ്വം ആഗ്രഹിക്കുന്നു. വനിതാവ്യാഖ്യാതാക്കളുടെ എണ്ണം വർദ്ധിക്കുന്നതിലും സഭയ്ക്ക് കൃതാർത്ഥതയുണ്ട്. ശ്രദ്ധിക്കപ്പെടാതിരുന്ന പല മേഖലകളിലും നവീന വെളിച്ചം തൂകാൻ അവർക്കു കഴിയുന്നു.

വചനത്തിന് എല്ലാവരും തുല്യഅവകാശികളാണെന്ന് മുകളിൽ പറഞ്ഞുവല്ലോ. വ്യാഖ്യാനം വിശ്വസ്തമായിരിക്കാൻ എല്ലാവരും യത്നിക്കേണ്ടതുണ്ടെന്നുകൂടി ഇതു സൂചിപ്പിക്കുന്നു. എങ്കിലും വിശുദ്ധഗ്രന്ഥത്തിന്റെയും പാരമ്പര്യത്തിന്റെയും വ്യാഖ്യാനത്തിൽ അവസാന വാക്ക് സഭയുടെ പ്രബോധനാധികാരത്തിന്റേതാണ്. ഏതെങ്കിലും പ്രത്യേക വ്യാഖ്യാനം ആധികാരിക സുവിശേഷത്തിനെതിരായാൽ തിരുത്തേണ്ടത് സഭയുടെ പ്രബോധനാധികാരത്തിന്റെ കടമയാണ്. പണ്ഡിതരെയും വ്യാഖ്യാതാക്കളെയും ദൈവശാസ്ത്രജ്ഞരെയും ഉൾച്ചേർത്ത് സഭാശരീരത്തിന്റെ കൂട്ടായ്മയിൽ ഈ കടമ നിർവഹിക്കപ്പെടുന്നു.

**ഡോ. ജോസ് വടക്കേടം**